# ഗദ്യരത്നാവലി

## രണ്ടാംഭാഗം.

---


പ്രസാധകന്മാർ,

ഏ. ഗോപാലമേനോൻ എം. ഏ.,

ഏ. ശങ്കരപ്പിള്ള എം. എ.,

ഏ. കൃഷ്ണപ്പിഷാരോടി.


---


ഒന്നാംപതിപ്പ് കാപ്പി—൨൱.

---

"മനോമോഹനം" പ്രസ്സ്,

കൊല്ലം.

# ഗദ്യരത്നാവലി

## രണ്ടാംഭാഗം.


പ്രസാധകന്മാർ,

ഏ. ഗോപാലമേനോൻ എം. ഏ.,

ഏ. ശങ്കരപ്പിള്ള എം. ഏ.,

ഏ. കൃഷ്ണപ്പിഷാരോടി.



ഒന്നാംപതിപ്പ് കാപ്പി—൨൦൦.

"മനോമോഹനം" പ്രസ്സ്,

കൊല്ലം.



പകർപ്പവകാശം.

പ്രസാധകന്മാരിൽ ആരുടെ എങ്കിലും ഒരാളിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.


Price 8 As.

# സംഗതിവിവരം.


പുറം.

എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
എം. എ., എം. ആർ. എ. എസ്.

൧. ജീവിതസ്നേഹം. ൧൫

എം. രാജരാജവർമ്മ, എം. എ.

൨. അന്ധവിശ്വാസം. ൨൧

രാമവർമ്മ അപ്പൻതമ്പുരാൻ

൩. ആത്മദമനം. ൬൦

൪. ആത്മനിരൂപണം. ൮൪൧

സി. അച്യുതമേനോൻ, ബി. എ.

൫. കേശവപിള്ളദിവാൻജി. ൮൪

൬. കേരളത്തിലെ ദ്രവ്യപുഷ്ടി. ൬൩

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

൭. പെരുമനംഗ്രാമം. ൮൫൪

സി. എസ്. ഗോപാലപ്പണിക്കർ ബി. എ.

൮. മുതലനായാട്ട്. ൮

ഒ. എം. ചെറിയാൻ, ബി. എ., എൽ. ടി

൯. ആചാരവിശേഷങ്ങൾ. ൧൭

കാരാട്ട് അച്യുതമേനോൻ ബി. എ., ബി. എൽ.

൧൦. സംഭാഷണം. ൪൩

മൂർക്കോത്തു കുമാരൻ

൧൧. ജീവികളുടെ ആഹാരസമ്പാദ്യം. ൮൦൭

കെ. സുകുമാരൻ ബി. എ.

൧൨. അണുജന്തുക്കൾ. ൮൩൩

കെ. പരമേശ്വരമേനോൻ

൧൩. മാമാങ്കം. ൩൫

# അവതാരിക.

'ഗദ്യമാലിക കഥാരത്നമാലിക' മുതലായ പേരുകളോടുകൂടി 'ബി. വി. ബുക്കഡിപ്പോ' പ്രവൎത്തകന്മാർ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഉത്തമഗ്രന്ഥങ്ങളിൽനിന്നും സംഗ്രഹിച്ച ഉപന്യാസങ്ങളും കഥകളും ആണു് ഈ 'ഗദ്യരത്നാവലി' ഗ്രന്ഥങ്ങളിൽ രൂപീകരിച്ചിരിക്കുന്നതു്. പല പ്രബന്ധങ്ങളും അടങ്ങിയിരിക്കുന്ന ആ ഗ്രന്ഥങ്ങളുടെ വിഷയവ്യാപ്തിയും വലിപ്പവും നിമിത്തം പൊതുജനോപയോഗത്തിനും പ്രത്യേകിച്ചു് വിദ്യാൎത്ഥികളുടെ ക്ലിപ്തസമയത്തിന്നനുരൂപമായ ആവശ്യത്തിനും യോജിക്കാതെ വന്നിട്ടുണ്ടായിരിക്കാം. ഈ ന്യൂനത ഗദ്യരത്നാവലിയുടെ ആവിൎഭാവം പരിഹരിക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം.

സ്ഥായിയായ സാഹിത്യരസം മലയാളഗദ്യത്തെസ്സംബന്ധിച്ചേടത്തോളം തിളച്ചുയൎന്നു പ്രവഹിച്ചുകൊണ്ടിരിക്കുന്നതു് ഉപന്യാസരൂപത്തിലാണല്ലൊ. അതുകൊണ്ടു് അവയെ നിഷ്കൃഷ്ടയായി പരിശോധിച്ചു ക്രോഡീകരിച്ചിട്ടുള്ള ആ ഗ്രന്ഥങ്ങളിൽ സഹൃദയന്മാൎക്കു് ഒരു അഭിരുചിയുണ്ടാക്കുന്ന ഏതൊരു മാൎഗ്ഗവും ആശാസ്യമായിരിക്കാനേ വഴിയുള്ളു. സമയക്കുറവുകൊണ്ടോ രസാകൎഷകങ്ങളായ വസ്തുക്കളുടെ ബാഹുല്യത്വംകൊണ്ടോ ആ ഗ്രന്ഥങ്ങൾ വായിക്കുന്നതിന്നു് അവസരംകുറഞ്ഞ ഭാഷാഭിമാനികൾക്കും വിദ്യാൎത്ഥികൾക്കും ഈ സംരംഭം ആദരണീയമായിരിക്കുമെന്നു കരുതുന്നു.

ഈ ഉപന്യാസങ്ങളും കഥകളും തിരഞ്ഞെടുക്കുന്നതിന 'ബി. വി. ബുക്കഡിപ്പോ'വിന്റെ ഉടമസ്ഥതയിൽ ഇരിക്കുന്ന 'ഗദ്യമാലിക, കഥാരത്നമാലിക' മുതലായ ഗ്രന്ഥങ്ങളെസ്സംബന്ധിച്ച സർവ്വസ്വാതന്ത്ര്യവും അനുവദിച്ചുതന്ന ഡിപ്പോപ്രവർത്തകന്മാരോടു ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. അവർ തന്ന സ്വാതന്ത്ര്യം മുഴുവനും ഞങ്ങൾ ഉപയോഗിച്ചിരുന്നുവെങ്കിൽ ആ ഗ്രന്ഥാവലിതന്നെ പേരുമാററി പ്രസിദ്ധപ്പെടുത്തിപ്പോകുമായിരുന്നു. എന്നാൽ ആ വിധത്തിലായാൽ ഞങ്ങളുടെ മേൽപറഞ്ഞ പ്രത്യേകോദ്ദേശം നിർവ്വഹിപ്പാൻ വഴിയില്ലായ്കുനിമിത്തം മാത്രമാണു് ഈ ഗ്രന്ഥാവലികൊണ്ടു തൽക്കാലം തൃപ്തിപ്പെടുന്നതു്.

പ്രസാധകന്മാർ.

A. Gopala Menon.
A. Sankara Pillai.
A. Krishna Pisharodi.

# ഗദ്യരത്നാവലി

## രണ്ടാംഭാഗം.

---

## ൧. ഒരു മുതലനായാട്ടു്.

ഒരു വലിയ കണ്ണാടിയിലെന്നപോലെ വിശാലമായ കൊച്ചീക്കായലിൽ പ്രതിബിംബിക്കുകനിമിത്തം ദ്വിഗുണിഭവിച്ച ശോഭയോടുകൂടി തീരപ്രദേശങ്ങളിൽ ഇടതിങ്ങിനിന്നുകൊണ്ടു കാററിലാടിയലഞ്ഞു നടനം ചെയ്യുന്ന കല്പകവൃക്ഷങ്ങളുടെ ഇടകളിൽകൂടി അവിടവിടെ പുറത്തേക്കു് എത്തിനോക്കുന്ന മനോഹരങ്ങളായ പബ്ലിക്കാപ്പീസുകളാലും മററും അലംകൃതമായ എറണാകുളത്തു് അന്നു് അതിശൈത്യമുള്ള ഒരു പ്രഭാതത്തിന്റെ പ്രവേശകാലമായിരുന്നു. രാത്രി തീരെ വിട്ടുമാറിക്കഴിഞ്ഞിരുന്നില്ല. ഒററ പിരിഞ്ഞു് അഞ്ചോ ആറോ മിന്നാമിനുങ്ങുകൾ മഞ്ഞുകൊണ്ടു ഘനം തൂങ്ങിയ ചിറകുകളനക്കുവാൻ വയ്യാതെ അവിടവിടെ നിന്നിരുന്ന ചുള്ളിച്ചെടികളുടെ ഉള്ളിൽ പററിപ്പിടിച്ചുകൊണ്ടു കെടാറായ ദീപങ്ങളെപ്പോലെ മങ്ങിമങ്ങിപ്രകാശിച്ചിരുന്നു. വേലിയരികിൽ കിടന്നു വീണക്കമ്പികൾ വലിച്ചുവിട്ടപോലെ പാടിക്കൊണ്ടിരുന്ന അനവധി പുൽച്ചെപ്പാന്തുകളുടെ *

---

* ചീട്ടു, ചീമൂട്ട.

സദിരിനെ കൂടക്കൂടെ തടസ്ഥപ്പെടുത്തുവാനൊ എന്നു തോന്നുമാറു കുറെ ദൂരത്തായ ഒരു തെങ്ങിന്റെ ശിഖരത്തിലുള്ള തന്റെ നികുഞ്ജത്തിലിരുന്നുകൊണ്ടു "കുള്ളുവാ" "കുള്ളുവാ" എന്നു് അത്യുച്ചത്തിൽ സങ്കീൎത്തനം ചൊല്ലിക്കൊണ്ടിരുന്ന ഒരു കാലകോഴിയുടെ ഭീമസ്വരം ആകാശം മുഴവനും മാറെറാലികൊണ്ടു വ്യാപിച്ചു. 'തൊട്ടാൽ പൊള്ളുന്ന ചൂടോടുകൂടി ഒരു കോപ്പ കടുംകാപ്പിയും കുടിച്ചു പ്ലാനൽ കുപ്പായങ്ങളും മഞ്ഞു തൊപ്പിയും ധരിച്ചു് ആളുകൾ ഓരോ ഇരട്ടക്കുഴൽ തിരത്തോക്കും തിരകളും കുറെ ഭക്ഷണസാധനങ്ങളും എടുത്തു ഞാനും എന്റെസ്നേഹിതൻ മിസ്റ്റർ മാധവമേനവനും പുറപ്പെട്ടിറങ്ങി. കായലിന്റെ കിഴക്കേക്കരയിൽ പബ്ളിക്കാപ്പീസ്സുകൾക്കല്ലം വടക്കോട്ടുതള്ളി പോസ്റ്റാഫീസിന്റേയും പോലീസുസ്റ്റേഷന്റേയും മദ്ധ്യേയുള്ള കുളത്തിൽ കാലേക്കൂട്ടി ശട്ടംകെട്ടി വെച്ചിരുന്ന ഒരു ഓടിയുടെ മദ്ധ്യത്തിലുള്ള രണ്ടു് ഇടപ്പലകകളിന്മേൽ ഞങ്ങൾ രണ്ടുപേരും കേറി ഇരിക്കുമ്പോഴേക്കു'

"താതതതികിതതൈതൈ"

കൊച്ചി വാഴുംസച്ചരിതം വാച്ച രാമവൎമ്മഭൂപൻ
തൃച്ചരണംമിത്തേചേൎത്തുവച്ചപാടുന്നേൻ

എന്നു നീട്ടി എടുത്തുപാടാൻ തുടങ്ങിയ കണ്ടകോരനും നിലാണ്ടനും ആഞ്ഞുവലിക്കുന്ന തണ്ടുകളുടേയും, പാട്ടിന്റെ ഈ രണ്ടുപാദങ്ങൾ അവസാനിക്കുമ്പോളൊക്കെയും "ധിന്തധിമിതതൈതൈ" എന്നു ശങ്കിടിപിടിക്കുന്ന ശംകു അമരത്തലക്കലിരുന്നുകൊണ്ടു് ഇടത്തും വലത്തും മാറിമാറി തു

ശത്രുരെ കൊത്തി എറിഞ്ഞു വിടുന്ന പങ്കായത്തിന്റെയും പ്രഹരങ്ങൾകൊണ്ട് ഇളകിമറിയുമ്പോൾ ഇരുട്ടത്ത് ഉരുക്കി ഒഴിച്ച ലോഹംപോലെ പ്രകാശിച്ചുകൊണ്ടിരുന്ന ആ വെള്ളത്തിലെ തിരമാലകളുടെ ശിഖരങ്ങളിൽക്കൂടി ചാടിത്തുള്ളികൊണ്ടു തെക്കുപടിഞ്ഞാറായി വലിച്ചുകേറിയ ആ ഓടി പുഴയുടെ മദ്ധ്യത്തിലെത്തിക്കഴിഞ്ഞു:—

പശ്ചിമഭാഗത്തുകൊച്ചികൊച്ചിയഴിവസ്തുമെല്ലാം
കൊച്ചുതമ്പ്രാന്മാർ കണ്ണിനു കാഴ്ചവെച്ചാലും.
തെക്കുവെണ്ടുരുത്തിയുംവടക്കുവൃഞ്ഞിക്കരെ പൂവ്-
ദിക്കതിലേണ്ണാകുളവുംതക്കമൊയ്ക്കാൺക. ധിന്ത
മാനവേന്ദ്രൻതന്റെതലസ്ഥാനമാമെണ്ണാകുളത്തെ
ന്നൂനമിന്നുവർണ്ണിപ്പാനായ്ജ്ഞാനമില്ലാർക്കും. ധിന്ത
പോസ്റ്റാഫീസും, പൊല്ലീസ്സ്റ്റേഷൻ, മിസ്റ്റർ ഡേവിസ് ബങ്കളാവും
മിസ്റ്റർബ്രൌണിൻബങ്കിളാവുംമററുംകണ്ടാലും. ധിന്ത
ആർത്തരാകുംമർത്ത്യരെക്കിടത്തിരോഗം തീർത്തയച്ചു
കീർത്തിചാർത്തുന്നെല്ലൊരാശുപത്രികണ്ടാലും. ധിന്ത
ഡാക്ടർക്രൂസും, ഡാക്ടർഗന്തർ ഡാക്ടർരാമുണ്ണിമേനോനും
ചട്ടമോടേജോലിനോക്കുംകെട്ടിടമല്ലൊ. ധിന്ത
നീളേനീളേബാലകന്മാർ മേളമോടേവിദ്യാഭ്യാസം
നാളുതോറുംചെയ്തീടുന്ന കാളേജുംകാൺക. ധിന്ത
പ്രിൻസിപ്പാലും ഡേവീസ്സും വൈസ്പ്രിൻസിപ്പാലാം കോഷിതാനും
മൂർഷികന്മാരൊത്ത വാരിയരുമുണ്ടവിടത്തിൽ. ധിന്ത

ലാക്ക;മാരാരേ,റാടിയുംലോക്കമാറാതൊരടിയും
തൎമ്മെല്ലാം തീൎപ്പുചെയ്യുംചീഫ്കോൎട്ടുകാൺക. ധീന്ത
മുട്ടാതെ നിത്യവുംചിത്തംമട്ടാതെ കൊച്ചുണ്ണിമേനോൻ
കോൎട്ടുചെയ്യുംഡിസ്ത്രിക്ടായകോൎട്ടുകണ്ടാലും. ധീന്ത
പട്ടാഭിരാമയ്യൻദിവാൻപട്ടംകെട്ടിരാജകാൎയ്യം
ചിട്ടയായ്നടത്തുംഹജ്ജൂർക്കെട്ടിടംകാൺക. ധീന്ത
ഫൌണി ഗൈൎവ്വാണികൈരളീവാണികളിമ്മൂന്നിലും പ്ര-
വീണനാകും സിക്രട്ടേരിഅച്യുതമേനോൻ. ധീന്ത
വക്രശീലംചെറുപോലുംകയ്ക്കൊളില്ലാത്തസിസ്റ്റാണ്ടാം
സിക്രട്ടേരിശങ്കരനാംമേനവൻതാനും. ധീന്ത
ദിക്കുകളൊക്കെയുംകീൎത്തിതിക്കിയേറുംമട്ടുജോലി
നോക്കിടുന്നതൊക്കെയിന്നാട്ടിക്കിൽവച്ചല്ലൊ. ധീന്ത
ശങ്കരൻമാൻകരൻഭക്തകിങ്കരൻകരുണാകരൻ
ചെങ്കരൻശ്രീ ശൈലകന്യാസങ്കരൻദേവൻ. ധീന്ത
കെല്പെഴുന്നോരിപ്പൃഥിവിക്കപ്പനാകുന്നപ്പുരാനെ
ക്ഷിപ്രംകണ്ടുകൈകൾരണ്ടുംകൂപ്പിവന്ദിപ്പിൻ. ധീന്ത
വിഷ്ണുഭക്തൻദിവാൻവാഴുംകൃഷ്ണവിലാസംമന്ദിരം
തൃഷ്ണയോടേകണ്ടുപാരം തുഷ്ടിപൂണ്ടാലും. ധീന്ത
അമ്പിനോടതിന്നപ്പുറംവമ്പെഴുന്നപാലിയവും
സമ്പ്രതികണ്ടാലുംവേഗം തമ്പുരാന്മാരെ! ധീന്ത

മേൽപ്രകാരം എറണാകുളത്തു കരയ്ക്കുള്ള ഓരോരോ കാഴ്ചകളെ കുറിച്ചു ക്രമത്തിൽ വൎണ്ണിച്ചു പാടിക്കൊണ്ടു വലിക്കാർ അതുവരെയും സാവധാനമായിക്കൊണ്ടുപോയവഞ്ചി പാലിയത്തിൻകടവു കടന്നപ്പോൾ രണ്ടാമത്തും ശീഘ്രഗതിയെ പ്രാപിച്ചു.

ഇതിനിടയ്ക്കു നേരം ക്രമേണ പ്രകാശമായിത്തുടങ്ങുകയും ആദ്യം നക്ഷത്രങ്ങളുടെ വെളിച്ചംകൊണ്ടുമാത്രം കുറേശ്ശ കണ്ടിരുന്ന കെട്ടിടങ്ങളും മററും അധികമധികമായി കാഴ്ചയിൽ വന്നുതുടങ്ങുകയും ചെയ്തു. ഒരുനാഴികവഴി ദൂരം കായൽവക്കുവരെ തോക്കും താങ്ങി മുറുകി നടന്നതുനിമിത്തം ചൂടുപിടിച്ച വിയൎത്ത ശരീരത്തിന്മേൽ കുപ്പായത്തിനുള്ളിൽ കൂടികടന്നു തടവുന്ന കുളിർ കാററും നാലുപുറവും നേത്രാനന്ദകരങ്ങളായ കാഴ്ചകളും, തിരമാലകളുടെ മുകളിൽകൂടി പൊങ്ങിയും താണുംകൊണ്ടു പായുന്ന വഞ്ചിയിൽ ഊഞ്ഞാലാടികൊണ്ടുള്ള ഇരുപ്പും, കണ്ടൻ കോരൻ കൂട്ടരുടെ വഞ്ചിപ്പാട്ടും അരുണോദയസമയവും എല്ലാംകൂടി ചേൎന്നപ്പോൾ ഞങ്ങളുടെ മനസ്സിൽ ഉദിച്ച ഒരു പ്രത്യേകാനന്ദവും ആഹ്ലാദവും ഇന്നപ്രകാരമായിരുന്നു എന്നു പറവാൻ പ്രയാസം. വെണ്ടുരുത്തിയുടേയും എറണാകുളത്തിന്റെയും മദ്ധ്യത്തിൽകൂടി തെക്കോട്ടേയ്ക്കു പോയിക്കൊണ്ടിരുന്ന വഞ്ചി പുഴയിൽനിന്നു കിഴക്കോട്ടേയ്ക്കു തിരിയുന്ന ഒരു ചെറിയ തോട്ടിലേയ്ക്കു കടന്നു. അപ്പോൾ ആകാശത്തിന്റെ പൂൎവ്വദ്വാരംതുറന്നു ഞങ്ങൾക്കഭിമുഖനായി പ്രവേശിച്ച സൂൎയ്യൻ തന്റെ കനകരശ്മിപ്രവാഹത്തിൽ ലോകം മുഴുവനും പെട്ടെന്നൊന്നുകുളിപ്പിച്ചു. മേലേക്കുമേലെ കട്ടകട്ടയായി മുറിഞ്ഞുപിടിച്ചിനൽക്കുന്ന അഞ്ചോ ആറൊ കാലുകളിന്മേൽ കിടക്കുന്ന ഒരു പഴയ മരപ്പാലത്തിന്റെ കണ്ണിൽ കൂടി കടന്ന് ആ തോട്ടിന്റെ കിഴക്കെ അററത്തു, കായ തുടങ്ങിയതും തുടങ്ങാറായതും ആയി മദിച്ചു നിൽക്കുന്ന അനവധി തെങ്ങിൻ തൈകളാൽ സാമാന്യം നാലുപുറവും ഇടതൂൎന്ന

പുറപ്പെട്ടതും സ്വൎണ്ണപ്പച്ചവൎണ്ണമായ ഇലകൾ തിങ്ങി വളൎന്ന കൂടിയ കണ്ടൽ ചെടികളാൽ മൂടപ്പെട്ട വെള്ളത്തിൽ അവിടവിടെ വലിയ പച്ചക്കല്ലുകൾ പതിച്ചപോലെ കിടക്കുന്ന ചില തുരുത്തുകളാൽ മദ്ധ്യഭാഗങ്ങൾ അലങ്കരിക്കപ്പെട്ടതും ആയ ഒരു തുറന്ന കായലിലേക്കു ഞങ്ങൾ പ്രവേശിച്ചിട്ട്, ആ തുരുത്തുകളിലെ കണ്ടൽ ചെടികളുടെ ഇടകകളിൽനിന്നുതപോവിരുന്നു വന്ന അനവധി വൃദ്ധകൊക്കുകൾ കൂട്ടംകൂട്ടമായി 'ക്രൊ' 'ക്രൊ' എന്നു ഞങ്ങളെ ശപിച്ചുകൊണ്ടു മേല്പോട്ടുയൎന്നു തലയ്ക്കുമീതെ കശപിശയായി പറക്കത്തക്കവണ്ണം അവയുടെ സമീപത്തുകൂടി, വഞ്ചി വലിച്ചുകേറി ആ കായലിന്റെ മറുകരയിലുള്ള വേറൊരു തോട്ടിന്റെ മുഖത്തു ഞങ്ങൾ എത്തി. ആ തോട്ടിന്റെ രണ്ടരുകിലും കൈകൊണ്ടു് എത്തിപ്പറിക്കാവുന്നതും കൊതി തോന്നിക്കുന്നതും ആയി സ്വൎണ്ണകുംഭങ്ങളെപ്പോലുള്ള അനവധി ഫലഭാരങ്ങളെ കുലകുലയായി വഹിച്ചുകൊണ്ടും ആകാശദേശത്തിൽ പരസ്പരം കരഗ്രഹണം ചെയ്തു സൂൎയ്യരശ്മിയെ തടഞ്ഞുനിൽക്കുക നിമിത്തം തോട്ടിന്നു് ഒരു നടപ്പുര കെട്ടിയലങ്കരിച്ചപോലെയും നിൽക്കുന്ന തെങ്ങിൻതൈകളുടെ ഇടയിൽകൂടി ആ തോട്ടിന്റേയും മറുതലപിടിച്ചു. അവിടെ തോട്ടിലേയ്ക്കു മുഖമായി കെട്ടിയിട്ടുള്ള ഒരു ചെറിയ ഓലമേഞ്ഞ പുരയിൽ ഭസ്മംനനച്ചു കെട്ടു കെട്ടായി കുറിയിട്ട സന്യാമിയാന്മാരെപ്പോലെ ഇരിക്കുന്ന അഞ്ചാറു കുപ്പികളെ കണ്ടപ്പോൾ കണ്ടൻ കോരൻ കൂട്ടൎക്കു തലതരിച്ചു. അവർ പോയി അല്പം 'വെള്ളം' കുടിച്ചുവന്നു. ഉൽസാഹം ഒന്നു വൎദ്ധിച്ചു. മേൽപ്രകാരം

ചിലകായലും പുഴയും തോട്ടം മറവും കടന്ന് ഏകദേശം പ
ത്തുമണിയാകുമ്പൊഴേക്ക ഞങ്ങൾ ഒരു ദിക്കെത്തി. അവി
ടെ അതിവിശാലമായ വേറൊരു കായൽ നടുക്കുകണ്ടൽ
ചെടികളാൽ വേലികെട്ടപ്പെട്ട വൃത്താകാരമായ ഒരു തുരു
ത്ത്. കരയുടെ നാലുപുറവും സ്വൎണ്ണക്കതിരുകളോടുകൂടിയ
നെല്ലു വിളഞ്ഞു നിന്നുകൊണ്ടു പരമതാനി വിരിച്ചപോ
ലെ കിടക്കുന്ന പാടങ്ങൾ. ഞങ്ങൾ ഉദ്ദേശിച്ചു പുറപ്പെട്ടി
ട്ടുള്ള സ്ഥലം ഇതാണ്. ആ കായലിൽ മുതലകൾ ഉപ്പി
ലിട്ടതുപോലെയാണ് കിടപ്പ്. വിശേഷിച്ച് അതിന്നടു
ത്ത കരകളിൽ പാൎക്കുന്ന ചോവന്മാരുടേയും മാപ്പിളമാരു
ടേയും വക അസംഖ്യം താറാവ്, കോഴി, പന്നി, ആട്,
മാട് ഇവകൾക്ക പുറമെ അവരിൽ അനേകംപേരുടെ കു
ട്ടികളേയും പ്രത്യേകിച്ചു, നമ്മുടെ കണ്ടൻകോരൻെറ ഏ
ഴപത്തുവയസ്സായ തള്ളയേയും പിടിച്ചുകൊണ്ടുപോയി തി
ന്നതുനിമിത്തം ആ പ്രദേശക്കാൎക്ക മുഴുവനും വലിയ ഭയം
ജനിപ്പിച്ചുകൊണ്ട് ആ മുതലകൾക്കെല്ലാം തലവനായി
വാഴുന്ന ഭീമച്ചൻ എന്നുപേരായ ഒരു വലിയമുതലയും ആ
കായലിൽ തന്നെയാണ് കിടപ്പ്. അവൻെറ അക്രമങ്ങളെ
പ്പററിയ കഥകൾ അറിയാത്തവർ അവൻെറ അധികാരാ
തൃത്തിക്കകത്തു പാൎക്കുന്നവരിൽ ആരുംതന്നെ ഇല്ല. അവ
നെ സംഹരിപ്പാനാണു ഞങ്ങളുടെ ഉദ്യമം. ഞങ്ങളുടെ
അന്നത്തെ അവസ്ഥ നക്രസംഹാരത്തിന്നു പുറപ്പെട്ട ചക്ര
പാണിയുടെ അവസ്ഥതന്നെ. കാലേക്കൂട്ടി കണ്ടൻകോ
രൻ മുഖാന്തരം അവിടെ ഏതാനും വാലന്മാരേയും മാപ്പി
ളമാരേയും വഞ്ചി, വല, ചാട്ടുളി കുന്തം, മുതലായ സാമഗ്രി

കളോടുകൂടി ശട്ടം കെട്ടിട്ടുണ്ടായിരുന്നു. ഞങ്ങൾ എത്തു മ്പോഴേക്ക് അവരെല്ലാവരും തയ്യാറായിരുന്നു. കായലിന്റെ തെക്കുവശത്തു കരവിട്ട് ഏകദേശം പത്തുപതിനഞ്ചു വാര വെള്ളത്തിലേയ്ക്കു തള്ളിനിന്നിരുന്നതും വെള്ളം വിട്ട മേല്പോട്ടേയ്ക്കു വളഞ്ഞു പിരിഞ്ഞു 'കൊക്കരെക്കൊയി' എന്നു നിറ്റ്കുന്നവേരുകളോടുകൂടിയതും ആയ ഒരു കണ്ടലിന്റെ സമീപത്തുണ്ടായിരുന്ന ഒരു കയമാണു ഭീമച്ചന്റെ സാധാരണ വാസസ്ഥലം. 'അവളെപ്പേടിച്ചാരും നേർവഴിനടപ്പീല ഭുവനവാസിജനം ഭുവനേശ്വരപോററി' എന്നു താടകയെ ഉദ്ദേശിച്ചു പണ്ടു വിശ്വാമിത്രൻ പറഞ്ഞതുപോലെ ആ കയത്തിന്റെ സമീപത്തു കൂടെ എന്നുവേണ്ട കായലിന്റെ തെക്കുവശത്തുകൂടിത്തന്നെ വഞ്ചിക്കാർ ഭീമച്ചനെ പേടിച്ചു സഞ്ചരിക്കാറില്ല. ഭീമച്ചൻ പകൽ മുഴുവനും സാമാന്യം തന്റെ കയത്തിൽ തന്നെയാണ് ഇരിപ്പ്. പക്ഷെ ഇടയ്ക്കിടയ്ക്കു കാററുകൊള്ളുവാനൊ പുറത്തു നടക്കുന്ന വർത്തമാനങ്ങൾ അറിവാനൊ—എന്നറിഞ്ഞുകൂട—മൂപ്പർ വെള്ളത്തിനു മീതെ കുറേശ്ശ തലപൊക്കാറുണ്ടത്രെ. രാത്രിയായാലാണു കരയ്ക്കു കേറി രാജഭോഗം പിരിപ്പാനുള്ള എഴുന്നള്ളത്ത്. ഭീമച്ചനെ കുടുക്കുവാൻ ഞങ്ങൾ കാലേകൂട്ടി തീർച്ചയാക്കിയിരുന്ന പ്ലാൻപ്രകാരം കയത്തിന്റെ കിഴക്കും പടിഞ്ഞാറും ഓരോ കാലവലയിട്ടു. വലയുടെ തലക്കയറുകൾ ജാഗ്രതയായി പിടിച്ചു വേണ്ട പോലെ പ്രവൃത്തിക്കുവാൻ നാലുതലയ്ക്കലും കൂടി നാലു വലിയ വഞ്ചികളിൽ വഞ്ചി ഒന്നിന്നു മുമ്മൂന്ന് ആളുകൾ വിതം-ഈരണ്ടുപേർ കയറുകൾ പിടിപ്പാനും ഓരോ

രുത്തൻ വഞ്ചി തുഴഞ്ഞു വേണ്ട പോലെ നടത്തുവാനും-പ
ന്ത്രണ്ടുപേരും, ആ നാലു വഞ്ചികളിലും വേറെയും അഞ്ചു വ
വഞ്ചികളിലും കൂടി ചാട്ടുളിമുതലായ ആയുധങ്ങളോടുകൂടി പ
ത്തുമുപ്പത്തുപേരും എല്ലാംകൂടി ആ കയം വളഞ്ഞു. തെക്കു ക
രയോടുചേൎന്ന ഭാഗം മാത്രം ഒഴിച്ചുവിട്ടു. കിഴക്കും പടി
ഞ്ഞാറും രണ്ടു വലകളും വടക്കുഭാഗത്തു നിരത്തിപ്പിടിച്ചു
വഞ്ചികളും അതിൽ കിഴക്കേ തലയ്ക്കലൊരു വഞ്ചിയിൽ
ഞാനും പടിഞ്ഞാറെ തലയ്ക്കൽ ഒരു വഞ്ചിയിൽ മിസ്റ്റർ
മേനോനും വേണ്ട ഒരുക്കത്തോടുകൂടി ഇരുന്നു. പടിഞ്ഞാ
റെ വല പതുക്കെ പതുക്കെ വലിച്ചു കിഴക്കേതിനോടടുപ്പി
ക്കുവാൻ ശ്രമം തുടങ്ങി. വരട്ടെ, അതാ കറുത്ത പാറക്കല്ലു
പോലെ ഒരു വസ്തു ഞങ്ങളുടെ മുമ്പിൽ ഏകദേശം മുപ്പതു
വാര അകലെ വെള്ളത്തിൻമീതെ പൊങ്ങി. ഠെ, ഠെ,
ഞങ്ങൾ രണ്ടാളുടേയും തോക്കിന്റെ വലത്തെ കുഴലുകൾ
ഒപ്പം ഒഴിഞ്ഞു. മൂക്കിൽപ്പുട്ടിന്റെ മൂൎദ്ധാവിൽനിന്നു് ഒരു ക
ഷണം മേല്പോട്ടു തെറിച്ചു വെള്ളത്തിൽ വീണു, സംശയമി
ല്ല. ഒരു മിനിട്ടു കഴിയുമ്പോഴേക്കു കിഴക്കേ വല പിടിച്ചി
ട്ടുള്ളവരുടെ കയ്യിൽ നിന്നു വലക്കയറുകൾ വലിഞ്ഞുതുട
ങ്ങി. അവർ കയറുകളെ വെട്ടിവെട്ടിപ്പിടിച്ചുകൊണ്ടു പടി
ഞ്ഞാട്ടേക്കു വലിച്ചുതുടങ്ങി. വലയും വഞ്ചിയും വഞ്ചിക്കാ
രും എല്ലാം ഒന്നായി കിഴക്കോട്ടേയ്ക്കുതന്നെ. പടിഞ്ഞാ
റെ വല കിഴക്കേതിനോടു ക്രമേണ അടുപ്പിച്ചു. രണ്ടു വല
കളും നല്ലവണ്ണം അടുത്തതിന്റെ ശേഷം അതിനുള്ളിൽ
കള്ളനെ കുടുക്കി നല്ലവണ്ണം 'ഭേദ്യം' ചെയ്യാമെന്നായിരു
ന്നു ഞങ്ങളുടെ വിചാരം. വലകൾ ഏകദേശം പത്തുവാര

അടുത്തു. വലിയ പല്ലുകളോടുകൂടിയ ഒരു ഊക്കൻ അറക്കവാൾ മേല്പോട്ടു പൊങ്ങി ആഞ്ഞു വളഞ്ഞു വെള്ളത്തിൽ ഒരു പിടപിടച്ചു. 'വലി വലി' 'പിടച്ചോ പിടിച്ചോ', എന്നും 'അയ്യയ്യോ' എന്നും ഉറക്കെ അഞ്ചാറു ശബ്ദങ്ങൾ ഒന്നിച്ചു കേട്ടതും കിഴക്കെ വലക്കയറുകൾ അതു പിടിച്ചിരുന്നവരുടെ കയ്യിൽനിന്നു വിട്ടുപോയതും, അവരുടെ വഞ്ചി നടത്തുന്ന രണ്ടുപേരുടേയും പങ്കായം തെറിച്ചതും രണ്ടു വഞ്ചികളും വെള്ളത്തിൽ മറിഞ്ഞതും ഒപ്പം കഴിഞ്ഞു. മററുള്ളവർ വേഗം ചെന്നു വഞ്ചികൾ പിടിച്ചു മലത്തി വെള്ളത്തിൽ വീണവരെ എടുത്തു കേററി വലകൾ അടുപ്പിപ്പാൻ തുടങ്ങിയതോടുകൂടി മുൻഭാഗത്തേക്കു കടന്നു ചെന്ന മൂന്നാലു വഞ്ചിയിലുണ്ടായിരുന്നവർ 'അതാ, അതാ കൊടുക്ക' എന്നു്. കള്ളൻ വാലിട്ടു പിടിച്ച വലയുടെ പുറത്തു ചാടിയപ്പോൾ, നിലവിളി കൂട്ടിയ മദ്ധ്യേ 'ഇതും കൊണ്ടുപോ, സമ്മാനം' എന്നു പറഞ്ഞു വഞ്ചിയിൽ നിന്നേടത്തു നിന്നുകൊണ്ടു് ഒരു ചാട്ടം ചാടിയ കണ്ടൻകോരന്റെ കയ്യിലുണ്ടായിരുന്ന ചാട്ടുളി വെള്ളത്തിനുള്ളിലേക്കു് ഊക്കോടുകൂടി പ്രവേശിച്ചു. ഉളിയേറുകൊണ്ട ഉടനേ വെള്ളത്തിന്റെ മേല്പോട്ടൊന്നു പൊങ്ങി രണ്ടാമതും ഉള്ളിലേക്കുതന്നെ ആ വലിയ ജന്തു താണപ്പോൾ ഉണ്ടായ ആ ചുഴിയിൽപ്പെട്ടു കണ്ടൻകോരന്റെ വഞ്ചി മറിയാഞ്ഞതു ഭാഗ്യം. രണ്ടുണ്ടയും ഉരു ഉളിയും ഭീമച്ചനു സമ്പാദ്യം. ഉളിയിൽ കെട്ടിയ ചരടിന്റെ മറുതല കണ്ടൻകോരന്റെ കയ്യിൽ. കണ്ടൻകോരനേയും വഞ്ചിയേയും വലിച്ചുംകൊണ്ടു ഭീമച്ചൻ നേരേ കിഴക്കോട്ടേയ്ക്കുതന്നെ. കടിഞ്ഞാൺ വെട്ടിപ്പിടി

ച്ചുംകൊണ്ട് ഒരു കുതിരവണ്ടിയിലിരുന്നു പോകുംപോലെ ചരടുപിടിച്ചു വെട്ടിക്കൊണ്ടു കണ്ടൻകോരൻ വഞ്ചിയിലിരുന്ന സവാരി. 'പിടിച്ചോ' 'വിടണ്ട വിടണ്ട' എന്നു പറഞ്ഞുകൊണ്ടു രണ്ടു മൂന്നു വഞ്ചികൾ കണ്ടൻകോരന്റെ സഹായത്തിനെത്തി. അഞ്ചെട്ടു പേർ ചരടിൽ പിടികൂടി വലിച്ചു തുടങ്ങി. അവരെയെല്ലാം ഇഴുത്തുകൊണ്ടു മുതല പിന്നേയും കിഴക്കോട്ടുതന്നെ. ഞങ്ങളെല്ലാവരും പിന്നാലെ, മുതലവാലുകൊണ്ടു വെള്ളത്തിൽ ഒരു 'ഭ്ളീം' ഉളിയുടെ ചരടു 'ട്ടും' കണ്ടൻ കോരനും വേറെ രണ്ടു മൂന്നു പേരും വഞ്ചിയിൽ 'ബ്ധീം' സാധാരണയായിട്ടു പകൽ തന്റെ കയത്തിന്റെ സമീപസ്ഥലങ്ങൾ വിട്ടു ഭീമച്ചൻ സഞ്ചരിയ്ക്കാറില്ലാത്തതുകൊണ്ടും രണ്ടു മൂന്നു മുറികൾ ഏററിട്ടുള്ളതിനാൽ അധികനേരം ഉപ്പുവെള്ളത്തിനുള്ളിൽ കിടന്നു പൊറുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടും ഞങ്ങൾ നിന്നിരുന്ന ദിക്കിനടുത്ത് എവിടെയെങ്കിലും അവൻ ഇനിയും പുറത്തേക്കു തലകാണിയ്ക്കാതിരിക്കയില്ലെന്നു ഞങ്ങൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു. മുതല കിഴക്കോട്ടേക്കു പോയവഴിയിൽ ഞങ്ങൾ നിന്ന ദിക്കിൽനിന്ന് ഏകദേശം നൂറുവാര അകലെയായി ഒരു കറുത്ത തല പിന്നേയും പൊങ്ങി. മൂന്നു നാലു വഞ്ചിക്കാർ ഒരു വലയുംകൊണ്ട് അതിന്റെ മുമ്പിൽ കടന്നു നിന്നു വലയിട്ടു. കണ്ടൻകോരനും മററുള്ളവരും വഞ്ചികളിൽ ആയുധപാണികളായി മുതല പൊങ്ങിയ ദിക്കിൽ നിന്നു കയത്തിലേക്കുള്ള വഴിയിൽ അവിടവിടെ നിരന്നുനിന്നു. ആ പൊങ്ങിയ തലയ്ക്ക് ഒരുണ്ട കൊടുപ്പാൻ തരമുണ്ടോ എന്നു നോക്കുവാൻ വേണ്ടി മിസ്റ്റർ മേ

നോൻ മുമ്പിലേക്കു കടന്നുചെന്നു. ഞാൻ മുൻപ്രസ്താവിച്ച കണ്ടലിൻെറ മുകളിൽ കേറിയിരുന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കെ കരയ്ക്കു വിളഞ്ഞു നില്ക്കുന്ന നെല്ലിൻെറ ഉള്ളിലിരുന്നുകൊണ്ടു മിസ്റ്റർ മേനോൻ തോക്കുനീട്ടി. പൊങ്ങിയ തല മുങ്ങി. മുമ്പിൽ കൊണ്ടുപോയിട്ട വല പടിഞ്ഞാട്ടേക്കു വലിച്ചു വലിച്ചു അടുപ്പിച്ചു തുടങ്ങി. എല്ലാവരും തിരച്ചിൽതൃതി. ഞാൻ കണ്ടലിൻെറ മുകളിലിരുന്നുകൊണ്ടു നാലു പുറവും നോക്കിക്കൊണ്ടിരുന്നു. സൂൎയ്യൻ ആകാശത്തിൻെറ മദ്ധ്യപ്രദേശത്തേക്കു കേറിത്തുടങ്ങി. കായലിലെ വെള്ളം വെള്ളിത്തകിടു പരത്തിയപോലെ പ്രകാശിച്ചു. വെയിലിൻെറ ചൂടു് അസഹ്യമായിരുന്നു എങ്കിലും ഭീമച്ചനെ പിടിപ്പാനുള്ള രസംകൊണ്ടു് അതു് ഒരു അസഹ്യതയായിത്തോന്നിയില്ല. നാലുപുറവും മദ്ധ്യാഹ്നസൂൎയ്യപ്രഭയിൽ തിളങ്ങിക്കൊണ്ടിരുന്ന കായലും, കണ്ടലും, വയലുകളും, തെങ്ങുകളും എല്ലാംകൂടി കലൎന്ന ആ മനോഹരകാഴ്ച നോക്കിക്കൊണ്ടു കുറച്ചുനേരം ആനന്ദപരവശനായി ആ കണ്ടലിൻെറ മുകളിൽ ഞാൻ നിന്നുപോയി. അപ്പോഴേക്കു് 'അതാ അതാ' 'കണ്ടലിൻെറ ചോട്ടിൽ' എന്നു് ആരോ പറയുന്നതു കേട്ടു കീഴ്പോട്ടേക്കു നോക്കിയപ്പോൾ മൂക്കു മുറിഞ്ഞു ചോര ഒലിക്കുന്ന ഭീമച്ചൻെറ തല. ഒരുണ്ടകൊടുക്കാൻ ഒന്നാന്തരം ലാക്കു്. ശരി, ഒന്നു കൊടുത്തു. നെറുകയിൽത്തന്നെ. കഥ കഴിഞ്ഞിരിക്കണം. രണ്ടുമൂന്നു വഞ്ചിക്കാർ കണ്ടലിൻെറ ചോട്ടിൽ എത്തി കഴക്കോലുകൾ കൊണ്ടു് അടി വരണ്ടിനോക്കി. തോല്പിച്ചു. അതാ ഇട്ടു

ക്കിടയ്ക്കു പൊങ്ങിയും മുങ്ങിയും വാലിട്ടടിച്ചുംകൊണ്ട് അതിശീഘ്രമായി ഒരു ജന്തു പടിഞ്ഞാട്ടേക്കു നീന്തിപ്പോകുന്നു.

ഭീമച്ചൻ പ്രാണവേദനകൊണ്ടു. ഞാൻ കണ്ടലിന്മേൽ നിന്നു വഞ്ചിയിലേയ്ക്കിറങ്ങി. അപ്പോഴേയ്ക്കു മിസ്റ്റർ മേനോനും എത്തി. ഞങ്ങൾ എല്ലാവരുംകൂടി ഭീമച്ചന്റെ പിന്നാലെ മുറുകിപ്പിടിച്ചു. ഭീമച്ചന്റെ പ്രാണപരാക്രമത്തോടുകൂടിയുള്ള പോക്കും അവനെ പിന്തുടരുന്ന കണ്ടൻ കോരൻ കൂട്ടരുടെ കൂക്കു വിളിയും ഇടയ്ക്കിടയ്ക്കു കള്ളൻ പുറത്തു തലപൊക്കുമ്പോഴൊക്കെ ഞങ്ങൾ രണ്ടുപേരുടേയും തോക്കുകളിൽ നിന്നു പുറപ്പെടുന്ന ഠേ! ഠേ! ശബ്ദവും എല്ലാം കൂടി ഒരു വലിയ കോലാഹലം. മേൽപ്രകാരം തുരുത്തിനെ ഒരു പ്രദക്ഷിണം. ആ പ്രദിക്ഷണത്തിൽ രണ്ടാമത്തും തെക്കുഭാഗത്തെത്തിയപ്പോൾ കയത്തിന്റെ കിഴക്കേപ്പുറത്തു വെച്ചിട്ടുണ്ടായിരുന്ന വല കണ്ടിട്ടാണെന്നുതോന്നും ഭീമച്ചൻ വടക്കോട്ടു തുരുത്തിലേയ്ക്കു തിരിഞ്ഞു. തുരുത്തിന്റെ അരുകിലുള്ള രണ്ടു കണ്ടലിന്റെ ഇടുക്കിൽ തലയുംവച്ചു കിടപ്പായി. നേരെ തെക്കുഭാഗത്തു നിന്നു തലയ്ക്കു് ഉന്നംനോക്കി ഞാൻ രണ്ടു കുഴലും ഒപ്പം ഒഴിച്ചു. വെള്ളത്തിൽ വാലിട്ടൊരു പിട. 'ധിമൃതൈ' എന്നു് ഒരു കുട്ടിക്കരണം. കണ്ടലിന്റെ ഇടയിൽകൂടി മറിഞ്ഞു തുരുത്തിന്റെ ഉള്ളിലേക്കു 'ധിം' എന്നു് ഒരു ചാട്ടം. ഞങ്ങളെല്ലാവരും ആയുധപാണികളായി തുരുത്തിനുള്ളിൽ പ്രവേശിച്ചു. അവിടെ മുട്ടു വരെ ചേറുള്ള ഒരു സ്ഥലത്തുകൂടെ ഭീമച്ചൻ ഇഴഞ്ഞു പിടഞ്ഞുകൊണ്ടു് ഓട്ടം. പിന്നാലെ കൂക്കുവിളിച്ചുകൊണ്ടു് ഓട്ട

ന്ന സൈന്യങ്ങളിൽ കണ്ടൻകോരൻ ഉളികൊണ്ടോരേറു്; നീലാണ്ടൻ കുന്തംവെച്ചു് ഒരുകുത്തു്; ചങ്കു കോടാലികൊണ്ടൊരു കൊത്തു്; ഭീമച്ചന്റെ ഊക്കു ശമിച്ചു. ചോററിൽ പതിഞ്ഞു കിടപ്പായി. മുക്കാലും കഴിഞ്ഞു. കാൽ പ്രാണൻ ബാക്കി. മുഴുവനാക്കുവാൻ ചെകിട്ടാണിക്കു് എന്റെ ഒരു ഉണ്ട. അസ്തു. അളന്നു നോക്കിയപ്പോൾ മൂക്കുമുതൽ വാലിന്റെ അററംവരെ നീളം ൧൭-അടി, ൪൮ ഇഞ്ചു്. മദ്ധ്യത്തിലെ വണ്ണം ൨ അടി, ൩൮ ഇഞ്ചു്.

## ൮. കേശവപിള്ള ദിവാൻജി.

കേശവപിള്ള ഏതുകൊല്ലത്തിൽ ജനിച്ചു എന്നു് തീർച്ചയായി പറയുന്നതിന്നു് യാതൊരു രേഖയും ഉള്ളതായി ഞങ്ങൾ അറിയുന്നില്ല. എങ്കിലും അതു് ൯൨൦-ാമാണ്ടിനു് സമീപിച്ചായിരുന്നു എന്നു് ഏകദേശം ഊഹിക്കാവുന്നതാണു്. അദ്ദേഹത്തിന്റെ അമ്മ കുന്നത്തുക്കാരിയും ൧൬-വയസ്സുമുതൽ പത്മനാപുരം കൊട്ടാരത്തിൽ ഒരു തവണക്കാരിയുമായിരുന്നു. അങ്ങിനെ ദാസ്യപ്രവൃത്തിചെയ്തു് താമസിക്കുമ്പോൾ ഒരു ജോതിഷക്കാരൻ ആ സ്ത്രീക്കു് സംബന്ധമായി. ഉടനേ ഗർഭമുണ്ടായി. മേടമാസം ൧൦-ാംതിയതി ഒരു പുത്രനെ പ്രസവിച്ചു. അവനു് കേശവൻ എന്നു് പേരുമിട്ടു. കുട്ടിക്കു് അഞ്ചുവയസ്സായപ്പോൾ അവന്റെ ബുദ്ധിയേയും സാമർത്ഥ്യത്തേയും കണ്ടു സന്തോഷിച്ചു് സമീപത്തി

ലുണ്ടായിരുന്ന ഒരു എഴുത്തുപള്ളിയിലെ ആശാൻ അവനെ ധൎമ്മമായി വിദ്യപഠിപ്പിച്ചുതുടങ്ങി. ആ ആശാന്റെ പഠിപ്പിക്കാനുള്ളതെല്ലാം അല്പകാലംകൊണ്ടു പഠിക്കുകയും ബാല്യത്തിൽതന്നെ കണക്ക് കൂട്ടുന്നതിൽ അസാമാന്യനൈപുണ്യത്തെ പ്രകടിപ്പിക്കുകയും ചെയ്തു. ഇങ്ങിനെ ൧൫-വയസ്സായപ്പോൾ ആ കുട്ടി തന്റെ കുടുംബത്തിലെ ദാരിദ്ര്യാതിരേകംകൊണ്ട് ഉപജീവനത്തിന് വല്ല മാൎഗ്ഗവുമുണ്ടാകുമോ എന്ന് അന്വേഷിപ്പാൻവേണ്ടി തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. പൂവാറ് എന്ന ദിക്കിൽ എത്തിയപ്പോൾ അവിടെവച്ച് ഒരു വലിയ കച്ചവടക്കാരനെ കാണുകയും അയാൾ കുട്ടിയോടു വൎത്തമാനങ്ങളും ചില കണക്കുകളുംചോദിച്ചതിന് അവൻ മറുപടി പറഞ്ഞതുകേട്ട് സന്തോഷിച്ചു രണ്ടുറുപ്പിക ശമ്പളത്തിന്മേൽ തന്റെ ഒരു കണക്കെഴുത്തുകാരനായി അവനെ നിശ്ചയിക്കയും ചെയ്തു. കേശവൻ തന്റെ സത്യംകൊണ്ടും പ്രാപ്തികൊണ്ടും അല്പകാലത്താൽഅയാളുടെ വിശ്വാസത്തിനും ഇഷ്ടത്തിനും പാത്രമായിതീരുകയും തന്റെ സാമൎത്ഥ്യംകൊണ്ടും നിഷ്കൃഷ്ടകൊണ്ടും കച്ചവടത്തിന് വളരെ അഭിവൃദ്ധിവരുത്തുകയും ചെയ്തു.

അങ്ങിനെ ഇരിക്കുമ്പോൾ ഒരു രാത്രിയിൽ ആ കച്ചവടക്കാരൻ മഹാരാജാവിനെ മുഖംകാണിക്കാൻ പോയപ്പോൾ കേശവനും കൊട്ടാരത്തിലേക്ക് കൂടെ പോയിരുന്നു. മഹാരാജാവിന് കച്ചവടസംബന്ധമായി പല കാൎയ്യങ്ങളും അയാളോട് സംസാരിപ്പാനുണ്ടായിരുന്നതിനാൽ മുഖംകാണിച്ച് പുറത്തു വന്നപ്പോഴേക്ക് നേരം കുറെ അധികമായി. പള്ളിയറയുടെ പുറത്തു കിടന്ന് ഉറങ്ങിയിരുന്ന കേശ

വനെ വിളിക്കാതെ അയാൾ വീട്ടിലേയ്ക്കു പോയി. പിറേന്നാൾരാവിലെരാജാവു് പള്ളിക്കുറിപ്പുണൎന്നു വാതിൽ തുറന്നു നോക്കിയപ്പോൾ നഗ്നനായിക്കിടന്നുറങ്ങുന്ന കേശവനെയാണു് കണികണ്ടതു്. അദ്ദേഹം കോപിച്ചു ഈ അശുഭലക്ഷണമായ കണിക്കു് കാരണഭൂതനായ യുവാവിനെ പാറാവിൽ വെയ്ക്കുവാൻ കല്പിച്ചു. എന്നാൽ ദൈവഗത്യാ അന്നത്തെ ദിവസഫലം അദ്ദേഹം വിചാരിച്ചതിന്നു നേരെ വിപരീതമായിട്ടാണു് കാണപ്പെട്ടതു്. കേശവനെ പാറാവിൽ വെച്ചു് ൨-നാഴിക കഴിഞ്ഞപ്പോൾ അനവധി വാണിജ്യത്തോടുകൂടിയ ഒരു കച്ചവടകപ്പൽ തുറമുഖത്തു എത്തിയിരിക്കുന്നു എന്നു് സന്തോഷകരമായ വൎത്തമാനം കേട്ടു. അദ്ദേഹം അതുകേട്ടു് സന്തോഷിച്ചു് കേശവനെ പാറാവിൽനിന്നു് വിടുവാനും, അയാൾക്കു കൊട്ടാരത്തിൽതന്നേ ഒരു ജീവനം കൊടുക്കുവാനും കല്പിച്ചു. അന്നുമുതൽ കേശവൻ ക്രമേണ മഹാരാജാവിന്റെ പ്രീതിക്കു് പാത്രമായി വരികയും, ഏറെ താമസിയാതെ കൊട്ടാരം സംപ്രതിയുടെ കീഴിൽ ഒരു ഗുമസ്തനായി നിശ്ചയിക്കപ്പെടുകയും ചെയ്തു. കാൎയ്യാദികളിലുള്ള നൈപുണ്യംകൊണ്ടും, ജാഗ്രതകൊണ്ടും, തന്റെ സല്ഭാവഗുണംകൊണ്ടും അയാൾവേഗത്തിൽ എല്ലാവൎക്കും സമ്മതനായിത്തീൎന്നു. കൊട്ടാരം സമ്പ്രതിയെന്നുതന്നെയല്ല ദിവാൻജികൂടിയും കേശവപിള്ളയോടു കാൎയ്യങ്ങൾ ആലോചിച്ചുതുടങ്ങി.

കേശവപിള്ളയുടെ അഭ്യുദയകാലത്തു രാജ്യഭാരം ചെയ്തുകൊണ്ടിരുന്നതു് ൯൩൩-ൽ തിരുമൂപ്പുകിട്ടി ൯൭൩-ൽ

നാടുനീങ്ങിയ കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവാകു ന്നു. അതിവിദ്വാനും നീതിമാനും രാജ്യതന്ത്രജ്ഞനും പ്രജാ വത്സലനുമായ അദ്ദേഹത്തിന്റെ രാജ്യഭരണം വളരെ ക്ഷേ മകരമായിരുന്നു എന്നു പ്രസിദ്ധമാണല്ലോ. അക്കാലത്തു ക ച്ചവടം കൃഷി മുതലായതിന്റെ വൎദ്ധനകൊണ്ടു് രാജ്യത്തു ധനസമൃദ്ധിയും വിദ്വൽസല്ക്കാരംകൊണ്ടു് വിദ്യാപ്രചാരവും പ്രജകൾക്കു പലപ്രകാരത്തിലുള്ള ക്ഷേമവുമുണ്ടായിരുന്നു. കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ മുതലായ കവിതക്കാരും വിദ്വാന്മാരും അദ്ദേഹത്തിന്റെ രക്ഷയിലിരുന്നു് പ്രസിദ്ധ ന്മാരായവരാണു്. അതുകൊണ്ടു കേശവപിള്ള ക്രമേണ പ്രാ പിച്ച ഉന്നതിയേക്കുറിച്ചു് വ്യവഹരിക്കുമ്പോൾ ആ മഹാരാ ജാവിന്നു് യോഗ്യതയെ കണ്ടുപിടിക്കാനും സമ്മാനിപ്പാനും ഉണ്ടായിരുന്ന ശക്തികൂടി ഗണിക്കപ്പെടുവാൻ അവകാശമു ള്ളതാണു്.

കേശവപിള്ള കൊട്ടാരത്തിൽ ഗുമസ്തനായിരിക്കുമ്പോൾ കച്ചവടസംബന്ധമായ കാൎയ്യങ്ങളിൽ ചിലഏൎപ്പാടുകൾ ചെ യ്യാൻ അദ്ദേഹത്തെ നിയോഗിച്ചു. ബുദ്ധിമാനായ അദ്ദേഹം കച്ചവടത്തിന്റെ അഭിവൃദ്ധികൊണ്ടു് രാജ്യത്തേക്കു് വളരെ ക്ഷേമമുണ്ടാകുമെന്നുകണ്ടു് അതിന്റെ പൂൎണ്ണമായും യഥാ ൎത്ഥമായുമുള്ള പരിജ്ഞാനം സമ്പാദിപ്പാൻവേണ്ടി സമീപ ത്തിൽ കച്ചവടശാലകൾ കെട്ടി വ്യാപാരംചെയ്തുവന്നിരുന്ന ലന്തക്കാരോടും ഇംഗ്ലീഷുകാരോടും എഴുത്തുകുത്തുകൾ നടത്തി ത്തുടങ്ങി. വളരെക്കാലത്തെ പരിചയംകൊണ്ടു് കച്ചവടകാ

യ്യത്തിൽ പ്രത്യേകനൈപുണ്യം സിദ്ധിച്ചിട്ടുള്ള ഈ യൂറോപ്യന്മാരുമായുള്ള സമാഗമംകൊണ്ടു് നാട്ടിലേക്കു വളരെ ഗുണങ്ങളുണ്ടായി. തിരുവിതാംകൂറിൽ ധാരാളമായി ഉണ്ടാകുന്ന ചിലസാധനങ്ങളെ കമ്പനിക്കാർക്കു കൊടുക്കത്തക്കവണ്ണവും പകരം അവിടെ പ്രത്യേകം ആവശ്യമുള്ള സാധനങ്ങളെ അവർ വരുത്തിക്കൊടുക്കത്തക്കവണ്ണവും അദ്ദേഹം അവരുമായിട്ടു കരാറുചെയ്തു. ആ രാജ്യത്തുനിന്നും കൊടുത്തിരുന്നതു് കുരുമുളകു്, ഏലം, ഇലവർങ്ഗം മുതലായതും; പകരം അവർ തയ്യാർചെയ്തുകൊടുത്തിരുന്നതു് ഇരുമ്പും, ചെമ്പും, പഞ്ചസാരയും പ്രത്യേകിച്ചു് തോക്കു വെടിമരുന്നു് മുതലായ യുദ്ധസാമഗ്രികളും ആയിരുന്നു. അന്നു മൈസൂരിലെ മഹാരാജാവായിരുന്ന ഹൈഡർ ആലി വളരെ ശക്തനും അക്രമിയും ആയിരുന്നതിനാൽ തിരുവിതാംകൂർ രാജ്യരക്ഷയ്ക്കു നല്ലതായ ഒരു സൈന്യം ആവശ്യമായിരുന്നതുകൊണ്ടു ഈ ഏർപ്പാടു വളരെ ഗുണപ്രദമായിരുന്നു എന്നു നിസ്സംശയമായി പറയാവുന്നതാണു്. ഈ ഏർപ്പാടുകൊണ്ടു് നല്ലപോലെ സന്നദ്ധന്മാരായ യോദ്ധാക്കളെ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗമുണ്ടായി.

അക്കാലത്തെ തിരുവിതാംകൂറിലെ സേനാപതി ഡിലനോയി എന്ന ഒരു യൂറോപ്യനായിരുന്നു. കേശവപിള്ള ചെറുപ്പത്തിൽതന്നെ അയാളുടെ ഇഷ്ടനായിത്തീർന്നതിനാൽ അയാളുടെ സമാഗമംകൊണ്ടു് അദ്ദേഹം നൂതനസമ്പ്രദായപ്രകാരമുള്ള യുദ്ധത്തിന്നു വേണ്ട നൈപുണ്യം സമ്പാദിച്ചു. അയാളുടെ കീഴിലുണ്ടായിരുന്ന ലന്തക്കാരുടേയും പ

റങ്കികളുടേയും അടുക്കൽനിന്ന് അവരുടെ ഭാഷകളും പട്ടാണിമാരുടെ അടുക്കൽനിന്ന് പാർസിഭാഷയും ഹിന്ദുസ്ഥാനിയും അദ്ദേഹം പഠിച്ചു. ഈ ഭാഷകളുടേയും യുദ്ധത്തിൻേറയും പരിജ്ഞാനം പിന്നീട്ട അദ്ദേഹത്തിനു വളരെ ഉപയോഗമായിവന്നു.

അക്കാലത്തു മൈസൂർ പട്ടാളത്തിൽ നായകനായി ക്രമേണ ഉന്നതിയെപ്രാപിച്ചു; ഒടുവിൽ തൻെറ മഹാരാജാവിനെ രാജ്യഭ്രഷ്ടനാക്കി ആ സ്ഥാനത്തിൽ കയറിയിരുന്നവനും ടിപ്പുവിൻെറ പിതാവുമായ ഹൈദർ ആലി ഉത്തരകേരളത്തെ ആക്രമിച്ച് കീഴടക്കുകയും കൊച്ചിമഹാരാജാവിനെ കീഴടക്കി കപ്പം വാങ്ങുകയും ചെയ്തതിൻെറ ശേഷം തിരുവിതാംകൂർ രാജ്യത്തെ ആക്രമിപ്പാനായി പുറപ്പെട്ടു. എന്നാൽ അതിർത്തിയിങ്കൽ കച്ചവടസ്ഥലങ്ങളുണ്ടാക്കി വ്യാപാരംചെയ്തുകൊണ്ടിരുന്ന ലന്തക്കാരുടെ തടസ്ഥംകൊണ്ടു രാജ്യത്തിൻെറ പുറത്തുനിന്നു കൊച്ചിരാജാവിനെപ്പോലെ കപ്പംകൊടുത്തു കീഴടങ്ങാൻ തിരുവിതാംകൂർ രാജാവിനോടു ആവശ്യപ്പെട്ടു. താൻ കർണ്ണാടകനബാബിൻെറ കീഴിലും കമ്പനിക്കാരുടെ സഖിയുമായിരുന്നതിനാൽ ഹൈദരുടെ അധീനത്തിലാകുവാൻ പാടില്ലെന്നു അയാളുടെ ദൂതനോടു മഹാരാജാവ് മറുപടിപറഞ്ഞയച്ചു. അയാളുടെ അക്രമത്തെക്കുറിച്ച് നബാബിനേയും അറിയിക്കുകയും അതിർത്തിയിലുള്ള കോട്ടകളെ ബലപ്പെടുത്തുന്നതിന് കല്പനകൊടുക്കുകയും ചെയ്തു.

ഈ അവസരത്തിൽ ദളവാ മരിച്ചു. ആ പണിക്കു കൊട്ടാരം സമ്പ്രതിയേയും സമ്പ്രതിപ്പണിക്കു കേശവപിള്ള

യേയും നിയമിച്ചു. ആ കാലങ്ങളിൽ കൊട്ടാരംസമ്പ്രതി രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാരിൽ മൂന്നാമനായിരുന്നു. പുതിയ ദളവായുടേയും സമ്പ്രതിയുടേയും സേനാധിപതിയുടേയും ഉത്സാഹത്തിന്മേൽ അസംഖ്യം രൂപാ ചിലവുചെയ്തു അതിത്തി കോട്ടകളെ വളരെ ഉറപ്പാക്കി. എന്നാൽ ഈ ശ്രമങ്ങൾകൊണ്ടു തല്ക്കാലം ആവശ്യമൊന്നുമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതു കഴിഞ്ഞ ഉടനെ ൧൭൮൪-ൽ ഹൈദരും ഇംഗ്ലീഷുകാരും കൂടിയുണ്ടായ സമാധാന ഉടമ്പടിയിൽ ഹൈദർ തിരുവിതാംകൂറിനെ ആക്രമിക്കാതിരിപ്പാൻ പ്രത്യേകം ഒരു വകുപ്പു ചേൎത്തിട്ടുണ്ടായിരുന്നു. എങ്കിലും ഈ ഉടമ്പടിയുടെ ശേഷവും മഹാരാജാവു് ലന്തക്കാരുടേയും ഇംഗ്ലീഷുകാരുടേയും സഹായത്തോടു കൂടി അതിൎത്തികൾ രക്ഷിക്കുന്നതിന്നു വേണ്ട ഉറപ്പുകൾ ചെയ്തുകൊണ്ടുതന്നെ ഇരുന്നു. ഇതുകൊണ്ടു ഉടനേതന്നെ ഫലം സിദ്ധിച്ചു. ഹൈദർ ഉത്തരകേരളത്തെ പിന്നെയും ആക്രമിച്ചു. സാമൂതിരിപ്പാടു മുതലായ രാജാക്കന്മാരെ രാജ്യഭ്രഷ്ടന്മാരാക്കി. അവർ തിരുവിതാംകൂറിലേക്കു ഓടിപ്പോകുകയും മഹാരാജാവു് അവരെ വളരെ സല്ക്കാരത്തോടുകൂടി സ്വീകരിക്കുകയും അവൎക്കു് അഭയംകൊടുക്കുകയും ചെയ്തു. അതുകേട്ടു കോപിച്ചു് ഹൈദർ വലുതായ ഒരു സൈന്യത്തോടു കൂടി തിരുവിതാംകൂറിലേയ്ക്കു്, പുറപ്പെട്ടു. എന്നാൽ അയാൾ അവിടെ എത്തിയപ്പോഴേയ്ക്കു്, ഉടമ്പടി ലംഘനംചെയ്തതിന്നു ഇംഗ്ലീഷുകാർ അയാളുടെ നേരേ യുദ്ധത്തിനായി വട്ടംകൂട്ടിത്തുടങ്ങിയെന്നു കേട്ടു് പിൻതിരിഞ്ഞു തന്റെ നാട്ടിലേയ്ക്കു പോന്നു. പിന്നെയുണ്ടായ യുദ്ധത്തിൽ ബ്രിട്ടീഷ് പട്ടാള

ത്തെ തിരുവിതാംകൂറിലെ നായർസൈന്യം വളരെ സഹായിച്ചു എന്നും അതിൻെറ നേതാവായിരുന്ന കേശവപിള്ള ഒരു സേനാപതിയുടെ മുഖ്യചിഹ്നങ്ങളെ പ്രകടിപ്പിച്ചു എന്നും ഇംഗ്ലീഷുസേനാനായകന്മാർ തന്നെ സമ്മതിച്ചിരിക്കുന്നു. മംഗലപുരത്തുവച്ചുണ്ടായ ഉടമ്പടിയോടു കൂടി ഈ യുദ്ധം കലാശിച്ചു.

യുദ്ധം കഴിഞ്ഞതിൻെറ ശേഷം മഹാരാജാവു് രാമേശ്വരത്തേക്കു് എഴുന്നള്ളി. ആ എഴുന്നള്ളത്തിനു വേണ്ട വട്ടങ്ങൾ കൂട്ടിയതു് കേശവപിള്ളയായിരുന്നു. തിരിച്ചെഴുന്നള്ളിയതിൻെറ ശേഷം ദളവായും കേശവപിള്ളയും ചെയ്ത യത്നത്തെക്കുറിച്ചു് സന്തോഷിച്ചു അവക്കു് എന്തു പ്രതിഫലമാണു് വേണ്ടതെന്നു് മഹാരാജാവു ചോദിച്ചു. ദളവാ മരണശേഷം തൻെറ ഭാര്യാദികൾക്കു തൻെറ മുതലനുഭവിക്കുന്നതിനു് യാതൊരുപദ്രവവും വരാതെ ഇരിക്കണമെന്നു അപേക്ഷിച്ചു. ഈ അപേക്ഷ ആ കാലത്തിനുള്ളിലുള്ള രാജാക്കന്മാരുടെ അനീതിയെ വെളിവാക്കുന്നു. കേശവപിള്ള മഹാരാജാവു് ആയുരാരോഗ്യാദികളോടും അവിച്ഛിന്ന ഖ്യാതിയോടും വളരെക്കാലം പ്രജാപരിപാലനം ചെയ്യുമാറാകണമെന്നു് മാത്രമേ തനിക്കു പ്രാർത്ഥനയുള്ളു എന്നുപറഞ്ഞു.

൯൬൫-ൽ ദളവാ മരിച്ചു. സർവ്വീസ്സ്ക്രമപ്രകാരം ആ സ്ഥാനത്തേയ്ക്കു് നിയമിച്ചു അൾ പ്രാപ്തനും ബുദ്ധിമാനും അല്ലായിരുന്നു എങ്കിലും സർവ്വാധികാര്യമായി കേശവപിള്ളയെ നിശ്ചയിച്ചതിനാലും അദ്ദേഹത്തിൻെറദൃഷ്ടി

എല്ലായിടത്തും എത്തിക്കൊണ്ടിരുന്നതിനാലും രാജ്യത്തിന്ന് യാതൊരുദോഷവും സംഭവിച്ചില്ല. അങ്ങിനെ ഒരു കൊല്ലം കഴിഞ്ഞശേഷം ആ ദളവായും മരിച്ചു. ൯൬൩ർ കന്നി ൨൨-ാനു- കേശവപിള്ളയെ പ്രധാനമന്ത്രിയാക്കി നിശ്ചയിച്ചു. അന്നുമുതൽ ചില ഇംഗ്ലീഷുകാരുടേയും നബാവിന്റെ ഉദ്യോഗസ്ഥന്മാരുടേയും അഭിപ്രായപ്രകാരം ദളവാ എന്നപേരുമാററി ദിവാൻ എന്നാക്കി.

കേശവപിള്ളയ്ക്കു് ദിവാൻപട്ടം കിട്ടിയതിൽപിന്നെ വളരെ താമസിയാതെ തിരുവിതാംക്കൂറിന്നു് വലിയൊരുആപത്തു നേരിട്ടു. അതിന്റെ നിവാരണത്തിന്നു് അന്നു് ഇത്രകേമനായ ഒരു മന്ത്രി ഉണ്ടായിരുന്നതു് ആ നാട്ടിലേ ഭാഗ്യംതന്നെ. ൯൫൭-ൽ ഹൈഡർ മരിച്ചു. ഈ ദിക്കുകളിൽ ഇപ്പോഴും വളരെ പ്രസിദ്ധിയുള്ള ടിപ്പു സിംഹാസനാരോഹണം ചെയ്തു. അയാൾക്കു് തിരുവിതാംക്കൂർ രാജ്യം തന്റെ കീഴിലാക്കണമെന്നു വളരെ ആഗ്രഹമുണ്ടായിരുന്നു. അതിന്നു് ഓരോ ഉപായങ്ങൾ നോക്കിക്കൊണ്ടിരിക്കുമ്പോൾ അയാളുടെ ശല്യം സഹിപ്പാൻ പാടില്ലാതെയായിട്ടു് ഉത്തരകേരളത്തിൽ നിന്നു് പല രാജാക്കന്മാരും തിരുവിതാംക്കൂറിലേക്കു പോയി. അപ്പോൾ ടിപ്പു അവരെ അയാളുടെ അധീനത്തിലേയ്ക്കു് തിരിച്ചയയ്ക്കുന്നതിന്നു് ആവശ്യപ്പെട്ടതിനെ മഹാരാജാവു കൈക്കൊണ്ടില്ല. എന്നാൽ ഇംഗ്ലീഷുകാരുമായുള്ള ഉടമ്പടി ഹേതുവായിട്ടു് തല്ക്കാലം യുദ്ധത്തിന്നു് പുറപ്പെടുന്നതിന്നും തരമില്ലായിരുന്നു. അതുകൊണ്ടു തന്റെ കീഴിലിരുന്ന കൊച്ചിരാജാവു് മുഖാന്തിരം തിരുവിതാംക്കൂർ രാജാവുമായി സഖ്യമാകുന്നതിന്നു് തനിക്കു

ആഗ്രഹമുണ്ടെന്നു് അദ്ദേഹത്തെ അറിയിച്ചു. ഈ ആഗ്രഹത്തെ അദ്ദേഹം സ്വീകരിച്ചില്ലെന്നുതന്നെയല്ല ആ വിവരമൊക്കെയും ഇംഗ്ലീഷുകാരെ അറിയിക്കുകയും കൂടി ചെയ്തു. അവർ അദ്ദേഹത്തിൻെറ അപേക്ഷപ്രകാരം സകല കാൎയ്യങ്ങളും ആലോചിക്കുന്നതിന്നു് ഒരു ഇംഗ്ലീഷുദ്യോഗസ്ഥനേയും രാജ്യരക്ഷയ്ക്കുവേണ്ടി രണ്ടുമൂന്നു് ബ്രിട്ടീഷ് പട്ടാളത്തേയും അയച്ചുകൊടുത്തു. ഈ വൎത്തമാനങ്ങൾ എല്ലാം കേട്ടു ടിപ്പു രഹസ്യമായി യുദ്ധത്തിന്നു് ഒരുങ്ങിത്തുടങ്ങി. തിരുവിതാംകൂറിലെ അതിൎത്തിയിൽ ലന്തക്കാരുടെ വകയായി കൊടുങ്ങല്ലൂൎക്കു് സമീപം ജയക്കോട്ട എന്നും കൃഷ്ണൻ കോട്ട എന്നും രണ്ടു കോട്ടയുണ്ടായിരുന്നതു് അവരുടെ പക്കൽ നിന്നും വാങ്ങുന്നതിന്നു് അയാൾ ഉത്സാഹിക്കുന്നുണ്ടെന്നു് കേട്ട ഉടനെ കേശവപിള്ള ആ ക്രയംകൊണ്ടു് രാജ്യരക്ഷയ്ക്കു വളരെ ദോഷം വരുമെന്നറിഞ്ഞു് ആ കോട്ടകളെ തിരുവിതാംകൂറിലേക്കു വാങ്ങി. ഈ കോട്ടകൾ തൻെറ കീഴിലായിരുന്ന കൊച്ചീമഹാരാജാവിൻെറ വകയായിരുന്നതിനാൽ ലന്തക്കാൎക്കു് അതുകൾ കൊടുപ്പാനൊ തിരുവിതാംകൂറിലേയ്ക്കു് അതു് വാങ്ങുവാനോ അവകാശമില്ലായിരുന്നതിനാൽ ആ ക്രയം സാധുവല്ലെന്നുള്ള കാരണം പറഞ്ഞു് ടിപ്പു യുദ്ധയാത്രയ്ക്കൊരുങ്ങി. അറുപതത്തയ്യാമാണ്ടത്തെ പാളയമെന്നു് ഇപ്പോഴും ഈ ദിക്കുകളിൽ ജനങ്ങൾ പറഞ്ഞുവരുന്നതു് ഈ യുദ്ധയാത്രയിലുണ്ടായതാണു്.

ടിപ്പു ഒരു വലിയ സൈന്യത്തോടുകൂടി യുദ്ധത്തിനായി പുറപ്പെട്ടു മുമ്പിൽക്കൂട്ടി ഒരു ദൂതനെ അയച്ചു് ഉത്തരകേരളത്തിൽനിന്നു് അവിടെ വന്നു താമസിക്കുന്നവരെ അയാളു

ടെ അധീനത്തിലേക്ക് അയയ്ക്കണമെന്നും, തിരുവിതാംകൂർ സൈന്യത്തെ കൊടുങ്ങല്ലൂരിൽ നിന്നും പിൻവലിക്കണമെന്നും, അതിർത്തിക്കോട്ടകളിൽ ചിലതിനെ തകൎത്തു കളയണമെന്നും മഹാരാജാവിനോടാവശ്യപ്പെട്ടു. അദ്ദേഹം അതിനെ സമ്മതിക്കാഞ്ഞതിനാൽ ടിപ്പു കുപിതനായി ആ കോട്ടകളെ ആക്രമിച്ചു. ഇതിന്നു കുറേദിവസം മുമ്പിൽ മഹാരാജാവ് കേശവപിള്ളയെ സേനാപതിയായി നിശ്ചയിച്ചിരുന്നതിനാൽ കോട്ടകളെ ആക്രമിച്ചപ്പോൾ അദ്ദേഹമായിരുന്നു ടിപ്പുവിനോട്ട് നേരിട്ടതു്. ആ യുദ്ധത്തിൽ അദ്ദേഹവും അദ്ദേഹത്തിൻെറ താഴെ ഉണ്ടായിരുന്ന നായർസൈന്യവും വളരെ യുദ്ധസാമൎത്ഥ്യത്തേയും പരാക്രമത്തേയും പ്രകടിപ്പിക്കുകയും, അതിനാൽ തല്ക്കാലം ടിപ്പുവിൻെറ സൈന്യം പിൻവാങ്ങേണ്ടിവരികയും ചെയ്തു. അങ്ങിനെ പിൻതിരിഞ്ഞു് ഓടിപ്പോകുന്ന ലഹളയിൽ ടിപ്പുവിൻെറ വില പിടിച്ച വാളും പരിചയും ചില കൈമോതിരങ്ങളും മെയ്യാഭരണങ്ങളും പോർക്കളത്തിൽ നിന്നു കൊണ്ടുപോകുവാൻ കഴിഞ്ഞില്ല. അതുകളെ ജയചിഹ്നങ്ങളായി കേശവപിള്ള മഹാരാജാവിന്നു അയച്ചുകൊടുത്തു.

അന്യോന്യസഹായത്തിനായി തമ്മിൽ സഖ്യംചെയ്തിരിക്കുന്ന രാജാവിൻെറ രാജ്യത്തെ ഇങ്ങിനെ ആക്രമിച്ചു വൎത്തമാനം കേട്ടിട്ടു് മദ്രാശി ഗവൎണ്ണർ ടിപ്പുവിനു് ഇങ്ങിനെ ചെയ്തതു നന്നായില്ലെന്നു ഒരു എഴുത്തയച്ചതല്ലാതെ യാതൊന്നും ചെയ്തില്ല. ഇതു കണ്ടു ടിപ്പു ധൈൎയ്യപ്പെട്ടു് മൈസൂരിൽനിന്നു് പിന്നെയും സേനകളെ വരുത്തി രണ്ടാമതും

കോട്ടകളെ ആക്രമിച്ചു. തിരുവിതാംകൂർ സൈന്യത്തിന്ന് ഈ പുതിയ സൈന്യത്തോട്ട് നേരിടുന്നതിന്ന് ശക്തി മതിയാകയില്ലെന്നു കണ്ടിട്ട് കേശവപിള്ള സൈന്യത്തോടുകൂടി പിന്തിരിഞ്ഞു. ഈ അവസരത്തിൽ ടിപ്പു തിരുവിതാംകൂർ രാജ്യത്തിൽ കടന്നു കാണുന്നവരെയെല്ലാം കൊല്ലുകയൊ മാർഗ്ഗത്തിൽ കൂട്ടുകയൊ ചെയ്യുകയും ഭവനങ്ങളിൽ കടന്ന് കൊള്ളയിടുകയും തീവയ്ക്കുകയും മററു പല പ്രകാരത്തിലുള്ള അക്രമങ്ങൾ നടത്തുകയും ചെയ്തു. ആലുവാവരെ എത്തിയപ്പോൾ വിചാരിക്കാത്തതായ ഒരു പ്രതിബന്ധമുണ്ടായി. മദ്രാശി ഗവർണ്ണരുടെ ഉദാസീനത മനസ്സിലായപ്പോൾ ബങ്കാളത്തെ ഗവർണ്ണർ ജനറൽ മദ്രാശിക്കു വരികയും ഗവർണ്ണരുടെ പ്രവൃത്തി അതൃപ്തികരമാണെന്നു കണ്ടിട്ട് അയാളെ പണിയിൽനിന്ന് പിരിച്ച് വേറെ ഒരാളെ നിശ്ചയിക്കുകയും ടിപ്പുവിനോട്ട് യുദ്ധത്തിനായി പുറപ്പെടുകയും ചെയ്തു. ഇംഗ്ലീഷുകാരും ടിപ്പുവും തമ്മിലുണ്ടായ യുദ്ധത്തെക്കുറിച്ച് ഈ പ്രകൃതത്തിൽ വിസ്തരിക്കേണ്ട ആവശ്യമില്ല. എന്നാൽ ടിപ്പു ആ യുദ്ധത്തിൽ തോല്ക്കുകയും രാജ്യത്തിൽ പകുതി ഇംഗ്ലീഷുകാൎക്കു കൊടുക്കേണ്ടിവരികയും ചെയ്തു എന്നും ഇംഗ്ലീഷുകാരുടെ സഹായത്തിന്നായി ഒരു നായർപട്ടാളത്തോടു കൂടി കേവശവപിള്ള മൈസൂരിലേക്ക് പോയി വളരെ കീൎത്തിയേയും മാന്യതയേയും സമ്പാദിച്ച് തിരിച്ചുവന്നു എന്നും മാത്രം ഇവിടെ പറയുന്നു.

ഇപ്പോൾ മലയാളജില്ലയെന്നു പറയുന്ന ഉത്തരകേരളത്തെ ടിപ്പു ആക്രമിച്ചപ്പോൾ അവിടത്തെ നാടുവാഴികളും

മററും തിരുവിതാംകൂറിൽ ശരണംപ്രാപിച്ചു എന്നു ഇതിന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. അനാഥസ്ഥിതിയിൽ കിടന്നിരുന്ന ആ രാജ്യത്തേ കാൎയ്യങ്ങളെല്ലാം വഴിപ്പെടുത്തുന്നതിന്നു് ഇംഗ്ലീഷുകാർ മഹാരാജാവിനെയും അദ്ദേഹം ആ ചുമതല കേശവപിള്ളയേയും ഏല്പിച്ചു. ടിപ്പു അവിടത്തെ ഭൂമിയെല്ലാം തന്റെ സേവകന്മാൎക്കു് ഭാഗിച്ചുകൊടുക്കയും മുമ്പിലുണ്ടായിരുന്ന അതിരുകളെയും ആധാരങ്ങളേയും നശിപ്പിച്ചു കളകയും ചെയ്തിരുന്നതിനാൽ ആവലാധി വരാത്ത വിധത്തിൽ യഥാക്രമമായി അതാതു ആളുകൾക്കു് അവരവരുടെ ഭൂമി തിരിച്ചുകൊടുക്കുന്നതിന്നു് കേശവപിള്ള ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു. യത്നു് എന്നു് ഇവിടെ പറയുന്നതിന്നു് സ്ഥലമില്ല. എന്നാൽ അദ്ദേഹം എല്ലാവൎക്കും സമ്മതമാകത്തക്കവണ്ണം അവരവരുടെ ഭൂമി അവരവൎക്കു തിരിച്ചുകൊടുക്കുകയും കമ്പനിക്കാൎക്കു വേണ്ട ഗുണങ്ങൾ സിദ്ധിക്കുന്നതിനു് പല ഏൎപ്പാടുകൾ ചെയ്കയും ചെയ്തു തിരിച്ചുപോന്നു എന്നു മാത്രം പറഞ്ഞാൽ മതിയല്ലോ.

യുദ്ധമെല്ലാം കഴിഞ്ഞതിന്റെ ശേഷം നാട്ടിലേ ക്ഷേമാഭിവൃദ്ധിക്കു വേണ്ട കാൎയ്യങ്ങൾ ആലോചിപ്പാൻ സാവകാശമുണ്ടായപ്പോൾ കേശവപിള്ള അതിന്നുവേണ്ടി പല ഏൎപ്പാടുകളും ചെയ്തു. നാട്ടിൽ ധനപുഷ്ടിയുണ്ടാക്കുന്നതിന്നു് കച്ചവടം വൎദ്ധിപ്പിപ്പാനാണു് അദ്ദേഹം പ്രധാനമായി യത്നിച്ചതു്. കച്ചവടത്തിന്നു് യോഗ്യതയുള്ളതും കപ്പലുകൾക്കും മററും നിൎബ്ബാധമായി വന്നു നില്ക്കാവുന്നതുമായ സ്ഥാനങ്ങളെ തിട്ടപ്പെടുത്തുന്നതിന്നു വേണ്ടി കന്യാകുമാരി മു

തൽ വൈക്കംവരെയുള്ള സമുദ്രതീരത്തെ അദ്ദേഹം പരിശോധിപ്പിച്ച്, കൊളച്ചൽ വിഴിഞ്ഞം എന്ന സ്ഥലങ്ങളിൽ കച്ചവടസ്ഥലങ്ങളുണ്ടാക്കിയതിന്റെ ശേഷം ആലപ്പുഴ എന്ന പ്രദേശത്തെ പ്രധാനതുറമുഖമാക്കി. ആലപ്പുഴ അന്നു ഒരു കുറുങ്കാടായിരുന്നു. ആ സ്ഥാനം കച്ചവടത്തിന്നു വളരെ സൌകൎയ്യമുള്ളതാണെന്നു കണ്ടു് അവിടെ സൎക്കാർ ചില വിന്മേൽ കച്ചവടസ്ഥലങ്ങളുണ്ടാക്കി ബോംബയിൽനിന്നും മററും കച്ചിക്കാരെയും വന്ന്യാന്മാരെയും തിരുനൽവേലിയിൽ നിന്നു ബ്രാഹ്മണരേയും വ്യാപാരത്തിന്നായി കൊണ്ടുവന്നു പാൎപ്പിക്കുകയും അവിടെ കൊണ്ടുവന്നു് കച്ചവടം ചെയ്യത്തക്കവണ്ണം കരാറുചെയ്തു് നാട്ടിലെ മരമെല്ലാം പാറായിത്തരകനെ കുത്തകയായി ഏല്പിച്ചുകൊടുക്കയും ചെയ്തിരുന്നു. പുറമെ ആ സ്ഥലത്തിന്നു പ്രാധാന്യമുണ്ടാക്കുവാൻ വേണ്ടി ഒരമ്പലവും കൊട്ടാരവും കച്ചേരിയും പണിയിച്ചു തമ്പുരാനും ദിവാൻജിയും കൂടക്കൂടെ അവിടെ വന്നു താമസിക്കയും ചെയ്തുവന്നു. ഇങ്ങിനെയാണു് ആലപ്പുഴെ തുറമുഖമുണ്ടായതു്. ഇപ്രകാരം തന്നെ കോട്ടാർ, തിരുവനന്തപുരം മുതലായ ദിക്കുകളിലും കച്ചവടം വൎദ്ധിക്കുന്നതിന്നു പല ഏൎപ്പാടുകൾ ചെയ്തു. ഇതിന്നു പുറമേ നാഞ്ചിനാട്ടിലും മററും കൃഷിപ്പണിക്കു് സൌകൎയ്യത്തിന്നുവേണ്ടി തോട്ടുകളുണ്ടാക്കുകയും മററും ചെയ്കയും പ്രധാനപ്രചാരത്തിന്നു് പുതിയ നാണ്യങ്ങൾ പലതുണ്ടാക്കുകയും ചെയ്തു.

ടിപ്പുവിനോടു യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ തിരുവിതാംകൂർവടക്കെഅതിൎത്തിയിങ്കൽസ്ഥാപിച്ചിരുന്ന ഇംഗ്ലീ

ഷ്സൈന്യത്തിന്റെ ചിലവു യുദ്ധം കഴിഞ്ഞതിന്റെ ശേഷവും നടത്തുന്നതു് അനാവശ്യവും പ്രയാസവുമാണെന്നു കണ്ടു് കേശവപിള്ള ആ സൈന്യത്തെ പിൻവലിക്കുന്നതിന്നു് മദ്രാശിഗവർണ്ണർക്കു് എഴുതി; എന്നാൽ അയാൾ അതു സമ്മതിച്ചില്ല. അപ്പോൾ ദിവാൻജി വിവരമെല്ലാം ഗവർണ്ണർ ജനറലിനേയും മററു യോഗ്യരേയും അറിയിക്കുകയും അദ്ദേഹത്തിന്റെ വാദത്തെ സമ്മതിച്ചു് മേലിൽ നടക്കേണ്ട ക്രമങ്ങൾക്കു് കമ്പിനിക്കാർ ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു. കേശവപിള്ളയുടെ പ്രയത്നംകൊണ്ടു സിദ്ധിച്ചതും തിരുവിതാംകൂർ, ബ്രിട്ടീഷ് എന്നീ ഗവമ്മേൻറുകൾ തമ്മിലുള്ള സംബന്ധത്തെ നിർണ്ണയിക്കുന്നതുമായ ഈ ഉടമ്പടിപ്രകാരം തന്നെയാണു് ഈ രണ്ടു രാജ്യങ്ങളും തമ്മിൽ സഖ്യമായി ഇപ്പോഴും എല്ലാ പ്രധാനസംഗതികളിലും നടന്നുവരുന്നതു്.

ഈ ഉടമ്പടി ഉണ്ടായതു് ൯൬൫-ാമാണ്ടിലായിരുന്നു അതിന്റെശേഷം മഹാരാജാവും കേശവപിള്ളയും കൂടെ മൂന്നുകൊല്ലമേ രാജ്യഭാരമുണ്ടായുള്ളു. ഇതിന്നു മുമ്പിലും പ്രത്യേകിച്ചു് ഈ മൂന്നുകൊല്ലവും അദ്ദേഹം ജനങ്ങളുടെ ക്ഷേമത്തിന്നുവേണ്ടി രാപ്പകൽ ഒരുപോലെ യത്നിക്കുകയും ജനങ്ങളുടെ ബഹുമാനത്തിന്നും കൃതജ്ഞതയ്ക്കും പാത്രമാകയും ചെയ്തു. ബങ്കാളത്തേ ഗവർണ്ണർ ജനറൽ അദ്ദേഹത്തിന്റെ രാജ്യഭരണകൌശലത്തേയും യുദ്ധസാമർത്ഥ്യത്തേയും കണ്ടു സന്തോഷിച്ചു് “രാജാകേശവദാസൻ” എന്ന സ്ഥാനംകൊടുത്തു. അവരവരുടെ മാഹാത്മ്യത്തെ ഉൽഘോഷിക്കുന്നതി

ന്നം ഇംഗ്ലീഷ് അധികാരികളുടെ സേവ പിടിക്കുന്നതിന്നും വളരെ സൌകൎയ്യമുള്ള ഈ കാലങ്ങളിലും വളരെ ദുർല്ലഭമായ ഈ സ്ഥാനം അന്നത്തേക്കാലത്തു് അദ്ദേഹത്തിന്ന് സിദ്ധിച്ചതുതന്നെ അദ്ദേഹത്തിന്റെ യോഗ്യതയ്ക്കു് പ്രബലമായ ഒരു തെളിവാകുന്നു. മഹാരാജാവു അദ്ദേഹത്തിന്നുവേണ്ടി എന്തുചെയ്യുന്നതിന്നും തയ്യാറായിരുന്നു എന്നുതന്നെയല്ല വളരെ ഭൂമി കരമൊഴിവായി കൊടുപ്പാനും തീൎച്ചയാക്കി. എന്നാൽ അദ്ദേഹം തന്റെ അഭ്യുദയത്തെക്കാൾ അധികം കാംക്ഷിച്ചിരുന്നതു് തന്റെ സ്വാമിയുടെ യശസ്സിനേയും നാട്ടിന്റെ ക്ഷേമത്തേയും ആയിരുന്നതിനാൽ ആ സമ്മാനത്തെ സ്വീകരിച്ചില്ല. മേല്പറഞ്ഞ സംഗതികൾ ആലോചിക്കുമ്പോൾ, അദ്ദേഹത്തെ തിരുവിതാംകൂറിലുള്ളവർ നന്ദിപൂൎവ്വം ഇപ്പൊഴും വിചാരിക്കുന്നതിനേയും ഇപ്പൊഴും അദ്ദേഹത്തെ "വലിയദിവാൻജി" എന്നു വിളിച്ചുവരുന്നതിനേയും കുറിച്ചു് ഒട്ടുംതന്നെ അത്ഭുതപ്പെടുവാനില്ലല്ലോ.

൯൭൩-ാമാണ്ടിൽ മഹാരാജാവു് നാടുനീങ്ങി. ഈ സംഭവം കേശവപിള്ളയ്ക്കു വളരെ ദോഷകരമായിരുന്നു. മഹാരാജവിന്നു് അദ്ദേഹത്തിന്റേയും അദ്ദേഹത്തിന്റെപ്രവൃത്തികളുടേയും ഗുണങ്ങളെ അറിഞ്ഞു് അദ്ദേഹത്തിന്റെ ആലോചനകളെ അനുസരിക്കുന്നതിന്നും സഹായിക്കുന്നതിന്നും ഉള്ള ഗുണവും ബുദ്ധിയും ഉണ്ടായിരുന്നതിനാലാകുന്നു കേശവപിള്ളയ്ക്കു് ഇത്രത്തോളം രാജ്യത്തിന്നു് അഭിവൃദ്ധിയുണ്ടാക്കുവാൻ സാധിച്ചതു്. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം സിംഹാസനാരോഹണം ചെയ്ത ബാല

രാമവൎമ്മ മഹാരാജാവു് ൧൬-വയസ്സായ ഒരു യുവാവും കുറെ മന്ദബുദ്ധിയും ആയിരുന്നതിനാൽ അദ്ദേഹം സ്വാൎത്ഥപരന്മാരും ദുൎവൃത്തന്മാരുമായ സേവന്മാരുടെ പാട്ടിലായി. ഈ സേവന്മാരിൽ പ്രധാനി ശങ്കരൻ നമ്പൂരി എന്നൊരാളായിരുന്നു. അദ്ദേഹത്തിന്നു് കേശവപിള്ളയുടെ അഭ്യുദയം നശിപ്പിച്ചു് ആ സ്ഥാനത്തു് കയറണമെന്നായിരുന്നു മോഹം. ഇതു നിമിത്തം അദ്ദേഹം ഓരോ ദുൎബ്ബോധനകൾ ചെയ്തു് മഹാരാജാവിനെ ദിവാൻജിയുടെ പരമശത്രുവാക്കിത്തീൎക്കുകയും അദ്ദേഹം കൊട്ടാരത്തിൽ കടക്കുവാൻതന്നെ പാടില്ലെന്നു് വരുത്തുകയും ചെയ്തു. അങ്ങിനെ കുറെ നാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം അദ്ദേഹത്തെ പണിയിൽനിന്നു് തീരെ പിരിച്ചു് എന്നു തന്നെയല്ല കൊട്ടാരത്തിൽ പാറാവിൽ വെയ്ക്കുകയും കൂടി ചെയ്തു. അവിടുന്നു് ൧൦-ദിവസം കഴിഞ്ഞപ്പോൾ കേശവപിള്ള കാരാഗൃഹത്തിൽ കിടന്നു് പെട്ടെന്നു് മരിച്ചു എന്നു് നമ്പൂരി ജനങ്ങളെ അറിയിച്ചു. എന്നാൽ അതു് കാലമൃത്യു അല്ലെന്നും ഈ ദുഷ്ടനമ്പൂരിയുടെ കല്പനപ്രകാരം പരിചാരകന്മാർ അദ്ദേഹത്തെ വിഷംകൊടുത്തു് കൊന്നതാണെന്നുമാകുന്നു ഇപ്പൊഴും ജനങ്ങളുടെ വിശ്വാസം. അദ്ദേഹം മരിച്ച ഉടനെ മഹാരാജാവു് നമ്പൂരിയെ ദിവാൻജിയാക്കി. ദിവാൻപട്ടം കിട്ടിയതിന്റെ ശേഷം അദ്ദേഹം മുമ്പിൽ ചെയ്ത പ്രവൃത്തി കേശവപിള്ളയുടെ സകല മുതലിനെയും സൎക്കാരിലേക്കു് അടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭാൎയ്യ നിത്യം ധരിച്ചിരുന്ന ആഭരണങ്ങളെയും കൂടി പിടിച്ചു പറിച്ചു എന്നല്ലേ പറയേണ്ടു.

തന്റെ സ്വാമിയുടേയും നാട്ടുകാരുടേയും ഐശ്വൎയ്യത്തിന്നും ഖ്യാതിക്കും വേണ്ടി സ്വാൎത്ഥചിന്തകൂടാതെ രാപ്പകൽ പ്രയത്നംചെയ്തതിന്നുണ്ടായ ഈ പ്രത്യുപകാരത്തെപ്പററി എന്താണു് പറയേണ്ടതു്.

ഇതുകൊണ്ടു്

"മൂൎച്ചയുള്ളൊരുകത്തി ലേഹനംചെയ്തീടാമോ
മൂൎഖപ്പാമ്പിന്റെമുഖം ചുംബനംചെയ്തീടാമോ
സിംഹത്തെച്ചെന്നു പരിരംഭണംചെയ്തീടാമോ
സിദ്ധമാമിതെങ്കിലും സിദ്ധിയാന്നൃപാൎച്ചനം"

എന്നു പറഞ്ഞിട്ടുള്ളതു് ഒരു അതിശയോക്തിയല്ലെന്നു സ്പഷ്ടമാകുന്നു. ഈ സംഗതിയെപ്പററി പ്രസിദ്ധമായ ഒരു ശ്ലോകമുള്ളതിനെ ഇവിടെ എഴുതി ഇതിനെ അവസാനിപ്പിക്കുന്നു.

ക്ഷോണീകോണശതാംശപാലനകലാദുൎവ്വാരഗൎവ്വാനല
ക്ഷുഭ്യൽക്ഷുദ്രനരേന്ദ്രചാടുരചനാധന്യാന്നമന്യാമഹേ
ദേവംസേവിതുമേവനിശ്ചിനുമഹേയോസൌദയാലുഃപുരാ
ധാരാമുഷ്ടിമുചേകുചേലമുനയേദത്തേസ്മവിത്തേശതാം.

## ൰. മാമാങ്കം.

(അല്ലെങ്കിൽ മലയാളത്തിലെ മാമാകം.)

---

മലയാളത്തിൽ ടിപ്പുസുൽത്താൻെറ ആക്രമണത്തിന്നു മുമ്പുവരെ 'തിരുനാവാ' മണപ്പുറത്തുവെച്ചു ചിങ്ങവ്യാഴകാലങ്ങളിൽ 'മാമാങ്കം' അല്ലെങ്കിൽ 'മാമാകം' എന്നൊരുമഹോത്സവം ആഘോഷിച്ചിരുന്നുവെന്നുള്ള സംഗതി സുപ്രസിദ്ധമാണല്ലോ. 'മാമാങ്കം' എന്ന പദത്തെ ശരിയായി പറയുമ്പോൾ 'മാമാകം' എന്നാണ് പറയേണ്ടത്. (മാഘമാസത്തിലെ മകം. അതായത്, മകരത്തിലെ കറുത്തവാവു കഴിഞ്ഞു കുംഭത്തിലെ കറുത്തവാവിന്നകത്തു വരുന്ന മകം) ഇതു സാധാരണ വെളുത്തവാവു സംബന്ധിച്ചു മാത്രമേ വരികയുള്ളൂ. അതുകൊണ്ടു മാമാങ്കം പ്രായേണ കുംഭമാസത്തിലായിരിക്കും. അഥവാ ചിങ്ങവ്യാഴത്തിലുള്ള മഹത്തായ മാഘമാസത്തിനെ 'മാഘമകം' എന്നുപറയുന്നു.

ഈ സ്ഥിതിക്കു മാമാങ്കകാലം, വർഷം കഴിഞ്ഞു്, ഭാരതപ്പുഴയിലേ കലക്കവും ഒഴിഞ്ഞു് മണത്തിട്ടുകളും തെളിഞ്ഞ്, മകരത്തിലേ മരംകോച്ചുന്ന മഞ്ഞിൻെറ ശക്തിശമിച്ചു കൊയ്ത്തുകഴിഞ്ഞിട്ടു് അറകളും നിറഞ്ഞ്, സ്വതേ തന്നെ പ്രകൃതദേവി തെളിഞ്ഞിട്ടുള്ള മലയാളത്തിലെങ്ങും ചക്ക മാങ്ങ മുതലായ ഫലസസ്യാദികൾനിറഞ്ഞ്, പകൽ അനതിതീവ്രങ്ങളായ സൂര്യകിരണങ്ങളാൽ പ്രകാശമാനങ്ങളായ ദിഗ്ഭാഗങ്ങളോടുക്കൂടിയും, ഭാരതപ്പുഴയിലേ സ്ഫടികനി

മ്മലങ്ങളായ തിരമാലകളിൽതട്ടി സ്വച്ഛന്ദമായി വീശുന്ന മന്ദമാരുതനാൽ പരമാനന്ദപ്രദമായും, പ്രദോഷംമുതൽ പ്രഭാതംവരെ ക്രമേണ ശോഭിതനായ ചന്ദ്രന്റെ 'കൌമുദീ'വിലാസങ്ങളാൽ പകലെപ്പോലെതന്നെ ചുററുമുള്ള പദാത്ഥങ്ങളുടെ 'തത്വബോധിനി'കളായി സകലജന 'മനോരമ'കളായ രാത്രികളോടുകൂടിയും ഇരിയ്ക്കുന്ന ഒരു കാലമാകയാൽ മലയാളത്തിൽ ഈ വിധമുള്ള ഒരു മഹോത്സവം ആഘോഷിയ്ക്കുന്നതിന്നു സവ്വപ്രകാരത്തിലും ഇതിലധികം നന്നായിട്ട് ഒരുകാലം തെരഞ്ഞെടുപ്പാനസാദ്ധ്യമാണെന്ന് ഇന്നുള്ളവക്കും സമ്മതമായിരിയ്ക്കകൊണ്ട് എത്രതൽ പ്രവൎത്തകന്മാരായ പൂവ്വന്മാർ ഈ വക വിഷയങ്ങളിൽ ചെയ്തിരുന്ന ദീർഘാലോചനകളുടേയും, അവരുടെ ഔചിത്യത്തോടും രസികത്വത്തോടുംകൂടിയുള്ള മനോധമ്മത്തിന്റേയും, വൈചിത്ര്യവും മഹത്വവും എത്രമാത്രമുണ്ടായിരുന്നു എന്നു നല്ലവണ്ണം അനുമാനിയ്ക്കാവുന്നതാകുന്നു.

ഇങ്ങനെയുള്ള ഒരു മഹോത്സവാഘോഷത്തിന്റെ ഉത്ഭവവും അതിന്റെ ചടങ്ങുകളും എന്തെല്ലാമായിരുന്നു എന്നുള്ളതുകൂടി പ്രസ്താവയോഗ്യമാണല്ലോ.

ഇപ്പോൾ അമേരിക്കയിലും മററും ഉള്ള മാതിരി പൂവ്വകാലങ്ങളിൽ മലയാളത്തിലും ഒരുവിധം ജനസമുദായരാജ്യഭരണം നടപ്പുണ്ടായിരുന്നു. കേരളീയ ബ്രാഹ്മണരായ നമ്പൂരിമാർ ഗ്രാമാധിപത്യമുഖേന വളരെക്കാലം ശിക്ഷാരക്ഷാധികാരം വഹിച്ചുവന്നിരുന്നു. പിന്നീട് ഈ നടപ്പുകൊണ്ടു തങ്ങൾക്കു വല്ല അസൌകൎയ്യങ്ങളും നേരിട്ടിട്ടോ മറേറാ, തങ്ങളുടെ സ്വാതന്ത്ര്യത്തിന്നും അധികാരത്തിന്നും ഭംഗംകൂടാതെ വല്ല പ്രകാരവും ഈ 'സൊല്ല' ഒഴിച്ചുവെയ്ക്കേണമെന്നു കരുതീട്ടോ, എങ്ങിനെയെങ്കിലും അവരെല്ലാവരും

കൂടി ആലോചിച്ച പരദേശത്തുനിന്നും രാജവംശ്യന്മാരിൽ ആരെയെങ്കിലും ഒരാളെ ഇഷ്ടപ്രകാരം തെരഞ്ഞെടുത്തുകൊണ്ടുവന്നുതങ്ങളുടെ നിശ്ചയങ്ങൾക്കു കീഴടക്കി രാജ്യഭാരം ചെയ്യുന്നതക്കവണ്ണം അവരോധിയ്ക്കു (രാജാവായി വാഴിയ്ക്കു) പതിവായിരുന്നു. അങ്ങിനെ അവരോധിയ്ക്കപ്പെട്ട ഒരാളെ പന്തീരാണ്ടു ചെല്ലുമ്പോൾ ആ സ്ഥാനത്തുനിന്നും മാററി പിന്നെയും മുമ്പിലത്തെപ്പോലെ തന്നെ വേറെ ഒരാളെ തിരഞ്ഞെടുത്തുവാഴിയ്ക്കും. ഇങ്ങിനെ അവരോധിയ്ക്കുന്നതിന്നു മലയാളത്തിലെ ബ്രാഹ്മണരും നാനാജാതിമതസ്ഥന്മാരായ മററു ജനങ്ങളും ഒന്നിച്ച് ഒരു സ്ഥലത്തുചേരേണമെന്നും അതിലേയ്ക്കു തൃശ്ശിവപേരൂരു മുതലായ സ്ഥലങ്ങളിലേക്കാൾ സൎവ്വധാസൌകൎയ്യമുള്ളതു തിരുനാവായാണെന്നും തീൎച്ചപ്പെട്ടുത്തിയതുകൂടാതെ, നവയോഗികളുടെ പ്രതിഷ്ഠയായ മേല്പുറത്തെ ക്ഷേത്രം പണ്ടേതന്നെ അനന്യസാമാന്യമായ ഈശ്വരചൈതന്യവിലാസത്തിന്നു കീൎത്തിപ്പെട്ടതും, സമീപത്തുള്ള 'മലയാളത്തിലെ ഗംഗാനദി'യായ ഭാരതപ്പുഴയിൽസ്നാനംചെയ്തു പിണ്ഡംവെയ്ക്കുന്നതു പിതൃപ്രീതികരമാണെന്നു പുരാണപ്രസിദ്ധമായിട്ടുള്ളതും ആകകൊണ്ടു കൊല്ലംതോറും ശിവരാത്രിയ്ക്കു" അടുത്തു 'തൃപ്പറങ്ങോട്ടു" ഉറക്കൊഴിവു കഴിച്ച് അനേകം മലയാളി ഹിന്തുക്കൾ അവിടെ സ്നാനപിണ്ഡാദി ക്രിയകൾക്കായി വന്നുകൂടുകയും ചെയ്തിരുന്നു.

മാമാങ്കം ഉണ്ടാകുന്നതു പന്തീരാണ്ടു കൂടുമ്പോളാണെന്നുമുമ്പ് പറഞ്ഞുവല്ലോ. മാമാങ്കം ഇരുപത്തെട്ടു ദിവസം കൊണ്ട് അവസാനിയ്ക്കുന്നതായ ഒരു മഹോത്സവമാണ്. അതിനടയ്ക്കു വളരെ ക്ഷേത്രങ്ങളിലേ ദേവന്മാരെ (ഇരുപത്തെട്ടീശ്വരന്മാരെ എന്നാണ് കേട്ടിട്ടുള്ളതു്.) അവരവരുടെ അവസ്ഥപോലെയുള്ള ആഘോഷങ്ങളോടുകൂടി അ

വിടെ എഴുന്നള്ളിച്ചു കൊണ്ടുവരും. ആവക എഴുന്നള്ളിപ്പിൽ അതാതു ക്ഷേത്രനാഥന്മാർ അവരവരുടെ ശക്തിയ്ക്കും യുക്തിയ്ക്കും ഭക്തിയ്ക്കും തക്കവണ്ണം എന്തെല്ലാംമോടിപിടിപ്പിയ്ക്കുമെന്നു കേളികേട്ട തൃശ്ശിവപേരൂർ പൂരംതന്നെ നമുക്കു വേണ്ടുന്ന അറിവു തരുന്നതിനാൽ അധികം വിസ്തരിയ്ക്കുന്നില്ലാ. എങ്കിലും മാമാങ്കത്തിൽ എഴുന്നള്ളിച്ചിരുന്നതാണു്, അടുത്തകാലത്തു കോഴിക്കോട്ടു നടന്ന 'തിരുവണ്ണൂർ ദേവസ്വക്കേസ്സി'ന്നു വിഷയമായ സ്വർണ്ണവിഗ്രഹമെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പറയാതിരിപ്പാൻ പാടില്ലാ. ഇതുകൂടാതെ മാമാങ്കത്തിൽ എഴുന്നള്ളിയ്ക്കുന്നതിൽ പ്രധാനിയായ ആനയുടെ മണികളും, ചങ്ങല മുതലായതും കൂടി സ്വർണ്ണംകൊണ്ടുള്ളതായിരുന്നു എന്നു പറയുന്നതു് എത്രത്തോളം വിശ്വസനീയമാണെന്നറിഞ്ഞുകൂടാ. എന്നാൽ പ്രസിദ്ധകവിയായ 'ശുകസന്ദേശ' കർത്താവിന്റെ വംശത്തിൽ പണ്ടു് ഒരു ചോരശാസ്ത്രപണ്ഡിതനുണ്ടായിരുന്നുഎന്നും, അദ്ദേഹം തന്റെ ശാസ്ത്രസിദ്ധാന്തങ്ങളിൽ ചിലതിനെ അനുഭവപ്പെടുത്തുവാനായി ഒരു വാദപരീക്ഷയിൽ മാമാങ്കത്തിൽ എഴുന്നള്ളിച്ചിരുന്ന ആനയുടെ പൊന്നിൻചങ്ങല ആരും അറിയാതെ മോഷ്ടിച്ചു എന്നും ഒരു ഐതിഹ്യമുണ്ടു്.

മാമാങ്കം തുടങ്ങിയാൽ അവസാനിക്കുന്നതിന്നു മുമ്പിൽ മലയാളത്തിൽ ഓരോ വിഷയത്തിൽ യോഗ്യന്മാരായിട്ടുള്ളവരെല്ലാം യഥാസൌകര്യം അവിടെ ചെന്നുചേരേണ്ടതാണെന്നു് അന്നുള്ള മഹാന്മാൎക്കു പ്രത്യേകം നിൎബ്ബന്ധമുണ്ടായിരുന്നു. അവരിൽ ചിലരുടെ ആഗമനം അവശ്യം ഒഴിച്ചുകൂടാത്തതായിരിക്കത്തക്കവണ്ണം ചിലൎക്കു ചില പ്രത്യേകാധികാരങ്ങളും ചുമത്തിയിരുന്നു. ഈ കൂട്ടത്തിൽ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടേയും പൂഞ്ഞാററിൽ തമ്പുരാക്കന്മാ

രുടെയും മററും വംശമൂലമായ 'ഐത്രർ, ചാക്കര' സ്വരൂപത്തിൽനിന്നു 'മാടം കേറി'യതിന്നുശേഷമേ മാമാങ്കത്തിന്നായി മണപ്പുറത്തു കെട്ടിയുണ്ടാക്കുന്ന ഭോജനശാലയിൽ ബ്രാഹ്മണർ ഭക്ഷിപ്പാൻ പാടുള്ളൂ. (മാടം എന്നാൽ രാജാക്കന്മാർക്കു എഴുന്നള്ളിയിരിപ്പാനുള്ള മഞ്ചം) എന്നൊരേർപ്പാടുണ്ടത്രേ. ഇതുകൊണ്ടു അവർക്കു പണ്ടേതന്നെ വംശശുദ്ധിയും സദാചാരനിഷ്ഠയും ഉണ്ടായിരുന്നു എന്നൂഹിയ്ക്കാം. എങ്കിലും കൊടുങ്ങല്ലൂർ രാജാക്കന്മാരെ തങ്ങളുടെ പിതൃസ്ഥാനം നിമിത്തം സവിശേഷം ആദരിച്ചു വരുന്ന കോഴിക്കോട്ടു രാജാക്കന്മാർക്കു മാമാങ്കത്തിൽ പ്രാധാന്യം ലഭിച്ചതിനു ശേഷമല്ലയോ ഈ ഏർപ്പാടുണ്ടായതെന്നു ശങ്കിയ്ക്കാനവകാശമില്ലെന്നില്ലാ.

മേൽപറഞ്ഞപ്രകാരം മാമാങ്കത്തിൽവച്ചു വളരെക്കാലം അനേകം പെരുമാക്കന്മാരുടെ അവരോധം നടന്നുവരികയും; അതിനിടയ്ക്കു ബ്രാഹ്മണരുടെ സ്വാതന്ത്ര്യാധികാരങ്ങൾ ക്രമേണ ക്ഷയിച്ചും പെരുമാക്കന്മാരുടെ രാജാധികാരവും പ്രഭുശക്തിയും മലയാളത്തിൽ ഒരുമാതിരി ശാശ്വതമായി വേരൂന്നിച്ചും നിലനിന്നു പോരികയും ചെയ്തു. എന്നുമല്ലാ, പെരുമാക്കന്മാരുടെ കീഴിൽ കേരളംപല ഖണ്ഡങ്ങളായി പിരികയും അവിടവിടെ ഓരോ ഉപരാജാക്കന്മാർ ഭരണകർത്താക്കന്മാരായി തീരുകയും ചെയ്തതിനാൽ, അവസാനത്തിൽ പെരുമാക്കന്മാർ കേവലം കേരളചക്രവർത്തിത്വത്തെ പ്രാപിയ്ക്കുകയും ചെയ്തു.

ഇങ്ങിനെയിരിയ്ക്കുന്ന കാലത്തിൽ പെരുമാക്കന്മാരിൽ ഒടുവിലെ ആളായ 'ഭാസ്കരരവിവർമ്മ'നെന്ന പെരുമാളാൽ തന്റെ അവസാനകാലത്തിൽ കൊടുങ്ങല്ലൂർ 'മഹോദയപട്ടണത്തിൽ' ഇന്നും അതിമാനുഷന്മാരായ ആ മഹാ

ത്മാക്കളുടെ പൂർവ്വചരിത്രത്തെ സാക്ഷീകരിച്ചു നില്ക്കുന്ന 'തൃക്കലശേഖരപുരം' എന്ന തന്റെ പരദേവതാക്ഷേത്രത്തിന്റെ കിഴക്കുവശത്തുള്ള 'ഉദകമംഗലം' എന്ന ക്ഷേത്രത്തിൽവെച്ചു തന്റെ സാമന്തരാജാക്കന്മാരിൽ ഓരോരുത്തക്കും പൂർണ്ണാധികാരത്തോടുകൂടി കേരളരാജ്യത്തെ ഓരോ ഖണ്ഡമായി തിരിച്ച് അതിരു നിശ്ചയിച്ച് ഉദകപൂർവ്വം ദാനംചെയ്യപ്പെട്ടതിൽ മേൽപ്പടി 'തിരുനാവാ' എന്ന സ്ഥലം 'വെള്ളാട്ടര' രാജാവിന്ന് അധീനമാവുകയും, അതിന്നുശേഷം പെരുമാക്കന്മാരുടെ അവരോധം അവസാനിക്കയാൽ മാമാങ്കത്തിൽ പെരുമാക്കന്മാർ വാണിരുന്ന സ്ഥലത്തു രാജപദവിയോടുകൂടി വെള്ളാട്ടര രാജാവു പ്രവേശിച്ചുവരികയും ചെയ്തുവന്നു.

മാമാങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണം ചെയ്തു നില്ക്കുന്നതിന്നു 'നിലപാടു നില്ക്കുക' എന്നും, ആ സ്ഥലത്തിന്നു 'നിലപാട്ടുതറ' എന്നും ഇന്നും പറഞ്ഞു വരുന്നതും, അവിടം വളരെ വിശേഷമായ ഒരു സ്ഥലമാണെന്നു കാഴ്ചയിൽ പ്രത്യക്ഷമാകുന്നതുമാണ്. നിലപാടു നില്ക്കുന്നതിന്നു മുമ്പായി ആക്കെങ്കിലും വല്ലസങ്കടവും ഉണ്ടെങ്കിൽ ആയതു് അപ്പോൾതന്നെ തീക്കുകയോ അല്ലാത്തപക്ഷം ഇന്ന സമയത്തിനകം തീർത്തുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്കയോ ചെയ്തതിന്നു ശേഷമേ നിലപാടേല്ക്കാൻ പാടുള്ളൂ എന്നൊരു ദുഷ്കരമായ വീരവ്രതവും കൂടിയുണ്ട്. ഇതിന്ന് 'അഭീഷ്ടദാനം' എന്നു പേരാകുന്നു.

ഇങ്ങിനെ മാമാങ്കം വെള്ളാട്ടര രാജാവിന്റെ ആദ്ധ്യക്ഷ്യത്തിൽ കഴിഞ്ഞു വന്നിരുന്നതിന്നിടയ്ക്ക് ഒരിയ്ക്കൽ കോഴിക്കോട്ടുനിന്നു മാമാങ്കത്തിൽ കച്ചവടത്തിന്നുപോയി മടങ്ങിവന്ന തന്റെ പ്രത്യേക സേവകന്മാരായ ചില മാപ്പിള

മാരോടു സാമൂതിരിപ്പാടു 'മാമാങ്കം നന്നായോ? വിശേഷം എന്തെല്ലാമായിരുന്നു?' എന്നു കല്പിച്ചു ചോദിച്ചതിന്നു 'മാമാങ്കം നന്നായി' എങ്കിലും അടിയങ്ങൾക്കു സുഖമായില്ല എന്നു് അവർ ഉത്തരം പറഞ്ഞു. 'അതെന്താ? കച്ചവടത്തിൽ ലാഭമുണ്ടായില്ലെന്നുണ്ടോ?' 'അതല്ലാ ഇതുവരെ മലയാളത്തിൽ ഏകാധിപത്യം വഹിച്ചിരുന്ന മഹാന്മാർ നിലപാടു നിന്നിരുന്ന സ്ഥലത്തു് അതിനുതക്ക യോഗ്യതയില്ലാത്ത ഒരാൾ പ്രവേശിച്ചു കണ്ടതിനാലാണു്' 'അതിനെന്താണു് നിവൃത്തി? ഇപ്പോൾ അങ്ങിനെയുള്ള ഒരാൾ ഇല്ലല്ലൊ' നിവൃത്തിയുണ്ടു്. അങ്ങിനെ ഒരാളും ഉണ്ടു്'. 'അങ്ങിനെ പറയുന്നതല്ലാതെ സാധിപ്പാൻ തരമില്ലല്ലോ.' 'അങ്ങിനെ പറയുന്നതല്ലാ, അനുവാദമുണ്ടെങ്കിൽ ഇനിയത്തെ മാമാങ്കത്തിന്നു് അടിയങ്ങൾ അതു സാധിച്ചുകൊള്ളാം.' 'എന്നാൽ ശ്രമിച്ചോളൂ. വിരോധമില്ല' എന്നു സാമൂതിരിപ്പാടും കല്പിച്ചു.

അതിനുശേഷം പിന്നത്തെ മാമാങ്കത്തിന്നുമുമ്പിൽ മാപ്പിളമാർ വെള്ളാട്ടര രാജാവിനെ ചെന്നുകണ്ടു വളരെ ശ്ലാഘിച്ചു കൂട്ടത്തിൽ 'മാമാങ്കത്തിൽ നിലപാടുനില്പാൻ അവിടെയ്ക്കല്ലാതെ മറ്റൊരു രാജാവിനും ഭാഗ്യമുണ്ടായില്ലല്ലോ, അതുതന്നെ അവിടുത്തെ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്" എന്നുപറഞ്ഞു. അതു കേട്ടു രാജാവു് 'അതു എനിക്കു് സംഗതിവശാൽ സിദ്ധിച്ചതല്ലേ? അതൊരു മഹത്വസാക്ഷ്യമാകുന്നതല്ലല്ലോ' 'അതല്ല. അങ്ങിനെ അവിടെയ്ക്കു സംശയമുണ്ടെങ്കിൽ അടുത്ത മാമാങ്കത്തിന്നു് ഒരു വീരപരീക്ഷ നിശ്ചയിയ്ക്കുക.' 'അങ്ങിനെ തന്നെ. ഏതു പ്രകാരം വേണമെന്നു നിശ്ചയിക്കുവിൻ' 'എന്നാലവിടുന്നു നിലപാടുനില്ക്കുമ്പോൾ അവിടുത്തെ സൈന്യങ്ങൾ മുമ്പിൽ രണ്ടുവരിയായി ആയുധപാണികളായി നേരേ നി

ല്ലുക. അപ്പോൾ സാമൂതിരിപ്പാട്ടിലേയൊ മററു വല്ല രാജാക്കന്മാരുടേയോ ഭാഗത്തിൽ നിന്ന് ആരെങ്കിലും ഒരാൾ ഒററയ്ക്കു കടന്നുവന്ന് ഇവിടുത്തെ സൈന്യങ്ങളെ ജയിച്ചു നിലപാടു നില്പാനുള്ള സ്ഥലത്തു പ്രവേശിക്കുന്നതായാൽനിലപാടു നില്പാനുള്ള അധികാരം അങ്ങോട്ടും, അതുപോലെ തന്നെ അവിടുന്നു നില്ക്കുമ്പോൾ ഇവിടുത്തെ ആൾ ജയിച്ചുവെങ്കിൽ ആസ്ഥാനം ഇങ്ങോട്ടും വിട്ടുകൊടുക്കത്തക്കവണ്ണം ഒരു നിശ്ചയംചെയ്ക. എന്നാൽ ഇതിൽവെച്ച് ആൎക്കാണ് യോഗ്യത എന്നറിയാമല്ലോ' എന്നുപറഞ്ഞു.

രാജാവ് അങ്ങിനെ സമ്മതിയ്ക്കുയും ചെയ്തു. പിന്നത്തെ മാമാങ്കത്തിന് അപ്രകാരം പരീക്ഷിച്ചതിൽ ആയുധാഭ്യാസത്തിൽ അതിസമൎത്ഥന്മാരായ വെള്ളാട്ടര രാജാവിന്റെ സൈന്യത്തെയെല്ലാം സാമൂതിരിപ്പാട്ടിലെ ഭടന്മാരിൽ ഒരുവൻ തോല്പിച്ചതിനാൽ ആ വഴിയ്ക്കു നിലപാടുനില്പാനുള്ള അവകാശം സാമൂതിരിപ്പാട്ടിലേയ്ക്കു സിദ്ധിക്കയും ചെയ്തു. അതിൽ പിന്നെ പല തവണയും സാമൂതിരിപ്പാട്ടിലേയും വെള്ളാട്ടര രാജാവിന്റെയും സൈന്യങ്ങൾ തമ്മിൽ ഈ നിലപാടുനില്പിനെപ്പററി മഹാഭയങ്കരമായ പല യുദ്ധവുംഉണ്ടായിട്ടുള്ളതായി കേൾവിയുണ്ട്. എങ്കിലും അതിലെല്ലാം സാമൂതിരിപ്പാടുതന്നെ ജയിച്ചു. കേറിയ സ്ഥാനത്തുനിന്നും ഇറങ്ങാതെ തന്നെ മാമാങ്കം അവസാനിച്ചു എന്നാണ് ഐതിഹ്യം.

എന്നാൽ അന്നു മലയാളത്തിലുള്ള മററു രാജാക്കന്മാർ ഈ സ്ഥാനലബ്ധിയ്ക്കു സ്വാഭാവികമായി ആഗ്രഹം ജനിപ്പാനവകാശമുണ്ടായിരുന്നിരിയ്ക്കാമെങ്കിലും അന്നു കൊച്ചി തിരുവിതാംകൂർ മുതലായ തെക്കുള്ള രാജാക്കന്മാൎക്കംഇന്നുള്ള പ്രാബല്യം സിദ്ധിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ

സാമൂതിരിപ്പാടിനെ ജയിപ്പാൻ തക്കശക്തിയുള്ള രാജാക്കന്മാർ ചുരുക്കമായിരുന്നതുകൊണ്ടു മററുള്ളവരാരും ഈ കാൎയ്യത്തിൽ പ്രവേശിക്കാതിരുന്നതാണെന്നൂഹിപ്പാൻ മതിയായ കാരണമുണ്ടു്.

ഇങ്ങനെ സാമൂതിരിപ്പാടായിട്ടും വളരെക്കാലം മാമാങ്കം നടത്തി വരുന്നതിന്നിടയ്ക്കു് ഒരിക്കൽ മലയാളത്തിൽ അതിന്നു മുമ്പൊരിക്കലും കേട്ടു കേൾവിപോലും ഉണ്ടായിട്ടില്ലാത്ത പ്രകാരം ഒരു ദിവസം അഞ്ചാറു നാഴിക പകലെ കാറും കറപ്പും ഇടിയും മിന്നലും കാററും ഒന്നും കൂടാതെ ഒന്നു യദൃച്ഛയാ ഭാരതപ്പുഴയിൽ ഒരു വെള്ളപ്പൊക്കമുണ്ടായി. കുംഭമാസം കാലത്തു മലയാളത്തിലെ ഒരു നദിയിൽ ജലപ്രവാഹമുണ്ടാകുന്ന കാൎയ്യം ആരെങ്കിലും സ്വപ്നേപി സംശയിക്കുന്നതാണോ? എന്തിന്നു പറയുന്നു, വെള്ളം പൊങ്ങിയെന്നല്ലാ അതിവിശാലമായ മണപ്പുറത്തു നിരത്തി കെട്ടിയിരുന്ന അസംഖ്യം കുടിലുകളിലുണ്ടായിരുന്ന അനേകായിരം ഉരുപ്പികളുടെ കച്ചവടസ്സാമാനങ്ങളും, കച്ചവടക്കാരുടേയും കാഴ്ചക്കാരുടേയും പാൎപ്പിടങ്ങളും അവയിലുണ്ടായിരുന്ന കിണ്ണം, കിണ്ടി, കരണ്ടി മുതലായ പൊന്നു, വെള്ളി, വെങ്കലപാത്രങ്ങളും മററുമെല്ലാപ്പെട്ടതും കുത്തിച്ചാടിയൊലിച്ചു പൊന്നാനി അഴിയിൽ ചെന്നു സമുദ്രാപതനം ചെയ്യുകയും, മനുഷ്യരെല്ലാം ഒരുവിധം നീന്തിത്തുടിച്ചു്, വെള്ളം കുടിച്ചു്, ചത്തും ചാകാതേയും, കരയിൽകയറി രക്ഷപ്പെടുകയും ചെയ്തു.

ഈ അപൂൎവ്വസംഭവം നടന്നസമയം അവിടെ കൂടിയിരുന്ന പലമഹാന്മാരുംകൂടി ഈ സംഗതി പില്ക്കാലത്തെ ജനങ്ങളുടെ അറിവിന്നായി ഏതെങ്കിലും പ്രകാരത്തിൽനിലനിൎത്തേണമെന്നു നിശ്ചയിച്ചു.

എന്നാൽ പണ്ടത്തെക്കാലത്തു ഹിന്തുക്കൾ ഏതെങ്കിലും ഒരു വിശേഷസംഗതിയുണ്ടായാൽ അതിനെക്കുറിച്ചു ഒരു ചരിത്രമെഴുതുകയെന്ന സമ്പ്രദായം തുലോം ചുരുക്കമായിരുന്നു എങ്കിലും ആ സംഗതിയുടെ ഒരു ചുരുക്കം സൂചിപ്പിയ്ക്കുന്നതും, അതുണ്ടായ ദിവസത്തെപ്പോലും കൃത്യമായി കാണിയ്ക്കുന്നതും ആയി അന്നത്തെ കലിദിനസംഖ്യയ്ക്കു ഒരു നാമകരണം ചെയ്യുന്നതു സാധാരണ പതിവായിരുന്നു. ഇങ്ങിനെ ചുരുങ്ങിയ അക്ഷരങ്ങളെക്കൊണ്ടു സംഗതിയെ സൂചിപ്പിയ്ക്കുകയും പരല്പേരുപ്രകാരം സംഖ്യ ശരിയാക്കുകയും ചെയ്യത്തക്കവണ്ണം കലിമുതലായവയുടെ നാമകരണം ചെയ്യുന്നതിനു പണ്ടുള്ള യോഗ്യന്മാരിൽ പലൎക്കും വളരെ പാടവമുണ്ടായിരുന്നു എന്നുള്ളതു നമുക്കു പ്രത്യേകം സ്മരണീയമാണു്.

ഈ വക വിദ്വാന്മാരിൽ പ്രത്യേകം കേൾവിപ്പെട്ട ഒരാളായിരുന്നു നമ്മുടെ മേല്പത്തൂർ നാരായണഭട്ടതിരിപ്പാട്ടു്.

മലയാളത്തിലെ വിദ്യാകലാനിപുണന്മാരായ പണ്ഡിതന്മാരെല്ലാം മാമാങ്കത്തിൽ വന്നുചേൎന്നിരുന്നു എന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങിനെ വന്നുചേരുന്ന വിദ്വാന്മാർ അവിടെ ഓരോ സദസ്സുകളായി തിരിഞ്ഞു അതിൽ വെച്ചു താന്താങ്ങളുടെ വാസനയേയും അഭ്യാസത്തെയും പ്രകടിപ്പിപ്പാനായി ശാസ്ത്രവാദങ്ങൾ, സദിരുകൾ മുതലായ സാഹിത്യസംഗീത പരീക്ഷകൾ നടത്തുകയും, അതിൽവെച്ചു ജയാപജയങ്ങളുടെ താരതമ്യത്തെ ക്ലിപ്തപ്പെടുത്തി അവസ്ഥാനുസാരം സമ്മാനാദികൾ നൽകുകയും ചെയ്തു വന്നിരുന്നതിനാൽ അക്കാലത്തു വിദ്യാഭിവൃദ്ധിയ്ക്കും കൂടി മാമാങ്കം ഒരു മുഖ്യപ്രയോജകമായിരുന്നു.

ഈ കൂട്ടത്തിൽ അന്നുള്ള വിദ്വാന്മാരിൽ ഏററവും ഉയൎന്ന ഒരു സ്ഥാനം സിദ്ധിച്ചിരുന്ന ഭട്ടതിരിപ്പാടും മേല്പറഞ്ഞ സംഭവം നടന്ന സമയം അവിടെ ഉണ്ടായിരുന്നു. അവരെല്ലാവരുംകൂടി ആലോചിച്ചതിൽ അന്നത്തെക്കലിദിനസംഖ്യയായ ൧൭,൧൨,൨൧൦-എന്നതിന്നു് ഒരു പേരിട്ടുപ്രസിദ്ധപ്പെടുത്തേണ്ടതാവശ്യമാണെന്നു തീൎച്ചയാക്കി പലരും ഓരോ പേരുകളിട്ടു തുടങ്ങി. അതിനിടയ്ക്കു ഭട്ടതിരി 'നദീപുഷ്ടരസഹ്യാന' എന്നൊരു പേരിട്ടു. അതുകേട്ടപ്പോൾ വേറെ ഒരു നമ്പൂരി 'പാട്ടരിയുടെ അവസ്ഥയ്ക്കു് ഇങ്ങിനെ ക്രമത്തിലൊരു പേരിട്ടതുകൊണ്ടു വിശേഷമായില്ലാ' ഈ അവസ്ഥയ്ക്കു് ചേൎന്ന അൎത്ഥത്തിൽതന്നെ ഈ സംഖ്യയ്ക്കു വിപരീതമായി ഒരു പേരുകൂടി ഇട്ടാൽ ഞാൻ സമ്മതിയ്ക്കാമെന്നു പറഞ്ഞു. അപ്പോൾ ഭട്ടതിരി 'നാഗ്യസാരംപയോജനി' എന്ന വിപരീതമായി ഒരു പേരുകൂടി ഉണ്ടാക്കി. ഇതു കേട്ടപ്പോൾ വേറൊരു ജ്യേഷ്ഠ്യാൻ 'ഐ! ഇതുരണ്ടും കൂടി ഒരു ശ്ലോകാൎദ്ധം പോലെയിരിക്കുന്നു. എന്നാൽ പട്ടേരി! ഈ സംഖ്യയുടെ പേരായിട്ടുതന്നെ ഇതൊരു ശ്ലോകമാക്കരുതേ?,' എന്നായി. അപ്പോൾ മറെറാരു മാറ്റ്യാൻ 'എന്നാൽ അതും' ഒരുപാദം ക്രമസംഖ്യയേയും, മറേറതു വിപരീതസംഖ്യയേയും കാണിയ്ക്കുന്ന രണ്ടുപേരുകളായിരിയ്ക്കണം; അൎത്ഥവും പ്രകൃതത്തിനു യോജിച്ചതായിരിയ്ക്കണമെന്നു പറയേണ്ടതുമില്ലല്ലൊ എന്നായി. അപ്പോൾ ഭട്ടതിരി 'നിജാൽ കടീരാൽ സായാഹ്നോ, നഷ്ടാൎത്ഥാഃ പ്രയയുൎജ്ജനാഃ' എന്നിങ്ങനെ രണ്ടു പേരുകളെക്കൊണ്ടുതന്നെ അവർ രണ്ടു പേരുടേയും ഇഷ്ടപ്രകാരം ശ്ലോകവും പൂരിപ്പിച്ചു.

ഈ കലിദിനസംഖ്യകൊണ്ടു നോക്കിയാൽ 'നാരായണീയ' നിൎമ്മാണശേഷം ഇരുപത്തുനാലു കൊല്ലം കഴിഞ്ഞി

ട്ടാണു് ഈ സംഭവം നടന്നതെന്നു കാണാം. നാരായണീയകൃതി പട്ടേരിയുടെ ചെറുപ്പത്തിലാണെന്നു പ്രസിദ്ധമാണല്ലോ. അതുകൊണ്ടു് ഈ പേരുകൾ പട്ടേരിയുടെ തന്നെയാണെന്നു വിശ്വസിക്കുവാൻ ന്യായവിരോധവുമില്ലാ.

മാമാങ്കം ഇതിനുശേഷം പിന്നെയും വളരെക്കാലംനിലനിന്നു പോന്നു്, ഒടുവിൽ മലയാളത്തിലെ പൂൎവൈശ്വൎയ്യസമൃദ്ധിക്കു ഒരു ധൂമകേതുവായി തീൎന്ന ടിപ്പുസുൽത്താന്റെ ആഗമനത്തോടുകൂടി കൊല്ലം ൯൬൦-ന്നു് അടുത്ത ഒരു കാലത്തിൽ അവസാനിച്ചു പോയെന്നാണു് വിശ്വാസ്യമായ കേൾവിയുള്ളതു്.

ഏതായാലും പ്രകൃതികാൎയ്യങ്ങൾക്കൊക്കെയും കാലാന്തരത്തിൽ കണ്ടുവരുന്നതുപോലെയുള്ള പരിണാമഭേദം തന്നെയായിരിക്കാം ഈ വിഷയത്തിലും സംഭവിച്ചതു്. എന്നാലും ഇന്നുള്ള മലയാളികളുടെ ഭാഗ്യദോഷം കൊണ്ടാണെന്നു മാത്രമേ ഞാൻ വിശ്വസിക്കുന്നുള്ളു.

## ൪. സംഭാഷണം.

ജിഹ്വാഗ്രേവൎത്തതേലക്ഷ്മീ-
ൎജ്ജിഹ്വാഗ്രേമിത്രബാന്ധവാഃ
ജിഹ്വാഗ്രേബന്ധനപ്രാപ്തി-
ൎജ്ജിഹ്വാഗ്രേമരണംധ്രുവം.
നാനലമെന്നുനലനടൈമെയ്യനലം
യാനലത്തുള്ളെതുഉമൻറു
ആക്കമുംകേട്ടമതിനാൽവരുവതാം
കാത്തോമ്പൽശൊല്ലിൻകൾശോവ്.

'അടവിമഴുകൊണ്ടുവെട്ടിയാലകച്ചീടും
കഠിനവാചാവെട്ടിമുറിച്ചാലകച്ചീടാ
കാട്ടുതീപിടിപെട്ടുദഹിച്ചീടിലുംവനം
വാട്ടമെന്നിയേചിരാൽതളിക്കുമസംശയം
ദുഷ്ടവാക്കിനാൽദഗ്ദ്ധമായതുതളിക്കില്ല
ഒട്ടേറെക്കാലംകഴിഞ്ഞാലുമെന്നറിയേണം.'

സംസ്കൃതം, തമിഴ്, മലയാളം എന്നീ ഭാഷകളിൽ മാത്രമല്ലാ; സാമാന്യം എല്ലാ ഭാഷകളിലും വാക്കിന്റെ വൈഭവത്തെപ്പററി പറഞ്ഞുകാണാം. ഹിന്തുക്കളായ നാം വാക്കിന്നു ദേവത്വം കൊടുത്തു രൂപം സങ്കല്പിച്ച് ആരാധിക്കുന്നതും കൂടിയുണ്ട്. അനുഭവം കൊണ്ടും അളവററ ശക്തി വാക്കിന്നുണ്ടെന്നേ പറവാൻ തരമുള്ളു. ഞാണിന്റെ വലിവു പരീക്ഷിയ്ക്കുന്നതിന്നു വെറുതെ വലിച്ചുവിടുന്ന ശരം വിചാരിയ്ക്കാത്ത ലക്ഷ്യത്തിൽ കൊള്ളുകയും കൊല്ലുകയും ചെയ്യുന്നതുപോലെ നമ്മുടെ മുഖത്തിൽനിന്നു ചോൎന്നുപോകുന്ന വാക്കുകൾ ചിലപ്പോൾ വിചാരിയ്ക്കാത്ത ഒരാളുടെ ഹൃദയത്തിലേററു പുണ്ണാക്കുന്നില്ലേ? കഠിനമായ മനോവേദനകൊണ്ടുള്ളുരുകി മുഖപ്രസാദത്തിന്റെ മുരടു കത്തിയിരിയ്ക്കുമ്പോൾ വചനാമൃതംകൊണ്ടു നനച്ചും തണുപ്പിച്ചും തളിൎപ്പിക്കുന്നില്ലേ? അതിവിദ്വാന്മാൎക്കു പ്രായേണ കണ്ടുവരുന്ന ദാരിദ്ര്യാദിദുഃഖങ്ങൾ അവരുടെ ഉള്ളിൽ തട്ടാതെ കഴിച്ചുകൂട്ടുന്നതു കാളിദാസാദിമഹാകവിയുടെ സൂക്തികളിൽ ലയിക്കുന്നതുകൊണ്ടല്ലേ? വാക്കിന്റെ വൈഭവം പറഞ്ഞുതുടങ്ങിയാൽ അവസാനമില്ല.

വാക്കിന്നും അതിന്റെ പ്രയോഗത്തിന്നും ഇത്രയുംപ്രഭാവമുള്ളതുകൊണ്ടു സംഭാഷണത്തിൽ നാമെത്രമാത്രം മന

സ്സിരുന്നേണമെന്നു പറയേണ്ടതില്ല. ആളുകൾ ഒത്തൊരുമിച്ച് ഓരോരുത്തരുടെ ആലോചനകൾ മററുള്ളവരുടെ ആലോചനകളായി 'ഒത്തുമാറുന്നതു'കൊണ്ടു പരസ്പരമുണ്ടാകുന്ന ഉൽകർഷവും വിനോദവുമാണ് സംഭാഷണത്തിൽനിന്നു മുഖ്യമായി നമുക്കു കിട്ടുന്ന ഫലം. ഈ ഫലാപേക്ഷയോടുകൂടി നാമെല്ലാവരും സംഭാഷണത്തിന്നു തുനിഞ്ഞാൽ എത്രവേഗത്തിലറിവും യോഗ്യതയും വൎദ്ധിക്കുമെന്ന് അനുഭവിച്ചേ അറിഞ്ഞുകൂടു. നമ്മുടെ ഇടയിൽ ഇപ്പോൾ നടക്കുന്ന സംഭാഷണങ്ങൾ മിക്കതും ഉദ്ദേശമില്ലാതെയാണ്. ഇതു ചെയ്യരുതെന്നു പുരാതനന്മാർ നിഷേധിച്ചിട്ടുണ്ട്.

'ശുഷ്കംവൈരംവിവാദഞ്ച
നകുൎയ്യാൽകേനചിൽസഹ
പരിഹാസേപ്യനൌചിത്യം
സ്വപ്നേപ്യനൃ... ... ...'

പണ്ഡിതന്മാർ ഈ ഉപദേശത്തെപ്പററി അറിവില്ലാത്തവരല്ലെങ്കിലും അവരേപ്പോലെ ശുഷ്കവാദം ചെയ്യുന്നവരാരുമില്ലെന്നാണ് അനുഭവംകൊണ്ടു കാണുന്നതു്. ഇങ്ങിനെ വരുന്നതു ജനസമുദായത്തിൻെറ ദുൎദ്ദശാപരിപാകമെന്നല്ലാതെ മറെറന്തുപറയാം; എന്തുചെയ്യാം? അപൂൎവമായി ഒന്നോ രണ്ടോ സംഭാഷണങ്ങൾ ഉദ്ദേശമുള്ളതായി കാണാറുണ്ട്; എന്നാൽ ഉദ്ദേശം പരപരിഹാസമായിരിക്കും. ഇതിനേക്കാൾ ശോചനീയമായിട്ട് എന്താണുള്ളതു്?

സദാലാപസാമൎത്ഥ്യം അഭ്യാസംകൊണ്ടു ലഭിയ്ക്കാത്തതായ ഒരു സഹജഗുണമോ അഭ്യാസം ആവശ്യമില്ലാത്ത ഒരു നിസ്സാരകാൎയ്യമോ ആണെന്നു വിചാരിച്ചു മററുള്ള വിദ്യകളിൽ ചെയ്തുവരുന്ന പരിശ്രമം [illegible]രിലും ചെ

സ്സുവരാത്തതു് അബദ്ധം. സംഭാഷണമാകുന്ന കാമധേനു വിനെക്കറന്നു പാലെടുക്കേണമെങ്കിൽ പഴക്കവുംശീലവുമുള്ളവർ തന്നെവേണം. ഇതു രണ്ടുമില്ലാത്തവനാണെങ്കിൽ പാലിനു പകരം കുത്തും ചവിട്ടും സുലഭമായിക്കിട്ടും. ഇപ്പറഞ്ഞതിൻെറ താല്പൎയ്യം ഒരു പാഠശാലയോ ആശാനോ വേണമെന്നല്ല. വിദ്യകൊണ്ടോ, സ്ഥാനമാനംകൊണ്ടോ, വയസ്സുകൊണ്ടോ, ധനംകൊണ്ടോ, പ്രമാണിത്വമുള്ളവർ വേണ്ടവിധം സംഭാഷണം ചെയ്തുതുടങ്ങിയാൽ ലോകംഅവരെ അനുവൎത്തിച്ചുകൊള്ളും.

'യദ്യദാചരതിശ്രേഷ്ഠ സ്തത്തദേവേതരോജനഃ
സയൽപ്രമാണംകുരുതേ ലോകസ്തദനുവൎത്തതേ.'

ഉദ്ദേശത്തോടുകൂടി സംഭാഷണം ചെയ്യുമ്പോൾ ദൃഷ്ടി വെയ്ക്കേണ്ടതായ കാൎയ്യങ്ങൾ അനവധിയുണ്ടു്. അതുകളിൽ പ്രധാനമായിട്ടുള്ളവകളെ ആൾ, അവസരം, വിഷയം, വിധി എന്നിങ്ങിനെ നാലുപിരിവായി പിരിയ്ക്കാം.

ആളെ അറിഞ്ഞു സംഭാഷണംചെയ്യുക എന്നുള്ളതു വളരെ പ്രയാസമായിട്ടുള്ളതാണു്. ഇതിനെപ്പററി ഒരിംഗ്ലീഷു ഗ്രന്ഥകൎത്താവു പറഞ്ഞിട്ടുള്ളതു് എല്ലാവരും അറിഞ്ഞിരിയ്ക്കേണ്ടതാണു്. രണ്ടാളുകൾ തമ്മിൽ സംസാരിക്കുമ്പോൾ അവിടെ ആറാളുകളുണ്ടെന്നാണിദ്ദേഹത്തിൻെറ അഭിപ്രായം. അതെങ്ങനെയെന്നാൽ രാമനും കൃഷ്ണനുംകൂടി സംസാരിയ്ക്കുന്നു എന്നു വിചാരിയ്ക്കുക. അവിടെ ബ്രഹ്മസൃഷ്ടിപ്പടിയ്ക്കുള്ള രാമനും രാമൻെറ നാട്യപ്രകാരമുള്ള രാമനും, രാമൻ ഇന്നതരക്കാരനാണെന്നു കൃഷ്ണൻ വിചാരിയ്ക്കുന്ന രാമനും കൂടി മൂന്നുരാമന്മാരും, അതുപോലെ മൂന്നു കൃഷ്ണന്മാരും കൂടി ആറു്. ഇദ്ദേഹം പറഞ്ഞ കണക്കിലും ചില

പ്പോഠം കൂടിക്കാണാം. താൻ ഇന്ന തരക്കാരനാണെന്നു കൃഷ്ണനെ മാറിവിശ്വസിപ്പിയ്ക്കാൻ രാമൻ ശ്രമിയ്ക്കുന്ന ഒരു രാമനേക്കൂടി രാമൻെറ കണക്കിലും അതുപോലെ ഒരു കൃഷ്ണനെക്കൂടി കൃഷ്ണൻെറ കണക്കിലും ചേക്കാം. അപ്പോഠം ആകെ ആഠം എട്ടായി. ഈ എട്ടും മനുഷ്യരാണ്. അതിൽ സിംഹം, പുലി, പൂച്ച, കുറുക്കൻ, വാലാട്ടിപ്പട്ടി മുതലായ നാല്ക്കാലിവകഭേദങ്ങളും, പഞ്ചപക്ഷികളും ദൃഷ്ടിലേയ്ക്കു മാത്രം ദൃഷ്ടിയുള്ള അട്ട മുതലായ ജലജന്തുക്കളുമുണ്ട്. ഇതെല്ലാമറിഞ്ഞാൽ മാത്രമേ ആളെ അറിഞ്ഞ സംഭാഷണമാകയുള്ളു.

ആളെ അറിഞ്ഞാലുംപോരാ, അവസരമറിഞ്ഞു സംസാരിയ്ക്കണം. അവസരം തെററിപ്പറഞ്ഞാൽ കളി കാര്യമായും കാര്യം കളിയായും രണ്ടും പതിരായും പോകുന്നതു നമുക്കെല്ലാം നിത്യാനുഭവമാണ്.

'അനവസരേയൽപഠിതം
സുഭാഷിതമപിഭവതിഹാസായ.'

... ... ... ... ...
... ... ... ... ...

അവസരമറിഞ്ഞു സംഭാഷണം ചെയ്യാനുള്ള മിടുക്കിനെയാണ് ഔചിത്യമെന്നും പാണ്ഡിത്യമെന്നും പറയുന്നതു്.

'പ്രസ്താവസദൃശംവാക്യം
സ്വഭാവസദൃശീംക്രിയാം
ആത്മശക്തിസമാകോപം
യോജാനാതിസപണ്ഡിതഃ'

ഇതറിയാത്തവനെ അപണ്ഡിതൻ എന്നു പറഞ്ഞാൽ മതിയാകയില്ല. അസഭ്യൻ എന്നു തന്നെ പറയണം.

പിന്നെ നോക്കേണ്ടതു സംഭാഷണത്തിന്നു തിരഞ്ഞെടുക്കേണ്ട വിഷയത്തെപ്പററിയാണ്. തുടൎന്ന സംഭാഷണത്തിൽ ഭാവനാസാഹചൎയ്യംകൊണ്ടു വിഷയത്തിൽ നിന്നു വിഷയാന്തരത്തിലേയ്ക്കു പോകുന്നതു മനുഷ്യബുദ്ധിയുടെ സ്വഭാവമാണ്. ഒരു വിധത്തിലും സംബന്ധമില്ലെങ്കിലും മണ്ഡൂകപ്ലുതരീത്യാ വിഷയം മാറിമാറി സംസാരിയ്ക്കുന്ന ചിലരുണ്ടു്. പ്രകൃതികൊണ്ടോ പ്രത്യേക വികൃതികൊണ്ടോ സംഭാഷണത്തിന്നീദൃശ വന്നുകൂടി. വിഷയം ആകെക്കൂടി ലും വിരസമായി കലാശിച്ചാൽ മുടക്കം പറഞ്ഞു മുഖപ്രസന്നത കൊടുക്കാതെതന്നെ വിദഗ്ദ്ധതയോടുകൂടി തട്ടിത്തിരിച്ചു് ആ വിഷയത്തെ മാററുന്നതു കേട്ടുനിൽക്കുന്നവരുടെ മുറയാണ്. അതിന്നു വശമില്ലാഞ്ഞിട്ടോ, 'എനിയ്ക്കെന്തു ചേത'മെന്നു വിചാരിച്ചു ശ്രമിക്കാതിരുന്നിട്ടോ, നാവിന്നു ലഗാനില്ലാത്ത ചിലരെ എന്തെങ്കിലും തൊള്ളയിൽത്തോന്നിയതു പറയാൻ വിടുന്നതുകൊണ്ടുള്ള ദൂഷ്യം പറഞ്ഞാലൊടുങ്ങില്ല. ലേശം താമസിയാതെ ദുരാലാപം തിരിച്ചു സദ്വിഷയത്തിൽ അറിയാതെ ചാടിയ്ക്കുന്നവനാണ് സ്നേഹിതൻ. അവനാണ് ബന്ധു. അവനാണ് ഗുരുക്കന്മാരുടെ ഗുരു. ആകെക്കൂടിലും പലരും പററാമെന്നറിഞ്ഞുംകൊണ്ട് അതൊരു മിടുക്കാണെന്നു വിചാരിച്ചു് അതിനെത്തന്നെ പറയാൻ കിരുകിരിപ്പുണ്ടാകുന്ന നാക്കിനെ അമൎത്തണം. അങ്ങിനെ ചെയ്യില്ലെങ്കിൽ നമുക്കു വിവേകംകൊണ്ടെന്തു ഫലം?

'ഹീനാംഗാനതിരിക്താംഗാൻ
വിദ്യാഹീനാൻവയോധികാൻ
രൂപദ്രവ്യവിഹീനാംശ്ച
ജാതിഹീനാംശ്ചയാക്ഷിപേൽ'

എന്ന ധൎമ്മോപദേശത്തെ സദാകാലവും അനുഷ്ഠിക്കു ന്നതിന്നു മാത്രം നിശ്ചയബുദ്ധിയില്ലാത്തവൻ വന്ദ്യനാവാൻ പ്രയാസം.

എങ്ങിനെസംഭാഷണം ചെയ്യണമെന്നു പറയുന്നതാ ണ് സംഭാഷണവിധി എന്നു മുൻപറഞ്ഞതു്.

'സത്യംബ്രൂയാൽപ്രിയംബ്രൂയാൽ
നബ്രൂയാൽസത്യമപ്രിയം
പ്രിയഞ്ചനാനൃതംബ്രൂയാ-
ദേഷധൎമ്മസനാതനഃ.'

വിത്തിന്നുള്ളിൽ വൃക്ഷമെന്നപോലെ ഒരം വിധിയിൽ അനേക സംഗതികൾ അടങ്ങീട്ടുണ്ടു്. ഇതാണുപാദമധു രം, ഇതാണാലോചനാമൃതം. എങ്കിലും ഈ വിധിയുടെ സാരം മനസ്സിലാക്കുന്നതിനേക്കാൾ അതിൻെറ അനുഷ്ഠാ നത്തിന്നാണ് പ്രയാസം. നമ്മുടെ വാക്കുകളും കൎമ്മങ്ങളും വിവേകത്തിനെ അവലംബിച്ചു നില്ക്കുന്നതാണെങ്കിൽ ശരി യായ നടപടിയ്ക്കു ഗുണദോഷജ്ഞാനം മാത്രമേവേണ്ടു. വാ ൎദ്ധക്യം നിമിത്തം മനോവികാരങ്ങൾ തിരിച്ചുപോയിരിക്കുന്ന കിഴവന്മാരും ഇന്ദ്രിയജയം വന്നിട്ടുള്ള യതികളും ഒഴികെ മ നുഷ്യരുടെ വാക്കും കൎമ്മവും പ്രായേണ രാഗദ്വേഷാദിമനോ വികാരങ്ങളെ അവലംബിച്ചു വരുന്നതായിട്ടാണ് നാം കാ ണുന്നതു്. ആ വക വികാരങ്ങൾ അനൎത്ഥജനകങ്ങളാണെ ന്നു ധരിച്ചിരിക്കേണ്ടതാണ്. ഒരു സംഘത്തിലുള്ളവരേ

ക്കാൾ വിദ്യയിലോ ധനത്തിലോ എന്തെങ്കിലുമൊരു സംഗതിയിൽ മെച്ചമുണ്ടായാൽ കൊള്ളാമെന്നാഗ്രഹം ഇല്ലാത്ത മനുഷ്യനുണ്ടോ എന്നുതന്നെ സംശയമാണു്. ഠരം ആഗ്രഹം പ്രാരംഭത്തിൽ ഒരു സൽഗ്ഗുണമാണെങ്കിലും അതിന്റെ വളർച്ചയിൽ അല്പം നോട്ടക്കുറവു വന്നുപോയാൽ മിത്ഥ്യാഗർവ്വം, പാണ്ഡിത്യദർപ്പം എന്നീ ദുർഗ്ഗുണങ്ങളായികലാശിയ്ക്കാം. ആ രണ്ടു ദുർഗ്ഗുണങ്ങളുള്ളവക്കു സത്യം ബ്രൂയാദിത്യാദി വിധിയെ ലംഘിക്കാതിരിപ്പാൻ വളരെ പ്രയാസമുണ്ടു്. ഇങ്ങിനെ അസത്യം പറയിക്കുന്നതിന്നു് അനവധി പ്രോത്സാഹകന്മാർ നമ്മുടെ ഉള്ളിൽതന്നെ ഉണ്ടാകാമെങ്കിലും സത്യമേ പറയാവൂ.

'സത്യോക്തിയ്ക്കൊത്തതാംധർമ്മം
ശാസ്ത്രത്തിൽകാണ്മതില്ലനാം.'

അങ്ങിനെയത്രിച്ചും സത്യം പറയുന്നതു് അന്തർജ്ജനകങ്ങളായ ദുർഗ്ഗുണങ്ങളെ നശിപ്പിക്കുന്നതിന്നു മതിയാകുന്നതാണു്.

'നീരിനാൽശ്ശുദ്ധമാംദേഹം
നേരിനാൽശ്ശുദ്ധമാംമതം.'

മേൽപറഞ്ഞതുകൊണ്ടു് സത്യം പറയുന്നതു തനിക്കു ഗുണമാണെന്നും പറയാതിരിക്കുന്നതു തനിക്കു ദോഷമാണെന്നും മാത്രമേ സിദ്ധിച്ചിട്ടുള്ളു. തനിക്കുണ്ടാകുന്ന ഗുണദോഷത്തേക്കാൾ അന്യനു വരുന്ന ദോഷത്തെ പ്രധാനമാക്കിയാണു് തിരുവള്ളുവനായിനാർസത്യഭാഷിതത്തെപ്പററി പറയുന്നതു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ

'അന്യക്കുദോഷംചെയ്യാത്ത
വാക്കുതാൻ സത്യഭാഷിതം.'

അതുകൊണ്ടാണു്

'കുററമററഗുണംനൽകിൽ
പൊളിയുംസത്യവൽസ്യമാം.'

എന്നദ്ദേഹത്തിന്നു പറയേണ്ടിവന്നതു്.

സംഭാഷണത്തിൽ പ്രിയം പറയുന്നതും അപ്രിയം പറയാതിരിക്കുന്നതും ഒരു ജനസംഘത്തിന്റെ ജീവനായഐകമത്യത്തിന്നും നമുക്കുതന്നെ സൈ്വരത്തിന്നും അത്യാവശ്യമാകുന്നു. ധൎമ്മമായ വഴിയിൽ നിന്നു പതറാതെ അന്യനെ സന്തോഷിപ്പിക്കാൻ കഴിയുമെങ്കിൽ അപ്രകാരം ചെയ്യേണ്ടതു നമ്മുടെ മുറയാണു്. എങ്കിലും പ്രഭുത്വം, അധികാരവലിപ്പം, 'താൻ പ്രമാണിത്തം' മുതലായ ചിത്തരോഗം പിടിപെട്ടവരും, പലേ കാരണത്താലും മററുള്ളവൎക്കു പ്രിയമോ അപ്രിയമോ എന്നു നോക്കുന്നതിൽ ശ്രദ്ധവെയ്ക്കാത്തവരും വിപരീതവഴി കാണിച്ചുതരുമ്പോൾ അവരെ അനുവൎത്തിച്ചുപജീവിക്കേണ്ടിവരുന്ന ഭൂരിപക്ഷക്കാൎക്കു് ഈ വിധിയെ ലംഘിക്കാനാണു് അധികം തരമുള്ളതു്.

ഒരു സംഗതികൂടി ചൂണ്ടിക്കാണിച്ചു് അവസാനിക്കാം. നാമുച്ചരിക്കുന്ന ഓരോ വാക്കുകളും നമ്മുടെ ഹൃദയം മററുള്ളവൎക്കു കാണുന്നതിന്നായി വീട്ടിക്കൊടുക്കുന്ന ഓരോ ചീനക്കണ്ണാടിയാണെന്നറിഞ്ഞിരിക്കേണ്ടതാണു്. ചില ആളുകളായി നാം പരിചയം തുടങ്ങുമ്പോൾ അവർ നമുക്കു ചെയ്യുന്ന ആചാരോപചാരങ്ങൾ കൂടിയും കുറഞ്ഞും വരുന്നുണ്ടല്ലോ. ഇതിനുള്ള കാരണം നമ്മുടെ വാക്കിൽകൂടി

അവർ നമ്മുടെ ഉള്ളറിയുന്നതുകൊണ്ടാണ്. വാചാലനെന്ന പേർ സമ്പാദിക്കാൻ കൊതിയോടുകൂടി വേണ്ടതും വേണ്ടാത്തതും പറയുന്നവൎക്കു് ഇങ്ങിനെ ഒരപകടംസാധാരണ പററാറുണ്ടു്.

ശരിയായ സംഭാഷണത്തിന്നു വേണ്ടതായ അറിവും അതിനുള്ള ദുൎഘടങ്ങളും നോക്കുമ്പോൾ മൌനംതന്നെ നല്ലതു്. എന്നല്ല മൌനത്തിന്നു് ഒരു മെച്ചം കൂടിയുണ്ടു്. മൌനികൾ വാസ്തവത്തിൽ ഗുണമില്ലെങ്കിലും ഉണ്ടെന്നാരോപിക്കുന്നതു് ലോകസ്വഭാവമാണ്. കൂകുന്നതുവരെ കാക്ക കുയിലാണെന്നു നടിക്കുന്നതിന്നു വിരോധമില്ല. ജനങ്ങൾ കുയിലാണെന്നു വിചാരിക്കുകയും ചെയ്യും. നല്ല കുപ്പായവും തലപ്പാവും മററും ധരിച്ചു സഭയിൽ പോയാൽ ആരോ എന്നു ശങ്ക ജനിപ്പിച്ചു് ആളുകളെ അകററാം.

'കായംസുവസനവേഷ്ടിത-
മായാൽമൂൎഖൻസമൎത്ഥനായ്ത്തോന്നാം
വായതുറന്നരിയാട്ടു-
ന്നായവസരമാത്രമതിന്നതിരല്ലോ.'

---

## ൫. ജീവിതസ്നേഹം.

പ്രായാധിക്യം ജീവിതത്തിലുള്ള ഭോഗങ്ങളെ ചുരുക്കുന്നെങ്കിലും ജീവിച്ചിരിപ്പാനുള്ള ആഗ്രഹത്തെ വൎദ്ധിപ്പിക്കുന്നു. യൌവനത്തിലെ ചോരത്തിളപ്പിൽ നാം അവജ്ഞയോടുകൂടി ലക്ഷ്യമാക്കാതെ പോന്നിരുന്ന അപായങ്ങളെ

ല്ലാം നമുക്കു പ്രായം ചെല്ലുമ്പോൾ ഭയാവഹങ്ങളായിച്ചമയു ന്നു. നമുക്കു പ്രായം കൂടുംതോറും കരുതലും കൂടിവന്ന് ഒടു വിൽ ഭയമൊന്നുതന്നെ മനസ്സിന്റെ പ്രധാന വികാരമായി ത്തീരുന്നു; പിന്നീടു ജീവിതത്തിന്റെ സ്വല്പമായുള്ള അവ ശേഷം അവസാനകാലത്തെ നീക്കിവെയ്ക്കാനോ ചിരജീവി തയെ സമ്പാദിക്കാനോ ഉള്ള നിഷ്ഫലയത്നങ്ങളാൽ ആ ക്രാന്തമായി ഭവിയ്ക്കുന്നു.

മനുഷ്യസ്വഭാവത്തിലെ ഈ വിപ്രതിഷേധം ചിത്രം തന്നെ; എന്നാൽ ഇതു പണ്ഡിതന്മാരെപ്പോലും ബാധിയ്ക്കു ന്നല്ലോ. ജീവിതത്തിന്റെ കഴിഞ്ഞഭാഗംകൊണ്ടു വരാ നിരിക്കുന്നതിന്റെ ഗുണദോഷങ്ങൾ നിരൂപിക്കുന്നതായാൽ ആയതു് ഉഗ്രരൂപമായിരിക്കുന്നു. ഞാൻ ഇതേവരെ ഭുജിച്ച ഭോഗങ്ങൾ ഒന്നും എനിക്കു പരമാൎത്ഥകമായ ആനന്ദത്തെ നൽകീട്ടില്ലെന്നു് അനുഭവം എന്നോടു പറയുന്നു. ഇനി ഭോക്ഷ്യമാണങ്ങളേക്കാൾ ഭുക്തങ്ങളാണു പ്രബലങ്ങൾ എന്നു് ഇന്ദ്രിയങ്ങളും അവധാരണം ചെയ്യുന്നു. എന്നാൽ അനുഭ വവും ഇന്ദ്രിയങ്ങളും ചെയ്യുന്ന പ്രവൃത്തി വ്യൎത്ഥം തന്നെ; അ തു രണ്ടിനേക്കാളും ബലവത്തരയായ ആശ ദൂരമായ ഉദൎക്ക ത്തെ സങ്കല്പകല്പിതമായ സൌന്ദൎയ്യത്തോടുകൂടെ പുരോഭാ ഗത്തിൽ സജ്ജീകരിക്കുന്നു; ഏതോ ഒരു ആനന്ദം ഇനിയും അതിദൂരത്തിൽനിന്നു് അങ്ങോട്ടു ചെല്ലാൻ എന്നെ സം ജ്ഞാപനം ചെയ്യുന്നു. ഒരു തോല്ക്കുന്ന ചൂതുകളിക്കാരനെ പ്പോലെ ഓരോ തോൽവിയും എനിക്കു ദ്യൂതാസക്തിയെ വ ൎദ്ധിപ്പിക്കുകയും ചെയ്യുന്നു.

നിരൂപിച്ചുനോക്കുവിൻ മഹാജനങ്ങളേ! വയസ്സിനോ ടുകൂടി വളൎന്നുവരുന്ന ഈ ജീവിതസ്നേഹത്തിന്റെ ഉത്ഭവമെ ന്തു്? എന്തിനാലാണു് കിട്ടിയാലും ഫലമില്ലാത്ത ഒരു ഘട്ട

ത്തിൽ നാം ആയുസ്സിനെ രക്ഷിക്കുന്നതിന് ഈവിധം അധികതരമായി യത്നിക്കുന്നതു്? നിയതി മനുഷ്യജാതിയെ നിലനിർത്തുന്നതിലുള്ള ജാഗ്രതകൊണ്ടു നമ്മുടെ ഭോഗങ്ങളെ ക്ഷയിപ്പിക്കുംതോറും നമുക്കു ജീവിതതൃഷ്ണയെ വദ്ധിപ്പിക്കുകയും ആനന്ദങ്ങളെ എല്ലാം ഇന്ദ്രിയങ്ങളിൽ നിന്നും അപഹരിച്ചു സങ്കല്പത്തിനു കൊടുത്തു ബലപ്പെടുത്തുകയും ആണെന്നു വരുമോ? ജരാവൈക്ലബ്യഭാരത്താൽ ആക്രാന്തനാകുമ്പോഴും യൌവനത്തിലെ സത്വപൌഷ്കല്യത്തിൽ ഉണ്ടായിരുന്നതിലധികം മൃത്യുഭയം ഇല്ലാതിരുന്നെങ്കിൽ വൃദ്ധനു ജീവിതധാരണം അശക്യമായിരുന്നു; ക്ഷയിച്ചുകൊണ്ടുപോരുന്ന ഭൌതികപിണ്ഡത്തെ ബാധിക്കുന്ന അസംഖ്യകളായ ആപത്തുകളും, ജീവിച്ചിരുന്നാലും സുഖാനുഭവം ഒന്നും മേലാൽ ഇല്ലെന്നുള്ള ബോധവും ക്ലേശാസ്പദമായ പ്രാണനെ സ്വാഹസ്തംകൊണ്ടുതന്നെ അവസാനിപ്പിക്കാൻ അവനെ പ്രോത്സാഹിപ്പിക്കുമായിരുന്നു. എന്നാൽ മരണത്തേക്കുറിച്ചുള്ള അവജ്ഞ ഏതുകാലത്തു് അവനു ഹാനിയ്ക്കായി തീരുമോ ആ ഘട്ടത്തിൽ അവനെ അത് ഉപേക്ഷിക്കുന്നു. ജീവിതത്തിനു വാസ്തവമായ വില കുറയുന്ന മുറയ്ക്കു മനഃകല്പിതമായ ഒരു വില കൂട്ടുകയും ചെയ്യുന്നു.

ചുററുമുള്ള വസ്തുക്കളിൽ നമുക്കുള്ള സക്തി സാമാന്യേന അവയുമായുള്ള പരിചയത്തിൻെറ ദൈർഘ്യത്താൽ വദ്ധിക്കുന്നു. 'ഞാൻ വളരെ നാൾ കണ്ടു പരിചയിച്ചിട്ടുള്ള ഒരു പഴയ തൂൺ പിഴുതു കളയുന്നതു എനിക്കു സമ്മതമായി വരികയില്ലെന്നു' ഒരു പരന്ത്രീസുകാരൻ വേദാന്തി പറയുന്നു. ചിരപരിചയത്താൽ ഒരുക്കൂട്ടം പദാത്ഥങ്ങളുമായിട്ടിണങ്ങിയ മനസ്സ് താൻ അറിയാതെതന്നെ ആ പദാത്ഥങ്ങളെ കണ്ടുകൊണ്ടിരിപ്പാൻ പ്രിയപ്പെടുന്നു. കേവലം അഭ്യാസബലത്താൽ അതുകളെ ചെന്നു സന്ദശിക്കുകയും പണിപ്പെ

ട്ട അതുകളോട്ട വേർപിരിയുകയും ചെയ്യുന്നു. ഇതിനാലാണു വൃദ്ധന്മാർ എല്ലാമാതിരി വസ്തുക്കളിലും അത്യാഗ്രഹമുണ്ടാകുന്നതു്. അവർ ലോകത്തേയും അതിലുള്ള സകല വസ്തുക്കളേയും സ്നേഹിക്കുന്നു; അവർ ആയുസ്സിനേയും അതിനാലുള്ള പ്രയോജനങ്ങളേയും സ്നേഹിക്കുന്നു. എന്നാൽ ഇതു് അവർക്കിതുകൾ സുഖപ്രദങ്ങളാണെന്നതിനാലല്ല. പിന്നെയോ, ഇതുകളുമായി അവർ ചിരം പരിചയിച്ചിട്ടുണ്ടെന്നുള്ളതിലാകുന്നു.

ചാരിത്രശാലി എന്നു കീർത്തിപ്പെട്ട ചീനരാജാവു സിംഹാസനാരോഹണം ചെയ്തപ്പോൾ പൂർവ്വരാജാക്കന്മാരുടെ രാജ്യഭാരകാലത്തു ന്യായരഹിതമായി കാരാഗൃഹത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ളവരെ എല്ലാം വിട്ടുതൽചെയ്വാൻ കല്പന കൊടുക്കുക ഉണ്ടായി. ഈ അവസരത്തിൽ തങ്ങളുടെ സ്വാതന്ത്ര്യദാതാവിനോട്ട കൃതജ്ഞത പറവാൻ വന്നവരുടെ കൂട്ടത്തിൽ ഒരു തേജസ്വിയായ വൃദ്ധൻ കാണപ്പെടുക ഉണ്ടായി. അയാൾ ചക്രവത്തിയുടെ കാക്കൽവീണുംകൊണ്ടു് ഇപ്രകാരം വിജ്ഞാപനം ചെയ്തു. 'ചീനരാജ്യത്തിൻെറ പിതാവായ മഹാത്മാവേ! ൨൨-ാംവയസ്സുമുതൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു് ഇപ്പോൾ ൮൫-വയസ്സായ ഒരു മഹാപാപിയെ നോക്കണേ. അപരാധഗന്ധാസ്പൃഷ്ടനെങ്കിലും ഞാൻ എന്നെ കുററപ്പെടുത്തിയവരെ നേരിട്ടു കാണുന്നതിനുപോലും ഇടതരാതെ ബന്ദീകരിയ്ക്കപ്പെട്ടു. ഞാൻ ഏകാന്തത്തിലും അന്ധകാരത്തിലും വസിച്ചുതുടങ്ങീട്ടു് ഇപ്പോൾ ൫൦-വഷമായിരിയ്ക്കുന്നു. കഷ്ടസ്ഥിതി എനിയ്ക്കു പരിചയവുമായി. ഭവാൻെറ കൃപയാൽ എനിക്കു വീണ്ടും കാണുന്നതിനു സംഗതിയായ പകൽ വെളിച്ചത്തിൻെറ ഔജ്ജ്വല്യത്താൽ മഞ്ചുന്ന കണ്ണുകളോട്ടുകൂടിത്തന്നെ എന്നെ

ആശ്വസിപ്പിക്കുകയോ സഹായിക്കയോ ചെയ്യുന്ന വല്ല സ്നേഹിതരേയും കണ്ടുപിടിക്കുന്നതിനായി ഈ തെരുവുകളൊക്കെയും ഞാൻ ചുററിനടന്നിരിക്കുന്നു; എന്നാൽ എൻെറ സ്നേഹിതരും കുടുംബവും സംബന്ധികളും എല്ലാം മരിച്ചു കഴിഞ്ഞു. എന്നെ ആരും ഓൎമ്മിക്കുന്നില്ല. അതിനാൽ അല്ലേ ഷിവാങ്! അധന്യമായ എൻെറആയുശ്ശേഷത്തെ എൻെറ പഴയ കാരാഗ്രഹത്തിൽ കഴിച്ചു കൂട്ടുന്നതിനു് എനിയ്ക്കു് അനുവാദമരുളണം. എൻെറ കാരാഗ്രഹത്തിൻെറ ഭിത്തികൾ ഏററം വിളങ്ങിക്കൊണ്ടിരിക്കുന്ന അരമനയേക്കാൾ എനിക്കു സന്തോഷകരങ്ങളാകുന്നു. ഇനി ഏറെനാൾ ഞാൻ ജീവിച്ചിരിക്കുന്നതല്ല. അത്രയുംകാലം എൻെറ യൌവനം കഴിച്ചുകൂട്ടിയ ഇടത്തിൽ (അങ്ങുകൃപചെയ്തു് എന്നെ വിട്ടുതൽചെയ്തു ആ കാരാഗ്രഹത്തിൽ) അല്ലാതെ നയിയ്ക്കുന്നതു് എനിക്കു സങ്കടവുമായിരിക്കും;

ഈ വൃദ്ധന്റെ കാരാഗ്രഹവാസത്തിലുള്ള സംരംഭം നമുക്കെല്ലാവൎക്കും ജീവിതത്തിലുള്ളതിനോടു സമമാകുന്നു. നിത്യപരിചയത്താൽ കാരാഗ്രഹത്തോടു നാംഇണങ്ങിപ്പോയി. ചുററുമുള്ള വസ്തുക്കളിൽ നമുക്കു് അതൃപ്തിയുണ്ടു്. നമ്മുടെ വാസസ്ഥലം നമുക്കു രസിക്കുന്നില്ല. എന്നാലും ബന്ദിഭാവത്തിൻെറ ദൈൎഘ്യം നമുക്കു ബന്ധനകുടീരത്തോടുള്ള വാത്സല്യത്തെ വൎദ്ധിപ്പിക്കുന്നതേയുള്ളു. നാം നട്ടിട്ടുള്ള മരങ്ങൾ, നാം പണിചെയ്യിച്ചിട്ടുള്ള വീടുകൾ, നാം ഉല്പാദിപ്പിച്ചിട്ടുള്ള പുത്രപൌത്രാദികൾ, ഇതെല്ലാം നമുക്കു ഇഹത്തിൽ ഉള്ള ബന്ധത്തെ ദൃഢീകരിയ്ക്കയും വേർപാടിനെ തിക്തീകരിക്കയും ചെയ്യുന്നു. ജീവിതത്തെ ചെറുപ്പക്കാർ ഒരു പുതിയ തോഴനെപ്പോലെ ഗണിയ്ക്കുന്നു. ഉപഭുക്തശിഷ്ട്യയല്ലാത്ത മൈത്രി അറിവിനേയും വിനോദത്തേയും ഒന്നു

പോലെ ജനിപ്പിയ്ക്കുന്നു. മൈത്രീപാത്രമായ വസ്തുവിന്റെ സന്നിധാനം പ്രീതിയെ ഉളവാക്കുന്നു. എന്നാൽ ഇതൊക്കെ ഇരുന്നാലും നാം അതിനെ അത്രവളരെ ആദരിക്കുന്നില്ല. കിഴവരായ നമ്മുടെ ദൃഷ്ടിയിലാകട്ടെ ജീവിതം ഒരു പഴയ സ്നേഹിതന്റെ മട്ടിലാണു്. അതിലെ പരിഹാസകഥകളെല്ലാം പലതരം പ്രയോഗിച്ചു പഴകിപ്പോയിരിയ്ക്കുന്നു. നമ്മെ സ്മേരമുഖന്മാരാക്കത്തക്ക ഒരു പുതിയ ഉപഖ്യാനവും ഇനി ശേഷിച്ചിട്ടില്ല. വിസ്മയം ജനിപ്പിക്കത്തക്കതായ ഒരു പുതുമോടിയാകട്ടെ ഇനി കാണുകയുമില്ല. ഇങ്ങിനെയൊക്കെ ആയാലും നാം ജീവിതത്തെ സ്നേഹിക്കുന്നു. ഇനി ഇതിൽ യാതൊരു ഭോഗവും അവശേഷിച്ചു കിടക്കുന്നില്ല. എന്നാലും നാം അതിനെ പിന്നേയും സ്നേഹിയ്ക്കുന്നു. കുറഞ്ഞുവരുന്ന ആ മുതലിനെ കൈമുറുക്കി ചിലവുചെയ്യുന്നതിനു നാം കരുതുന്നു. ഒടുവിലെ വേർപാടിൽ വ്യഥയുടെ തീക്ഷ്ണതയെ മുഴുവൻ അനുഭവിക്കുകയും ചെയ്യുന്നു.

---

## ൩. ആചാരവിശേഷങ്ങൾ.

---

തന്റെ സ്വന്തം മനസ്സിന്റെ ഗതി പ്രകൃതിക്കുന്യായത്തിനും അനുസരിച്ചതാകുന്നു എന്നും, തന്റെ അഭിപ്രായത്തിനു വിരോധം പറയുന്ന അന്യന്മാർ വിവേകമില്ലാത്തവരാകുന്നു എന്നും വിചാരിച്ചുപോവുക മിക്കമനുഷ്യർക്കും ഉള്ള ഒരു ദോഷമാണു്. ഈ ദോഷം ഓരോ മനുഷ്യനെ മാത്രമല്ല, സമുദായത്തേയും ബാധിക്കുന്നുണ്ടെന്നുള്ളതു അല്പം ആലോചിച്ചാൽ സ്പഷ്ടമാവും. ഏതൊരു സദസ്സിലും

സ്ത്രീകൾക്കു പ്രധാനാസനം നൽകപ്പെടണമെന്നാണു ആംഗലസമുദായത്തിൻെറ വിധി. ഇതു സർവ്വാബദ്ധമാകുന്നുവെന്നും, സ്ത്രീകൾ സദസ്സിൽ വരുന്നതിനു കൂടെയും യോഗ്യതയില്ലാത്തവരും വെളിയിൽ സഞ്ചരിപ്പാൻ ആവശ്യപ്പെടുന്ന അവസരങ്ങളിൽ മുഖം മൂടിയിരിക്കേണ്ടവരുംആകുന്നുഎന്നും മഹമ്മദീയസമുദായംഘോഷിക്കുന്നു. മൂക്കുതുളയ്ക്കുകയാണു അഴകെന്നു ഒരു കൂട്ടർ. കാതു തുളയ്ക്കുകയാണു അഴകെന്നു ഒരുകൂട്ടർ. കാതുകളെന്നതുപോലെ സ്ത്രീകളുടെ ചുണ്ടുകൾ കൂടെ തുളച്ചു മൂന്നു ദ്വാരങ്ങളിലും വൃത്തംകൂട്ടുന്നതകെ ധരിക്കുകയാണു അഴകെന്നു പാസഫിക്കു ദ്വീപങ്ങളിലുള്ള ചില കിരാതന്മാരുടെ പക്ഷം. ഇങ്ങനെസമുദായങ്ങൾ തമ്മിൽതമ്മിലുള്ള രുചിഭേദംപറഞ്ഞാൽ അവസാനിക്കുകയില്ല. സമുദായം ഒരു അവസ്ഥയിൽനിന്നു മറെറാരു അവസ്ഥയെ പ്രാപിക്കുന്നതിനോടുകൂടെ സമുദായങ്ങളുടെ അഭിപ്രായങ്ങളും കാലത്തിന്നനുസരിച്ചു മാറിപ്പോവുകയാണു. നമ്മുടെ സമുദായത്തിൽ ഈ കാലങ്ങളിൽ നടപ്പായിരിക്കുന്ന ആചാരങ്ങളും മര്യാദകളും യുക്തി എത്രയും ചേൎന്നവയാകുന്നു എന്നു നാം പലപ്പോഴും ഭ്രമിച്ചുപോകാറുണ്ടു്. എന്നു തന്നെയല്ല നമ്മുടെ ആചാരങ്ങളും മര്യാദകളും തന്നെയോ, അല്ലെങ്കിൽ അതുകൾക്കു അനുസരിച്ചോ, ആയിരിക്കും അന്യസമുദായങ്ങളിലും നടപ്പ് എന്നു കൂടെയും നാം മനസ്സറിയാതെ സങ്കല്പിക്കുക പതിവാണു്. എന്നാൽ ഈ വിചാരം എത്രയും അബദ്ധമായിട്ടുള്ളതത്രെ. പരിഷ്കാരദശയിൽ നമ്മേക്കാൾ ഉയൎന്നിട്ടുള്ളവരും നമ്മുടെ നിലയിൽ എത്തീട്ടില്ലാത്തവരും ഈ രണ്ടു വകക്കാരും സാമൂഹ്യങ്ങളായും മററും ഉള്ള എല്ലാ നടപടികളിലും നമ്മിൽ നിന്നു ഭേദിച്ചാകുന്നു ഇരിക്കുന്നതു്. മനുഷ്യായുസ്സിൻെറ പ്രധാന ഘട്ടങ്ങളോടു സംബന്ധിച്ചു ചില അപരിഷ്കൃതന്മാർ അനുഷ്ഠിച്ചു

പോരുന്ന ആചാരങ്ങളെയും മൎയ്യാദകളെയും എടുത്തു കാണിച്ചു മേല്പറഞ്ഞ സിദ്ധാന്തത്തെ വിശദീകരിയ്ക്കുന്നതിനാകുന്നു എന്റെ പുറപ്പാടു.

## ൧. ശിശുജനനം സംബന്ധിച്ച ആചാരങ്ങൾ.

പ്രസവിക്കുക എന്നുള്ള കൎമ്മം പരിഷ്കൃതസമുദായങ്ങളിലെന്നവണ്ണം തന്നെ അപരിഷ്കൃതസമുദായങ്ങളിലും സ്ത്രീകൾ തന്നെയാണു നടത്തുക പതിവു്. 'അബ്രഹാം ഇസ്ഹാക്കെ പെററാൻ, ഇസ്ഹാക്കു യാക്കോബെ പെററാൻ' എന്നിങ്ങനെ ക്രിസ്തീയവേദങ്ങളുടെ തമിഴു തൎജ്ജിമയിൽ ഉള്ള ഒരു ഭാഗത്തിൽ നിന്നു പഴയ കാലങ്ങളിൽ പുരുഷന്മാരായിരുന്നു പ്രസവിച്ചതെന്നും എന്നാൽ ഇക്കാലങ്ങളിൽ ആ പ്രയത്നമേറിയ പ്രവൃത്തിയെ സ്ത്രീകളിലേക്കായി നീക്കി വെച്ച ഈശ്വരൻ സ്തുത്യൻ ആകുന്നു എന്നും ഒരുപദേശി പണ്ടൊരിക്കൽ പ്രസംഗിച്ചതായി കേട്ടുകേൾവിയുള്ളതു ചിരിക്കാൻ ഉപയോഗപ്പെട്ടുമെന്നല്ലാതെ വാസ്തവമല്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ 'പെററുകിടക്കുക' എന്ന ക്രിയ പുരുഷന്മാർ അനുഷ്ഠിക്കേണ്ടതായ അപരിഷ്കൃതസമുദായങ്ങൾ അനവധിയുണ്ടു്. വെസ്റ്റിൻഡീസിലുള്ള കറീബന്മാരെ സംബന്ധിച്ച ഒരു പ്രസംഗാംശത്തിൽ, ന്യൂറേർ എന്നൊരുവൻ ഇങ്ങനെ എഴുതിയിരിക്കുന്നു—ഇവരുടെ ഇടയിൽ പ്രസവശേഷം സ്ത്രീ 'പെററുകിടന്നു' കഷ്ടപ്പെടണമെന്നുള്ള ആവശ്യം ഇല്ല. അവൾ ഉടനേ തന്നെ പതിവുപോലുള്ള പണികളിൽ പ്രവേശിച്ചു തുടങ്ങുന്നു. എന്നാൽ അവളുടെ ഭൎത്താവു് സുഖക്കേടു നടിച്ചു കിടക്കുകയും, രോഗിയായ ഈ മനുഷ്യനെ കാണ്മാനായി അന്യന്മാർ വന്നുതുടങ്ങുകയും, മുറപോലെ ചികിത്സകൾ ആരംഭിക്കുകയും ഒക്കെ ബഹളമായി നടന്നു

കൊണ്ടിരിക്കും. ഈ ഏൎപ്പാടുകളെ ഒരു നേരംപോക്കായിട്ടും മററും അല്ല അവർ ഗണിക്കുന്നതു്. പൊറുകിടക്കുന്ന പുരുഷൻ സഹിക്കേണ്ട കഷ്ടപ്പാടുകൾ അനവധിയാണു്. ആദ്യത്തെ അഞ്ചുദിവസം അയാൾ യാതൊന്നും ഭക്ഷിക്കാതെ കഴിക്കണം. പിന്നത്തെ അഞ്ചുദിവസങ്ങളിൽ, ഒരുവക ദ്രാവകം മാത്രം നൽകപ്പെടും. ഇതിൽ ശരീരപോഷണത്തിന്നു ആവശ്യങ്ങളായ വസ്തുക്കൾ തുലോം കുറവായിരിക്കുകയാൽ, ഈ അഞ്ചു ദിവസങ്ങളും ഒരുവിധം ഉപവാസം തന്നെ എന്നു പറയേണ്ടിയിരിക്കുന്നു. പിന്നെ ഒരു മാസത്തേക്കു ഈ പാനീയവും മരച്ചീനിപോലെയുള്ള ഒരുവക കിഴങ്ങും മാത്രം ആയിരിക്കും ആഹാരം. ഈ കിഴങ്ങിൻെറ അകത്തുഭാഗം ചുരണ്ടിയോ മററോ എടുത്താണു് പൊറുകിടക്കുന്ന പുരുഷന്നു കിട്ടുന്നതു്. ഈ കിഴങ്ങിൻെറ പുറം മാത്രം ഒരു തൊപ്പിപോലെ ശേഷിക്കും. ഇങ്ങനെയുള്ള തൊണ്ടുകൾ ഈ പുരുഷൻെറ വ്രതാനുഷ്ഠാനത്തിൻെറ നാല്പതാം ദിവസം ഉണ്ടാകുന്ന ഒരു സദ്യയിൽ ഉപയോഗിക്കപ്പെടേണ്ടവയാകയാൽ അതുകളെ അവർ പ്രത്യേകം സൂക്ഷിച്ചുകൊള്ളുന്നു. ഈ സദ്യയ്ക്കു വന്നുചേരുന്ന ആളുകൾ ആദ്യമായി ചെയ്യേണ്ട കൎമ്മം, പൊറു കിടക്കുന്ന പുരുഷൻെറ സൎവ്വാംഗങ്ങളേയും അസ്ഥിശകലങ്ങളെക്കൊണ്ടും മൃഗദന്തങ്ങളെക്കൊണ്ടും കുത്തി മുറിച്ചു രക്തം പുറപ്പെടുവിക്കുക എന്നുള്ളതാകുന്നു. ഇതിൻെറ ശേഷം ആ ദിക്കിലുണ്ടാകുന്ന ഒരുതരം കുരുമുളകു ഇട്ടു വെള്ളം വെന്തു, അവർ ഈ പുരുഷനെ കുളിപ്പിക്കുന്നു. ഈ മുളകുവെള്ളം മുറിവുകളെ സ്പൎശിക്കുമ്പോൾ ഉണ്ടാകുന്ന വേദന കഠിനമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതിനെ സഹിക്കാതെ പ്രലപിക്കുന്നതിന്നോ മറേറാ ആരംഭിക്കുന്ന പുരുഷൻ ഭീരുവെന്നും പാപിഷ്ഠനെന്നും മററും തൽക്ഷണം അധിക്ഷേപിക്കപ്പെ

ട്ടം. സ്നാനാനന്തരം അവർ അയാളെ ഭദ്രമായി പിന്നെയും മുമ്പിലത്തെപ്പോലെ കിടത്തിയതിന്റെ ശേഷമാണു് നൃത്യം തമാശകളും ഒക്കെ ഉണ്ടാകുന്നതു്. പിന്നെയും ചില ദിവസങ്ങൾ കൂടെ ഇങ്ങനെ കിടന്നു കഴിച്ചുകൂട്ടിയാൽ എഴുന്നേല്പാനും നടപ്പാനും എല്ലാം ഈ പുരുഷനു അനുവാദം സിദ്ധിക്കുന്നു. എങ്കിലും ഈയാൾ ആറുമാസകാലത്തേക്കു ചില ചില പ്രത്യേകപക്ഷികളേയും മത്സ്യങ്ങളേയും ഭക്ഷിച്ചുകൂടാ എന്നു ഒരു നിബന്ധന ഉണ്ടു്. ഇങ്ങനെയുള്ള വ്രതത്തിനു എന്തെങ്കിലും ഒരു ഭംഗം വന്നാൽ ശിശുവിനു ദോഷം സംഭവിക്കുമെന്നാണു അവരുടെ വിശ്വാസം. ഈ കാലാവധിയിൽ പിതാവു ഞണ്ടിനേയോ ആമയേയോ ഭക്ഷിച്ചാൽ, ഈ ജന്തുക്കളെപ്പോലെ ശിശു ചെകിടനായും ബുദ്ധിഹീനനായും ഭവിക്കും. എന്നിങ്ങനെ അവരുടെ ഇടയിലുള്ള അന്ധവിശ്വാസങ്ങൾക്കു ഒരു കണക്കും കയ്യുമില്ല.

തെക്കേ അമ്മേരിക്കയുടെ കിഴക്കേ തീരത്തുള്ള ഒരു കൂട്ടം കിരാതന്മാരുടെ ഇടയിൽ താമസിപ്പാൻ സംഗതിയായ ഒരു (യൂറോപ്യ) സ്വാന്യപണ്ഡിതൻ പറയുന്നതിനെ കേൾക്കണം. ഞാൻ ഇവരിൽ ചിലരെക്കൊണ്ടു ഒരു വീടു കെട്ടിക്കുകയായിരുന്നു. പതിവുള്ള ഭക്ഷണത്തിനുവരാതെ ഒരുദിവസം വൈകുന്നേരം അവരിൽ ഒരുവൻ പൊയ്ക്കൂളത്തുകൊണ്ടു് 'എന്താണു അവനു സുഖമില്ലേ' എന്നു ഞാൻ ചോദിച്ചു. 'സുഖക്കേടൊന്നുമില്ല, അവന്റെ ഭാര്യ ഇന്നു പ്രസവിച്ചു. ഈ വക ഭക്ഷിച്ചാൽ ശിശു മരിച്ചു പോകുന്നതാണു്'' എന്നായിരുന്നു മറുപടി. 'ഞങ്ങളുടെ സ്ത്രീകൾ പ്രസവിക്കുമ്പോൾ ഉപവാസവും ഒരു കന്നവും ഞങ്ങൾ ആചരിക്കുന്നില്ല' എന്നു പിന്നെയും ഞാൻ പറഞ്ഞതിനു 'നിങ്ങൾ സ്വാന്യക്കാരല്ലേ, ഞങ്ങളുടെ ജാതിക്കാരല്ല

ല്ലോ' എന്നു നല്ല ചങ്കുറപ്പോടുകൂടെ അവരിൽ ചിലർ വാദിച്ചു. ഇതുകൊണ്ടും ഞാൻ മടങ്ങിയില്ല. അവരിൽ കുറെ വിവരമുള്ളവനെന്നു എനിക്കു തോന്നിയ ഒരുവനെ അടുക്കൽ വിളിച്ചു ഈ സംഗതിയെപ്പററി പിന്നെയും സാവധാനത്തിൽ ഇങ്ങനെ ചോദിച്ചു. 'ചങ്ങാതി! ഇതിൻെറ വാസ്തവം പറയണം. ശിശുജനനത്തിങ്കൽ ഞങ്ങൾ സന്തോഷിക്കുകയാണ്. വിരുന്നു സല്ക്കാരവും നൃത്തവും ഒക്കെ പൊടിപൂരമായി ഉണ്ടാവും. നിങ്ങൾ എന്താണിങ്ങിനെ പട്ടിണികിടക്കുന്നതു്?' ഇതിങ്കലും ആ കിരാതനു യാതൊരു തോലിയും ഉണ്ടായില്ല. ഭക്ഷണപാനീയങ്ങളെപ്പററി പിതാവു പ്രത്യേകം സൂക്ഷിക്കാഞ്ഞാൽ, തന്നിൽനിന്നു അങ്കുരിക്കുകയും, തൻെറ അംശമായിരിക്കുകയും ചെയ്യുന്ന ശിശുവിന്നു തീച്ചയായും മരണമോ രോഗമോ സംഭവിച്ചേക്കാവുന്നതാണ് എന്നുള്ള അവൻെറ വിശ്വാസം എത്രയും ഉറച്ചതായിരുന്നു.

ഡോബ്രിഹോഫർ എന്ന ജസ്വിത്തു മിഷ്യനരിയും, തെക്കെ അമേരിക്കരുടെ ഇടയിൽ പല ഇടങ്ങളിലും ഈ ആചാരം ഉണ്ടെന്നുള്ളതിന്നു സാക്ഷിയാണ്. ഭാൎയ്യ പ്രസവിച്ചിരിക്കുന്നതു നിമിത്തം തനിക്കു പുകയിലപ്പൊടി വേണ്ടാ എന്നും, അതു വലിച്ചാൽ തനിക്കുണ്ടാകുന്ന തുമ്മൽ ശിശുവിന്നു ഉപദ്രവകരമായി ഭവിച്ചേക്കുമെന്നും ഒരു കിരാതൻ ഈ മിഷ്യനരിയോടു തന്നെ പറകയുണ്ടായി. ആ പ്രദേശങ്ങളിൽ ശിശുക്കളുടെ മരണത്തിനൊക്കെയുംഅച്ഛന്മാരുടെ വ്രതഭംഗത്തെയാണ് കാരണമായി സങ്കല്പിക്കുക പതിവു്. ഭൎത്താവു വെയിൽകൊണ്ടതും, തണുപ്പുകാററു ഏററതും, അതിഭക്ഷണം കഴിച്ചതും മററും കുട്ടികളുടെ മരണത്തിന്നു കാരണമായി പറഞ്ഞുകൊണ്ടു് ശണ്ഠ പിടിക്കുന്ന മാതാക്കന്മാരെ അവിടങ്ങളിൽ മിക്ക ഭവനങ്ങളിലും കാണാം.

അസ്വാഭാവികമെന്ന പ്രത്യക്ഷമായിരിക്കുന്ന ഈ ആചാരം എങ്ങനെ ഉണ്ടായി എന്നുള്ളതിനെപ്പററി പണ്ഡിതന്മാർ ഇന്നും ഭിന്നാഭിപ്രായക്കാരായിട്ടാണിരിക്കുന്നതു്. ബക്കോഫൻ എന്ന പണ്ഡിതൻെറ മതത്തെ പലരും ആദരിക്കുന്നുണ്ടു്. പിതൃനിർണ്ണയം ചെയ്യുന്നതിനു നിവൃത്തി ഇല്ലാതിരുന്നതുകൊണ്ടോ എന്തോ, ശിശുക്കൾ മാതൃസ്വത്തായിട്ടും മാതാക്കന്മാരുടെ കുടുംബത്തിൽ ചേർന്നവരായിട്ടും ഗണിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു എന്നു ഇങ്ങനെയുള്ള വിഷയങ്ങളെപ്പററി പ്രത്യേകം അന്വേഷണം ഉള്ള വിദ്വാന്മാർ എല്ലാവരുംതന്നെ സമ്മതിക്കുന്നുണ്ടെന്നു തോന്നുന്നു. ഈ അവസ്ഥയിൽ സമുദായം ദീർഘകാലം ഇരുന്നതിൻെറ ശേഷം മാത്രമാണു ശിശുക്കൾ പിതാക്കന്മാരുടെ വംശത്തിലാണു് ഗണിക്കപ്പെടേണ്ടതെന്നുള്ള നവീനന്മാരുടെ അഭിപ്രായത്തിനു പ്രാബല്യം ഉണ്ടായതു്. അങ്ങനെയാണെങ്കിൽ, മാതൃഭരിതാവസ്ഥയിൽ നിന്നു പിതൃഭരിതാവസ്ഥയിലേക്കു പ്രവേശിച്ചു തുടങ്ങുന്ന ഒരു ഘട്ടം, ഒരു സമുദായത്തിൻെറ പരിണാമപദ്ധതിയിൽ അവശ്യം ഉണ്ടായിരിക്കണം. ഈ പ്രത്യേകഘട്ടത്തിലിരിക്കുന്ന സമുദായങ്ങളിലാകുന്നു, പുരുഷന്മാർ സ്ത്രീ വൃത്തിയെ ആചരിക്കുന്ന ഏർപ്പാടുകൾ കാണപ്പെടുന്നതു എന്നാകുന്നു ബക്കോഫൻെറ പക്ഷം. ഈ പ്രത്യേകഘട്ടത്തിൽ ഇങ്ങനെയുള്ള അസ്വാഭാവികങ്ങളായ ആചാരങ്ങൾ കാണപ്പെടുന്നതിനു അദ്ദേഹം പറയുന്ന ന്യായം ശരിയാണെങ്കിലും അല്ലെങ്കിലും, കേൾവിയിൽ ഒട്ടൊക്കെ ചേർച്ചയുള്ളതായി തോന്നുമെന്നുള്ളതു് സമ്മതിക്കപ്പെടുന്നതാണു്. മാതൃകുടുംബത്തിൻെറ സ്വത്തായി അനേകം അനേകം വത്സരങ്ങളായി ഗണിക്കപ്പെട്ടുപോന്ന കുട്ടികളെ, പിതൃകുടുംബത്തിൻെറ വകയായി ഗണിക്കുന്നതിനു ആരംഭിയ്ക്കുന്ന ഒരു അവസ്ഥയിൽ എത്തി

യിരിക്കുന്ന ഒരു സമുദായം ആകുന്നുവല്ലൊ ഇവിടെ ആലോചനാവിഷയമായിരിക്കുന്നതു്. * ഇങ്ങനെ പാരമ്പര്യത്തിനു വിരോധമായ ഒരു ഏൎപ്പാടു അപരിഷ്കൃതന്മാരായ കിരാതന്മാൎക്കു ഒരു വലിയ യുക്തിഭംഗമായി തോന്നിയിരിക്കണം. ആ യുക്തിഭംഗത്തിനു ഒരു പരിഹാരമായിട്ടെന്നതുപോലെയാണു് പുരുഷന്മാർ സ്ത്രീവൃത്തിയെ ആചരിക്കണമെന്നുള്ള ചട്ടം നടപ്പായതു്. മാതൃസ്വത്തായി ഗണിക്കപ്പെട്ട ശിശു പിതൃസ്വത്തായി ഗണിക്കപ്പെടണമെങ്കിൽ, ശിശു തന്റെ സ്വത്താകുവാൻ മാതാവു എന്തെല്ലാം അനുഷ്ഠിച്ചിരുന്നുവോ, അതുകളിൽ പാടുള്ളേടത്തോളം സംഗതികളെ പിതാവു അനുഷ്ഠിക്കണമെന്നു വിധിക്കുന്നതു ഒരു വിധത്തിൽ യുക്തിയുക്തമായിട്ടുതന്നെ സങ്കല്പിക്കപ്പെടണം. ഈ വിധമായ ഒരു അഭിപ്രായത്തിന്റെ ഫലമായിട്ടാണു് അച്ഛന്മാർ പെറു കിടക്കണമെന്നുള്ള ചട്ടം പല സമുദായങ്ങളിലും ആരംഭിച്ചതു്.

ബക്കോഫന്റെ ഈ അഭിപ്രായം സയുക്തികമായിരിക്കുന്നു എന്നുള്ളതിനു സംശയമില്ല. എന്നാൽ അതു മുഴുവനും ശരിയെന്നു സ്വീകരിക്കപ്പെട്ടുകൂടാത്തതാകുന്നു എന്നു തോന്നിക്കുന്ന ചില ലക്ഷ്യങ്ങൾ ഉണ്ടു്. ഇംഗ്ലണ്ടിനു വടക്കുപടിഞ്ഞാറു കിടക്കുന്ന ഗ്രീൻലണ്ടു ദ്വീപത്തിലെ ആളുകളുടെ ഇടയിൽ പുരുഷൻ മാത്രമല്ല സ്ത്രീയും കൂടെ പാരവശ്യംനടിച്ചു പെറുകിടക്കുന്നതായി അറിയപ്പെട്ടിരിയ്ക്കുന്നു. ബക്കോഫിന്റെ മതം ശരിയാണെങ്കിൽ സ്ത്രീ

* മാതൃസ്വത്തായ ശിശു പിതൃസ്വത്തായി ഗണിക്കപ്പെട്ടുവാൻ സംഗതിയായതു എങ്ങിനെയാണെന്നുള്ള വിഷയാന്തരപ്രവേശം ഇവിടെ ചെയ്യുന്നില്ല.

അസ്വാതന്ത്ര്യമാകുവാൻ മാൎഗ്ഗമില്ല. പുരുഷനെപ്പോലെതന്നെ സ്ത്രീയും വിശ്രമിക്കണമെന്നുള്ള പ്രമാണം, ഗയാനാ രാജ്യനിവാസികളുടെ ഇടയിലും അനുസരിക്കപ്പെടുന്നുണ്ടു്. അച്ഛനും അമ്മയും പണി ഒന്നും എടുക്കരുതു്. ചൂടുവെള്ളമെ കുടിക്കാവൂ. ദേഹം ചൊറിയുന്നതു വല്ല ഓലപ്പൊളികൊണ്ടൊ മററൊ അല്ലാതെ നഖംകൊണ്ടു ചെയ്യരുതു്. എന്നൊക്കെയാണു കുട്ടിക്കു ദോഷം തട്ടാതിരിപ്പാനായി അവർ ചെയ്യുന്ന മുൻകരുതലുകൾ. പുരുഷൻ ഇങ്ങനെയുള്ള കഷ്ടപ്പാടുകൾ ഒക്കെയും സഹിക്കുന്നുണ്ടെങ്കിലും ഈ ഗയാനനിവാസികളുടെ ഇടയിൽ ശിശു മാതൃകുലത്തിൽ തന്നെയാണു ചേരുന്നതു്. ഠരം വാസ്തവംകൊണ്ടു വെളിപ്പെടുന്നതു ബക്കോഫന്റെ അഭിപ്രായം അബദ്ധമാണെന്നാണു്. അറവാക്കന്മാർ എന്ന ജാതിക്കാരിലും പുരുഷന്മാർ പെററു കിടക്കുക പതിവാണെങ്കിലും മാതൃഭരണമാണു നടപ്പു്. ആയതിനാൽ ഠരം ആചാരവിശേഷത്തിനു ഉത്ഭവകാരണമായി ബക്കോഫർ പറയുന്ന അഭിപ്രായത്തിൽ ന്യൂനതകൾ ഉണ്ടെന്നു പലരും വാദിക്കുന്നു.

ബക്കോഫന്റെ മതത്തെ നിരസിക്കുന്നവരിൽ പ്രഥമഗണനീയനാണു മിസ്റ്റർ ടയിലർ. അപരിഷ്കൃതന്മാരുടെ മനസ്സിനു സൎവ്വസാധാരണമായ ഒരു വക അജ്ഞതയിൽനിന്നു ജനിക്കുന്നതാണു് ഈ ആചാരം എന്നത്രെ ഠരം വിദ്വാൻ പ്രസംഗിക്കുന്നതു്. യാതൊരുവിധത്തിലെങ്കിലും അല്പമായിട്ടായാലും സംബന്ധമുള്ള രണ്ടു വസ്തുക്കൾ തമ്മിൽ അല്പം മാത്രമല്ല സൎവ്വപ്രകാരത്തിലും സംബന്ധമുള്ളതായിട്ടു മാത്രം അവയെപ്പററി ചിന്തിക്കാവുന്ന അവസ്ഥയിലാകുന്നു അപരിഷ്കൃതന്മാരുടെ മനസ്സുകൾ ഇരിക്കുന്നതെന്നുള്ളതു സമ്മതിക്കപ്പെടേണ്ടു ഒരു വിഷയം അ

ത്രേ. അപരിഷ്കൃതന്മാരുടെ ഇടയിൽ ക്ഷുദ്രപ്രയോഗത്തിലുള്ളവിശ്വാസം വളരെ പ്രബലപ്പെട്ടിരിക്കുന്നതിന്റെ കാരണവും ഇതുതന്നെയാണ്. ഏതൊരു മനുഷ്യനെ ഉപദ്രവിക്കണമെന്നു ആഗ്രഹിക്കുന്നുവോ, ആ മനുഷ്യന്റെ നഖമൊ മുടിയൊ മൂത്രമൊ തുപ്പലൊ വസ്ത്രഖണ്ഡമൊ (ഇതെല്ലാം കൂടിയൊ) എടുത്തു കൊണ്ടുവന്നു അതുകളിൽ ഓരോന്നിനേയും (അല്ലെങ്കിൽ അതുകൾ എല്ലാവറേറയും കൂടെ) അടിക്കുകയൊ, പൊടിക്കുകയൊ, ദഹിപ്പിക്കുകയൊ ചെയ്യുകയാകുന്നു ആഭിചാരികന്മാർ സാധാരണ ചെയ്യുന്നതു. ഈ വസ്തുക്കൾക്കു ഓരോതരത്തിൽ ആ പ്രത്യേകമനുഷ്യനോടു സംബന്ധമുള്ളതിനാൽ, ഠരം വസ്തുക്കൾക്കു പററുന്ന നാശത്തിനനുസരിച്ചു ആ മനുഷ്യന്റെ ശരീരത്തിനും ഹാനി ഉണ്ടാകുമെന്നാണു അവരുടെ സങ്കല്പം. ഛായ എടുപ്പിക്കുന്നതിനു ഠരം ദിക്കുകളിൽതന്നെ വലരും (പണംകൊടുക്കണമെന്നുള്ളതുകൂടാതെ) വിരോധം നടിക്കുന്നതിന്റെ കാരണം സൂക്ഷ്മമാലോചിച്ചാൽ ഇതുതന്നെയാണ്. മനുഷ്യമുഖവും തച്ഛായയും തമ്മിൽ ആകൃതിയിൽ വിസ്മയനീയമാകുംവണ്ണം സമമായിരിക്കുന്നു. മുഖവും തച്ഛായയും തമ്മിൽ എന്തോ ഒരു സംബന്ധമുണ്ടെന്നും ആയതിനാൽ ശത്രുക്കൾ ഛായ പതിഞ്ഞിരിക്കുന്ന കടലാസിനെ കീറുകയൊ മുറിക്കുകയൊ ചെയ്യുന്നതായാൽ ഛായയ്ക്കു മൂലമായ മനുഷ്യനും ജീവഹാനി ഉണ്ടായേക്കുമെന്നും ആകുന്നു സാധാരണന്മാർ ചെയ്യുന്ന അനുമാനം. അപരിഷ്കൃതന്മാരുടെ ഈഅഭിപ്രായം പിതൃപുത്രസംബന്ധത്തിൽ എങ്ങനെ പ്രവൎത്തിക്കുമെന്നു ചിന്തിക്കുക. ശിശുവിന്റെ സുഖദുഃഖങ്ങളെക്കുറിച്ചു പിതാവു സാധാരണ അത്യധികമായ അന്വേഷണമുള്ളവനാകുന്നു. ഇതു പക്ഷിമൃഗാദികളിൽ എന്നതുപോലെ മനുഷ്യരിലും ഠരംശപരനി

ക്ഷിപ്തമായ ഒരു ഗുണമെന്നു മാത്രമേ വാസ്തവത്തിൽ വിചാരിക്കപ്പെടേണ്ടതുള്ളു. എന്നാൽ ഈ വിചാരം അപരിഷ്കൃതന്മാരുടെ മനസ്സിൽ ഉണ്ടാകുന്നില്ല. പിതാവും ശിശുവും തമ്മിൽ ഏതൊ ഒരു വക സംബന്ധമുണ്ടെന്നുള്ളതു വിദ്യാവിഹീനനായ കിരാതനു പ്രത്യക്ഷമായിരിക്കുന്നു. ആയതിനാൽ ഈ രണ്ടാളുകളും തമ്മിൽ ദൃഷ്ടിക്കു വിഷയമാകാത്തതെങ്കിലും ശരീരമായിട്ടുതന്നെയുള്ള ഒരു സംബന്ധം അവശ്യം ഉണ്ടായിരിക്കേണ്ടതാകുന്നു എന്നുള്ള ഒരു ഭ്രമം അവൻെറ മനസ്സിൽ ജനിക്കുന്നു. ഈ മിഥ്യാഭ്രമം പ്രബലമായുള്ള സമുദായങ്ങളിൽ പിതാവിൻെറ ഭോജനപാനീയങ്ങൾ മുതലായവയുടെ ഗുണദോഷങ്ങൾ ശിശുക്കളിൽ കൂടെയും ഫലിക്കുന്നതാകുന്നു എന്നും ആയതിനാൽ കാററു, വെയിൽ, അമിതഭോഗം മുതലായവയെ പിതാവു ഉപേക്ഷിച്ചിരിക്കേണ്ടതാകുന്നു എന്നും ഉള്ള വിശ്വാസങ്ങളും ഈ വിശ്വാസത്തിൻെറ ഫലങ്ങളായി മേൽ കാണിക്കപ്പെട്ടവപോലെയുള്ള ആചാരങ്ങളും ഉണ്ടാകാമെന്നുള്ള മിസ്റ്റർ ടയിലറിൻെറ മതം സുഗ്രാഹ്യമായിരിക്കുന്നു എന്നുതന്നെ പറയപ്പെടേണം. അച്ഛനെപ്പോലെതന്നെ അമ്മയും വ്രതം അനുഷ്ഠിക്കണമെന്നു നിർബ്ബന്ധിക്കുന്ന സമുദായങ്ങൾ അവർ രണ്ടാളുകളോടും ശിശുവിനുള്ള സംബന്ധത്തെ ഗണിക്കുന്നുണ്ട് എന്നുള്ളതല്ലാതെ മിസ്റ്റർ ടയിലറിൻെറ അഭിപ്രായത്തെ ഖണ്ഡിക്കുന്ന ദൃഷ്ടാന്തങ്ങളായി വിചാരിക്കപ്പെടാമെന്നു തോന്നുന്നില്ല.

വിവാഹകൎമ്മത്തിൻെറ ഗൌരവം, ആ കൎമ്മസംബന്ധിച്ച ഈശ്വരപ്രാൎത്ഥന മുതലായ വിധികൾ ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള സ്നേഹസംബന്ധത്തിൻെറ അഗാധത എന്നിതുകൾ പരിശുദ്ധങ്ങളായിട്ടാണല്ലോ നമ്മുടെ സഹോ

യത്തിലും നമുക്ക അധികം പരിചയമുള്ള അന്യസമുദായങ്ങളിലും ഗണിക്കപ്പെട്ടിരിക്കുന്നതു്. ഒരുവന്റെ ആയുസ്സിൽ സംഭവിക്കാവുന്ന ചില വലിയ സംഗതികളിൽ ഒന്നായിട്ടുതന്നെയാണു്, എല്ലാ പരിഷ്കൃതന്മാരും വിവാഹകർമ്മത്തെ ആചരിച്ചുപോരുന്നതു് എന്നുള്ളതിനു സംശയമില്ല. സ്ത്രീപുരുഷന്മാരെ ഭാര്യാഭർത്താക്കന്മാരായി ഘടിപ്പിക്കുന്നതിനു വൈദികന്മാരും പുരോഹിതന്മാരും കൈ ആവശ്യമാണെന്നുവച്ചിരിക്കുന്നതിൽ നിന്നുതന്നെ പരിഷ്കൃതസമുദായങ്ങൾ ഈ കർമ്മത്തെ എത്രയുംഗൌരവാവഹമായിട്ടാകുന്നു സങ്കല്പിച്ചിരിക്കുന്നതു എന്നു തെളിവാകുന്നുണ്ടു്. എന്നാൽ ഏതൊരു അവസ്ഥയിൽ ഇരിക്കുന്ന സമുദായവും ഈ കർമ്മത്തെ ഇങ്ങിനെ ഒരു വലിയ സാംഗതിയായി ഗണിക്കുന്നുണ്ടെന്നു ആരെങ്കിലും ഭ്രമിച്ചുപോകരുതു്. അനേകം അപരിഷ്കൃതസമുദായങ്ങൾ വിവാഹകർമ്മത്തെ അനുഷ്ഠിക്കുന്നതു നാം സ്വപ്നം കൂടെ കാണുകയില്ലാത്ത ഓരോ സമ്പ്രദായങ്ങളിലാണു്. ചില ദൃഷ്ടാന്തങ്ങൾ പറയട്ടെ.

മദ്രാസ് സംസ്ഥാനത്തിനു വടക്കുഭാഗത്തിൽ കിടക്കുന്ന ഒറീസ്സാ രാജ്യത്തിൽ കൊണ്ടന്മാർ എന്നൊരുകൂട്ടം ജനങ്ങൾ ഉണ്ടു്. അവരുടെ ഒരു വിവാഹരീതിയെ കാംബ്വൽ എന്ന ആംഗലസേനാനി ഒരിക്കൽ കാണുവാൻ സംഗതിയായി. അദ്ദേഹം കുതിരപ്പുറത്തു ഒരു സവാരി പോകുയായിരുന്നു. വഴിമദ്ധ്യേ ഒരു സ്ഥലത്തിൽ ഒരു ആൾക്കൂട്ടവും ബഹളവും കണ്ടതിനാൽ വല്ല കലപാതകമൊ മറോ ആയിരിക്കുമെന്നു സംശയിച്ചു അദ്ദേഹം അവിടെ എത്തി. പട്ടിൽ പൊതിഞ്ഞ ഒരു ചുമടു എടുത്തുകൊണ്ടു ഒരു ചെറുപ്പക്കാരൻ നില്പുണ്ടു്. അവന്റെ സഹായികളായി ഒരു ഇരുപത്തഞ്ചു ആളുകൾ അടുത്തും നില്ക്കുന്നു. ചെറുപ്പക്കാരാ

യ ചില സ്ത്രീകൾ ദൂരത്തിൽ നിന്നു ഇവരെ കല്ലുകൾ കൊണ്ടും കമ്പുകൾകൊണ്ടും എറിയുകയും നിലവിളിക്കുകയും ചെയ്യുന്നു. ഇതൊക്കെയും എന്തിനാണെന്നു അടുത്തു നിന്ന ചിലരോടു ചോദിച്ചപ്പോളല്ലെ കാൎയ്യം വെളിക്കുവന്നത്. ആ ചെറുപ്പക്കാരൻ വഹിച്ചിരുന്നതു ഒരു സ്ത്രീയാണ്. അവൻ അവളെ ആ നാട്ടുനടപ്പനുസരിച്ചു കല്യാണം കഴിക്കുകയായിരുന്നു. ദൂരത്തിൽ നിന്നു ബഹളം കൂട്ടിയ സ്ത്രീകൾ വധുവിൻെറ ഇഷ്ടകളാണ്. കന്യകയെ അപഹരണം ചെയ്യുന്നതുപോലെ ഭൎത്താവും ഈ ആപത്തിൽ നിന്നു അവളെ രക്ഷിപ്പാൻ കഴിയുന്ന പ്രയത്നം ഒക്കെയും ചെയ്യുന്നപോലെ കന്യകയുടെ ബന്ധുക്കളും നടിക്കണമെന്നുള്ളതാണു ആ ദിക്കുകാരുടെ ഇടയിൽ വിവാഹകൎമ്മത്തിൻെറ സമ്പ്രദായം. സ്ത്രീയെ വഹിച്ചുംകൊണ്ടു പുരുഷൻ തൻെറ ഗൃഹത്തിൽ എത്തുന്നതുവരെയും കുറെ സ്ത്രീകൾ ഇങ്ങനെ വിരോധഭാവം നടിച്ചു പുരുഷന്മാരെ അനുഗമിക്കണമെന്നാണ് ഏൎപ്പാടു്.

ഗാരുന്മാർ എന്ന വൎഗ്ഗക്കാരുടെ വിവാഹരീതിയും നല്ല നേരമ്പോക്കുള്ളതാണ്. ഇന്ന പുരുഷൻ ഇന്ന സ്ത്രീയെ വിവാഹം ചെയ്യണമെന്നുള്ള നിശ്ചയം ആദ്യമായിട്ടുതന്നെ നടക്കുന്നു. അതിൻെറ ശേഷം കന്യക കുറെ ഭക്ഷണസാധനങ്ങളുമെടുത്തു അടുത്തുള്ള വല്ല കാട്ടിലേക്കും ഒളിച്ചോടുന്നു. അവളെ അന്വേഷിക്കുന്നു എന്നൊ പിൻതുടരുന്നു എന്നൊ ഉള്ള നാട്യത്തിൽ പുരുഷൻ പിന്നാലെ എത്തണം. കാട്ടിൻെറ ഏതുഭാഗത്തായിരിക്കും അവൾ പോയിരിക്കുന്നതെന്നു മുമ്പേതന്നെ അറിവുള്ളതിനാൽ പുരുഷനു വലിയ കഷ്ടപ്പാടൊന്നുമില്ലെന്നു പറയേണ്ടല്ലൊ. മൂന്നു നാലു ദിവസങ്ങളുടെ ശേഷം രണ്ടാളും കൂടെ ആൾ പാൎപ്പുള്ള ഇടത്തേക്കു തിരിച്ചു വരികയും, അവിടെവെച്ചു രണ്ടു ഭാഗക്കാരുടേ

യും ആളുകൾ തമ്മിൽ ഒരു യുദ്ധം അഭിനയിക്കുകയും ചെയ്തു കഴിയുമ്പോൾ വിവാഹകർമ്മം പരിപൂർണ്ണമായി.

മലയാ എന്നു പറയുന്നതു മദ്രാസു പട്ടണത്തിൽ നിന്നു ഉദ്ദേശം മൂന്നു ദിവസത്തെ വഴി കിഴക്കു കിടക്കുന്ന ഒരു രാജ്യമാണ്. അവിടെയുള്ള കാട്ടാളന്മാർക്കു ഭാര്യയെ ലഭിക്കുന്നതിനു കുറെ ഓടാതെ കഴിയുകയില്ല. വധൂവരന്മാരുടെ ആളുകൾ ആദ്യമായിത്തന്നെ ഒരു സ്ഥലത്തിൽ തന്നെ ഒരു സഭ കൂടണം. അവരുടെ മുമ്പിൽ തറയിൽ ഒരു വലിയ വൃത്തം മുമ്പേതന്നെ വരയ്ക്കപ്പെട്ടിരിക്കും. ഇതിന്റെ ചുററിലുമാണു ഓടേണ്ടതു്. കന്യക കുറെ ഓടിയതിന്റെ ശേഷം പിന്നാലെ പുരുഷനും ഓടിത്തുടങ്ങുന്നു. പിടിച്ചാൽ അവൾ ഭാര്യയായി.

സമോവസന്മാർ എന്ന ആളുകളുടെ ഇടയിൽ ബലാല്ക്കാരത്തിന്റെ വേഷങ്ങൾ ആയ പലതും മുൻകാലങ്ങളിൽ നടപ്പുണ്ടായിരുന്നു. ഇപ്പോൾ അധികമൊന്നും ശേഷിച്ചിട്ടില്ല. വരൻ കന്യകയുടെ അച്ഛനേയും അമ്മയേയും ഒരു ചെറിയ വടികൊണ്ടു പതുക്കെ പ്രഹരിക്കണമെന്നു മാത്രമേ ഇപ്പോൾ അവരുടെ ഇടയിൽ നിർബ്ബന്ധമുള്ളു. അച്ഛനും അമ്മയ്ക്കും അല്പമായിട്ടെങ്കിലും ഒരു ദക്ഷിണ കൊടുക്കാതെ സ്ത്രീയെ കല്യാണം കഴിക്കുന്നതിൽ വെച്ച് ഇവർക്ക് ഏതോ സുഖക്കേടുണ്ടെന്നും തോന്നിപ്പോകുന്നു.

ആഫ്രിക്കാരാജ്യനിവാസികളായ മാണ്ടിൻമാരുടെ ഇടയിൽ ഈ വിധമായ വിവാഹം നടപ്പുണ്ടെന്നു മനസ്സിലായിട്ടില്ലായിരുന്നതിനാൽ, ഒരു വെള്ളക്കാരൻ അവിടെവെച്ചു കണ്ട ഒരു സംഗതിയെ തെററിദ്ധരിക്കുന്നതിനിടയായി. അദ്ദേഹം എഴുതിയിരിക്കുന്നതു കേൾക്കണം; "ഒരു പ്രത്യേകകന്യകയെ വിവാഹം ചെയ്യണമെന്നു ഒരു ചെറുപ്പക്കാര

ന ഒരു മോഹമുണ്ടായി. കന്യകയുടെ മാതാവു അവനു അനുവാദവും കൊടുത്തു. ഈ സംഗതിയൊന്നും അറിയാതെ ആ സാധുയുവതി ഒരു ദിവസം സന്ധ്യാസമയത്തിൽ അരി വെച്ചുകൊണ്ടു നിൽക്കുകയിൽ, ഒരു പുരുഷനും മൂന്നുനാലു ആളുകളുംകൂടെ ഓടിച്ചെന്നു അവളെ ബലമായി പിടിച്ചു എടുത്തുകൊണ്ടു ഗമിച്ചു. കഥ മനസ്സിലാകാതെ അവൾ നിലവിളിക്കുട്ടുകയും ചവിട്ടുകയും തൊഴിക്കുകയും ഒക്കെ ചെയ്തിട്ടും—കഷ്ടം ആ കന്യകയുടെ മാതാവും അവിടെ ഉണ്ടായിരുന്ന മററു ആളുകളും ചിരിക്കുക മാത്രമാണു ചെയ്തതു്." ഇദ്ദേഹം കണ്ടതു വാസ്തവത്തിൽ അവിടെ നടപ്പായിരുന്ന ന്യായമായ വിവാഹമായിരുന്നു. അല്ലെങ്കിൽ ആ ഭവനക്കാർ അത്ര ഉദാസീനത കാണിക്കുകയില്ലായിരുന്നു എന്നുള്ളതിനു സംശയമില്ലല്ലോ. ആ പുരുഷന്മാരെ ക്രിമിനലായി ശിക്ഷിക്കേണ്ടതാണെന്നുള്ള ധാരയുടെ ഗൂഢഗതി, ആ കന്യകയ്ക്കു കൂടേയും അല്പംപോലും രുചിയ്ക്കുമായിരുന്നു എന്നു തോന്നുന്നില്ല.

കന്യകയെ ബലാൽക്കാരമായി തട്ടി എടുത്തു വിവാഹം കഴിക്കുന്നു എന്നൊരു നാട്യമാണു, മേല്പറഞ്ഞ എല്ലാ ജാതിക്കാരിലും നടന്നുവരുന്നതു്. ഈ ആളുകളുടെ ഇടയിൽ മാത്രമല്ല ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള അനേകം അപരിഷ്കൃതസമുദായങ്ങളിൽ ഈ കാപട്യം നടത്തപ്പെട്ടുന്നുണ്ടു്. ഈ ആചാരം എങ്ങിനെ ഉത്ഭവിച്ചു എന്നാണു് ഇനിയും ചിന്തിപ്പാനുള്ളതു്.

ഈ ആചാരം എങ്ങനെ ഉത്ഭവിച്ചു എന്നു ശരിയായി മനസ്സിലാകണമെങ്കിൽ വേറെ ഒരു സംഗതി ആദ്യമായി അറിയപ്പെടേണ്ടതുണ്ടു്. മേൽ ദൃഷ്ടാന്തീകരിക്കപ്പെട്ട സമുദായങ്ങളെക്കാൾ നീചാവസ്ഥയിൽ ഇരിക്കുന്ന സമുദാ

യങ്ങളിൽ വിവാഹരീതി എങ്ങിനെയാണെന്നുള്ളതിനെച്ചു റ്റി വല്ല അറിവും നമുക്കു ലഭിച്ചിട്ടുണ്ടോ? അത്യന്താ നീ ചങ്ങളായ സമുദായങ്ങളിൽ നടപ്പായിരിക്കുന്ന വിവാഹരീതി മനസ്സിലാകയാൽ, സമുദായം അഭിവൃദ്ധിയെ പ്രാപിക്കു ന്നതിനോടുകൂടെ വ്യാജയുദ്ധസമ്മിശ്രമായ വിവാഹാചാരം ഉണ്ടാകുവാൻ വല്ല മാൎഗ്ഗവുമുണ്ടോ എന്നു യുക്തിപൂർവ്വം ന മുക്കു ആലോചിക്കാവുന്നതാണല്ലോ.

അതിനീചങ്ങളായ സമുദായങ്ങളെപ്പററി അനേകം സംഗതികൾ ഇനിയും അറിയപ്പെടാനുണ്ടെങ്കിലും, അതുക ളെപ്പററി നാം കേവലം അജ്ഞന്മാരല്ല. പഴയകാലങ്ങ ളിൽ ജീവിച്ചിരുന്ന ചരിത്രകാരന്മാരിൽ നിന്നും ദ്വീപാന്തര നിവാസികളായ കിരാതന്മാരുടെ ഇടയിൽ പരിശോധനന ടത്തിട്ടുള്ള കടൽസഞ്ചാരികളിൽനിന്നും, അപരിഷ്കൃത സമുദായങ്ങളെപ്പററി ദിവസംപ്രതി എന്നപോലെ നമുക്കു അറിവു അധികപ്പെട്ടുവരുന്നുണ്ടു്. ഇങ്ങിനെയുള്ള യാതൊരു മാൎഗ്ഗത്തുടെ നോക്കിയാലും, അത്യപരിഷ്കൃതന്മാരുടെ വി വാഹത്തെപ്പററി നമുക്കു അറിവു വരുന്നതു വിസ്മയജനകമാ യ ഒരു വാസ്തവമത്രെ. അന്യോന്യം അനുരാഗത്തോടുകൂടി ജീവിതകാലത്തെ നയിച്ചുകൊള്ളാമെന്നു പുരുഷനും സ്ത്രീ യും തമ്മിലുള്ള ഒരു അന്യോന്യ പ്രതിജ്ഞയാകുന്നുവല്ലോ വിവാഹകൎമ്മാനുഷ്ഠാനത്തിന്റെ ഫലമായി ഉണ്ടാകുന്നതെ ന്നു നാം സാധാരണ ധരിക്കുന്നതു്. എന്നാൽ ഇങ്ങിനെ ഒരു നടപ്പൊ അഭിപ്രായമൊ ഒന്നും അതിനീചന്മാരായ കി രാതന്മാരുടെ ഇടയിൽ ഇല്ല. പാണ്ടിയിൽനിന്നു കുറച്ചു കിഴക്കു കിടക്കുന്ന ഒരു ദ്വീപസംഘമാകുന്നു ആൻഡമാൻ എന്നു വിളിക്കപ്പെടുന്നതു. ഒരു കുട്ടി ജനിച്ചു കുറച്ചു പ്രായ മായാൽ ഉടനെ പുതിയ സംബന്ധം അന്വേഷിച്ചു ഭാൎയ്യാ ഭൎത്താക്കന്മാർ പിരിയുകയാണു ആ ദിക്കിൽ പതിവു. അ

മേമരിക്കാ ഭൂഖണ്ഡത്തിനു അടുക്കലുള്ള ചാർലട്ടിദ്വീപനി വാസികളുടെ ഇടയിൽ വിവാഹം എന്നു ഒരു ഏൎപ്പാടു കേട്ടുകേൾവിപോലും ഇല്ല. ഒരു വൎഗ്ഗത്തിൽപ്പെട്ട ഒരു സ്ത്രീ അതേവൎഗ്ഗത്തിൽപ്പെട്ട സകല പുരുഷന്മാരുടേയും ഭാൎയ്യ എന്നാണ് അവരുടെ വിചാരം. ആസ്ത്രേലിയന്മാരുടെ ഇടയിൽ ഒരുവിധമായ വിവാഹബന്ധം ഇപ്പോൾ ഉണ്ടെങ്കിലും പഴയ കാലങ്ങളിൽ ഇങ്ങനെ ഒരേൎപ്പാടു ഇല്ലായിരുന്നു എന്നാണു ആ ദിക്കുകളിൽ ഇപ്പോൾ നടപ്പായിരിക്കുന്ന പാരമ്പൎയ്യം കൊണ്ടു മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. അവരെപ്പററി പ്രത്യേകം അന്വേഷണം നടത്തീട്ടുള്ള വിദ്വാന്മാർ അനേകമുണ്ടു്. അവർ പറയുന്നതു, പഴയ കാലങ്ങളിൽ ആസ്ത്രേല്യന്മാർ, കുമട്ടി, ക്രോക്കി എന്നു രണ്ടു വൎഗ്ഗക്കാരായി വിഭജിക്കപ്പെട്ടിരുന്നു എന്നും, കുമട്ടിവൎഗ്ഗത്തിൽ പെട്ട ഒരു സ്ത്രീ എല്ലാ ക്രോക്കന്മാരുടേയും ഭാൎയ്യയായിട്ടും അതുപോലെതന്നെ ക്രോക്കിസ്ത്രീ എല്ലാ കുമിട്ടൻ മാരാലും സ്വീകാൎയ്യയായിട്ടും ആയിരുന്നു അവർ ഗണിച്ചിരുന്നതെന്നും ആകുന്നു. ആസ്ത്രേല്യൻ മാരുടെ ഈ മൎയ്യാദ മനസ്സിലായിട്ടില്ലാഞ്ഞതിനാൽ മിസ്റ്റർ ബാൽമർ എന്ന മിഷ്യനറിക്കു ഒരിക്കൽ ഒരു അബദ്ധം പററുകയുണ്ടായി. ആ ദിഗ്വാസികളോടു നല്ലവണ്ണം പരിചയപ്പെടണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടെ, ഇദ്ദേഹം ആ ദിക്കൊരിൽ ഒരുവന്റെ സഹോദരത്വം ലഭിക്കുന്നതിനായി അവരുടെ പ്രമാണപ്രകാരമുള്ള ഒരു കൎമ്മത്തിൽ സംബന്ധിച്ചു. പിന്നെയൊരിക്കൽ ആ മനുഷ്യന്റെ ഭാൎയ്യയെ കണ്ടപ്പോൾ ഈ മിഷ്യനറി, കുശലപ്രശ്നമായിട്ടു 'ഞാനും നിങ്ങളുടെ ഭൎത്താവും സഹോദരന്മാരായിരിക്കുകയാൽ നിങ്ങൾ എനിക്കു സഹോദരിയാണ് അല്ലേ' എന്നു പറഞ്ഞു. അതിനു അവൾ പറഞ്ഞ മറുവടി 'അങ്ങനെ അല്ല ഭൎത്തൃസഹോദരനായ അങ്ങു എ

ന്റെ ഭൎത്താവാണു" എന്നായിരുന്നു. പിന്നെ അന്വേഷിച്ചപ്പോഴാണു സായ്വിനു സംഗതി മുഴുവൻ മനസ്സിലായതു്. ആ പ്രത്യേകമനുഷ്യന്റെ സഹോദരനായി ഭവിച്ചതിനാൽ മിഷ്യനറി ആ സ്ത്രീയുടേയും ആ സ്ത്രീയുടെ നാമത്തോടുകൂടിയ അന്യസ്ത്രീകളുടേയും ഭൎത്താവായി ആ ദിഗ്വാസികളാൽ ഗണിക്കപ്പെട്ടിരുന്നു.

നീചസമുദായങ്ങളിൽ വിവാഹബന്ധം എത്ര അനിശ്ചിതാവസ്ഥയിലാകുന്നു ഇരിക്കുന്നതു എന്നുള്ളതു, പാസിഫിക്ക സമുദ്രത്തിലുള്ള സാന്ധ്വിച്ചൻമാരുടെ ഭാഷയിൽനിന്നും അനുമാനിക്കപ്പെടാം. ഈ ഭാഷയിൽ

കൊയികാനാ എന്നു പറഞ്ഞാൽ

പുത്രൻ

സോദരീപുത്രൻ

സോദരപുത്രൻ

സോദരപുത്രന്റെ പുത്രൻ

സോദരപുത്രിപുത്രൻ

സോദരീപുത്രന്റെ പുത്രൻ

സോദരീപുത്രിയുടെ പുത്രൻ

മാതൃസോദരീപുത്രന്റെ പുത്രൻ

മാതൃസോദരപുത്രന്റെ പുത്രൻ

വഹാന എന്നു പറഞ്ഞാൽ

ഭാൎയ്യ

ഭാൎയ്യാസോദരി

സോദരന്റെ ഭാൎയ്യ

ഭാൎയ്യാസോദരഭാൎയ്യ

പിതൃസോദരപുത്രന്റെ ഭാൎയ്യ
പിതൃസോദരീപുത്രന്റെ ഭാൎയ്യ
മാതൃസോദരീപുത്രന്റെ ഭാൎയ്യ
മാതൃസോദരപുത്രന്റെ ഭാൎയ്യ

ഈ അൎത്ഥങ്ങളെല്ലാമുണ്ടു്. ഒന്നാമത്തെ പംക്തിയിൽ സൂചിപ്പിക്കപ്പെടുന്ന എല്ലാ ആളുകളേയും കുറിക്കുന്നതിനു ഒരു പദം മാത്രവും അതുപോലെതന്നെ രണ്ടാമത്തെവയ്ക്കും ഒരു പദം മാത്രവും ആവശ്യമുള്ള ഈ സാൻഡ്വിച്ചന്മാരുടെ ഇടയിൽ നടപ്പായിരിക്കുന്ന വിവാഹാചാരസംബന്ധമായ സാമുദായികപ്രമാണം എത്രയും അവ്യവസ്ഥിതമായിരിക്കുമെന്നു ഊഹിക്കപ്പെടാവുന്നതാണല്ലൊ. ഒരു സ്ത്രീയ്ക്കു ഭൎത്താക്കന്മാരും ജ്യേഷ്ഠത്തി അനുജത്തിമാരും ഉണ്ടായിരിക്കുമെങ്കിലും ഭൎത്തൃസോദരസ്ഥാനത്തിൽ ഒരുവൻ ഉണ്ടായി എന്നു വരുകയില്ല. അതുപോലെതന്നെ പുരുഷന്മാൎക്കും ഭാൎയ്യമാരും അളിയന്മാരും ഉണ്ടായിരിക്കുമെങ്കിലും ഭാൎയ്യാസോദരീപദത്തിൽ ഒരുവൾ ശേഷിച്ചു എന്നു വരികയില്ല. ഒരു വംശത്തിൽപെട്ട സ്ത്രീപുരുഷന്മാർ തമ്മിൽ, സൃഷ്ടിയാൽ തന്നെ ഭാൎയ്യാഭൎത്തൃസംബന്ധം ഉള്ളതായിട്ടാണു ഇവരുടെ സങ്കല്പം എന്നു തോന്നിപ്പോകും.

ഈ അവസ്ഥയിൽ നിന്നു സമുദായം സംസ്കരിക്കപ്പെട്ടു, പുരുഷന്മാർ ഏകഭാൎയ്യാവ്രതന്മാരായ സ്ത്രീകൾ ഏകപുരുഷപ്രേമകളായും ഇരിക്കുന്ന ഇപ്പോഴത്തെ പരിഷ്കൃതാചാരം എങ്ങനെ ഉണ്ടായി എന്നാണു ഇവിടെ സ്വാഭാവികമായി ജനിക്കുന്ന ഒരു ചോദ്യം. ഇതിനു മറുപടിയെന്താണെന്നു ഇനിയും ചിന്തിക്കാം.

നീചസമുദായങ്ങളിൽ നടപ്പായിരിക്കുന്ന അനിശ്ചിതവിവാഹാവസ്ഥ, സ്ത്രീകൾക്കും പുരുഷന്മാൎക്കും ഒരുപോ

ലെ അനിഷ്ടകരമായിരിക്കുമെന്നു ന്യായമായി വിചാരിക്കപ്പെടാം. എല്ലാവരുടേയും ദാസ്യവൃത്തിയോടുകൂടെയും സംരക്ഷണത്തിനു ഒരു പ്രത്യേകപുരുഷൻ ഇല്ലാതെയും, ആ കാലങ്ങളിൽ സ്ത്രീകൾ വളരെ ബുദ്ധിമുട്ടിയിരുന്നിരിക്കണം. അതുപോലെ തന്നെ തങ്ങളുടെ സ്വന്തദേഹരക്ഷയ്ക്കും ശുശ്രൂഷയ്ക്കും പ്രത്യേകിച്ചു ഒരു സ്ത്രീയില്ലായ്കയാൽ പുരുഷന്മാൎക്കും നേരിട്ടിരുന്ന അസ്വാസ്ഥ്യം ചില്ലറയായി ഇരുന്നിരിക്കുകയില്ല. ഈ പ്രയാസങ്ങളെ പരിഹരിക്കുന്നതിനായി, ഒരുസ്ത്രീയും പുരുഷനും അന്യോന്യം അനുരാഗത്തോടുകൂടെ താമസിച്ചു തുടങ്ങുന്നതായാൽ ആ ജാതിക്കാർ മുഴുവനും അവൎക്കെതിരായി ശണ്ഠയ്ക്കു പുറപ്പെടുകയും ചെയ്യും. ഇങ്ങനെ കഴിയുന്ന സന്ദൎഭത്തിൽ ഒരുവൻ സമീപത്തിലുള്ള വേറൊരുവൎഗ്ഗക്കാരിൽ നിന്നു ഒരു സ്ത്രീയെ അടിമയായി പിടിച്ചു കൊണ്ടു വരുന്നതിനു സംഗതിയായി എന്നിരിക്കട്ടെ. അടിമയെ കൊല്ലുന്നതിനുകൂടെയും അക്കാലങ്ങളിലെ നിയമപ്രകാരം ജേതാവിന്നുസ്വാതന്ത്ര്യമുള്ളതിനാൽ ആ സ്ത്രീ സമുദായത്തിന്റെ പൊതുസ്വത്താണെന്നോ സമുദായത്തിലേയ്ക്കു വിടപ്പെടണമെന്നോ ആരെങ്കിലും വാദിച്ചുതുടങ്ങുകയില്ല. അവൾ ജേതാവിന്റെ സ്വന്തം ഭാൎയ്യയായി താമസിക്കുന്നതിൽ വൈമുഖ്യം നടിക്കുന്നതിനു ആൎക്കും അവകാശമില്ലാത്തതാണല്ലോ. ആ സ്ത്രീ അടിമയാണെന്നു ഒരു ആക്ഷേപം ഉണ്ടായിരിക്കും എന്നുള്ളതിനു സംശയമില്ല. എന്നാൽ ഒരു പ്രത്യേകപുരുഷനെ രക്ഷകനായിട്ടും, ഭൎത്താവു ഒന്നുമാത്രം ആയിരിക്കുകയും ദാസ്യവൃത്തി ലഘുവായിട്ടും ലഭിച്ചിരിക്കുന്ന ഇവൾ, സ്വതന്ത്രകളായ അന്യസ്ത്രീകളേക്കാൾ വാസ്തവത്തിൽ ഭാഗ്യവതിയായിട്ടാണു പരിണമിക്കുന്നതു. തന്നെ മാത്രം ആശ്രയിച്ചിരിക്കുന്ന ഈ സ്ത്രീയോടു സമുദായസ്വത്തുകളായ അന്യസ്ത്രീകളോടുള്ളതിനേക്കാൾ പ

രുഷന്നു ക്രമേണ വൎദ്ധിച്ചുവരുന്നതും സ്വാഭാവികമാണു്. ഈ സൌകൎയ്യത്തെ അനുഭവിക്കുന്നതിന്നു ആഗ്രഹമുള്ള പുരുഷന്മാർ കാലക്രമേണ പലരുണ്ടാവുകയും, അവർ അന്യവംശങ്ങളിൽ നിന്നു സ്ത്രീകളെ മോഷ്ടിച്ചോ ബലാൽക്കാരമായോ കൊണ്ടുപോരുന്നതിന്നു് ഉത്സാഹിച്ചുതുടങ്ങുകയും ചെയ്യാതിരിക്കയില്ല. എന്നാൽ തങ്ങളുടെ സ്ത്രീകളെ അന്യവംശക്കാർ അടിമകളായി കൊണ്ടുപോകുന്നതു തങ്ങൾക്കു മാനഹാനിയാണെന്നുള്ള അഭിമാനംമൂലം, സ്ത്രീപക്ഷക്കാർ നിശ്ചയമായും ശണ്ഠയ്ക്കു പുറപ്പെടുന്നതാകയാൽ, ഭാൎയ്യാപഹരണം സംബന്ധിച്ചു യുദ്ധങ്ങളും മത്സരങ്ങളും അവശ്യം ഉണ്ടാകുന്നതായിരിക്കുമെന്നും അനുമാനിക്കാം.

ഇങ്ങനെ പുരുഷന്മാർ കൂട്ടംകൂട്ടമായി അന്യസമുദായങ്ങളോടു മത്സരിക്കുകയും സ്ത്രീകളെ അപഹരിച്ചു ഓരോരുത്തനും സ്വന്തഭാൎയ്യമാരായി രക്ഷിക്കുകയും കുറെ കാലമായി നടന്നുവന്നു എന്നിരിക്കട്ടെ. ഇങ്ങനെ അടിമകളായി പിടിക്കപ്പെടുന്ന സ്ത്രീകൾ വാസ്തവത്തിൽ സൌഭാഗ്യവതികളാകുന്നു എന്നുള്ളതു വേഗത്തിൽ നാടൊക്കെയും പ്രസിദ്ധമാകാതിരിക്കയില്ല. എല്ലാവൎക്കും ദാസ്യവൃത്തിയോടു കൂടിയിരിക്കേണ്ടാത്ത സ്വതന്ത്രകളായ സ്ത്രീകൾ കൂടേയും അന്യവംശജന്മാരായ പുരുഷന്മാരാൽ അടിമകളായി പിടിക്കപ്പെടുന്നതിന്നു ആഗ്രഹിച്ചു തുടങ്ങി എന്നും വരാം. ഒരു സ്ത്രീയെ ഹരിക്കുന്നതിന്നു അന്യഗോത്രത്തിൽ പെട്ടവനായ ഒരു യുവാവു തരം നോക്കി വരുന്ന അവസരത്തിൽ അവളെ മനസ്സോടെ വിട്ടുകൊടുപ്പാൻ ചാൎച്ചക്കാർ സന്തോഷമുള്ളവരായിട്ടുതന്നെ ഇരുന്നേക്കാവുന്നതുമാണു്. എന്നാൽ തങ്ങളുടെ വംശത്തിൽപെട്ട ഒരു സ്ത്രീയെ അന്യവംശത്തിലേയ്ക്കു അടിമയായി അയച്ചുകളഞ്ഞു എന്നു ആക്ഷേപം ഉണ്ടാകാതിരിപ്പാൻ എന്തു മാൎഗ്ഗമാണു ഉള്ളതെ

ന്നായിരിക്കും സ്ത്രീപക്ഷക്കാരുടെ പിന്നത്തെ നോട്ടം: ൧ാം ഉദ്ദേശ്യത്തോടുകൂടെ പുരുഷപക്ഷക്കാൎക്കെതിരായി ആയുധങ്ങളുമായി എതിൎത്തു പോരിന്നു ഒരു യുദ്ധം ചെയ്യേണ്ടുന്നവരത്തി തോൽവി ഭവിച്ചു എന്ന വ്യാജേന സ്ത്രീകളെ വിട്ടുതുടങ്ങി. ഇങ്ങനെ പലസ്ഥലങ്ങളിലും നടന്നുതുടങ്ങിയപ്പോൾ സ്ത്രീകൾ അന്യവംശങ്ങളിലേയ്ക്കു പോകുവാൻ സംഗതിയാകുന്ന, ചാൎച്ചക്കാരുടെ അറിവോടും മനസ്സോടും കൂടി ആണെന്നുള്ള വാസ്തവം എല്ലാവൎക്കും അറിവുള്ള ഒരു രഹസ്യമായി ഭവിച്ചു. ചുരുക്കി പറയാമല്ലോ. മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പുരുഷൻ നിശ്ചിതസമയത്തു സ്ത്രീയെ കൊണ്ടുപോവാനായി വരികയും, അപ്പോൾ സ്ത്രീപക്ഷക്കാർ മത്സരത്തിന്റെ ചില നാട്യങ്ങൾ കൈക്കൊണ്ടു കാണിക്കുകയും ചെയ്യുന്നമെന്നുള്ളതു കാലക്രമേണ വിവാഹകൎമ്മത്തിൽ ചെയ്യപ്പെടേണ്ട ഒരു ആചാരമായി പരിണമിച്ചു.

വിവാഹകൎമ്മസംബന്ധമായി സ്ത്രീപക്ഷക്കാരും പുരുഷപക്ഷക്കാരും തമ്മിൽ ഒരു ആയോധനാഭിനയം നടക്കേണ്ടതാണെന്നും, മിക്ക അപരിഷ്കൃതസമുദായങ്ങളിലും ഒരു പ്രമാണമുണ്ടായതിന്മേൽ വിവരിക്കപ്പെട്ട കാരണമാകുന്നു, ഇപ്പോൾ മിക്ക സാമുദായികശാസ്ത്രജ്ഞന്മാരും സമ്മതിച്ചുവന്നിരിക്കുന്നതു്. പേരിന്നുമാത്രം, വരൻ കന്യകയുടെ അച്ഛനമ്മമാരെ കമ്പുകൊണ്ടടിക്കുക, കന്യകയെ എടുത്തുകൊണ്ടോടുക, ഓടിപ്പിടിക്കുക എന്നിതുകളെല്ലാം കാണപ്പെടുന്നതു മുമ്പൊരു കാലത്തിൽ വാസ്തവത്തിൽ നടക്കേണ്ടതായിരുന്ന യുദ്ധം വേഷമാത്രമായി ഭവിച്ചതിന്റെ ശേഷം വിവിധപ്രകാരങ്ങളിൽ വികസിച്ചതിന്റെ ഫലങ്ങളായിട്ടാണു് എന്നുള്ള വിദ്വജ്ജനമതം സയുക്തികമായിരിക്കുന്നു എന്നും സമ്മതിക്കപ്പെടേണ്ടതു തന്നെ. വിവാ

ഹം കഴിഞ്ഞാൽ ഉടനെ വധൂവരന്മാർ ബന്ധുജനങ്ങളെ വെടിഞ്ഞു ഒന്നുരണ്ടു മാസകാലത്തേയ്ക്കു ദൂരെയുള്ള വല്ല പട്ടണങ്ങളിലും പോയി താമസിക്കുകയും ഇതിനായി പുറപ്പെടുന്ന അവസരത്തിൽ അവരെ ഭവനത്തിൽ ഉള്ള മററാളുകൾ ചേൎന്നു പഴയ ചെരിപ്പുകൾകൊണ്ടു എറിയുകയും ചെയ്യുന്ന ഒരു പതിവു ഇന്നും സായ്പന്മാരുടെ ഇടയിൽ നടപ്പുണ്ടു്. വരൻ സാക്ഷാൽ എറും തല്ലും കൊണ്ടു കന്യകയെ ബന്ധുജനങ്ങളിൽനിന്നു ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകേണ്ടതായിരുന്ന ഒരു കാലം ആംഗലസമുദായത്തിന്റെ പരിണാമപദ്ധതിയിലും ഉണ്ടായിരുന്നു എന്നാണു ഈ ആചാരത്തിൽ നിന്നു പല വിദ്വാന്മാരും അനുമാനിച്ചിരിക്കുന്നതു. മലയാളത്തുള്ള നസ്രാണിമാപ്പിളമാരുടെ ഇടയിൽ വധൂവരന്മാരെ പഴന്തൊലികൊണ്ടും മററും എറിയുന്നതായ ഒരു സമ്പ്രദായം ഉണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഞായറാഴ്ച ആരംഭിക്കുന്ന വിവാഹോത്സവം അവസാനിച്ചു വധു ഭൎത്തൃഗൃഹത്തിലേയ്ക്കു പുറപ്പെടേണ്ടതായ വ്യാഴാഴ്ചദിവസത്തിനു തലേരാത്രിയിൽ ആളുകൾ ഉറക്കമൊഴിഞ്ഞിരുന്നു ചെയ്യുന്ന അനുഷ്ഠാനങ്ങളും പാട്ടും കരവും എറും ബഹളവും എല്ലാം അപരിഷ്കൃതസമുദായങ്ങളിൽ വാസ്തവത്തിൽ നടക്കേണ്ടതായ യുദ്ധത്തിന്റെ സ്മാരകങ്ങളായിരിക്കുന്ന നിൎദ്ദോഷശകലങ്ങൾ ആകുന്നു എന്നു അഭിപ്രായപ്പെടാമെന്നുകൂടെയും ഈ അവസരത്തിൽ ഒരുവന്റെ ഹൃദയത്തിൽ പ്രബലമായി ദ്യോതിക്കാതിരിക്കുകയില്ല.

---

# ൧. ആത്മദമനം.

മനുഷ്യവൎഗ്ഗത്തിൽ ലൌകികന്മാരായിട്ടുള്ളവൎക്കു പരോപദ്രവം ചെയ്യാതെകണ്ടും പരന്മാരിൽനിന്നു് ഉപദ്രവം അനുഭവിക്കാതെകണ്ടും ഏകദേശമെങ്കിലും പരസമ്മതനായും ലോകത്തിൽ കഴിഞ്ഞുകൂടണമെങ്കിൽ മൂന്നു പ്രധാന ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ടു്. ആയവ പ്രാധാന്യക്രമേണ ആത്മദമനം, ആത്മാവബോധം, ആത്മബഹുമതി എന്നിവയാകുന്നു. ഇവിടെ ആത്മബഹുമതി എന്നതിന്നു ദുരഭിമാനമെന്നൊ അനാവശ്യമായ 'താൻപ്രമാണിത്ത'മെന്നൊ അൎത്ഥം തെററിദ്ധരിച്ചുപോകരുതു്. യാതൊരവസ്ഥാന്തരങ്ങളിലും തന്റെ വിചാരം, വാക്കു് പ്രവൃത്തി ഇതുകളെ നീചമാൎഗ്ഗത്തിൽകൂടി സഞ്ചരിക്കുവാൻ അനുവദിക്കാതിരിക്കുന്നതിന്നു വേണ്ട ശക്തിതന്നെയുണ്ടെന്ന വിശ്വാസം മൂലം അവനവനെ കുറിച്ചുണ്ടാകേണ്ട ബഹുമാനമെന്നാണു് മേൽപറഞ്ഞ പദത്തിന്റെ താല്പൎയ്യം. ഈ ആത്മബഹുമതിതന്നെയാണു് ഉൽകൃഷ്ടപദവിയിലേക്കു മാൎഗ്ഗദൎശിയായ സ്വാതന്ത്ര്യത്തിന്റെ മൂലവും. ആത്മബോധമെന്തെന്നാൽ സ്വസ്വഭാവത്തെക്കുറിച്ചുള്ള സൂക്ഷ്മതത്വജ്ഞാനംതന്നെ. അതായതു് അവനവനുള്ള ഗുണദോഷങ്ങളെ അവനവനു തന്നെ വഴിപോലെ അറിയാറാവുക. ആത്മദമനമെന്നതു കാമക്രോധലോഭമോഹാദികളിൽനിന്നു് അനായാസേന മനസ്സിനെ പിൻവലിക്കുവാനുള്ള ശക്തി ഈ ഗുണത്രയത്തിൽ സൎവ്വോൽക്കൎഷേണ വൎത്തിക്കുന്ന ആത്മദമനമെന്ന ഗുണത്തെയാണു് പ്രകൃതമായിട്ടു സ്വീകരിച്ചിട്ടുള്ളതു്.

മദോന്മത്തനായിരിക്കുന്ന ഗജത്തിന്ന് അങ്കുശമെന്ന പോലെയും, ഒതുക്കവും വണക്കവുമില്ലാത്ത കുതിരയ്ക്കു കടിഞ്ഞാണെന്നപോലെയും,കോളിലകപ്പെട്ടുഴലുന്ന തോണിക്ക് ഒരിക്കലും തെററാത്ത അമരം പോലെയും രാഗദ്വേഷാദിചിത്തവൃത്തികൾക്കു പരാധീനന്മാരായ മനുഷ്യൎക്ക് ആത്മദമനം കേവലമൊരു ഗുണമെന്നുമാത്രം പറഞ്ഞാൽപോരാ; അതിൻെറ അഭാവം ഏററവും ആപൽക്കരമെന്നുതന്നെ പറയണം. മദംകൊണ്ടു ഗൎവ്വിഷ്ഠനായ കൊലകൊമ്പനെ ഒതുക്കി നിൎത്തുവാൻ ആയുധമില്ലെന്നുവന്നാൽ അന്യന്മാൎക്കുണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾക്ക് കയ്യും കണക്കുമില്ലാത്തതാണ്. ഏററവും ചൊടിയോടുകൂടി യഥേഷ്ടം പാഞ്ഞുനടക്കുന്ന കുതിര ഉപകരിക്കത്തക്കതാകേണമെങ്കിൽ അതിനെ വേണ്ടവഴിക്കു കൊണ്ടു നടത്താറാവണം. ആയതിന്നു കടിഞ്ഞാണിൻെറ സഹായം കൂടാതെ സാധിക്കുന്നതുമല്ല. അനേകം ദുൎഘടങ്ങളെക്കൊണ്ടും ദുസ്തരമായി മഹാൎണ്ണവത്തിൽ കൂടി തോണിയെ ഉദ്ദിഷ്ടസ്ഥാനത്തേക്കു വഴിതിരിക്കണമെങ്കിൽ അമരത്തിൻെറ ബലംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും ഫലിക്കുന്നതല്ല. അപ്രകാരംതന്നെ അവനവൻെറ മനോവൃത്തികളെ വഴിക്കുവഴി നിയമനംചെയ്യുന്നതുകൊണ്ടു സാമാന്യേന മൂന്നുവിധത്തിലുള്ള പ്രയോജനമുണ്ട്. അപാകതകൊണ്ട് അന്യനു ശല്യമായിത്തീരായ്ക; തൻെറ ജീവകാലം പരോപകാരത്തിന്നായി ഉവിക്കുക, അസത്തുകൾ ചെയ്യുന്ന ഉപദ്രവത്തിൽ നിന്നു രക്ഷപ്പെടുക; ഇപ്രകാരം ഗുണത്രയവിഷ്ടമായ ആത്മദമനത്തിൻെറ ഫലമാകുന്നു ശക്തന്മാൎക്കും അശക്തന്മാൎക്കും ഒരുപോലെ ഭൂഷണമായ ക്ഷമാബലം.

അഭ്യാസംകൊണ്ടു സിദ്ധിക്കുന്നതല്ലാതെ ക്ഷമാഗുണം ക്ഷണസാദ്ധ്യമായിട്ടുള്ളതല്ല. അല്പമാകട്ടെ അനല്പമാകട്ടെ

സകല സംഗതികളിലും ഒരുപോലെ ക്ഷമ ശീലിച്ചെങ്കി ലേ ഈ ഗുണം സ്വഭാവത്തോടുകൂടി ഇണങ്ങുകയുള്ളൂ. അ റിഞ്ഞിട്ടും അറിയാതെകണ്ടും നിത്യവും ക്ഷമ ശീലിക്കുന്ന വരാണു്; മിക്ക ജനങ്ങളും യുക്തിയും മനസ്സാക്ഷിയും ഒരു വിധം ചെയ്യണമെന്നു നമ്മളോടുപദേശിക്കുമ്പോൾ മ റെറാരുവിധത്തിലായേക്കാം മോഹം നമ്മളെ പ്രേരിപ്പിക്കു ന്നതു്. ദിനസരി ജോലികൾ നിർവഹിക്കുന്നതിൽ ഇഷ്ട മില്ലാതിരുന്നാലും പലവിധത്തിലുള്ള നിബന്ധനകളെ ക്കൊണ്ടു സ്വേച്ഛപോലെ നടക്കുവാൻ നിവൃത്തിയില്ലാ തെ അതാതുജോലികളെ നിർവ്വഹിച്ചു പോരുന്നുണ്ടു്. നട്ടുച്ച വെയിലത്തു ചുട്ടു പഴുത്തു കിടക്കുന്ന പാടത്തു നിന്നു് കിളയ്ക്കുവാൻ ആതൊരുവനും ആഗ്രഹമുണ്ടാവുന്നതല്ല. എന്നാൽ ഓരോ വക ദണ്ഡങ്ങൾ അനുഭവിച്ചു ഉപജീവന ത്തിനു വേണ്ടി അദ്ധ്വാനിക്കുന്നതും സഹനശക്തി ശീ ലിക്കുന്നതിൽ ഒരു വകഭേദമാണു്. അനേകം സംഗതി കളിൽ എതിർക്കുവാൻ ശക്തിയില്ലാഞ്ഞിട്ടു് അടങ്ങേണ്ടി വരുന്നുണ്ടു്. അതും ക്ഷമാബലത്തിന്റെ വൈഭവം ത ന്നെയാണു്. എന്നാൽ അടക്കവും ഒതുക്കവും അറിഞ്ഞു ശീലിച്ചെങ്കിലെ ആയവകൾ സൈ്ഥര്യം ദാർഢ്യവും മതി യാവുകയുള്ളൂ. അറിഞ്ഞു പ്രവൃത്തിക്കുവാൻ അറിവുള്ളവ ർക്കെ സാധിക്കയുള്ളൂ. ഇതുതന്നെയാണു് വിദ്വാന്മാരു ടെ ക്ഷമയ്ക്കും മൂഢന്മാരുടെ ക്ഷമയ്ക്കും തമ്മിലുള്ള വ്യ ത്യാസം.

ആത്മദമനത്തിന്റെ ഉപാംഗങ്ങളായ വിനയവും വി വേകവും മൂഢന്മാർക്കു ചില സമയങ്ങളിൽ ഉണ്ടായേക്കാമെ ങ്കിലും ആയവ അവരിൽ സ്ഥിരമായിട്ടു പ്രകാശിക്കുന്ന ഗു ണങ്ങളല്ല. വിദ്വാന്മാർക്കാകട്ടെ വേണമെങ്കിൽ ആയവകൾ ഹാനി വരാതെ സൂക്ഷിക്കുവാൻ സാധിക്കുന്നതാണു്. മ

ദ്യപാനികളാണെന്നു പൂൎണ്ണബോധമുണ്ടെങ്കിലും അവരുടെ ശകാരവാക്കുകൾ കേട്ടു പരിഭവിച്ചു് മാനനഷ്ടത്തിന്നു കോടതി കയറുന്നതും മലകളിളകിലും മഹാജനങ്ങൾക്കു് ഇളക്കം തട്ടാത്തതും ഈ വിവേകത്തിൻെറ പ്രകാരഭേദംകൊണ്ടു തന്നെയാണു്. അതു ഹേതുവായിട്ടു സകല ഗുണങ്ങളേയും മേല്ക്കോയ്മസ്ഥാനം വഹിയ്ക്കുന്ന ആത്മദമനത്തെ സകല ജനങ്ങളും സദാസമയത്തും യഥാശക്തി ലാളിച്ചു പോഷിപ്പിക്കേണ്ടതാണെന്നു് യുക്തിയും അനുഭവവും ഒരുപോലെ നമ്മെ ശാസിക്കുന്നതാണു്.

---

## ൮. കേരളത്തിലെ ദ്രവ്യപുഷ്ടി.

ഒരു രാജ്യത്തിലുള്ളവർ സമ്പാദനാൎത്ഥം നടത്തിപ്പോരുന്ന വ്യാപാരഭേദങ്ങളുടെ വൈശിഷ്ട്യത്തെ ആശ്രയിച്ചു് ആ രാജ്യത്തേയ്ക്കുള്ള വരവും നിത്യവൃത്തിയുടേയും വിശേഷവിധികളുടേയും നിദാനത്തേയോ, ആഡംബരത്തേയോ ആശ്രയിച്ചു ചെലവും നില്ക്കുന്നുഎന്നു് നിരാക്ഷേപമാണു്. നമ്മുടെ രാജ്യത്തിൽ വരവോ ചെലവോ അധികരിച്ചു നില്ക്കുന്നതെന്നു ചിന്തിക്കേണ്ടതു് അത്യാവശ്യമായിട്ടു് അധികകാലമായിരിക്കുന്നു. വരവിന് ആധിക്യമുണ്ടെങ്കിൽ അതിലഭിനന്ദിക്കുകയും, ചെലവിന് ആധിക്യമുണ്ടെങ്കിൽ അതു വരുന്നതു് ഇന്നിന്ന വഴിക്കാണെന്നു യുക്തിയുക്തമായി ജനങ്ങൾക്കു് ബോദ്ധ്യംവരുംവിധം പറഞ്ഞു് അതു നിദാനപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നതു് നാം സ്വരാജ്യത്തേയ്ക്കു വേണ്ടി വിഹിതമായി ചെയ്യേണ്ട പ്രവൃത്തികളിൽ ഒന്നുമാത്രമാണു്.

വരവെല്ലാം ഗണിക്കേണമെങ്കിൽ ഇപ്പോൾ ജനങ്ങൾ നടത്തിപ്പോരുന്ന വ്യാപാരഭേദങ്ങളെല്ലാം വിചാരിക്കേണ്ടി വരുന്നു. ഗുരുത്വമാലോചിച്ചു പറയുന്നപക്ഷം ഇപ്പോൾ കാണുന്നവയിൽ ഒന്നാമതായി പറയേണ്ടത് കൃഷിപ്രവൃത്തിയാണ്. കേരളീയർ പൂർവ്വന്മാരുടെ പേരിൽ ഭക്തി കലശലാകയാൽ അവർ നിയമിച്ചിരിക്കുന്നതു ഭേദപ്പെടുത്തുന്നത് ഗുരുത്വക്ഷയമോ അന്യായമോ എന്നൊരു വിചാരം പ്രായേണ കണ്ടുപോരുന്നുണ്ട്. ഇതു ഹേതുവായി പണ്ടു തിരുനാവായെ സഭായോഗം കൂടി ജനങ്ങൾ രാജ്യകാര്യം നടത്തിയിരുന്ന കാലം മുതൽ ഇന്നേവരെ ഓരോ തൊഴിലുകൾക്ക് ആവശ്യങ്ങളായി ഉപയോഗപ്പെടുന്ന സാധനങ്ങൾക്ക് അന്നു മുതൽ ഇന്നേവരെ ഒരംശം ഭേദം വരുത്താതെ തന്നെ ബഹുഭക്തിയോടെ രക്ഷിച്ചു പോരുന്നുണ്ട്. കാളയുടെ നാവുപോലേയുള്ള കൊഴുവും, കാഞ്ഞിരം കൊണ്ടു കരിയും, പനയലകുകൊണ്ടു കരിക്കോലും, മുളിയില കൊണ്ടു നുകവും, പനങ്കുഴികളും ഇന്നേവരെ ഭേദപ്പെട്ടിട്ടില്ല. വളം ചേർക്കുന്നതും അന്നും ഇന്നും ഒന്നുതന്നെയാണ്. കാലിച്ചാണകവും ചില വൃക്ഷങ്ങളുടേയും മററും ഇലകളും മാത്രമേ കാണുന്നുള്ളൂ. കൊയ്ത്തുകഴിഞ്ഞു നെല്ലെല്ലാം അകത്തായാൽ ചെലവിനും വിത്തിനും കഴിച്ചുണ്ടാകുന്നതു കർക്കടകത്തിൽ വില്പാനെന്ന നിലയിൽ സൂക്ഷിച്ചു ഒടുവിൽ നിശ്ചയിച്ചകാലം വരുന്നതിന്നു മുമ്പായി കിട്ടിയവിലയ്ക്കു എന്ന നിലയിൽ വിററുകളകയാണ് ചെയ്തുകാണുന്നതു്. ലാഭമോ ചേതമോ ഉണ്ടാകുന്നതു ദൈവകൃത്യമെന്നു കരുതി സമാധാനിക്കയും ചെയ്തുപോരുന്നു. ഒരം പറഞ്ഞതെല്ലാം നെല്ലിന്റെ കഥയാകുന്നു. വേറെ ധാന്യങ്ങളും കൃഷിചെയ്യുമാറില്ലെന്നില്ല. സ്വന്താവശ്യാർത്ഥം മററുചില ധാന്യങ്ങളും കൃഷി ചെയ്യുന്നതിൽ ചിലപ്പോൾ യദൃച്ഛയാ അധികമുണ്ടാ

കുന്ന പക്ഷം അവയെല്ലാം ഇതുതന്നെയാണ് ഗതി. ഇതിൽ പ്രധാനങ്ങളായിരിക്കുന്നവ എള്ള്, പയറ്, ഉഴുന്ന മുതലായവയാണ്.

മേൽപറഞ്ഞ ധാന്യങ്ങളെല്ലാം കൃഷിചെയ്യേണ്ട മാതിരി പുരാതനകാലങ്ങളിലുണ്ടായിരുന്നതിനേക്കാൾ ഇക്കാലത്ത് വളരെ പരിഷ്കാരപ്പെട്ടിരിക്കുന്നു. ജനോപകാരാർത്ഥം വിദ്യാർത്ഥികളിൽ മനസ്സുള്ളവരെ അഭ്യസിപ്പിക്കേണ്ട ആവശ്യത്തിലേക്കു ബ്രിട്ടീഷുഗവൺമെൻറു ഇതിനു പ്രത്യേകമായി ഒരു പാഠശാലയും പരീക്ഷകളും ബിരുദമാനങ്ങളും നിയമിച്ചിരിക്കുന്നു. തങ്ങളുടെ കുട്ടികളെ ഈ പാഠശാലയിലയച്ചു സ്വരാജ്യത്തേക്കു പ്രത്യേകം ആവശ്യമായിരിക്കുന്ന ഒരു അറിവിനെ സമ്പാദിച്ചു രാജ്യത്തെയ്ക്കു് അഭിവൃദ്ധി വരുത്തുവാൻ ജനങ്ങൾക്ക് ഇനിയും തോന്നാത്തതു വളരെ കഷ്ടമെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

കൃഷിപ്രവൃത്തി എന്നു പറയുന്നതിൽ അധികം ജനങ്ങൾക്ക് ഇയ്യിടെ ഒരു ജാള്യമാണ് കണ്ടുപോരുന്നതു്. ആര്യകുലത്തിലാണ് ജനനമെന്ന് ജല്പിക്കയും ചെയ്യുന്നു. ആര്യശബ്ദത്തിൻെറ ആഗമം ചിന്തിക്കുകതന്നെ ഇല്ലതാനും. ധാത്വർത്ഥപ്രകാരം ആര്യശബ്ദത്തിൻെറ അർത്ഥം കൃഷിക്കാരൻ എന്നു മാത്രമാണ്. (കൃഷിചെയ്യാൻ ഭൂമി ഉഴുന്നവൻ). ആദ്യകാലങ്ങളിൽ ധാന്യങ്ങൾ കൃഷിചെയ്തു വിളയിച്ച് ഭക്ഷിച്ചിരുന്ന സംഘക്കാർ ആര്യന്മാർമാത്രമായിരുന്നതിനാലും, ഇതിന്നു് അന്യസംഘക്കാരെക്കാൾ പരിഷ്കാരസിദ്ധി ആവശ്യമായിരുന്നതിനാലും ഈ ശബ്ദത്തിങ്കൽ ശ്രേഷ്ഠത്വം ആരോപിച്ചിരിപ്പാനേ കാരണം കാണുകയുള്ളു.

കേരളത്തിൽ ബ്രിട്ടീഷ്ഗവൺമെൻറ് ഭരിക്കുന്നഭാഗങ്ങളിൽ ഒന്നു രണ്ടു് താലൂക്കുകളൊഴികെ പ്രധാന ജന്മിത്വം

നായന്മാരും നംപൂരിമാരും ആകുന്നു. ചില പ്രദേശങ്ങളിൽ സ്വത്രുപിച്ച ജന്മവസ്തുക്കളുള്ള ഊരിൽപരിഷമൂസ്സന്മാരുമുണ്ടു്. മേല്പറഞ്ഞ ഒന്നുരണ്ടു താലൂക്കുകളിൽ ഒന്നിൽ പ്രായേണ നമ്പൂരിമാരും മറേറതിൽ പരദേശബ്രാഹ്മണരുമാകുന്നു. ഈ ജന്മികളെല്ലാം നിലങ്ങളും അധികവും പാട്ടത്തിനേല്പിക്കുകയാണു് പതിവു്. കൃഷി ഏതു വിധമായാലും ഇവൎക്കു് ചോദ്യമില്ല. പാട്ടം ക്രമപ്രകാരം വസൂലാകേണമെന്നേ ശാഠ്യമുള്ളു. അഥവാ അവനവൻതന്നെ നടത്തുന്ന ഭാഗങ്ങളിൽ പോലും സ്വന്തദൃഷ്ടി വയ്ക്കുക എന്ന നിയമമേ ഇല്ല. കൃഷിക്കാരനായി ഒരുവനെ നിയമിച്ചു് അവന്റെ ഹിതംപോലെ കാൎയ്യമെല്ലാം നടത്തുക എന്നല്ലാതെ ഉടമസ്ഥനു് വെയിലോ മഴയോ ഉള്ളപ്പോൾ പുറത്തിറങ്ങുന്നതു് ലഘുത്വമായാണു വിചാരിച്ചു കാണുന്നതു്. വെയിലും മഴയുമില്ലാതെ സമയവുമില്ല. അതിനാൽ ഉടമസ്ഥൻ നോക്കുകയുമില്ല. ഇത്ര ഉദാസീനതയോടുകൂടി കാൎയ്യാന്വേഷണം ചെയ്തിട്ടും ഇപ്പോഴുണ്ടാകുന്ന ആദായം നോക്കുമ്പോൾ വേണ്ടവിധത്തിലായിരുന്നാൽ ഉണ്ടാകത്തക്ക ആദായം ഗണിക്കാവുന്നതാണു്.

൨. രണ്ടാമതായി പറയേണ്ടതു് നെയ്ത്തുപണിയാണു്. ഇതിന്റെ ഗുരുത്വം നമ്മുടെ നാട്ടിൽ ഇനിയും വേണ്ടവിധം അനുമാനിച്ചു തുടങ്ങിട്ടില്ല. വിദ്യാനൈപുണ്യം കൊണ്ടു ബുദ്ധിക്കു് വികാസംസിദ്ധിച്ചവർ എന്തുതന്നെ ചെയ്തിരുന്നാലും അതെല്ലാം ശുദ്ധമേ മൂഢന്മാർ ചെയ്യുന്നതിൽ എത്രയോ അധികം വൈശിഷ്ട്യത്തോടെ സാധിക്കുമെന്നു് ലോകസമ്മതമാണു്. ഈ ബോദ്ധ്യം എല്ലാവൎക്കുമുണ്ടെങ്കിലും ഈ വിഷയത്തിലേൎപ്പെടുവാൻ മനസ്സിനു് ധൈൎയ്യം വരുന്നില്ല. 'തൊട്ടിലിലെ ശീലം ചുടലയിൽ' എന്നല്ലെ പ്രമാണം. നെയ്ത്തു തുടങ്ങിയാൽ ചാലിയനായി

പ്പോകുമെന്നാണ് ഭയം. ൦൦൦ പ്രവൃത്തി കുലധൎമ്മമായി പാലിച്ചുപോരുന്ന ചാലിയക്ക് പതിത്വം കല്പിക്ക ഹേതുവായി വിജ്ഞാനസിദ്ധിക്ക് ഹേതുവരാതെ മൂഢന്മാരായി ത്തന്നെ കഴിയുന്നു. എന്നുമാത്രമല്ല അവരെക്കൊണ്ടു് സ്വരാജ്യത്തേക്കു് ഉണ്ടാകേണ്ടുന്ന പുഷ്ടികൾക്കു് ശോഷണവും വരുന്നു. പിന്നെ ഈ സംഘക്കാരെക്കൊണ്ടു് രാജ്യത്തിലേക്കു് സാധിക്കുന്നതു് പരുക്കൻതോൎത്തുമുണ്ടും പേററുകച്ചയും മാത്രമായതിനെക്കുറിച്ചു് അതിശയിക്കാനില്ല. ഒന്നാമതു് ഓരേ പ്രവൃത്തിക്കു് ഓരോ സംഘക്കാരെ പ്രത്യേകിച്ചു് നിയമിച്ചതുതന്നെ അബദ്ധം. പിന്നെ പ്രവൃത്തികളുടെ ഗുരുലഘുത്വമാലോചിക്കാതെ അതാതു ചെയ്യുന്നവൎക്കു് അവിഹിതമായി പതിത്വം കല്പിച്ചതിൽ പ്രഥമാബദ്ധം ആവൎത്തിച്ചു. എള്ളുകൃഷിചെയ്തു് വെട്ടി ഉണക്കി തട്ടി മണിയാകുന്നതുവരേയുള്ള പ്രവൃത്തി ആൎക്കെങ്കിലും ചെയ്യുന്നതിനു് ആക്ഷേപമില്ല. അതിൽ നിന്നു് ജനങ്ങൾക്കു് അത്യാവശ്യവസ്തുവായ എണ്ണ എടുക്കുന്നതു് നികൃഷ്ടവൃത്തി എന്നും അതിനു് ചക്കാൻ എന്നു് ഒരു ജാതി വേറെ വേണമെന്നുമല്ലേ പൂൎവ്വന്മാരുടെ വിധി. ചകരികൊണ്ടു് കയറു പിരിപ്പാൻ പണ്ടു് പൂൎവ്വന്മാർ കല്പിച്ച ജാതിയില്ലാത്ത പ്രദേശങ്ങളിൽ ദ്രവ്യമായിത്തീരുന്ന ഈ സാധനം കത്തിച്ചു ഭസ്മമായല്ലേ പോകുന്നതു്.

ചാലിയർ മൂഢരെങ്കിലും അവൎക്കു് പരമ്പരയായി ഒരു തോതു കിട്ടീട്ടുണ്ടു് അതുപ്രകാരം നടന്നു പോരുന്നതുമുണ്ടു്. ഇവർ ഉണ്ടാക്കുന്ന തോൎത്തുമുണ്ടു് ഉടുത്തു് യജമാനന്മാരായി തെളിവാൻ സാധിക്കാത്തതുകൊണ്ടു് നമ്മുടെ നാട്ടുകാർ എത്ര നഷ്ടപ്പെടുന്നുണ്ടെന്നു് ആരെങ്കിലും ഇതുവരെ ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ നിവൃത്തി മാൎഗ്ഗം കാണാതിരിക്കയുമില്ല. നമ്മുടെ യോഗത്തിൽ യോഗ്യതയിലി

രിക്കുന്ന അമ്മമാരും കുട്ടികളും ഉപയോഗിച്ച് പോരുന്നവയും പാവു തരത്തിലുള്ളവയുമായ വിലപിടിച്ച മുണ്ടുകളും വസ്ത്രങ്ങളും ആരു് എങ്ങിനെ എവിടെ വച്ചുണ്ടാക്കുന്നു എന്നു് ഈ നാട്ടിലാരും വിചാരിക്കുന്ന ചട്ടമേ ഇല്ല. "പത്തായം പ്രസവിക്കുക, കാൎയ്യസ്ഥൻ അളക്കുക, ചക്കി കുത്തുക, കോമൻ വയ്ക്കുക, അമ്മ വിളമ്പുക" ഇത്രമാത്രമേ അറിവുള്ളു. ഈ ശീലത്തരങ്ങൾ നെയ്യുന്നതു് പാണ്ടിരാജ്യത്താണു്. ഇവൎക്കു് യൂറോപ്യന്മാരെപ്പോലെ നെയ്ത്തിനു സൌകൎയ്യകരങ്ങളായ യന്ത്രങ്ങളും മററും അറിവുണ്ടോ എന്നുകൂടി സംശയമാണു്. ആ രാജ്യക്കാൎക്കു നാം ഉപയോഗിക്കുന്ന മാതിരി മുണ്ടുകൾ കൊണ്ടോ വസ്ത്രങ്ങൾകൊണ്ടോ യാതൊരു പ്രയോജനവുമില്ല. എങ്കിലും ദേഹദണ്ഡം ചെയ്തു ഈ തരത്തിൽ നെയ്തുണ്ടാക്കിസ്വന്തം ആൾവശം കേരളത്തിലേക്കയച്ചു് ഇവിടെ വിററഴിച്ചു് അതിയായ ലാഭം എടുത്തു ധനികന്മാരാകുന്നതു് നിത്യമായി കണ്ടുപോരുന്നുവല്ലോ.

നാട്ടുകാരിൽ ധനികന്മാർ യോഗംകൂടി ഓഹരിയെടുത്തു് യന്ത്രങ്ങൾ മുതലായ സാമാനങ്ങൾ വരുത്തി കേരളത്തിൽ വച്ചു തന്നെ ഈ പ്രവൃത്തി നടത്തുന്നതായാൽ നാലു ദിവസത്തേയ്ക്കുള്ള താല്പൎയ്യമാഹാത്മ്യമൊഴിച്ചു് മററെല്ലാം സാധിക്കുന്നതിനു പുറമെ കേരളീയരുടെ ദ്രവ്യം 'ഇങ്ങിനെ വരാതവണ്ണം' കിഴക്കോട്ടു പോകേണ്ട ആവശ്യം വരികയില്ല. ഇതിനു പുറമെ എത്ര പണം ജഗന്നാഥൻ മലമൽ മുതലായവ വഴിയായി അന്യദേശത്തേക്കു പോകുന്നു? ആൎജ്ജനത്തിനുള്ള മാൎഗ്ഗങ്ങളിൽ പ്രഥമതയും സൌകൎയ്യവും വ്യാപാരത്തിനാണെന്നു് സൎവ്വസമ്മതമായ കാൎയ്യമാകുന്നു. ഇഹലോകവൃത്തികളിൽ മിക്കവയും വ്യാപാരമെന്നു് ഒരുവിധേന പറയാമെങ്കിലും അവയൊന്നും യഥാൎത്ഥത്തിൽ ആ

ജ്ജനമാൎഗ്ഗങ്ങളായി അനുമാനിക്കപ്പെട്ടുകൂടാ. ഠരം അൎത്ഥത്തിൽ ഗ്രഹിക്കേണ്ട വ്യാപാരം കേരളീയരിൽ എത്ര കണ്ടു നടപ്പുണ്ടെന്നാണു് ഇവിടെ ആലോചിക്കേണ്ടതു്. വല്ലതുമുണ്ടെങ്കിലല്ലേ ആലോചിക്കേണ്ട അവധാനമുള്ളു. ഈ നിലയിൽ കൃഷിയും സൎക്കാർ കീഴിലുള്ള ഉദ്യോഗങ്ങളുമൊഴികെ മറ്റൊന്നുമുള്ളതായി എനിക്കു് കേട്ടറിവില്ല. കൃഷിയുടെ കഥയെല്ലാം മുമ്പേതന്നെ പറഞ്ഞുപോയിരിക്കുന്നു. ഉദ്യോഗമാൎഗ്ഗമായ സമ്പാദനം എല്ലാവൎക്കും സാധിച്ചുകൊള്ളുവാൻ പ്രയാസം. ഉദ്യോഗം സാധിച്ചാൽപോലും ഒരുവിധം സുഖമായി കാലക്ഷേപം കഴിക്കാമെന്നു് ചിലരുടെ കാൎയ്യത്തിൽ മാത്രം പറയാം. അധികം വേണമെന്നു് മോഹം തുടങ്ങിയാൽ അതിനുള്ള മാൎഗ്ഗം ന്യായമോ അന്യായമോ എന്നു് ചിന്തിക്കാതെയായി വന്നേക്കാം. ഇതുനിമിത്തം ശ്രേയസ്സും ദ്രവ്യപുഷ്ടിയും കൂടി ഉദ്യോഗസ്ഥരിൽ ചേൎന്നില്പാൻ അസാദ്ധ്യമെന്നു പറഞ്ഞുവരുന്നു. "പണമില്ലാത്തവൻ പിണം" "ദ്രവ്യമില്ലാത്തവൻ ശവത്തിനു തുല്യൻ" എന്നൎത്ഥം വരത്തക്കവിധത്തിൽ തമിഴ്ഭാഷയിൽ ഒരു വചനമുണ്ടു്. ഈ പറയുന്നതു് ലൗകികാവസ്ഥയിൽ യഥാൎത്ഥമായാൽ ശവോപമത്വം വരാതിരിപ്പാൻ മാൎഗ്ഗമെന്തെന്നു ഒരുവിധം ആലോചിക്കേണ്ടതാണു്. ഈ വഴിക്കു് ആലോചിക്കുന്നതിൽ പ്രാധാന്യം വ്യാപാരത്തിനെന്നു് മുമ്പേതന്നെ പറഞ്ഞിരിക്കയാൽ അതിനെപ്പറ്റി ഇവിടെ അല്പം പ്രസ്താവിക്കുന്നു.

വ്യാപാരത്തിനു വേണ്ട പദാൎത്ഥങ്ങളിൽ ഒന്നാമതായി പറയേണ്ടതു് ദ്രവ്യത്തെപ്പറ്റിയാകുന്നു. പിന്നെ വിവേകം, സൂക്ഷ്മം, ക്ഷമ, സത്യം, ശൌചം ഇങ്ങിനെ അനേകഗുണങ്ങളുണ്ടായിരുന്നാൽ പ്രവൃത്തിക്കു ശ്രീയും, ആൎജ്ജനത്തിനു് സ്ഥൈൎയ്യവും, മനസ്സിനു് സ്വൈരവും, അന്യരുടെ

ബഹുമാനവും ഉണ്ടായിവരുന്നതാണ്. ഒന്നാമതായി പറയേണ്ട ദ്രവ്യം നമ്മുടെ ഇടയിൽ പ്രയാസസ്ഥിതിയിലാണ് ഇരിക്കുന്നതു്. നമ്മുടെ രാജ്യത്തിൽ ദ്രവ്യപുഷ്ടിയുള്ള തറവാട്ടുകളില്ലെന്നു ഞാൻ പറയുന്നില്ല. ലോകത്തിൽ നിക്ഷേപകുംഭങ്ങളൊക്കെയെല്ലാമുണ്ടായിരിപ്പാനിടയുണ്ട്. ആവശ്യസമയങ്ങളിൽ കഴിച്ചുനോക്കേണ്ട സ്ഥലങ്ങൾ വിവരമില്ലെന്ന് ഒരു വിഷമമേയുള്ളു. തറവാട്ടുസ്വത്തിന്റേയും സ്ഥിതി ഏകദേശം ഇതുതന്നെയാണ്. സ്വത്തുണ്ടെന്ന് അറിവുണ്ടെങ്കിലും കിട്ടേണ്ട മാർഗ്ഗം അറിവിൽപ്പെടാതെ ഇരിക്കുന്നു. തൊഴുത്തിൽ കുത്തില്ലാതെ കുടുംബങ്ങളുണ്ടോ എന്നു വളരെ സംശയം. അഥവാ ഉണ്ടെങ്കിൽ വളരെ ചുരുക്കം. പക്ഷെ കാരണത്തിന്റെ അഭാവത്തിൽ ഇങ്ങിനെ വരുന്ന കുടുംബങ്ങളുടെ കാര്യത്തിൽ ഐകമത്യത്തിനു വൈഷമ്യമില്ലല്ലോ. വ്യവഹാരത്തിന് കേരളീയരുടെ സഹജത്വമുണ്ടെന്നു പറയുന്നതു് അസത്യവാദമായി വരികയില്ല. കിടാങ്ങൾ ഒന്നാമതായി ഉച്ചരിച്ചു പഠിക്കുന്നതു് അന്യായം, പ്രതി എന്നിങ്ങിനെയാണെന്നുകൂടി പറയാം. അമ്മയെന്നൊ അച്ഛനെന്നൊ ആയി വരുന്നപക്ഷം അതു് കാലാനുസാരമാകയില്ല. ഇതിനു് പുറമേ നമ്മുടെ രാജ്യക്കാൎക്ക് ദ്രവ്യാശി അതികലശലുമാണ്. അതിനാൽ വ്യവഹാരമൊന്നു തുടങ്ങിപ്പോയാൽ അതിന് അവസാനം പാളയിലാണ്. പാളയെടുക്കുന്നതുവരെ വ്യവഹാരം വച്ചുകളഞ്ഞു എന്നു വരികയില്ല. തമ്മിൽ പറഞ്ഞുതീരുന്നതു് ഇരുകക്ഷികൾക്കും വളരെ അപമാനമെന്നാണു സാധാരണ വിചാരം. അന്യായത്തിലെ പ്രതികൾ തമ്മിൽചേൎന്ന് വ്യവഹാരമില്ലെന്നാക്കുന്നതിന് അങ്ങുമിങ്ങും കാൽപിടിക്കയാണെന്നും അതിന് ജാള്യതയുണ്ടെന്നും മറവുമാണ് ഭാവം. ഇതു് ഭാവമെന്നതല്ലാതെയല്ല അതിനെ വലിയ ഒരു വ്രതമായിട്ടാണു

രക്ഷിച്ചുപോരുന്നതു്. ഏതെങ്കിലും, അങ്ങുമിങ്ങും, കാൽപിടിപ്പാൻ മടിച്ചു വ്യവഹരിച്ചു വ്യവഹരിച്ചു് സൎവ്വും ക്ഷയിച്ചു് ഒടുവിൽ കടക്കാരൻ കഴുത്തിലാണു് പിടികൂടുന്നതു്. ഇങ്ങിനെ വരുന്നതു് എത്ര പരിവൃത്തി കണ്ടിരുന്നാലും ജനങ്ങൾക്കു് അതിൽ വിമുഖത വരാതിരിക്കുന്നതു് കേരളത്തിലെ സുകൃതക്ഷയമെന്നുതന്നെ പറയേണ്ടിവരുന്നു. വ്യവഹാരങ്ങൾക്കുവേണ്ടി ദുൎവ്യയം ചെയ്തുപോരുന്ന ദ്രവ്യത്തിൽ ഒരംശം വല്ലപ്രകാരമുള്ള വ്യാപാരവിഷയത്തിൽ ഏൎപ്പെടുത്തുന്ന പക്ഷം ജനങ്ങൾക്കു് ദ്രവ്യപുഷ്ടിയും ആവഴിക്കു് വരാവുന്ന സകല സുഖാനുഭവങ്ങളും സിദ്ധിച്ചു് അവർ സുഖിക്കുമല്ലോ. നമ്മുടെ രാജ്യത്തിൽ ഏതെല്ലാം വ്യാപാരങ്ങൾ സൌകൎയ്യത്തോടുകൂടി നടത്തുവാൻ സാധിക്കുമെന്നു ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? നാം നെല്ലുകൃഷി ചെയ്തുണ്ടാക്കി, കിട്ടിയ വിലയ്ക്കു് വ്യാപാരികളായ മററു ജാതിക്കാൎക്കു് വിററുകളയുന്നു. അവർ അരിയാക്കി മൂടകെട്ടിച്ചു് അന്യായവില മേടിച്ചു് നമ്മുടെ രാജ്യത്തുതന്നെ അതെല്ലാമഴിച്ചു് അതിയായ ലാഭമെടുക്കുന്നുവല്ലോ. വിളയിക്കേണ്ട അദ്ധ്വാനം കൂടി ചെയ്തു് അവരവർ തന്നെ വ്യാപാരം നടത്തുവാൻ നിശ്ചയിക്കുന്ന പക്ഷം ആ മുതൽ മലയാളം കടന്നു് പോകയില്ലല്ലോ. ഇങ്ങിനെ ഓരോ പദാൎത്ഥങ്ങളുടെ സ്ഥിതി വിവരിക്കുന്നതായാൽ ഈ രാജ്യത്തു് ഉണ്ടാവുന്ന അനേകപദാൎത്ഥങ്ങളെക്കൊണ്ടു് എങ്ങിനെയെല്ലാം ലാഭമെടുപ്പാൻ മാൎഗ്ഗമുണ്ടെന്നോ ആ വഴിക്കു് ശ്രമിക്കുന്നതു് രാജ്യത്തിനു് ശ്രേയസ്കരമെന്നോ നമ്മുടെ കൂട്ടരിലാരാൻ വിചാരിക്കുന്നുണ്ടോ? അനവധി സാധനങ്ങൾ കാട്ടിലുള്ള മുല്ലപ്പൂപോലെ വെറുതേയല്ലേ പോകുന്നതു്? കുരുമുളകു് മരത്തിന്മേൽ നിന്നുതന്നെ കരാറുപറഞ്ഞു് വ്യാപാരികൾക്കു് കൊടുക്കുന്നു. ഇഞ്ചി കിളച്ചപാടേതന്നെ തൂക്കി വിററുകളയുന്നു. നാളികേരം ഇ

ടിവിച്ചു ഉടനെ പൊളിച്ചും പൊളിക്കാതെയും മാപ്പിളമാരും എണ്ണക്കച്ചവടമുള്ള മററു വൎഗ്ഗക്കാരും എടുക്കുന്നു. ഇവയി ലെല്ലാം മുതൽ യാത്രപറഞ്ഞു ദേശാന്തരം പോകുന്നില്ലെന്നു ആശ്വാസമുണ്ടു്. പരുത്തി ഈ നാട്ടിൽ പട്ടുമുളയായി ഉണ്ടാകുവാനേ പാടുള്ളു എന്നില്ലല്ലോ. അതു കൃഷിചെയ്വാൻ തോന്നിത്തുടങ്ങീട്ടില്ല. പഞ്ഞി നൂലാക്കേണ്ടതിനും, നെയ്യേണ്ടതിനും ആവശ്യങ്ങളായ യന്ത്രങ്ങൾ കേരളീയരുടെ ദ്രവ്യം കൊടുത്താൽ കിട്ടുകയില്ലെന്നുണ്ടോ? പരിചയിച്ചാൽ യന്ത്രങ്ങൾ ഈ നാട്ടിൽതന്നെ ഉണ്ടാക്കുവാനും പ്രയാസമില്ല. ഇങ്ങിനെയെല്ലാം തുടങ്ങിയാൽ നാട്ടുകാരുടെ ഹിതംപോലെ വസ്ത്രങ്ങളുണ്ടാക്കാമല്ലോ. ഈ വിധം അത്യാവശ്യമായ കാൎയ്യങ്ങളിൽ ശ്രമിപ്പാൻ തോന്നാതെ വിശേഷവസ്ത്രങ്ങൾക്കു ആവശ്യം വരുമ്പോൾ ലക്ഷ്മീവിലാസം, ഉൎവ്വശീവിലാസം, ചോരായ്മവിലാസം എന്നിങ്ങിനെ പേരുകളെഴുതി തെക്കൻ കച്ചവടം ഞാഞ്ഞാൻമുതലാളിക്കു ശീട്ടയച്ചു് അന്യായവിലവച്ചു് മേടിച്ചു് മേടിച്ചു് അന്യായമുതലും അന്യായപലിശയും കൂടി സംഖ്യ വലുതാക്കി വ്യവഹരിച്ചു് തറവാടുകളും കൂടി വില്പിച്ചു് നിരപരാധികളായ അനേകം പേരെ പാളയെടുപ്പിക്കുന്നതു് എന്തിനായിട്ടാണു്.

തനിക്കുതാൻപോന്നജനങ്ങളൊക്കെയും
തനിക്കുവേണ്ടുകിലെളിയതും ചെയ്യും.

ഇങ്ങിനെ മഹാഭാഗ്യമുള്ളതിനു പുറമേ വ്യാപാരം എളിയ കാൎയ്യവുമല്ല. അതിനാൽ ധനികന്മാരെല്ലാം യോഗംകൂടി ധനം ഓഹരി നിയമിച്ചു് ശേഖരിച്ചു തെക്കൻ, ജന്നാഥം, മലമൽ, മസ്ലിൻ മുതലായ മാതിരിയിൽ നെയ്തുതുടങ്ങുന്നതായാൽ ഇപ്പോൾ അന്യർ അനുഭവിച്ചുപോരുന്ന അതിയായ ലാഭം ഇവിടെ സ്ഥിരവാസിയായി വരുന്ന

തിനു പുറമേ സ്വദേശികൾക്കു് ആദായവും സംഘക്കാൎക്കു് ദ്രവ്യവൎദ്ധനയും സ്വാഭിമാനസദ്ധ്യവും അഗണ്യരൂപം സിദ്ധിക്കുമെന്നു പറയുന്നതിൽ സംശയിപ്പാനിടയില്ല. ഇതു കൂടാതെ ബുദ്ധികൌശലംകൊണ്ടും, ദേഹദണ്ഡംകൊണ്ടും ഈ വിഷയത്തിൽ സംഘക്കാരോടു സഹകരണം ചെയ്യുന്നവൎക്കു അന്യാശ്രയം കൂടാതെ കാലക്ഷേപം ചെയ്യുന്നതിനും കഴിയും.

ഓടുണ്ടാക്കുന്നതു നീചനായ കുശവന്റെ പണിയാകയാൽ നമ്മുടെ നാട്ടുകാർ അതിൽ ബുദ്ധിവയ്ക്കുന്നില്ല. ഇതിനു പുതുമാതിരിയിൽ ഒരു യന്ത്രവും മററുമേൎപ്പെടുത്തി ഓട്ടുപണി തുടങ്ങിയശേഷം കുറച്ചുകാലത്തിനുള്ളിൽ പാതിരി സംഘക്കാർ എത്രലക്ഷം കരസ്ഥമാക്കി എന്നു കേരളത്തിൽ കാണ്മാനുള്ള ഗൃഹങ്ങളുടെ മേൽപ്പുരകൾ നോക്കി കണ്ടുതീൎച്ചപ്പെടുത്തേണ്ടതാണു്. മലവാരങ്ങളുള്ള മഹായോഗ്യൎക്കു് മലകളിൽ പോകയെന്നു വിചാരിച്ചാൽ

"ഝില്ലിഝാംകാരനാദമണ്ഡിതസിംഹവ്യാഘ്ര
ശല്യാദിമൃഗഗണകീൎണ്ണമാതപഹീനം"

ഇതെല്ലാമാണു് ഓൎമ്മവരുന്നതു്. മരക്കച്ചവടക്കാരനോടു് കാലമേനിക്കു് കരാറു് എന്നു് തീൎച്ചപ്പെടുത്തി മുതലെല്ലാം നഷ്ടപ്പെട്ടു പോകുന്നവരല്ലോ. ഇങ്ങിനെ സൂക്ഷിച്ചാൽ ഉടമയ്ക്കും, അദ്ധ്വാനത്തിനും നമ്മുടെ രാജ്യക്കാർ തന്നെ. അവിടുന്നു് അങ്ങോട്ടു് പറയുമ്പോൾ മാരാനും ചെണ്ടയും എന്ന കണക്കാണു്. തല്ലുകൊള്ളുവാൻ ചെണ്ടയെങ്കിലും പണംകെട്ടുവാൻ മാരാൻ; ഈ വചനം ഉദാഹരിക്കയാണു് യഥാൎത്ഥത്തിൽ നമ്മുടെ നിത്യവൃത്തി—യഥാൎത്ഥത്തിൽ കേരളീയരെന്നു് പറഞ്ഞവർ എന്തുപ്രയത്നമാണു് പ്രയത്നമെന്ന നിലയിൽ ചെയ്യുന്നതു? ആ സ്ഥിതിയുള്ളവർ ഈയിടെ

ഇംഗ്ലീഷുപഠിച്ചു എഴുത്തുപണിയൊ വക്കീൽപ്രവൃത്തിയൊ ആയും ചുരുക്കം ചിലർ ന്യായാധിപത്യം സാധിച്ചും കാണുന്നുണ്ടെങ്കിലും മാൎഗ്ഗമില്ലാതെ ഉഴലുന്നവർ പ്രായേണ അധികപ്പെട്ടാണു് കാണ്മാനുള്ളതു്. കീഴ്ക്കട, കീഴ്ക്കട, എന്ന മഹാകടൽ കടന്നാലല്ലാതെ ഊൎദ്ധ്വഗതിക്കു് മാൎഗ്ഗം കാണുന്നില്ല. ജനങ്ങൾ വൎദ്ധിക്കുമ്പോൾ പ്രയത്നങ്ങളും വൎദ്ധിക്കേണ്ടതാണു്. ഇതൊന്നും വിചാരിക്കാതെ

"അലംവൃഥാമോദനഖേദനാഭ്യാം
അലംഘനീയാകമലാസനാജ്ഞാ"

എന്നതും പ്രമാണിച്ചിരുന്നു് കുട്ടികൾക്കു് അന്തിയുഴിഞ്ഞശേഷം കരുതിയും തിരിയും തെക്കോട്ടു് ആശ കാണിച്ചു് വടക്കോട്ടു ഒഴിച്ചു കളയുന്നതുപോലെ തറവാട്ടിലേയ്ക്കു് വിഹിതം വരേണ്ട ആദായങ്ങൾ അവിടേക്കെന്നനിലയിൽ പിരിച്ചു് അവയെ ചിലവഴിക്കേണ്ട സമയത്തേക്കു് കൈത്തപ്പായി സ്ഥലംമാറി ചിലവുചെയ്തു വ്യവഹാരങ്ങളുണ്ടാക്കി കൈത്തപ്പും വ്യവഹാരവുമായി ഉള്ളതെല്ലാം നശിപ്പിക്കുന്നതിനെ വിത്യാവും കണ്ടു കണ്ടു് ജനങ്ങൾക്കു് അപകീൎത്തിയിലും ദാരിദ്ര്യത്തിലും അലംബുദ്ധിവരാതിരിക്കുന്നതിൽ പരമായി എന്തു കഷ്ടാവസ്ഥയാണു് വരുവാനിരിക്കുന്നതു്.

പറഞ്ഞിടാതിത്ഥമറിഞ്ഞിടേണം
പറഞ്ഞറിഞ്ഞാലുമതൊട്ടുകൊള്ളാം
അറിഞ്ഞിടാ ചൊൽകിലുമെന്നുവന്നാൽ
പറഞ്ഞിടാനെന്തിനിനച്ചുകണ്ടാൽ!

# ൯. അന്ധവിശ്വാസം.

പകലങ്ങുനിനച്ചിടുന്നതിൽ
പടമോൎമ്മച്ചുവരിൽ കിനാവുകൾ
പരിചോടെഴുതുന്നരാത്രിയിൽ,
പരമിച്ഛാനുഗുണം വരുംഗുണം.

സ്വപ്നങ്ങൾ, ശകുനങ്ങൾ, ഭാഗ്യം, ഭാഗ്യക്കുറി, മന്ത്രവാദം മുതലായ അയുക്തികങ്ങളായ അനുഭവങ്ങൾ അന്ധവിശ്വാസമെന്ന പദത്തിലുൾപ്പെടുന്നു. ജീവിതത്തിൽ അവയിൽ ഏതാനും നമ്മുടെ മനസ്സിൽ പതിയാതെ വരികില്ലെന്നുള്ളതുകൊണ്ടു മാത്രമല്ല അവ വിചാരണാൎഹങ്ങളാകുന്നതു്. അവ നമ്മുടെ മനഃപ്രവൃത്തികളെ വിശദീകരിക്കയും ചെയ്യുന്നു.

പ്രബോധവും നിദ്രയും നമ്മുടെ ജീവിതസാമ്രാജ്യത്തെ പകുത്തനുഭവിയ്ക്കുന്നു. തമ്മിൽ കെട്ടിപ്പിണഞ്ഞു സുഖമായി കിടക്കുന്ന രണ്ടു ബാലകന്മാരെ നിദ്രാപിശാചിനി നിഷ്ഠുരമായി അനായാസേന ദൂരത്തകററുന്നു.

കാടുംമേടുംസമുദ്രംമലകളരുവിയുംപൊയ്കയും കാറുമേഘം
നാട്ടുംനാനാജനാനാന്തതിയുമുടനുടൻവന്നിട്ടുമാറിമാറി
വീടുംക്രൂടുംവെടിഞ്ഞിട്ടുടനടിമറയുംനാടകത്തിങ്കലേപ്പോ-
ലാട്ടുംരാവിൽകിനാവാംനഗരമതിലഹോ!തിക്കുമില്ലേതിരക്കും

പലരും സ്വപ്നം കാണുന്നതല്ല, എങ്ങിനെ സ്വപ്നം കാണുന്നു എന്നതാണ്, ആശ്ചര്യം. ഈശ്വരാംശഭൂതയായ ബുദ്ധിയെ പണയം വെച്ചു, ദേശവും കാലവും, നാട്ടും നഗരവും, ജനങ്ങളും ജന്തുക്കളുമെല്ലാം പ്രകൃതിസിദ്ധങ്ങളാ

യ നിയന്ത്രണങ്ങളെ അതിലംഘിച്ച് അന്തരാന്തരാഹാസ്യ മായും ഭീഷണമായും കൃത്താടുന്നതിനു നാം രംഗഭൂമിയായി തീരുന്നതാണ് ആശ്ചൎയ്യം.

മുന്നമങ്ങുശൈശവത്തിൽനമ്മുടെസഖാക്കളായ്
നിന്നിരുന്നപേരനേകമിമ്പമോടുസാമ്പ്രതം
ഇന്നലെപ്പിരിഞ്ഞപോലെവന്നിട്ടുന്നുപിന്നെയും
മന്നിൽനിന്നുവിട്ടുപോയദുഷ്ടരുംവിശിഷ്ടരും.

ചിലപ്പോൾ കരകാണാത്ത സമുദ്രങ്ങളിലും അവസാനിയ്ക്കാത്ത വഴികളിലും ഒരു ലക്ഷം കൂടാതെ അനന്തമായി നാം സഞ്ചരിക്കുംപോലെ തോന്നുന്നു; ചിലപ്പോൾ കഠിനമായ വാഗ്വാദങ്ങൾ നടത്തുന്നു; കാൎയ്യമില്ലാത്തകാൎയ്യത്തിനു വളരെ പ്രയത്നിക്കുന്നു. നോംപോക്കുകൾ കണ്ടു ചിരിക്കുന്നു. ചിരികേട്ടുണൎന്നുനോക്കുമ്പോൾ നിശ്ശബ്ദമായും ഭയങ്കരമായും ഉള്ള നിശീഥത്താൽ ശിക്ഷിതന്മാരായിട്ടു ഈ ഏഭ്യച്ചിരിയുടെ കാരണത്തെ മനസ്സിലാക്കാൻ പഠിച്ചു പണിയെല്ലാം നോക്കുന്നു. സ്വപ്നങ്ങളെ ഓൎമ്മിയ്ക്കുന്നതു വളരെ പ്രയാസമാണ്.. ഓൎക്കാൻ ശ്രമിയ്ക്കുംതോറും അവ മറവിൽ ഒളിയ്ക്കും. നല്ല രസകരങ്ങളായ സ്വപ്നങ്ങൾ കണ്ടു് ഉണൎന്നായുടനെ അവയെ നമുക്കു നല്ല ഓൎമ്മയുണ്ടെന്നു തോന്നും. അതിന്റെ വികാരത്തിൽനിന്നു നാം വിട്ടുമാറീട്ടില്ലായിരിയ്ക്കാം. അതിന്റെ ഒരംശം കിട്ടിയാൽ മുഴുക്കെ ഓൎമ്മിയ്ക്കാം, എങ്കിലും അതിന്റെ ഒററത്തും പിടികിട്ടുന്നില്ല. മുഴുവനും കാട്ടിൽ പുകപോലെ പോകയും ചെയ്യുന്നു. ഇത്ര വേഗത്തിൽ നശിച്ചു പോകുന്നതും പിടികിട്ടാത്തതുമായി സ്വപ്നംപോലെ മറെറാന്നുമില്ല.

സ്വപ്നങ്ങൾക്കെല്ലാം എന്തോ ഒരു സ്വരച്ചേൎച്ചയില്ലായ്ക ഉണ്ടായിരിക്കും. അസഹനീയയായ ഒരു ന്യൂനത അ

വയെ ബാധിച്ചിരിയ്ക്കും. നല്ല മനോഹരങ്ങളായ രൂപങ്ങൾക്ക് എന്തെങ്കിലും ഒരു അംഗഭംഗികാണും. എന്നുതന്നെയല്ല, പാകമല്ലാത്ത മറെറാരുത്തന്റെ ചട്ടയെടുത്തിട്ടാലെന്നപോലെ, സ്വപ്നത്തിലെ ആളുകളും ദിക്കുകളുമെല്ലാം നമുക്കു ചേരാത്തതായി തോന്നുന്നു. ഇതുകൊണ്ടു തന്നെ അറിയണം പ്രകൃത്യാനുസാരിണിയായ മനുഷ്യസ്ഥിതി ഉണൎന്നിരിക്കുമ്പോഴാണ് എന്ന്.

ഉണൎന്നിരിക്കുമ്പോഴുള്ള ഓൎമ്മയൊന്നു വേറെ, ഉറക്കത്തിലൊന്നു വേറെ, വളരെക്കാലം മുൻപിൽ സ്വപ്നംകണ്ടിട്ടുള്ള സ്ഥലങ്ങളേയും ആളുകളേയും മററും ഉറക്കത്തിൽ പിന്നേയും നമുക്ക് ഓൎമ്മവരുന്നുണ്ടു്. ഈ വണ്ടിയിൽ സവാരി ചെയ്തിട്ടുള്ളതായി ഞാൻ മുൻപിൽ പലപ്പോഴും സ്വപ്നം കണ്ടിട്ടുണ്ടെന്നു സ്വപ്നത്തിൽ നാം ഓൎക്കുന്നു. 'ഈ വൎത്തമാനം ഈയാളോടു ഇവിടെ വച്ചുതന്നെ പറഞ്ഞിട്ടുണ്ടു്. അല്ലെങ്കിൽ കേട്ടിട്ടുണ്ടു്, എപ്പോഴെന്ന് ഓൎമ്മിക്കുന്നില്ല' എന്നു നമുക്ക് ഉണൎന്നിരിയ്ക്കുമ്പോൾ തോന്നാറുള്ളതുപോലെ ഉറക്കത്തിലും തോന്നാറുണ്ടു്. സ്വപ്നത്തിലുള്ള ഈ അനുഭവം പ്രത്യേകം സൂക്ഷിച്ചറിയേണ്ടതാണ്.

ജന്തുക്കൾ പ്രകൃതിയുടെ സ്വപ്നങ്ങളെന്നു, പറയപ്പെട്ടിരിയ്ക്കുന്നു. നമ്മുടെ സ്വപ്നാവസ്ഥയിലുള്ള ജ്ഞാനം അവയുടേതിനു തുല്യമായി വിചാരിക്കാം. അപ്പോൾ വിശേഷബുദ്ധി പ്രസുപ്തയായി നാം വാസനാമാത്രാനുസൃതന്മാരായി ജാഗ്രദവസ്ഥയിൽ അസംഭാവ്യങ്ങളായി ഗണിയ്ക്കുന്നവയെ തക്കംകൂടാതെ അനുവദിയ്ക്കുന്നു. ഒരു പഞ്ജരബദ്ധയായ ശുകിയുടെ നിലയിലാണ് അപ്പോഴുള്ള നമ്മുടെ ബുദ്ധിയുടെ അവസ്ഥ. കഷ്ടം! അതിന്റെ അവസ്ഥ എത്ര ശോച്യയാണ്! സ്വതന്ത്ര ചാരികളായ മൃഗങ്ങളുടെ അവ

സ്ഥ കാണുമ്പോൾ 'എന്തു്! നമ്മെപ്പോലെ സ്വാതന്ത്ര്യം അതിനുമുണ്ടോ?' എന്നു നമുക്കു തോന്നുന്നു. ഈ ജ്ഞാനം അതിനുണ്ടോ? നമ്മേപ്പോലെ അതിനും തന്നെത്താൻ അറിയാനുള്ള ശക്തിയുണ്ടോ? നമ്മുടെ കഥകളിൽ മൃഗങ്ങളും പക്ഷികളും മനുഷ്യരെപ്പോലെ പ്രവൎത്തിച്ചതായും മററും പറയുന്നതിൻെറ താല്പൎയ്യം മറെറാന്നുമല്ല, നമ്മുടെ ശക്തിയെ അവയിൽ അധ്യാസിയ്ക്കുന്നതത്രേ. എന്തുകൊണ്ടാണു് ഈ മാതിരി പഴങ്കഥകൾക്കു് ഒരു നിലനില്പു കാണുന്നതു്? തത്വത്തിനോടു അവയ്ക്കു ഏതാണ്ടു ചേൎച്ചയുള്ളതുകൊണ്ടു തന്നെ. ജന്തുക്കളോടു മാത്രമല്ല, അപരിഷ്കൃതന്മാരായ പുലയർ മുതലായ മനുഷ്യവൎഗ്ഗത്തോടും നമുക്കു ദയനീയത തോന്നിപ്പോകുന്നു. അവരിലും ചിലർ ജ്ഞാനമുള്ളവരായി കാണപ്പെടുന്നുണ്ടു്. മിക്കവരും അപ്രകാരമല്ല. തങ്ങളുടെ സ്ഥിതി തനിക്കു അറിയാൻ അവൎക്കു ശക്തിയുണ്ടായിരുന്നെങ്കിൽ അവർ നിസ്സംശമായി ആത്മഹത്യ ചെയ്യേനെ എന്നു നമുക്കു തോന്നിപ്പോകുന്നു.

സ്വപ്നങ്ങൾക്കും ഒരുവക സത്യമുണ്ടു്. യുക്തിയുടെ കണ്ണിൽ മണ്ണുവാരിയിടുന്നവയാണെങ്കിലും അവയ്ക്കും ഒരു ന്യായമില്ലാതില്ല. അവ നമ്മുടെ ബുദ്ധിയെ ഒന്നു കവിഞ്ഞുനില്ക്കുന്നു. ജാഗ്രദവസ്ഥയിൽ അനുഭവത്തിൽ വരാത്തതായ അനേക വിചാരപരമ്പരയെ അവ സൂചിപ്പിയ്ക്കുന്നു. അവയ്ക്കും നമുക്കും യാതൊരു സംബന്ധവുമില്ലെന്നു തോന്നുന്നു, എങ്കിലും നമ്മുടെ ആത്മജ്ഞാനം അപ്പോൾ തീരെ ഇല്ലാതില്ല. ഒരുവിധം നോക്കുമ്പോൾ സ്വപ്നങ്ങൾ നമുക്കു് അതീന്ദ്രിയജ്ഞാനത്തെ തരുന്നു എന്നു പറയാം. എൻെറ സ്വപ്നങ്ങൾ ആത്മീയമല്ല. പരകീയമാണോ? അതുമല്ല, രണ്ടുമാണു. സ്വപ്നങ്ങളെല്ലാം മനഃകല്പിതങ്ങളാണെന്നു നാം പറയാറുണ്ടു്. എന്നാൽ അവ കൂട്ടത്തിൽ

നിന്നും പിന്നാങ്ങിനില്ക്കുന്ന പട്ടാളക്കാരെപ്പോലെ സ്വാമിയെ ആക്രമിക്കുന്നു. എല്ലാപ്രവൃത്തിയും, വിചാരവും, കാരണവും ഇരുതലമൂരികളാണെന്ന് ഇതുകൊണ്ടറിയണം. പ്രവൎത്തി നിവൎത്തിശക്തികൾ ഒന്നിൽതന്നെ അടങ്ങിയിരിയ്ക്കുന്നു.

ജ്ഞാനാതീതമായ ഏതോ ഒരു ശക്തിയിൽനിന്നും നമുക്കു ചിലപ്പോൾ സ്വപ്നത്തിൽ മുന്നറിവുകൾ സിദ്ധിക്കുന്നു. നമ്മുടെ ജീവിതകാലത്തിൽ ഇങ്ങിനെ ഒന്നുരണ്ട് അനുഭവങ്ങളെങ്കിലും ഉണ്ടാകാതെയിരിയ്ക്കുകയില്ല. അപ്പോൾ ഈ പ്രാപഞ്ചികബന്ധനത്തെ വിട്ട് ഒന്നുയൎന്നപോലെ നമുക്കു തോന്നുന്നു. സ്വപ്നങ്ങൾ ഇങ്ങിനെ വരാൻ പോകുന്നതിനെ കാണിയ്ക്കുന്നതായി പലൎക്കും അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ശക്തി പലപ്പോഴും മററൊന്നുമല്ല. നമ്മുടെ മനസ്സിൽ പിരിഞ്ഞു കിടന്നിരുന്ന വിചാരങ്ങളുടെ അനൈച്ഛികമായ പരിപാകംകൊണ്ടും സമ്മേളനംകൊണ്ടും ഘുണാക്ഷരന്യായേന ഉണ്ടായതാകുന്നു. ഇന്നയാൾ ഇന്നവിധം പ്രവൎത്തിക്കുമെന്ന് ഉണൎന്നിരിയ്ക്കുമ്പോൾ നാം ഊഹിയ്ക്കുന്നു. സ്വപ്നത്തിൽ അയാൾ മററൊരുവിധം പ്രവൎത്തിയ്ക്കുന്നതായി കാണുന്നു. അതിനു യുക്തിയൊന്നുമില്ല. എങ്കിലും അചിരേണ അതു സത്യമായി വരുന്നു. ഇതിൽ സ്വപ്നംമാത്രമല്ല കാൎയ്യകാരി മുൻപിൽ മടങ്ങിക്കിടന്നിരുന്ന വിചാരശകലങ്ങളെ ആ പ്രാസ്ഗികൻ കൂട്ടിച്ചേൎത്തു സത്യമാക്കുന്നതാണ്. അതുകൊണ്ടു സ്വപ്നങ്ങൾ, ശകുനങ്ങൾ മുതലായവ ആത്മാവിന്റെ രോദനങ്ങളാണെന്നു ചിലർ പറയുന്നതു വാസ്തവം തന്നെ.

കാൎയ്യകാരണങ്ങളുടെ ഈ വൈജാത്യത്തെ നിൎവചി ... മ്പോൾ ജഗൽ കാരണത്തെപ്പററിയുള്ള അറിവു നമുക്കു ...

ന്തിക്കേണ്ടിവരുന്നു. ഒരേ മൂലത്തിൽനിന്നു വിപരീതങ്ങളോടുകൂടിയ പ്രവൃത്തികൾ പുറപ്പെടുന്നു. ഉറക്കം നമ്മുടെ വിചാരധാരയുടെ സങ്കേതങ്ങളെ മാററിക്കളയുമ്പോൾ ഇച്ഛകളെല്ലാം ഉടനെ പ്രവൃത്തികളായി ഫലിക്കുന്നു. ബുദ്ധിമാൻ ആത്മജ്ഞാനത്തിനായി സ്വപ്നങ്ങളെ സൂക്ഷിച്ചു മനസ്സിലാക്കുന്നു. സ്വപ്നത്തിലെ സംഗതികളെ എപ്പോഴും ഓൎമ്മിക്കുന്നതു പ്രയാസം; പോക്കമനസ്സിലാക്കാം. അതു നമുക്കു ഉത്സാഹമോ വൈമനസ്യമോ ഉണ്ടാക്കുന്നതു് എന്നു് നിൎണ്ണയിയ്ക്കാം. സ്വപ്നത്തിൽ കാണുന്ന സംഗതികൾ എത്ര അസംഗതങ്ങളായിരുന്നാലും അവയ്ക്കു് ഒരു തത്വമുണ്ടു്. ശകുനങ്ങളിലും മററു് അന്ധവിശ്വാസങ്ങളിലും അപ്രകാരം തന്നെ. അവയുടെ നിദാനം മനുഷ്യന്റെ മനസ്സിൽ പ്രസുപ്തമായി ഉണ്ടായിരുന്നു. 'ഈ സ്വപ്നങ്ങൾ എത്രതന്നെ അസംഗതങ്ങളാണെന്നു നമ്മുടെ മനസ്സിൽ നിന്നു ജനിച്ചവയാകകൊണ്ടു നമ്മുടെ ജീവചരിത്രത്തിനോടും ശിരോലിഖിതത്തിനോടും ഏതാനും സാമ്യമില്ലാതെ വരികയില്ല എന്നു ഗീഥി പറഞ്ഞിരിയ്ക്കുന്നു.

വരാൻ പോകുന്നതിന്റെ പൂൎവ്വരംഗങ്ങൾ നമ്മുടെ ആത്മാവിൽ മുമ്പിൽ തന്നെ ഉണ്ടായിരിയ്ക്കും. എന്തെന്നാൽ നമ്മുടെ വിചാരങ്ങളുടെ പരിപൂൎത്തിയാണല്ലോ ക്രിയയിൽ പൎയ്യവസാനിയ്ക്കുന്നതു്. അതുകൊണ്ടു ചില സ്വപ്നങ്ങൾ ഫലിച്ചുകാണുന്നതിൽ ആശ്ചൎയ്യമില്ല. തെററിപ്പോകുന്നതിനു കാരണം, നിസ്സാരങ്ങളായ സംഗതികളെ മാത്രം ഗണിക്കുന്നതിനാലാണു്. ഒരുത്തന്റെ തള്ളവിരലിന്റെ നഖംകണ്ടു അവന്റെ ഛായയെ നിൎണ്ണയിച്ചാൽ എത്ര ശരിയായിരിക്കും? നമുക്കു വരാൻ പോകുന്ന സംഗതികളെ അറിയുന്നതിനുള്ള പലേ ചിഹ്നങ്ങളും എല്ലായ്പോഴും സന്നിഹിതങ്ങളായിട്ടുണ്ടു്. അവയെ വേൎതിരിച്ചറിയുന്ന

തിൽ നാം ജാഗരൂകന്മാരായിരിക്കുന്നില്ലെന്നേയുള്ളൂ. നാം സൂക്ഷിച്ചറിയാൻ തയ്യാറുള്ളവരാണെങ്കിൽ ഈ വക ചിഹ്നങ്ങൾ ധാരാളമുണ്ട്. എന്തുപോലെയെന്നാൽ, നാം ഒരു വൃക്ഷച്ഛായയിൽ ഇരിക്കുമ്പോൾ കണ്ണായങ്ങളിൽകൂടി പതിയ്ക്കുന്ന രശ്മികൾക്ക് ഓരോന്നിനും സൂര്യബിംബത്തിന്റെ ആകൃതിയുണ്ടെന്ന ഗണിയ്ക്കുന്നില്ല. വാസ്തവം അങ്ങിനെയാണെന്നുള്ളത് ഉപരാഗകാലത്തിൽ ഈ ഓരോ സുഷിരങ്ങളിലും കൂടിവരുന്ന വെയിൽ കലാകൃതിയായി കാണുമ്പോൾ മാത്രമേ മനസ്സിലാകുന്നുള്ളൂ. സർവ്വത്തിനും ഈശ്വരൻ ഒരത്ഥം കല്പിച്ചിട്ടുണ്ട്. അതറിയാൻ കഴിയുന്ന ബുദ്ധിമാനാരുള്ളൂ? കൈനോട്ടംകൊണ്ടും മററും മനുഷ്യന്റെ ശുഭാശുഭങ്ങളെ നിർണ്ണയിക്കാമെന്നുള്ളതിനു തക്കമില്ല. പക്ഷെ അതറിയാവുന്ന വിദ്വാനെവിടെ? വളരെ നീളമുള്ള അലകൾ കണ്ടാൽ അവ വരുന്ന വാക്കിന് സമീപത്തെങ്ങും കരയില്ലെന്ന് ഒരു നല്ല നാവികൻ ഊഹിയ്ക്കും. മണ്ണിന്റെ തരം കണ്ടു ലോഹങ്ങൾ കിടക്കുന്ന സ്ഥാനങ്ങളെ ഭൂഗർഭശാസ്ത്രജ്ഞൻ നിർദ്ദേശിയ്ക്കുന്നു. എത്രപേർ അതിന മുമ്പിൽ അവിടം കഴിച്ചിരിയ്ക്കും? അവർ അതറിഞ്ഞിട്ടുണ്ടോ?

അതിസൂക്ഷ്മങ്ങളായ എത്ര ചിലന്തിവലകൾ പ്രഭാതത്തിൽ വെളിയിൽ പലതിനേയും തമ്മിൽ കൂട്ടി ബന്ധിച്ചിരിയ്ക്കും. സൂര്യൻ ഉദിച്ചു വെയിൽ തട്ടുമ്പോഴല്ലാതെ നാം അവയെ കാണുന്നുണ്ടോ? എന്നതുപോലെ;

'പരിഷജതി പദാത്ഥാനാന്തരഃ കോപി ഹേതു-
ന്നഖലുബഹിരുപാധീൻ പ്രീതയസ്സംശ്രയന്തേ
വികസതിഹിപതംഗസ്യോദയേ പുണ്ഡരീകം
ദ്രവതിചഹിമരശ്മാവുദ്ഗതേ ചന്ദ്രകാന്തഃ'

ഈ സംഗതി വളരെ സാരവത്താണ്. ബുദ്ധിമാന് ഏതു നേരമ്പോക്കും അൎത്ഥവത്താകുന്നു. മനുഷ്യസൃഷ്ടത്തിനെല്ലാം മനുഷ്യഗന്ധമില്ലാതെ വരില്ല. അതുപോലെ ഏതുകള്ളക്കഥയിലും ഒരു സാരമില്ലാതെ വരികില്ല. പുരാണങ്ങളിലുള്ള കഥകളിൽ നിന്നു തത്വജ്ഞാനികൾ എത്ര ധൎമ്മതത്വങ്ങളെ പ്രതിപാദിയ്ക്കുന്നു! മഹൎഷിമാർ ഒരു പുല്ല് എടുത്തു മന്ത്രം ജപിച്ചു വിട്ടപ്പോൾ അതു ഭൃത്യപ്രവൃത്തിയെല്ലാം ചെയ്തു എന്ന് കഥകൾ പറയാറുണ്ട്. അതു ശുദ്ധമേ കള്ളക്കഥയെന്നല്ലാതെ ആൎക്കെങ്കിലും തോന്നുമോ? എന്നാൽ മന്ത്രത്തിന്റെ സ്ഥാനത്ത് ആവിയും പുല്ലിന്റെ സ്ഥാനത്തു കുറെ ചക്രങ്ങളും ആക്കുക. ആവിയന്ത്രംകൊണ്ടു നാം എന്തെല്ലാം ഭൃത്യപ്രവൃത്തികൾ ആണ് ചെയ്യിക്കാത്തത്.

"അത്ഭുതസംഗതികൾക്കുള്ള മാഹാത്മ്യത്തിലൊട്ടുംകുറവല്ല പ്രകൃതിമാഹാത്മ്യം" എന്ന് ഒരു പണ്ഡിതൻ പറയുന്നു. നിത്യനിദാനം ഉണ്ടാകുന്ന അനുഭവങ്ങൾക്കാണ് അധികം മാഹാത്മ്യമെന്നാണ് എന്റെ അഭിപ്രായം. മനുഷ്യന് ഒരു ക്ഷണത്തിൽ ഉണ്ടാകുന്ന അനുഭവത്തിനു കോടിപുരാണങ്ങളെക്കാൾ വിലകൂടും. മന്ത്രവാദികളും പ്രശ്നവാദികളും മററും നമ്മെ അവിശ്വാസികളെന്ന് അധിക്ഷേപിയ്ക്കാറുണ്ട്. എന്നാൽ അവരുടെ വാദങ്ങളെ നാം സ്വീകരിയ്ക്കാൻ മടിയ്ക്കുന്നതു് അവരുടെ പ്രവൃത്തികൾക്കും ഫലങ്ങൾക്കും ഒരു സ്വരച്ചേൎച്ചകാണായ്കയാലത്രേ. അവരുടെ വിദ്യ ഒട്ടും നമുക്ക് ആശ്ചൎയ്യത്തെ ജനിപ്പിയ്ക്കുന്നില്ല. എന്തെന്നാൽ അതിലധികം അത്ഭുതങ്ങളെയാണു നാം സൎവ്വദാ കണ്ടുമുട്ടുന്നതു. പ്രകൃതിയിൽ ഒന്നും പെട്ടെന്നു നടക്കുന്നില്ല. ഒന്നിൽനിന്നു മറെറാന്നിലേയ്ക്കുള്ള പ്രവേശം ക്രമേണയാകുന്നു. അന്തരാളസ്ഥങ്ങളായ ഭേദഗതികൾ അ

തിസൂക്ഷ്മങ്ങളാകകൊണ്ടു ഗോചരങ്ങളാകുന്നില്ല. എത്രയോ ശബ്ദങ്ങൾ അനന്തമായി ശ്രോത്രത്തിൽ തട്ടുന്നുണ്ടെങ്കിലും നാം കേൾക്കുന്നില്ല; എത്രയോ കാഴ്ചകൾ കണ്ണിനു മുമ്പിൽ ഇരുന്നിട്ടും നാം കാണുന്നില്ല; അവയെ ചൂണ്ടിക്കാണിക്കു മ്പോൾ മാത്രമേ നാം മനസ്സിലാക്കുന്നുള്ളു.

പ്രശ്നം മുതലായവയ്ക്കു നമ്മുടെ ജീവിതത്തോടുള്ള സംബന്ധത്തെ ഈ വിധം ഒരുത്തനും ചൂണ്ടിക്കാണിക്കാൻ കഴിയുന്നതല്ല. എന്നാൽ അവ കേവലം പരമ്പരാ പ്രവ ചനംകൊണ്ടു വിശ്വസിക്കാവുന്ന ഒരു ചില്ലറ സംഗതിയുമ ല്ല. അതുകൊണ്ടു എന്നും കാണുന്ന അത്ഭുതങ്ങളെക്കൊ ണ്ടു നാം തൃപ്തിപ്പെടേണ്ടതാണു്. മററുള്ളവ നമുക്കു ജ്ഞാ നാതീതങ്ങളാണെങ്കിൽ അവ നിസ്സംശയമായി പ്രത്യക്ഷീഭ വിയ്ക്കും.

ഠരം അന്ധവിശ്വാസങ്ങൾ മുഴുത്തിരുന്ന പണ്ടുള്ള കാ ലത്തും ബുദ്ധിമാന്മാർ അവയെ പ്രതിവാദിയ്ക്കാതെയിരുന്നി ല്ല. പണ്ടു് ഹെക്ടർ എന്ന വീരൻ യുദ്ധത്തിനായി പുറ പ്പെട്ടപ്പോൾ ദുശ്ശകുനങ്ങൾ കാണുന്നു എന്നു് ആരോ പറ ഞ്ഞതിനു് 'തന്നുടെ രക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നതു് ത ന്നെയാണു് ഉത്തമശകുനം' എന്നു് ഉത്തരം പറഞ്ഞു. 'പ്ര ശ്നംപറഞ്ഞു ഫലിപ്പിക്കുന്നവനല്ല, സാധകബാധകങ്ങളെ ചിന്തിച്ചു് ഊഹിക്കുന്നവനാണു പ്രാശ്നികൻ' എന്നു യൂറിപ്പി ഡീസ് എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു. 'അന്നം, ഗരുഡൻ, പശു മുതലായ ജന്തുക്കളെ ഭാഗ്യകാരികളായി നാം ഗണിയ്ക്കുന്നു; എങ്കിലും മനുഷ്യൻ ഉത്തമജന്തുവാണെ ന്നു നമുക്കു വിശ്വസിയ്ക്കാൻ കഴിയുന്നില്ലല്ലോ' എന്നു പ്ലൂട്ടാ ർക്കു് എന്ന പൌരാണികൻ ശോചിയ്ക്കുന്നു. ഒരു വലിയ കൊടുങ്കാററിൽ അകപ്പെട്ട കപ്പലിലേ കപ്പിത്താൻ ഇങ്ങി

നെ ഈശ്വരനെ പ്രാൎത്ഥിച്ചു—'ഈശ്വരാ! അങ്ങേയ്ക്കു' എന്നെ രക്ഷിക്കണമെങ്കിൽ രക്ഷിയ്ക്കാം; നശിപ്പിക്കണമെങ്കി നശിപ്പിയ്ക്കാം; എങ്കിലും ഞാൻ ചുക്കാൻ ശരിയായി പിടിയ്ക്കുന്നുണ്ടു്". ഹെക്കാററിയൂസ് പറഞ്ഞിട്ടുള്ള ഒരു കഥയെക്കൂടി ഉദാഹരിയ്ക്കാം.

'ഒരിയ്ക്കൽ ചെങ്കടലിന്റെ തീരത്തുകൂടി സഞ്ചരിയ്ക്കുമ്പോൾ കൂടെ പല അശ്വാരൂഢന്മാരുമുണ്ടായിരുന്നവരുടെ കൂട്ടത്തിൽ മസ്സലാം എന്നു പേരായ ഒരു ജൂതനും കൂടിയുണ്ടായിരുന്നു. ആൾ ബലിഷ്ഠകായനും ധീരനും ധനുൎവ്വിദ്യയിൽ ബഹു സമൎത്ഥനും ആയിരുന്നു. എല്ലാവരും കൂട്ടമായി യാത്രചെയ്യുമ്പോൾ വഴിയിൽ ഒരു ശകുനവാദി 'നിൽക്കണേ! നിൽക്കണേ!' എന്നു വിളിച്ചു പറഞ്ഞു. എന്താണു കാൎയ്യമെന്നു മസ്സലാം ചോദിച്ചു. ഉടനെ ഒരു പക്ഷിയെ ചൂണ്ടിക്കാണിച്ചുംകൊണ്ടു ആ ശകുനവാദി പറഞ്ഞു—'ആ പക്ഷി അവിടെത്തന്നെയിരിയ്ക്കുകയാണെങ്കിൽ നിങ്ങളും അവിടെ വിശ്രമിക്കുന്നതു കൊള്ളാം, പറന്നു പോകുന്ന പക്ഷം നിങ്ങൾക്കും യാത്രയെ തുടരാം; അതല്ല അതു തിരിയെ പറക്കുന്ന പക്ഷം നിങ്ങളും പിൻവാങ്ങേണ്ടതാണു്.' ആ ജൂതൻ ഒന്നും മിണ്ടീല്ല; വില്ലു കുലച്ചുകെട്ടി ആ പക്ഷിയെ എയ്തുകൊന്നു. ഇതു കണ്ട ഉടനെ ആ ശകുനവാദിയ്ക്കും പിന്നെ ചിലൎക്കും തീരെ രസിച്ചില്ലെന്നല്ല, അവർ അവനെ ശകാരിക്കാൻ തുടങ്ങി. ഉടനെ അവൻ ചോദിച്ചു; 'എന്തിനാണ് നിങ്ങൾ എന്നെ ദുഷിക്കുന്നതു്? ഈ തുച്ഛമായ പക്ഷിയെ രക്ഷിയ്ക്കുന്നതിൽ നിങ്ങൾക്കു് ഇത്ര ഉല്ക്കണ്ഠ എന്തുകൊണ്ടാണു്? തന്റെ ജീവനെ സംരക്ഷിയ്ക്കാൻ കഴിയാത്ത ആ ജന്തുവിനു ഞങ്ങളുടെ യാത്രയുടെ ഗുണദോഷങ്ങളെ സൂചിപ്പിയ്ക്കാൻ ബുദ്ധി എങ്ങിനെ സിദ്ധിയ്ക്കും? വരാൻപോകുന്നതിനെ അറിയാൻ അതിനു ശക്തി

യുണ്ടായിരുന്നെങ്കിൽ മസ്സലാമന്റെ കൈകൊണ്ടു കുലയേല്ക്കാനായി അത് ഇവിടെ വരികയില്ലായിരുന്നല്ലോ.'

ഇക്കാലത്തിൽ ശകുനങ്ങളിലും സ്വപ്നങ്ങളിലും മററുമുള്ള വിശ്വാസം വളരെ കുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പരിഷ്കാരികളിൽ അതു നഷ്ടമായിട്ടില്ല. വേഷം പകർന്നിരിക്കുന്നതേയുള്ളു. മുമ്പുള്ള കാലങ്ങളിൽ ഓരോരുത്തൎക്കും ഓരോ ഭരദേവതകളുണ്ടെന്നു വിശ്വസിച്ചു വരുന്നതുപോലെ ഇപ്പോഴും ചിലർ ഭാഗ്യവാന്മാരെന്നും അവർ ചെയ്യുന്ന സകല കാൎയ്യങ്ങളും ശുഭമായി പരിണമിക്കുമെന്നുമൊരു ബോധം പരക്കെ കാണുന്നുണ്ട്. ചില ഉദ്യമങ്ങളെപ്പററി സംശയിച്ചപ്പോൾ നെപ്പോളിയൻ പറഞ്ഞു—'എന്റെ കൈ ഭാഗ്യമുള്ളതാണ്; അതുകൊണ്ടു ആരെ ഞാൻ തൊടുന്നോ അയാൾ എന്തിനും കിട്ടുന്നായിരിക്കും.' അധികം കരുതലും ആലോചനയും കൂടാതെ പ്രവൎത്തിക്കുന്നതു ഫലസിദ്ധിയ്ക്കു പലപ്പൊഴും കാരണമായി കാണുന്നുണ്ട്. പ്രായമായവൎക്ക് അപകടം സംഭവിക്കുന്ന ദുൎഘടങ്ങളിൽ കുട്ടികൾക്ക് അബദ്ധവും പിണയുന്നില്ല. ഒരു ബാലൻ കണ്ണും മൂക്കും നോക്കാതെ ചാടുന്നു; അവന് ഒരു അപകടവും പററുന്നില്ല. പ്രായമായ ഒരുവനാകട്ടെ അങ്ങിനെ ചെയ്യുന്നതിൽ വരാവുന്ന ദുൎഘടങ്ങളെ ചിന്തിയ്ക്കുന്നു. ബാല്യത്തിൽ തനിക്കു ബലമായിരുന്ന ദൈവാധീനത്തിന്റെ കുറവിനെ ആലോചിച്ച് അവൻ ശോചിയ്ക്കുന്നു.

യക്ഷികൾ ദുർദേവതകൾക്കും വളരെ ആളുകളെ കണ്ടുകൂടാ. ചിലരോടു പ്രത്യേകമായിട്ടേ ഇണങ്ങു. ചിലൎക്കു അത്ഭുതവിദ്യകൾക്കും മന്ത്രവാദങ്ങൾക്കും മററുമുള്ള ശക്തി കിട്ടുന്നുള്ളു. ഇന്നവർ ഭാഗ്യകാരികളാണ്, ഇന്ന ദിവസം സുമുഹൂൎത്തമാണ് എന്നുള്ള വിശ്വാസം ഇന്നും ഇ

ന്നാലെയുമുള്ളതല്ല. എന്നാൽ ഈ മുഹൂർത്തങ്ങളും മന്ത്രവാദങ്ങളുമല്ല ലോകത്തിലുള്ള മഹാകാര്യങ്ങൾ നടത്തീട്ടുള്ളതു്.

പ്രകൃതിയുടെ പക്കൽ നിന്നും പ്രതിഫലം കൂടാതെ ഗുണങ്ങളെ സമ്പാദിക്കുന്നതിനാണു മനുഷ്യർ സദാ രന്ധ്രപ്രതീക്ഷിയായിരിയ്ക്കുന്നതു്. പ്രകൃതിയിൽ അസാമാന്യകളായ ശക്തികൾ ഉണ്ടെന്നുള്ളതിനു ലക്ഷ്യം വളരെയുണ്ടു്; അവയെ കയ്ക്കലാക്കിയാൽ കൊള്ളാമെന്നുള്ള ദുരാഗ്രഹവും മനുഷ്യനു് അല്പമല്ല; പക്ഷെ നല്ലവണ്ണം പരീക്ഷിച്ചതിനു മേലല്ലാതെ ഈശ്വരൻ അവയെ മനസ്സിലാക്കിക്കൊടുക്കയില്ല. എന്തെന്നാൽ ഒരു അധികാരം കൊടുക്കുന്നതിനു മുമ്പിൽ അതിനെ ശരിയായി ഉപയോഗിയ്ക്കുന്നതിനുള്ള ജ്ഞാനം ഉണ്ടോ എന്നു നിർണ്ണയിയ്ക്കണം. മന്ത്രവാദം മുതലായ ഗുഹ്യകൃത്യങ്ങൾ ഒരു വക അസൽപഥ സഞ്ചാരമാകുന്നു. സജ്ജനങ്ങൾ അവയെ വർജ്ജിക്കുന്നു. ഉത്തമപുരുഷന്മാർ ഒരിയ്ക്കലും ചാത്തനേയും ദുർദ്ദേവതകളേയും വശമാക്കിയവരല്ല. സത്വാഭിമാനം വിട്ട മഹാമനസ്കന്മാരായിരുന്നവരെയാണു് നാം മഹാന്മാർ എന്നു ഗണിക്കുന്നതു്. പലരേയും അക്രമത്താൽ കീഴടക്കി വാഴുന്ന അപരിഷ്കൃതന്മാരായ കാട്ടുരാജാക്കന്മാരെ എല്ലാവരും പൂജിയ്ക്കും; അവരുടെ വംശമഹിമയേ പുകഴ്ത്തും; എങ്കിലും ഉള്ളിൽ അവർ നശിയ്ക്കണെ എന്നായിരിയ്ക്കും പ്രാർത്ഥന. മന്ത്രവാദംകൊണ്ടും പ്രശ്നംകൊണ്ടും കിട്ടുന്ന യോഗ്യത അതുപോലെ വ്യാജമാണു്.

ഇത്രയും പറഞ്ഞതുകൊണ്ടു ജ്ഞാനാതീതങ്ങളായുള്ളവയെ ഞാൻ അവിശ്വസിയ്ക്കുന്നുവെന്നോ, പുച്ഛിക്കുന്നുവെന്നോ വായനക്കാർ ധരിക്കരുതു്. അവയുടെ തത്വഗവേഷണം ചെയ്യുന്നതു് ഏററവും രസകരം തന്നെ. അവ ന

മ്മുടെ ശ്രദ്ധയ്ക്കു വിഷയങ്ങളാണെന്നുള്ളതിനും തൎക്കമില്ല. എന്നാൽ അവയിൽ അതിരുകവിഞ്ഞുള്ള പ്രതിപത്തി പാടില്ലെന്നേയുള്ളൂ. മന്ത്രവാദം, ആഭിചാരം മുതലായ ഗ്രന്ഥകൃത്യങ്ങളിൽ വ്യാപൃതന്മാരായുള്ളവർ മനോരാജ്യത്തിൽ അൎദ്ധരാജ്യം പിടിച്ചു കാലം കഴിച്ചുകൂട്ടുന്നു. തന്നിമിത്തമുണ്ടാകുന്ന ദുരദൃഷ്ടങ്ങൾ ചില്ലറയാണോ?

നമ്മുടെ പരിമിതജ്ഞാനത്തിന്ന് അഗോചരമായും അത്ര് ഏവ അത്ഭുതജനകമായും പ്രകൃതിയിൽ അനേക ശക്തികളുണ്ടെന്നു ഏതു പണ്ഡിതനും സമ്മതിക്കാതിരിക്കയില്ല. സൃഷ്ടിവൈചിത്ര്യത്തിന്റെ മാഹാത്മ്യം ഒരു ബ്രഹ്മാണ്ഡപുരാണത്തിനു കൂടിയും പറഞ്ഞൊതുക്കാൻ കഴിയുന്നതല്ല. അഗാധമായ ഠരം വിഷയത്തെ പരാമൎശിക്കുന്ന തത്വങ്ങളുടെ കരിനിഴലത്രേ അന്ധവിശ്വാസങ്ങൾ. ഈ ലോകമാസകലം ഒരു ശകുനംതന്നെയല്ലേ? പിന്നെ നാം അതിന്റെ ഒരു കോണിൽ മാത്രം നോക്കുന്നതെന്തിന്? ഈശ്വരാംശഭൂതനായ മനുഷ്യനു ദിവ്യത്വം സ്വതസ്സിദ്ധമായിരിക്കേ, അതിനെ സമ്പാദിക്കുന്നതിനു പിശാചുകളേയും യക്ഷികളേയും ആരാധിക്കണോ?

---

# ൧൦. ജീവികളുടെ ആഹാരസമ്പാദ്യം.

ജീവികൾ തങ്ങളുടെ ആഹാരസമ്പാദ്യത്തിന്നായി മനുഷ്യർ ചെയ്യുന്നതായ എല്ലാപ്രവൃത്തികളും ചെയ്യുന്നു. ഇങ്ങനെ പറഞ്ഞതുകൊണ്ടു എലിയും, പൂച്ചയും, നരിയും,

കുറുക്കനും വല്ല ഗവൎമ്മെണ്ടാഫീസുകളിലും പോയി ഗുമസ്തൻപണിയോ ശിപായിവേലയോ ചെയ്യുന്നുണ്ടെന്നോ, ഉറുമ്പും, ഈച്ചയും, കപ്പലുകൾ ഉണ്ടാക്കി കടൽസഞ്ചാരംചെയ്തു ദ്രവ്യം സമ്പാദിച്ചു അഹോവൃത്തി കഴിക്കുന്നുവെന്നോ ആണു ഞാൻ അൎത്ഥം ധരിച്ചതു എന്നു ആരുംവിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു. അഹോവൃത്തിക്കുവേണ്ടി അന്യമൃഗങ്ങളേയും വേട്ടയാടി പിടിക്കയും കായ്കനികൾ ശേഖരിക്കയും ആയിരുന്നു മനുഷ്യർ ഒന്നാമതായി ചെയ്തുപോന്നതു. അപരിഷ്കൃതജാതികൾ ഇന്നും ചെയ്യുന്നതു അപ്രകാരമാണു്. ആനമുതൽ പരമാണുപ്രായമായ പ്രാണികൾ വരെയുള്ള ഇതരജീവികൾ ഒക്കെയും ഈ കാൎയ്യത്തിൽ മനുഷ്യരെപ്പോലെതന്നെ ഒരുവിധത്തിൽ അല്ലെങ്കിൽ മറെറാരുവിധത്തിൽ പ്രവൎത്തിക്കുന്നു. നാം പശുക്കളേയും ആടുകളേയും പോററി അവയുടെ പാൽ എടുത്തു ഭക്ഷണത്തിനുപയോഗിക്കാറുള്ളതുപോലേയും ധാന്യങ്ങൾ കൃഷിചെയ്തുപോരുന്ന വിധത്തിലും ചെറുവകപ്രാണികൾ ചെയ്തുപോരുന്നതു അത്യാശ്ചൎയ്യകരവും വിശേഷബുദ്ധിയുള്ള മനുഷ്യൻ അറിഞ്ഞറിയേണ്ടതും ആയ സംഗതികൾ തന്നെയാകുന്നു.

മൃഗങ്ങളുടേയും ചെറുവക പ്രാണികളുടേയും ഇടയിൽ മനുഷ്യരെപ്പോലെ തന്നെ മാംസഭക്ഷകരും സസ്യഭക്ഷകരും ഉണ്ടു്. ഇതു വൎണ്ണവ്യത്യാസം അനുസരിച്ചു അനുഷ്ഠിച്ചുപോരുന്നതോ അല്ലയോ എന്നു ശാസ്ത്രജ്ഞന്മാരും ഇതുവരെ തീൎച്ചയാക്കീട്ടില്ലെങ്കിലും സസ്യങ്ങൾ മാത്രം ഭക്ഷിക്കുന്ന പശുക്കളേയും മററും ബ്രാഹ്മണരായി വിചാരിക്കുന്നതിൽ ആൎക്കും വിരോധമുണ്ടാവാൻ സംഗതിയില്ല. സസ്യഭുക്കുകളായവൎക്കു തങ്ങളുടെ ഭക്ഷണസമ്പാദ്യത്തിന്നു അധികമായി അദ്ധ്വാനിക്കേണ്ടുന്ന ആവശ്യമില്ലെങ്കിലും മാംസം തിന്നു

ന്ന ക്രൂട്ടർ ഈ കാൎയ്യത്തിൽ വളരെ ശക്തിയും സാമൎത്ഥ്യവും കാണിക്കേണ്ടിവരുന്നു.

നമ്മുടെ വീടുകളിൽ പല സ്ഥലങ്ങളിലും ചില ചെടികളിന്മേലും വൃക്ഷങ്ങളുടെ കൊമ്പുകളിലും വലകെട്ടി താമസിക്കുന്ന 'എട്ടുകാലിയെ' കാണാത്തവർ ആരും ഉണ്ടായിരിക്കയില്ല. ഈ ജീവി ബ്രഹ്മാവിന്റെ ഗുരുനാഥന്മാരിൽ ഒരാളാണെന്നു ഇതിനിടെ ആരോ പറകയുണ്ടായി. അതിന്റെ സൂക്ഷ്മാവസ്ഥ ഞാൻ അറികയില്ലെങ്കിലും അവരവരുടെ ഭക്ഷണം ശേഖരിക്കേണ്ടതിന്നു അവരവർ കഴിയുന്ന പ്രയത്നം ചെയ്യേണ്ടതാണെന്നും മററുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നതു എത്രയോ ചെറിയ നിസ്സാരജീവികളായ എട്ടുകാലിയും കൂടി നിന്ദ്യമായി വിചാരിക്കുന്നതാണെന്നും ആലോചിക്കുമ്പോൾ ഈ ജീവി ബ്രഹ്മാവിന്റെ ഗുരുനാഥൻ അല്ലെങ്കിലും നിശ്ചയമായും ചില മനുഷ്യരുടെ ഗുരുനാഥനായിരിപ്പാൻ യോഗ്യനാണെന്നതിന്നു സംശയമില്ല. വല്ല ഈച്ചയോ പുഴുവോ മററോ ഒരം വലയിൽ ചെന്നു കുടുങ്ങുന്നതും വലയുടെ മദ്ധ്യത്തിൽ ഒളിച്ചുകൊണ്ടു സശ്രദ്ധനായി നിന്ന എട്ടുകാലി പെട്ടെന്നു അവിടെ ഓടിഎത്തി അതിനെ തന്റെ നൂൽകൊണ്ടു കെട്ടിവരിയുന്നതും പലരും സൂക്ഷിച്ചിട്ടുണ്ടായിരിക്കാം. ഈ ചെറിയ പ്രാണിയെ അപേക്ഷിച്ചു അതിന്റെ ഈ ആഹാരസമ്പാദ്യക്രമം എത്രയോ അത്ഭുതകരമായിരിക്കുന്നു എന്നതിന്നു സംശയമില്ല. അത്രതന്നെ അത്ഭുതകരമാകുന്നു കുഴിയാനയുടെ വിദ്യ. നമ്മുടെ മുററത്തും മററും നാളംപോലെയുള്ള ഒരു കുഴി കുഴിച്ചു അതിൽ ഈ ജീവി ഒളിച്ചു കിടക്കുന്നതു മററു പ്രാണികളെ തോല്പിച്ചു കൊന്നു ഭക്ഷിക്കേണ്ടതിന്നു മാത്രമാണെന്നു അറിയുന്നവർ അധികം ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. കുഴിയുടെ വക്കിൽ കൂടി ഇഴഞ്ഞു പോകുന്ന ജീവികൾ ക്ഷണ

ത്തിൽ കാൽതെററി കുഴിയിൽ വീണുപോകത്തക്കവണ്ണ മാകുന്നു കുഴിയുടെ ആകൃതി. അതിൽ വീണ ജീവി കയറി രക്ഷപ്പെട്ടുവാൻ ഭാവിക്കുമ്പോഴ് കുഴിയാന മണ്ണുതെറിപ്പിച്ച് അതിനെ കുഴിയിലേക്കുതന്നെ തള്ളിയിടുന്നു. മനുഷ്യരുടെ ബുദ്ധിചാതുര്യത്തിൻെറ ഫലമായി നിർമ്മിക്കപ്പെട്ടുന്ന വലിയ കുഴികളിൽ വഞ്ചിതനായി വീണുപോകുന്ന ആ ഭയങ്കരമൃഗത്തിൻെറ പേർ ഇപ്രകാരം ആഹാരസമ്പാദ്യത്തിന്നു കുഴി ഉണ്ടാക്കുന്ന ഈ ചെറിയ പ്രാണിക്കു എങ്ങിനെകിട്ടിയെന്നു ആർ അറിഞ്ഞു? ഏതായാലും ഈ വക പ്രാണികളുടെ ഈ വക സമ്പ്രദായങ്ങൾ മൃഗങ്ങളെ പതിയിരുന്നു കൊല്ലുന്ന മനുഷ്യൻെറ സമ്പ്രദായത്തോടു എത്രമേൽ തുല്യമായിരിക്കുന്നു എന്നു നോക്കുവിൻ! ഒഴുക്കുള്ള സ്ഥലങ്ങളിൽ ഒററൽ, കെട്ടുവല മുതലായവ വച്ചു മത്സ്യങ്ങളെ പിടിക്കുന്നവരും കണികളും വലകളും ഉപയോഗിച്ചു പക്ഷികളെ ചതിക്കുന്നവരും വലുതായ കുഴികൾ കുഴിച്ചു ആന മുതലായ കാട്ടുമൃഗങ്ങളെ സ്വാധീനപ്പെടുത്തുന്നവരും ഈ എട്ടുകാലിയും കുഴിയാനയും ഇതരജന്തുഹിംസയിൽ സാമ്യമുള്ളവരാണല്ലോ.

പതിയിരുന്നു ഇരപിടിക്കുന്ന ഒരു മാതിരി പുഴുക്കൾ ഉണ്ട്. ചില മരങ്ങളുടെ കൊമ്പുകളിന്മേലും വീടുകളുടെ ഉത്തരം വിട്ടം മുതലായതുകളിന്മേലും ഈ പുഴുക്കളുടെ കൂട്ടു സാധാരണ കാണാം. നേം എഴുതുവാൻ ഉപയോഗിക്കുന്ന പേനയുടെ വണ്ണത്തിൽ ഉള്ള കുഴികൾ ആണു ഇവയുടെ കൂട്ടുകൾ. കുഴിക്കു ആഴം വളരെ ഉണ്ടായിരിക്കും. പുഴുവിൻെറ വലിപ്പത്തിൽ എത്രയോ കവിഞ്ഞ ആഴം ഉണ്ടായിരിക്കും. തൻെറ തലകൊണ്ടു കുഴിയുടെ വായ് എപ്പോഴും അടച്ചുകൊണ്ടാണ് പുഴു ഇരിക്കുന്നതു്. തന്നിമിത്തം അങ്ങനെ ഒരു കുഴി അവിടെ ഉണ്ടെന്നു് അത്ര എളുപ്പത്തിൽ

കണ്ടു പിടിക്കാൻ ആൎക്കും സാധിക്കയില്ല. പലകമേൽക്കൂടി ഇഴഞ്ഞു പോകുന്ന ചെറുവക പ്രാണികൾ കുഴിയുടെ അടുക്കൽ എത്തി പുഴുവിന്റെ തല തൊടുന്ന ക്ഷണത്തിൽപുഴു കുഴിയിലേക്കു താണു കളയുന്നു. അതിന്റെ ഒന്നായിട്ടുതന്നെ ആ സാധു ജീവിയും കുഴിയിൽ വീഴുകയും അതിൽവെച്ചുപുഴുവിന്റെ ഇരയായി തീരുകയും ചെയ്യുന്നു. ശ്രീരാമൻ വനത്തിൽ ചെന്നപ്പോൾ അനേകം മനുഷ്യരുടെ അസ്ഥികൾ ഒരു ദിക്കിൽ കൂട്ടിയിട്ടതായികാണുകയുംഅപ്പോൾ മഹൎഷിമാരെയും മററു മനുഷ്യരേയും കൊന്നു ഭക്ഷിക്കുന്ന രാക്ഷസരുടെ വാസസ്ഥലമാണു് അതെന്നു അദ്ദേഹം മനസ്സിലാക്കുകയും അവരെ കൊന്നൊടുക്കേണ്ടു മാൎഗ്ഗങ്ങൾ ആലോചിക്കയും ചെയ്തു. ആ രാക്ഷസന്മാരുടെ വിഡ്ഢിത്വമൊന്നും ഈ പുഴുവിന്നില്ല. ഈ വിധം അനേകം പ്രാണികളെ കൊന്നുതിന്നുമ്പോൾ അവയുടെ നഖം, ചിറകു മുതലായ സാധനങ്ങൾ ബാക്കിയാകും ഇതു സ്വന്തം കുഴിയിൽതന്നെ ഇട്ടാൽ കുഴി ക്ഷണത്തിൽ നികന്നുപോയെന്നു വരാം. പുറമെ ഇടുന്നതായാൽ വേറെ ജീവികൾ അതുകണ്ടു ഭയപ്പെട്ടു അതിലെ വഴിപോകാതിരിപ്പാനോ പുഴുവിന്റെ ശത്രുക്കൾ തന്നെ അതിനെ കണ്ടുപിടിപ്പാനോ സംഗതിവരാം. അതു നിമിത്തം തന്റെ സ്വന്തം കുഴിയുടെ സമീപത്തുതന്നെ ആ പുഴു മറെറാരു കുഴിയുണ്ടാക്കിയിരിക്കും. ഈ കുഴി തന്റെ കുഴിയെപ്പോലെ അത്ര ഭംഗിയിൽ ഉണ്ടാക്കപ്പെട്ടതല്ലെന്നും ഈ വക ചണ്ടികൾ നിറയ്ക്കാനല്ലാതെ അതുകൊണ്ടു മററു യാതൊരു ഉപയോഗവും ഇല്ലെന്നും പരിശോധിച്ചാൽ കാണാവുന്നതാകുന്നു.

മത്സ്യങ്ങളെ പിടിപ്പാൻ മനുഷ്യർ ചെയ്യുന്ന അനേകവിദ്യകളിൽ ഒന്നു അവയെ ചൂണ്ടയിട്ടു പിടിയ്ക്കുകയാണല്ലോ. മത്സ്യങ്ങൾ താന്നെ തങ്ങളുടെ ഇര പിടിക്കേണ്ടതി

ന്നായി ഈ വിധം ഒരു വിദ്യ ഉപയോഗിക്കുന്നുണ്ടെന്നുള്ളതു ആശ്ചൎയ്യമല്ലയോ? മദ്ധ്യധരണ്യാഴിയിൽ ചൂണ്ടൽക്കാരനെന്നു പേരായി ഒരു മത്സ്യമുണ്ടു്. അതിന്റെ ശരീരത്തിന്മേലും തലയിലും ഒരു മാതിരി നീണ്ട പൂപോലെയുള്ള ഒരു സാധനമുണ്ടു്. ഇവയൊക്കെ ഒന്നായിക്കണ്ടാൽ വല്ല ഇലകളാണെന്നേ തോന്നൂ. അതുകൊണ്ടു ഈ മത്സ്യം മററുള്ള ചെറുമത്സ്യങ്ങൾക്കു യാതൊരു ശങ്കയ്ക്കും ഇടവരുത്താതെ പുഴയിൽ ചെടികളുടെ ഇടയിൽപോയി ഒളിച്ചുനില്ക്കും. അതിന്റെ തലയിൽനിന്നു നീണ്ട നേരിയ ഒരു മാതിരി മുള്ളു എപ്പൊഴും പൊന്തിനില്ക്കുന്നുണ്ടായിരിക്കും. ഈ മുള്ളു ക്ഷണത്തിൽ വളയ്ക്കുകയും നിവൎക്കുകയും ചെയ്യാവുന്നതാകയാൽ അതു വെള്ളത്തിന്റെ നിരപ്പിന്നു സമീപേവെച്ചു അനങ്ങുമ്പോൾ ഒരുവിധം ചെറുപുഴക്കൾ കളിക്കയാണെന്നല്ലാതെ ആൎക്കും തോന്നുകയില്ല. ചെറുവക മത്സ്യങ്ങൾ ഇതു കണ്ടു വഞ്ചിക്കപ്പെട്ടു തിന്നാനടുത്തു ചെല്ലുകയും തങ്ങളുടെ അബദ്ധം മനസ്സിലാക്കുന്നതിനു മുമ്പായി ആ മത്സ്യത്തിന്റെ വായിൽ അകപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ചൂണ്ടൽകൊണ്ടു പിടിപ്പാൻ മാത്രമല്ല തങ്ങളുടെ ഇരയെ എയ്തു തള്ളിയിടുവാനും വശമുള്ള മത്സ്യങ്ങളുണ്ടു്. ഇതു നമ്മുടെ രാജ്യത്തെ പുഴകളിലുള്ള ഒരുവക മത്സ്യമാണു്. ഇതിന്റെ ഭക്ഷണം വെള്ളത്തിൽ വളരുന്ന ചെടികളിൽകൂടി പാറി കളിക്കുന്ന ഈച്ചയും വണ്ടും മററുമാകുന്നു. അവ കാൽ തെററീട്ടോ മററു വല്ലവിധത്തിലോ വെള്ളത്തിൽ വീഴുന്നതും കാത്തുനില്ക്കയെന്നു വെച്ചാൽ ഈ ജാതി മത്സ്യങ്ങൾ ഭക്ഷണം കിട്ടാതെ നശിച്ചു എന്നേവരൂ. വെള്ളത്തിൽനിന്നു ചാടി അവയെ പിടിക്കുന്നതു വളരെ പ്രയാസമാണെന്നു മാത്രമല്ല അപ്പോൾ ഉണ്ടാകാനിടയുള്ള ഒച്ചകേട്ടു ഭയപ്പെട്ടു ഈച്ചയും വണ്ടും പറന്നുപോയെന്നും

വരാം. അതുകൊണ്ടു ഈ മത്സ്യം ഒരു വിദ്യചെയ്യുന്നു. അല്പം വെള്ളം അതിന്റെ വായിൽ വലിച്ചെടുത്തു അതുകൊണ്ടു ഈ പ്രാണികളെ ശക്തിയോടെ എറിയുന്നു. ഈ മീനിന്റെ കറി സാധാരണ പഴുതായ്പോകയില്ല.

ആഫ്രിക്കയിലെ മരുഭൂമികളിൽ ചെറുവക പക്ഷികളെ പിടിച്ചു ഭക്ഷിക്കാറുള്ള ഒരു തരം പാമ്പുണ്ടു്. ഈ പാമ്പുകൾ പക്ഷികളെ പിടിക്കാൻ ഉപയോഗിക്കുന്ന സാമർത്ഥ്യം എത്ര ആശ്ചര്യകരമായിരിക്കുന്നു! എപ്പോഴെങ്കിലും ഒരിക്കൽ മഴ പെയ്യാറുള്ളപ്പോൾ ഈ പാമ്പു വെളിയിൽ ഒരു ദിക്കിൽ ചുരുണ്ടിക്കിടക്കുന്നു. അതിന്റെ ചുരുളു ഒന്നിന്നുമീതെ ഒന്നായി ഏകദേശം അര അടി ഉയരത്തിൽ ഉണ്ടായിരിക്കും. തല ഈ ചുരുളുകളുടെ ഉള്ളിൽ വളരെ കൌശലത്തോടുകൂടി ഒളിച്ചുവെച്ചിരിക്കും. ഇങ്ങനെ ഒരു പാത്രത്തിന്റെ ആകൃതിയിൽ ആയിരിക്കുന്ന ഈ ചുരുളയിൽ മഴപെയ്തു വെള്ളം നിറഞ്ഞാൽ പക്ഷികൾ കണ്ടു അതു കുടിക്കാൻ ചെല്ലും. ചെല്ലുന്ന ഉടനെ പാമ്പുകൾ അവയെ പിടിച്ചു വിഴുങ്ങുകയും ചെയ്യും. നമ്മുടെ രാജ്യത്തു മരത്തിന്മേൽ സാധാരണ ഉണ്ടാകാറുള്ള പച്ച നിറത്തിലുള്ള ഒരുവിധം പാമ്പു അതിന്റെ ആകൃതികൊണ്ടും നിറംകൊണ്ടും വൃക്ഷക്കൊമ്പുകളാണെന്നു തോന്നിച്ചു പക്ഷികളെ പിടിച്ചു വിഴുങ്ങാറുള്ളതു പലരും കണ്ടിരിക്കുമല്ലോ.

ആഹാരസമ്പാദ്യകാൎയ്യത്തിൽ കാക്കകൾ ചെയ്യാറുള്ള വിദ്യ നമ്മുടെ കുട്ടികൾക്കു കൂടി അറിയാം. 'ആരാന്റെ ബലിയിട്ടു കൈകൊട്ടുകേൾക്കുന്നേരം' പാരാതെ പറന്നെത്തുവാൻ കാക്കകൾ പരിചയിച്ചറിയുന്നു. സാധാരണ കാക്കകളെ ആട്ടിപ്പറപ്പിക്കുവാൻ നാം ചെയ്യാറുള്ളതും കൈകൊട്ടുകയാണു്. ആട്ടിപ്പുറത്താക്കാനും ക്ഷണിച്ചുവരുത്താ

നം ചെയ്യാറുള്ള കൈകൊട്ടുകളുടെ വ്യത്യാസം ബലിയിട്ട വൎക്കൊക്കെയറിയാം. ബലിഭുക്കുകൾക്കും അറിയാം. പുകയുള്ള ദിക്കിൽ കാക്ക എത്തും. ഇരതെണ്ടി ദൂരത്തിൽപ്പറന്നു നടക്കുന്ന കാക്കകൾ വല്ല ദിക്കിൽനിന്നും ആകാശത്തിലേക്കു പുക പൊങ്ങി വ്യാപിക്കുന്ന ഉടനെ ആ സ്ഥലത്തു തന്റെ വയററിന്നു വല്ലതും സാധിക്കുമെന്നു വിചാരിച്ചു അവിടേക്കു പറന്നു ചെല്ലുന്നു. പാകശാലകളിൽ സാധാരണ ഉണ്ടാകാറുള്ള പുക കാക്കകൾക്കു നിശ്ചയമുണ്ടു്. അതു വിട്ടു വേറെ വല്ല ദിക്കിൽ നിന്നും പുകയുണ്ടായി കണ്ടാൽ അവിടെ വല്ലവിശേഷവിധിയും ഉണ്ടെന്നു വിചാരിച്ചു കാക്കകൾ അവിടേക്കു പറന്നെത്തുന്നു. ഇതു മിക്ക സമയവും താൻ വിചാരിച്ചപോലെ ബലിക്കരി പാകം ചെയ്യുന്നതായും വരാം. വെറുതെ ചിലദിക്കിൽ തീ കൂട്ടിയാലും അതിന്നു ചുററും കാക്കകൾ വന്നു നില്ക്കുന്നതു സാധാരണയാണു്. ഇവിടെയും ചില ചിറകു കരിഞ്ഞ വണ്ടുകളേയോ ഈച്ചകളേയോ തനിയ്ക്കു കിട്ടാതാകാറില്ല. കുട്ടികളുടെ കയ്യിൽനിന്നുംമററും അപ്പക്കഷണങ്ങൾ പററിച്ചു കൊണ്ടുപോവാൻ കാക്കകൾ ഉപയോഗിക്കുന്ന ഉപായവും സാമൎത്ഥ്യവും ആലോചിച്ചല്ലയോ ഒരു കെട്ടുകഥക്കാരൻ അതിന്റെ കൊക്കിൽനിന്നു ഒരു കഷണം അപ്പം തട്ടിപ്പറിക്കേണ്ടതിന്നു അതിനേക്കാൾ ഉപായവും സാമൎത്ഥ്യവുംഉള്ള കുറുക്കനെത്തന്നെ നിയോഗിക്കേണ്ടി വന്നതെന്നു തോന്നിപ്പോകുന്നു. കാക്കകൾ ഇതരപക്ഷികളുടെ കൂടുകൾ അന്വേഷിച്ചു ചെന്നു അവയുടെ മുട്ടകൾ കൊത്തിക്കുടിക്കയും കുഞ്ഞുങ്ങളെ കൊന്നു തിന്നുകയും ചെയ്യാറുള്ളതു സാധാരണയാണു്. കാക്കയുടെ ഉപായത്തെക്കുറിച്ചു പറയുമ്പോൾ 'ടെനന്റു' എന്ന വിദ്വാൻ സൂക്ഷിച്ചു കണ്ടതായി അദ്ദേഹം പറഞ്ഞ ഒരു വിവരണം ഓൎമ്മ വരുന്നു. ഒരിക്കൽ ഒരു

നായ് ഒരു കഷ്ണം കൊട്ടംകടിച്ചുകാരുകയായിരുന്നു. കൊട്ടിന്റെ തക്കമില്ലാത്ത ഉടമാവകാശം വഹിച്ചുകൊണ്ടിരുന്ന താൻ അതിന്റെ ഉള്ളിലെ മജ്ജ സമ്പാദിപ്പാൻ ശ്രമിച്ചുകൊണ്ടിരിക്കെ തന്നെ ആരും ബുദ്ധിമുട്ടിക്കാതിരിപ്പാൻ അത്യന്തം ഗൌരവമുള്ള ഒരു ഭാവം അംഗീകരിച്ചു കൊണ്ടായിരുന്നു നായ് ആ വേല ചെയ്തുകൊണ്ടിരുന്നത്. ഇതു ഒരു കാക്ക കണ്ടു എങ്ങിനെ എങ്കിലും അതു കൈവശപ്പെടുത്തണമെന്നു നിശ്ചയിച്ചു. നായുടെ മുമ്പിൽ നിന്നു അങ്ങോട്ടുമിങ്ങോട്ടും നടന്നു അതിന്റെ ശ്രദ്ധയെ ആകൎഷിപ്പാൻ ശ്രമിച്ചു നോക്കി. ഒരുവിധത്തിലും തനിക്കതു സാധിക്കയില്ലെന്നു കണ്ടപ്പോൾ കാക്ക അവിടെ നിന്നും പറന്നുപോയി. അല്പം കഴിഞ്ഞപ്പോൾ കാണാം രണ്ടാമതും പറന്നു വരുന്നു. ഈ സമയം മറെറാരു കാക്കക്കൂടി ഒന്നായുണ്ടായിരുന്നു. ഈ പുതിയ ചങ്ങാതി സമീപമുള്ള ഒരു മരത്തിന്റെ കൊമ്പിന്മേൽ ഇരുന്നു. ആദ്യത്തെ കാക്ക നായുടെ ശ്രദ്ധ ആകൎഷിപ്പാൻ രണ്ടാമതും ശ്രമിച്ചു. ആദ്യം പ്രയോഗിച്ച വിദ്യകളൊക്കെ ഇപ്പൊഴും നിഷ്ഫലമെന്നു കണ്ടപ്പോൾ നായയുടെ പിൻഭാഗം ചെന്നു അതിന്റെ പൃഷ്ഠത്തു നല്ല കണക്കിലൊന്നു കൊത്തി. ഉടനെ നായ് കോപിച്ചു അതിന്റെ നേരെ തിരിഞ്ഞു ഓടാൻ ഭാവിച്ചു. മരത്തിന്മേൽ ഉണ്ടായിരുന്ന കാക്ക ഉടനേ ചെന്നു എല്ലും കൊത്തി പറന്നു പോയി. പ്രതിക്രിയ ചെയ്യാനും സാധിച്ചില്ല. തന്റെ ഭക്ഷണവും പോയി എന്നു കണ്ടു ഇളിഭ്യനായ നായയുടെ മനോവികാരം ഊഹനീയമാണല്ലോ. കാക്കകളുടെ ഉപായം വിവരിക്കാൻ ഈ വിധം അനേകം സംഭവങ്ങൾ ദൃഷ്ടാന്തങ്ങളായി ഉപയോഗിക്കാനുണ്ട്. ചില കാക്കകൾക്കു ഓരോ വീടുകളിലെ ഭക്ഷണസമയം ഏകദേശം ഇത്ര മണിക്കാണെന്നു കൃത്യമായി അറിയാമെന്നും

അതുവരെ എവിടെയെങ്കിലും തെണ്ടി നടന്ന കാക്ക ആ പ്രത്യേക സമയത്തിന്നു അവിടങ്ങളിൽ എത്തുമെന്നും നിങ്ങളിൽ ആൎക്കും പരീക്ഷിച്ചാൽ അറിയാറായി വരും. കാക്കകൾക്കു ഉപായമുണ്ടെന്നു മാത്രമല്ല മറ്റെല്ലാ ഉപായികളെപ്പോലെ തന്നെ അവയും കണ്ണിൽ ചോരയില്ലാത്ത വകയാണു. ചിലതരം കാക്കകൾ മുട്ടകൾ പ്രസവിച്ചു ഉടനെ അവയുടെ കുട്ടികളെ കൊത്തിക്കൊന്നു കളയാറുള്ളതായി അറിയുന്നു. ഒരു കുട്ടിയെ പ്രസവിച്ചതല്ലയോട്ടു മറ്റൊരു കുട്ടിയെ പ്രസവിക്കാൻ വേദന സഹിക്കുന്ന തരം നോക്കിയായിരിക്കുമത്രെ ഈ നിഷ്ഠുരപക്ഷി ആദ്യത്തെ കുട്ടിയുടെ കണ്ണു കൊത്തി വിഴുങ്ങുന്നതു. കാക്കയുടെ ജാതിയിൽ തന്നെ പലേ ഉപജാതിയും ഉണ്ടു്. അതിൽ ഒരു വൎഗ്ഗം സാധാരണയായി മുയലിനെ കൊന്നു തിന്നുമത്രെ. കാക്ക മുയലിനെ കൊന്നുതിന്നുന്നുവെന്നുള്ളതു പലൎക്കും ഒരു പുതുമയായി തോന്നാം. പക്ഷെ അതു പരമാൎത്ഥമാണു്. മുയൽ വേട്ടയ്ക്കു ചുരുങ്ങിയതു രണ്ടു കാക്കകൾ ആവശ്യമാണു്. രണ്ടു കാക്കകളും കൂടി മുയലിനെ അതിന്റെ മടയിൽ നിന്നിളക്കി അതിനെ പിന്തുടൎന്നു പറക്കും. മുയൽ ഓട്ടത്തിനു ശ്രുതിപ്പെട്ട മൃഗമാണെന്നുള്ളതു നേരാണെങ്കിലും ഈ ശത്രുക്കൾ പിന്തുടരുമ്പോൾ അതിന്നുള്ള പ്രത്യുൽപന്നമതി തീരെ നശിച്ചു വേഗം ഓടാനോ ഒളിക്കാനോ കഴിയാതെ വലയുന്നു. അപ്പോഴാണു കാക്കകൾ ആ സാധുമൃഗത്തിന്റെ തലയ്ക്കു ശക്തിയോടുകൂടികൊത്തുന്നതും കൊത്തുകൾ കൊണ്ടു മുയൽ മരിയ്ക്കുന്നതും. ആൽപ്സ് പൎവ്വതത്തിന്റെ സമീപങ്ങളിൽ കാക്കകൾ ഈ മുയൽവേട്ട ചെയ്യുന്നതു സാധാരണയാണു്. അവിടങ്ങളിലെ മഞ്ഞിൻ കട്ടയുടെ മുകളിൽ നിന്നു ഇതു എളുപ്പത്തിൽ സാധിക്കുകയും ചെയ്യും. മുയൽ സാധാരണയായി എലികളെപ്പോലെ രണ്ടു ഭാഗത്തും ദ്വാരങ്ങളുള്ള

മടകളിലാണ താമസിക്കാറ. ശത്രുക്കളെ ഭയപ്പെട്ടിട്ടാണ ഇ ങ്ങനെ ചെയ്യാറെങ്കിലും അതിൻെറ ശത്രുക്കൾക്ക ഈ വി ദ്യയറിയാം. കാക്കകളിൽ ഒന്ന ഒരു ദ്വാരത്തിൽ കൂടി മട യിൽ പ്രവേശിക്കും. മറേറ കാക്ക മറേറദ്വാരത്തിൻെറ അടുക്കെ നിൽക്കും. ഉള്ളിൽ പ്രവേശിച്ച കാക്ക മടയിൽ നിന്ന മുയലിനെ പുറത്തു ചാടിക്കുകയും അതു പുറത്തു പ്ര വേശിച്ചയുടനെ മററെ കാക്ക അതിനെ തലയ്ക്കു കൊത്തി ക്കൊല്ലുകയും ചെയ്യും. ആഹാരാൎത്ഥം ഈ വക വേട്ട ചെ യ്യുന്ന പക്ഷി കാക്ക മാത്രമല്ല. അവയെപ്പററി ഞാൻ ഇ വിടെ പ്രസ്താവിച്ചു സമയം കളയുന്നില്ല. മൃഗങ്ങളിൽ മാം സഭുക്കുകളായവയൊക്കെ പലവിധമായ വേട്ടകളെക്കൊ ണ്ടാണ് ആഹാരം സമ്പാദിക്കുന്നതു എന്ന എല്ലാവൎക്കും അ റിയാം. നായ്ക്കൾ വേട്ടയാടി മൃഗങ്ങളെ പിടിക്കുന്ന സമ്പ്ര ദായങ്ങൾ അറിയുന്നവരൊക്കെ അവകളുടെ സാമൎത്ഥ്യത്തെ പ്പററി പലപ്പോഴും സ്തുതിക്കുന്നതു കേൾക്കാം. നായ്ക്കൾ മി ക്കതും ധൈൎയ്യം കൊണ്ടാണ് മൃഗങ്ങളെ എതിരിട്ടു കൊല്ലു ന്നതു. കുറുക്കൻ അങ്ങനെയല്ല; തനിക്കു അധികവും ഉ പായമാണ പ്രധാനം. ഒരു മൃഗത്തിൻെറ പിന്നാലെ ഓ ടി അതിനെ തോല്പിച്ചു കൊല്ലാനൊന്നും കുറുക്കന ശക്തി യില്ല. കോഴിക്കുട്ടികൾ അന്വേഷിച്ചറിവാൻ താൻ സമ ൎത്ഥനാണ. വയലുകളിൽകൂടി അലഞ്ഞു നടക്കുമ്പോൾ മു റിവേററൊ ക്ഷീണിച്ചോ ഉള്ള മൃഗങ്ങളെ കണ്ടാൽ അവ യെ തോല്പിച്ചു കൊല്ലാൻ ബഹുസമൎത്ഥനാണ കുറുക്കൻ. തേനീച്ചയുടെ കൂട്ടിൽനിന്ന തേൻ കവൎന്നുന്നാനും കുറുക്കൻ മടിക്കാറില്ല. ഈച്ചകൾ കുത്തുന്നതിനൊന്നും കുറുക്കന പേ ടിയില്ല. നിലത്തുവീണരുണ്ടു ഈച്ചകളെ ചതച്ചു കളകയാ ണ് കുറുക്കൻ ചെയ്യാറ.

ചെന്നായ്ക്കളുടെ കഠിനമായ വിശപ്പും അത്യാൎത്തിയും പ്രസിദ്ധമാണ. അതുകൾ വഴിയാത്രക്കാരേയും മററും പിടിച്ചുതിന്നുന്ന വിധങ്ങളും അപ്രസിദ്ധമല്ല. ഇവയും തങ്ങളുടെ വേട്ടയിൽ ആലോചനാശക്തി ഉപയോഗിക്കാറുണ്ടെന്നു കാണുന്നു. മാനിനെ വേട്ടയാടാൻ പുറപ്പെടുന്ന ചെന്നായ്ക്കു മാനിന്റെ അതിവേഗമുള്ള ഓട്ടത്തെപ്പററി ധാരാളം അറിയാം. മാനിന്റെ പിന്നാലെ ഓടിയാൽ താൻ വേഗം തളൎന്നുപോകുമെന്നും മാനിനെ പിടിക്കാൻ തനിക്കു ഒരുവന്നു് സാദ്ധ്യമല്ലെന്നും പക്ഷെ ചെന്നായ് പരിചയം കൊണ്ടു അറിഞ്ഞിട്ടുണ്ടായിരിക്കാം. അതുകൊണ്ടു മാനിനെ വേട്ടയാടാൻ പുറപ്പെടുന്നചെന്നായ് തന്റെ ഇണയെക്കൂടി ഒന്നായിക്കൂട്ടും. ഭാൎയ്യാഭൎത്താക്കന്മാർ രണ്ടു പേരുംകൂടി മാനിനെ ഒരേസമയത്തു പിന്തുടൎന്നോട്ടുകയില്ല. ഒന്നു ഒരു ദിക്കിൽ ഒളിച്ചുനിൽക്കയും മറേറതു മാനിന്റെ പിന്നാലെ ഓട്ടുകയും ചെയ്യും. പിന്നാലെ ഓടുന്ന ചെന്നായ് വല്ല വിധത്തിലും മാനിനെ തിരിച്ചോടിച്ചു തന്റെ ഇണ ഒളിച്ചു നിൽക്കുന്ന ദിക്കിലേക്കു കൊണ്ടുപോയി ചാടിക്കുന്നു. അവിടെനിന്നു പിന്നെ മാനിനെ പിന്തുടരുന്നതു അതുവരെ അവിടെ ഒളിച്ചു നിന്നിരുന്ന ചെന്നായ് ആയിരിക്കും. മറേറതു അതിനിടയ്ക്കു ഒരു ദിക്കിൽ കിടന്നു ക്ഷീണം തീൎക്കും. ഈ രണ്ടു ചെന്നായ്ക്കളുടേയും ശക്തിയെ ക്ഷയിപ്പിക്കത്തക്ക ശക്തി മാനിന്നു ഇല്ലാത്തതുകൊണ്ടു ആ സാധുമൃഗം ക്ഷീണിക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെയാണ ചെന്നായ്ക്കളിൽ ദമ്പതിമാർ മാനിറച്ചിയുടെ രുചി അറിയുന്നതു്.

ചെറുവക പുഴുക്കളും മററു പ്രാണികളും, മത്സ്യങ്ങളും, പക്ഷികളും മൃഗങ്ങളും തങ്ങളുടെ ഭക്ഷണം എങ്ങിനെയെല്ലാമാണ സമ്പാദിക്കുന്നതെന്നും ആ കാൎയ്യത്തിൽ അതുകൾ

എത്രമേൽ സാമൎത്ഥ്യം വെളിപ്പെടുത്തുന്നുണ്ടെന്നും ഉള്ളതി ന്റെ ഒരു ഏകദേശജ്ഞാനം ഉണ്ടാകേണ്ടതിന്നു ഞാൻ മേൽ പ്രസ്താവിച്ച ഉദാഹരണങ്ങൾ ധാരാളം മതിയെന്നും വിചാരിക്കുന്നതുകൊണ്ടു് ആവക ഉദാഹരണങ്ങൾ വൎദ്ധി ച്ചു ഈ ഉപന്യാസം വലുതാക്കുന്നില്ല. ജീവികൾ ആഹാര സാധനങ്ങൾ ശേഖരിച്ചു ക്ഷാമകാലത്തേക്കു തങ്ങളുടെ കു ഞ്ഞുങ്ങൾക്കും ഉപയോഗമായിത്തീരത്തക്കവണ്ണം സൂക്ഷിച്ചു വെക്കുന്ന സമ്പ്രദായത്തെപ്പററിയാണു എനി എനിക്കു അ ല്പം പറവാനുള്ളതു്. പുഷ്പങ്ങളിലും വേറെ ചില സാധ നങ്ങളിലും ചെന്നു തേൻ കവൎന്നെടുത്തു തങ്ങളുടെ കൂട്ടുകളിൽ കൊണ്ടുപോയി ശേഖരിക്കുന്ന തേനീച്ച മുതലായ ജീവിക ളെപ്പററി പറയാമെന്നു വച്ചാൽ അതുതന്നെ ഇതിന്റെ പത്തിരട്ടി വലിപ്പത്തിലുള്ള ഒരു പ്രബന്ധത്തിന്നു മതി. ഈച്ചകൾ പുഷ്പങ്ങളിൽപോയി തേനെടുത്തുണ്ണുന്നതിന്നു പ്ര തിയായി ആ വക ചെടികൾക്കു സന്തത്യുൽപാദനാൎത്ഥം സഹായിക്കുന്നുണ്ടെന്നും ഞാൻ പറയുമ്പോൾ അതിനെപ്പ ററി മുമ്പു കേട്ടിട്ടില്ലാത്തവരൊക്കെ ഒന്നു അന്ധാളിക്കാൻ മ തി. പുഷ്പങ്ങളിൽ ആണും പെണ്ണും എന്ന വകഭേദം ഉ ണ്ടെന്നുള്ളതും അതിൽ ആൺ പുഷ്പത്തിലെ ചില പൊടി കൾ പെൺപുഷ്പത്തിൽ വീണല്ലാതെ കായ് ഉണ്ടാകയില്ലെ ന്നുള്ളതും ഈ പൊടികളെ ഒന്നിൽനിന്നു മറെറാന്നിലേക്കു വ്യാപിപ്പിക്കുവാൻ സഹായിക്കുന്നതു പാപ്പാത്തികൾ മുത ലായ ഈച്ചകളാണെന്നുള്ളതും മററും ഈ പ്രബന്ധത്തെ അപേക്ഷിച്ചു കുറെ അപ്രകൃതമാകയാൽ ഞാൻ അവയെ പ്പററി തൽക്കാലം ഒന്നും പറയുന്നില്ല. ആഹാരസാധന ങ്ങൾ ശേഖരിച്ചുവെക്കുന്ന തേനീച്ച മുതലായ ജീവികളെ പ്പററി നിങ്ങൾ തന്നെ പലപ്പോഴും കണ്ടും കേട്ടും അറി ഞ്ഞിട്ടുള്ളതാണു്. വേനൽക്കാലം മുഴുവനും ഒരു ഭ്രാന്തനെ

പ്പോലെ വൃക്ഷക്കൊമ്പുകൾ തോറും തുള്ളിച്ചാടി നടക്കുന്ന അണ്ണാൻ വർഷകാലത്തെ ആവശ്യത്തിനു വേണ്ടി മാങ്ങയണ്ടി മുതലായ സാധനങ്ങൾ ശേഖരിച്ചുവെക്കാറുള്ളതിനെപ്പററിയും പക്ഷെ നിങ്ങൾക്കറിവുണ്ടായിരിയ്ക്കും. എന്നാൽ ഹങ്കറി എന്ന രാജ്യത്തുള്ള ഒരുവക എലികൾ വർഷത്തുവിലെ ആവശ്യത്തിന്നായി ധാന്യം ശേഖരിച്ചു വെക്കാറുള്ള സമ്പ്രദായത്തെപ്പററി നിങ്ങളിൽ അധികം പേരും കേട്ടിരിപ്പാൻ സംഗതിയില്ല. ഈ എലികൾ പാടങ്ങളിൽ കുഴിച്ചുണ്ടാക്കിയ മടകളിലാണ താമസം. ഈ മടകളുടെ ദ്വാരം വളരെ ചെറുതായിരിയ്ക്കുമെങ്കിലും ഉള്ളു വളരെ വിസ്താരമുള്ളതായിരിക്കും. ധാന്യങ്ങൾ കൊയ്യുവാൻ കാലമായാൽ ഈ എലികൾ ചെന്നു അവയുടെ കതിരുകൾ മുറിച്ചെടുത്തു തങ്ങളുടെ മടകളിൽ കൊണ്ടുപോയി ഭദ്രമായി സൂക്ഷിച്ചുവെക്കും. കഠിനമായ ക്ഷാമകാലങ്ങളിൽ മനുഷ്യരുടെ ഇടയിൽ കൂടി ഭക്ഷണസാധനങ്ങൾക്കു പഞ്ഞം വരുമ്പോൾ ധാന്യങ്ങൾ ശേഖരിച്ചു വെക്കത്തക്കവണ്ണം മുന്നാലോചന ഇല്ലാതിരുന്ന ഈ മനുഷ്യർ ഈ എലികളെയാണത്രെ ശരണം പ്രാപിക്കുന്നതു്. എലികളുടെ മടകൾ കിളച്ചു അതിൽനിന്നു ബലമായി ആ സാധുജീവികൾ പ്രയാസപ്പെട്ടും മുന്നാലോചനയോടു കൂടിയും ശേഖരിച്ചുവെച്ച ധാന്യങ്ങൾ കവൎന്നെടുക്കുന്നു. ഒരു എലിയുടെ മടയിൽ സാധാരണയായി രണ്ടു പേറിൽ കുറയാതെ ധാന്യം ഉണ്ടാകുമത്രേ. വടക്കെ അമേരിക്കയിൽ മരക്കൊത്തൻ ജാതിയിൽ പെട്ട രണ്ടുതരം പക്ഷികൾ വർഷകാലത്തേക്കു ആഹാരം ശേഖരിച്ചുവെക്കുന്ന മാൎഗ്ഗങ്ങൾ വളരെ ആശ്ചൎയ്യമുള്ളവയാകുന്നു. ഈ പക്ഷികളുടെ ഭക്ഷണം സാധാരണയായി ചെറു പ്രാണികളും വിശേഷിച്ചു ഉറുമ്പുകളും ആകുന്നു. വേനല്ക്കാലം മുഴവനും ഈ ജീവികളെ പിടിച്ചു തിന്നുന്നതിലും വർഷകാലത്തേ

കള 'ഓക്ക്' വൃക്ഷത്തിന്റെ കായ്കൾ ശേഖരിച്ചുവെയ്ക്കുന്നതിലും ഈ പക്ഷികൾ കാലം കഴിക്കുന്നു. വൎഷകാലത്തു ഇവ ഈ കായ്കളെ അല്ലാതെ പ്രാണികളെ തിന്നാറില്ല. ഇങ്ങനെ കൊല്ലത്തിൽ ഏതാനും ഭാഗം സസ്യഭുക്കും ശേഷംകാലം മാംസഭുക്കും ആയ ഈ പക്ഷി മേല്പറഞ്ഞ കായ് സൂക്ഷിച്ചു വെക്കുന്ന സമ്പ്രദായം ഇങ്ങനെയാണ്:—അമേരിക്കയിൽ ഒരു വിധം പുഷ്പം ഉണ്ട്. ഈ പുഷ്പത്തിന്റെ തണ്ടു വളരെ നീണ്ടതും ഉള്ളു പൊള്ളയായതും ആയിരിക്കും. പുഷ്പം വാടി ഉണങ്ങിപ്പോയതിന്നു ശേഷവും ഈ തണ്ടു വീണുപോകാതെ ചെടിയിന്മേൽ തന്നെയിരിക്കും. പക്ഷെ അതിന്റെ ഉള്ളിലെ നീരൊക്കെ വററിപ്പോകും. നമ്മുടെ ഈപക്ഷിപുഷ്പത്തണ്ടുകൾ തുളച്ചു അതിലായിരിക്കുമത്രെ തന്റെ വൎഷകാലത്തേക്കുള്ള ഭക്ഷണമായ കായ്കൾ സംഭരിച്ചു വെക്കുന്നതു്.

നോം നെയ്യുറുമ്പുകളെപ്പററിയും തേനീച്ചകളെപ്പററിയും കേൾക്കാറുണ്ട്. എന്നാൽ തേനുറുമ്പുകളെപ്പററി കേട്ടിട്ടില്ല. 'ടെക്സാസ്സ്' എന്ന രാജ്യത്തു ഒരുവിധം തേനുറുമ്പുകളുണ്ട്. ഇവയുടെ വയററിന്റെ ഒരു ഭാഗത്തു തോൽത്തുരുത്തു പോലുള്ള ഒരുവിധം സഞ്ചിയുണ്ട്. ഈ സഞ്ചിയിൽ ഈ ഉറുമ്പു തേൻ ശേഖരിച്ചു വെക്കുന്നു. റബ്ബർ പോലെ ഈ തുരുത്തു വലുതാക്കുന്നതായാൽ കുറെ അധികം തേൻ ഇതിൽ ശേഖരിച്ചു വെക്കുവാൻ ഈ ഉറുമ്പിന്നു സാധിക്കുന്നു. ഈ തേൻ അതിന്റെ ശരീരത്തോടു ദഹിച്ചു ചേരാതെ ഉടുകത്തിന്റെ പൂഞ്ഞയിൽ നിറച്ചു വെച്ചിരിക്കുന്ന വെള്ളം പോലെ കേടുവരാതെ നില്ക്കുന്നു. ഒരു കൂട്ടം ഉറുമ്പുകളിൽ അല്പം ചിലതിന്നു മാത്രമേ ഈ വിധം സഞ്ചികളുള്ളു. ഈ സഞ്ചി പാട്ടളടത്തോളം വലുതായിക്കഴിഞ്ഞതിന്നു ശേഷം ഈ ഉറുമ്പുകൾ അതിന്റെ

കൂട്ടത്തിൽ ഒരു ദിക്കിൽ അനങ്ങാതെ കിടക്കുന്നു. ആ കൂട്ടിലുള്ള മററുള്ള ഉറുമ്പുകൾ തങ്ങളുടെ നിത്യവേലകൾ ചെയ്തുകൊണ്ടിരിയ്ക്കും. വലുതായ വയറും കൊണ്ടു കിടക്കുന്ന ഈ സാധു ഉറുമ്പുകളെ സുഭിക്ഷകാലത്തു മററുള്ള ഉറുമ്പുകൾ കേവലം ഗണ്യമാക്കുകയെ ഇല്ല. ക്ഷാമം വന്നടുക്കമ്പോൾ മററുള്ളവർ ഇവയെ അടുത്തു വരികയും അവയെ തടവിക്കൂടി ഓരോ തുള്ളി തേൻ പാററിച്ചു പോകയും ചെയ്യും. ഇങ്ങനെ തങ്ങളുടെ കൂട്ടാളികൾക്കു ക്ഷാമകാലത്തേക്കുള്ള ഭക്ഷണം ശേഖരിച്ചു വെക്കുന്ന ഓരോ തുരുത്തും വഹിച്ചുകൊണ്ടു ബുദ്ധിമുട്ടി ജീവിക്കുന്ന ജീവികളും ഉണ്ടു്. നമ്മുടെ കവികൾ ഇതിനെപ്പററി അറിഞ്ഞിരുന്നു എങ്കിൽ ഈ വക ജീവികളെ ആയിരുന്നു അനേകം ദുഷ്ടന്മാരെ സൃഷ്ടിച്ചു വിട്ടിരിക്കുന്ന ബ്രഹ്മാവിന്റെ ഗുരുനാഥന്മാരായി കല്പിച്ചു കവിതകൾ ഉണ്ടാക്കാൻ ഇടയുള്ളതു്. പ്രാണികളുടെ ആഹാരസമ്പാദ്യക്രമത്തെപ്പററി വിവരിക്കുമ്പോൾ ഒന്നാമതായി എടുത്തു പറയേണ്ടതു ഉറുമ്പുകളെപ്പററി തന്നെയാണു്. ഉറുമ്പുകൾ ധാന്യങ്ങൾ കൃഷിചെയ്യുന്നതും പശുക്കളെപ്പോലെ ചിലവയെ വളത്തി അവയിൽനിന്നു പാലെടുത്തു അനുഭവിക്കുന്നതും മററും വിവരിക്കുവാൻ ആരംഭിക്കുമ്പോൾ ഉണ്ടായേക്കാനിടയുള്ള പ്രബന്ധവിസ്താരം ഭയപ്പെട്ടിട്ടാണു ഞാൻ അതിലേക്കു ശ്രമിക്കാതിരുന്നതു്. ഈ പ്രബന്ധം അവസാനിപ്പിക്കുന്നതിന്നു മുമ്പായി എനിക്കു ഒരു ജീവിയെക്കുറിച്ചു മാത്രമെ പറവാനുള്ളു. ഈ ജീവിയെക്കുറിച്ചു പറയുന്നതിന്നു മുമ്പായി കലക്കത്തു കുഞ്ചൻനമ്പ്യാരെപ്പററി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു.'വേട്ടാളരെപ്പോലെ തൻ നിറമാക്കുവാൻ കാട്ടാളരെപ്പോലെ മററാരുമില്ലെന്നു കേട്ടാളുകൾക്കൊക്കെ നിശ്ചയം വന്നിടും' എന്നുള്ള പാദങ്ങൾ ആ കവികുഞ്ജരൻ

ഉണ്ടാക്കിയപ്പോൾ വേട്ടാളനെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന ജ്ഞാനത്തിൽ നിന്നു അങ്കുരിച്ച ഒരറിവു ഈ നാന്തുറു കൊല്ലത്തിനിടയിൽ നമ്മുടെ നാട്ടുകാരിൽ തന്നെ അധികംപേൎക്കു ഉണ്ടായിട്ടില്ലെന്നുള്ളതു വളരെ വ്യസനിക്കത്തക്ക കാൎയ്യമാണു്. വേട്ടാളൻ അതിന്റെ ക്രൂട്ടിൽ പുഴുക്കളെ കൊണ്ടുപോയി വെയ്ക്കുന്നതും കുറേക്കാലം കഴിയുമ്പോൾ അതിൽ നിന്നു മറെറാരു വേട്ടാളൻ പുറത്തേക്കു പുറപ്പെടുന്നതും കണ്ടിട്ടുള്ള ദൃഷ്ടമാത്രജ്ഞാനം കൊണ്ടല്ലയൊ മററു വിധത്തിൽ വ്യാതിയെ സമ്പാദിച്ച ആ കവിക്കു ഈ വിസ്ഥിതം പിണഞ്ഞുപോയതെന്നു ശങ്കിയ്ക്കുന്നു. വേട്ടാളൻ ക്രൂടു കെട്ടി അതിന്റെ ഉള്ളിൽ മുട്ടയിടുന്നു. മുട്ടയിൽനിന്നു കുഞ്ഞു വിരിഞ്ഞ ഉടനെ കുട്ടി ഭക്ഷിക്കുന്നതു പുഴുക്കളെ മാത്രമാണെന്നു അതിന്റെ തള്ളയ്ക്കറിയാം. ഈ ജ്ഞാനം എങ്ങനെ ഉണ്ടായെന്നുള്ളതു ഈ സന്ദൎഭത്തിൽ ചോദിക്കേണ്ട ചോദ്യമല്ല. ഈ കുട്ടിക്കു തിന്നേണ്ടതിനുള്ള ആവശ്യത്തിന്നാണു് വേട്ടാളൻ അതിന്റെ ക്രൂട്ടിൽ പുഴുക്കളെ ശേഖരിക്കുന്നതു്. ഒരു എമ്പ്രാൻ പൂജിച്ചുകൊണ്ടിരുന്ന ഒരു ബിംബത്തിൽ വനമാലകൾ ചാൎത്തിയതു കണ്ടിട്ടു ഒരു നാടൻ നമ്പൂരി 'നല്ലിക്ഷ' ഇവിടെ കൈപ്പയും പടോലവും നട്ടുനനച്ചു ക്രൂട്ടുകയാണല്ലെ? എന്നു പറഞ്ഞവിധം വല്ലതും കണ്ടാൽ അതിന്റെ ശരിയായ തത്വം മനസ്സിലാക്കാൻ ശ്രമിക്കാതെ പ്രഥമദൃഷ്ടിയിൽ തോന്നുന്ന അഭിപ്രായങ്ങൾ തത്വമായിവിചാരിക്കുന്ന ചിലൎക്കു ഈ പ്രബന്ധം വല്ല വിധത്തിലും ഉപകാരപ്രദമായി തീരുമെങ്കിൽ ഞാൻ കൃതകൃത്യനായെന്നേ എനിക്കു പറവാനുള്ളു.

## ൧൧· പെരുമനം ഗ്രാമം·

മലയാളികളെ മുഴുവൻ പന്നിയൂർ ക്രാറുകാരെന്നും ശുകപുരം ക്രാറുകാരെന്നും രണ്ടുതരമായി വിഭജിച്ചിട്ടുണ്ടെങ്കിലും ഈ രണ്ടു തരക്കാൎക്കും പരസ്പരമത്സരം വിട്ട് ഐകമത്യം ഉണ്ടാക്കിത്തീൎക്കുന്നതായ സ്ഥാനം പെരുമനം ഗ്രാമമാകുന്നു. മലയാളികളുടെ പൊതുവിൽ സഭയായിരുന്ന തൃക്കണാമതിലകം യോഗവും മററും ഈ പെരുമനം ഗ്രാമത്തിന്റെ സങ്കേതത്തിലാണ് നിന്നിരുന്നതു്. എന്നു മാത്രമല്ല പെരുമനം ഗ്രാമക്കാരുടെ മേൽവിചാരത്തിലായിരുന്നു നടന്നിരുന്നത് എന്നു പറഞ്ഞാൽ ഈ ഗ്രാമത്തിന്റെ മാഹാത്മ്യം ഏകദേശം ഊഹിക്കാവുന്നതാണല്ലോ. ഇപ്പോഴത്തെ കാലത്തു പെരുമനം ഗ്രാമം എന്നുപറയുമ്പോൾ പ്രസിദ്ധപ്പെട്ട തൃശ്ശിവപേരൂർ പട്ടണത്തിന്റെ ഏകദേശം ആറു നാഴിക തെക്കുവശത്തായി ഒരു ക്ഷേത്രവും ആ ക്ഷേത്രത്തിലെ ദേവനെ പരദേവതയായിഉപാസിക്കുന്ന പത്തോ മുപ്പതോ ഇല്ലക്കാർ നമ്പൂരിമാരും മാത്രമേ ഇതിൽ ഉൾപ്പെട്ടുകയുള്ളൂ എന്നു ചിലർ വിചാരിക്കുമായിരിക്കാം. പക്ഷേ ഇതിന്റെ വാസ്തവം അങ്ങിനെയല്ല. കൊടുങ്ങല്ലൂർ ഊഴത്തെ ശാസ്താവിന്റെ ക്ഷേത്രം മുതൽ വടക്കോട്ടും വടക്കാഞ്ചേരി അകമല ശാസ്താവിന്റെ സ്ഥാനംമുതൽ തെക്കോട്ടും തൃപ്പരയാററ് അടുത്ത് എടത്തുരുത്തി അയ്യപ്പൻ കാവിന്നു കിഴക്കോട്ടും കിഴക്കെ മലയിൽ കുതിരാൻമുടി അയ്യപ്പക്ഷേത്രത്തിന്നു പടിഞ്ഞാട്ടും ഉള്ള സ്ഥലം മുഴുവൻ പെരുമനം ഗ്രാമത്തിന്റെ സങ്കേതമാണു്. ഈ സങ്കേതസ്ഥലത്തിന്നുള്ളിൽ അധിവസിച്ചു വരുന്നവരായ ബ്രാഹ്മണർ മുതൽ ച

ണ്ഡാളൻവരെയുള്ള സകല ജാതിക്കാരും പെരുമനം ഗ്രാമക്കാരും അതിൻെറ കീഴിലുള്ള ഉപഗ്രാമക്കാരുമാകുന്നു. ഇരിഞ്ഞാലക്കുട ഗ്രാമം, അവിട്ടത്തൂർ ഗ്രാമം, തൃശ്ശിവപേരൂർ ഗ്രാമം, ൟ മൂന്നു ഗ്രാമങ്ങളും പെരുമനം ഗ്രാമത്തിൻെറ സങ്കേതത്തിൽ ഉൾപ്പെട്ട ഉപഗ്രാമങ്ങളാണ്. ഈ ഗ്രാമവും ഗ്രാമക്ഷേത്രവും സ്ഥാപിച്ച കാലത്തു സങ്കേതത്തിൽ പെട്ട മിക്ക ഭാഗവും പെരിയ വനമായിരുന്നതുകൊണ്ടാണ് 'പെരുവനം' എന്നു ഇതിന്നു പേരു കൊടുത്തിട്ടുള്ളതു്. ഈ ഗ്രാമത്തിൽപെട്ട ബ്രഹ്മാലയങ്ങളുടേയും ഉൾദേശങ്ങളുടേയും അവസാനത്തിൽ 'കാട്ട' എന്നുള്ള ശബ്ദം ഉപയോഗിച്ചു കാണുന്നതും ഇതിന്നു മതിയായ ലക്ഷ്യമാകുന്നു. കിരാങ്ങാട്ട്, തയ്യൂട്ട്, അന്തിക്കാട്ട്, ആലക്കാട്ട്, പാറക്കാട്ട്, മൂക്കാട്ട്, പട്ടിക്കാട്ട് എന്നുള്ള പേരുകൾ ഇതിന്നു ദൃഷ്ടാന്തങ്ങളാണല്ലോ. നാലു അതൃത്തിയിലും ശാസ്താവിൻെറ ക്ഷേത്രങ്ങളുള്ളതിന്നും പുറമെ, നടുവിൽ പ്രധാനപ്പെട്ട തിരുവെള്ളക്കാവിൽ ശാസ്താവിൻെറ ക്ഷേത്രവും ഉൾദേശങ്ങളിൽ കോടന്നൂര്, ചാത്തക്കുടം, മണിമംഗലം, ആറാട്ടുപുഴ മുതലായി അനേക അയ്യപ്പക്ഷേത്രങ്ങളും കാണുന്നതുകൊണ്ട് ഈ ഗ്രാമക്കാർ വനദേവതയായ ശാസ്താവിനെ ഉപാസിപ്പാനുള്ള കാരണവും അവരുടെ സങ്കേതസ്ഥലം വനപ്രദേശമായിരുന്നതുകൊണ്ടു തന്നെയായിരിക്കണമെന്ന് ഊഹിക്കാവുന്നതാകുന്നു. ഈ ഗ്രാമക്കാരുടെ പൊതുവിലുള്ള ക്ഷേത്രമായ പെരുമനത്തമ്പലം വളരെ സ്വത്തുള്ള ഒരു ക്ഷേത്രമാണ്. സങ്കേതത്തിൻെറ കിഴക്കുഭാഗമുള്ള മലമ്പിരപ്പുകൾ മുഴുവൻ ഈ ദേവസ്വം വകയായിരുന്നു എന്നതിന്നു പുറമേ പതിനെട്ടു ചേരിക്കൽ വസ്തു മുതലും ക്ഷേത്രം വകയായി ഉള്ളതാകുന്നു. ഈ ക്ഷേത്രം വക സ്വത്തിൻെറ ആദായത്തിൽ ദേവൻെറ നിത്യനൈമിത്തികങ്ങളായ അടിയന്തിരങ്ങൾക്കു

ആവശ്യമുള്ളതു കഴിച്ചു ബാക്കി മുഴുവനും ഗ്രാമജനങ്ങളുടെ യോഗക്ഷേമത്തിന്നുപയോഗിക്കേണമെന്നായിരുന്നു ഗ്രാമനിശ്ചയം. കിഴക്കേമലയിലെ തേക്ക്, വീട്ടി, മുതലായ ഉത്തമവൃക്ഷങ്ങൾ സങ്കേതത്തിനകത്തുള്ള ക്ഷേത്രം പണിക്കാവശ്യമുള്ളതു കഴിച്ചു ബ്രഹ്മാലയങ്ങൾ പണിയിക്കുന്നതിന്നും പാഴ്മരങ്ങൾ താണജാതിക്കാരുടെ ഉപയോഗത്തിന്നും വിലകൂടാതെ കൊടുക്കണമെന്നായിരുന്നു നിശ്ചയം. മല സൎക്കാരധീനത്തിലായതിന്നു ശേഷം കൂടി തേക്കും വീട്ടിയും ദേവാലയങ്ങളും ബ്രഹ്മാലയങ്ങളും പണിചെയ്യുന്നതിന്നു കുററിക്കാണവുംകൂടി വാങ്ങാതെ അടുത്തകാലംവരെ കൊടുത്തുവന്നിരുന്നത് പണ്ടത്തെ ഗ്രാമനിശ്ചയത്തിന്റെ അവശേഷമായിരിക്കണം. ഈ നിയമത്തിൽ പെട്ട സകല വൎഗ്ഗക്കാരുടെ ഇടയിലും വൎണ്ണാശ്രമധൎമ്മങ്ങൾക്കു ലോപംവരാതെ രക്ഷിപ്പാനും ആൎക്കെങ്കിലും വിഹിതാനുഷ്ഠാനം തെററുന്നുണ്ടോ എന്നും അവിഹിതാനുഷ്ഠാനം പററുന്നുണ്ടോ എന്നും പരിശോധിച്ചറിഞ്ഞ് ഉണ്ടെങ്കിൽ അവരെ അതാതുവൎഗ്ഗക്കാരെക്കൊണ്ടു വേണ്ടതുപോലെ രക്ഷാശിക്ഷകൾ ചെയ്യിക്കുവാനും ഈവക വിഷയങ്ങളിൽ ദ്രവ്യവ്യയം വേണ്ടിവന്നാൽ അതു ദേവസ്വത്തിൽ നിന്ന് ചെയ്യുവാനും ഉള്ള ചുമതല ഗ്രാമക്ഷേത്രാധികാരികൾക്കാണ്. സങ്കേതത്തിൽപ്പെട്ട ജനങ്ങളെ ഒരാവലാതിയും കൂടാതെ ഐഹികപാരത്രിക വിഷയങ്ങളിൽ യഥാവിധി പ്രവൃത്തിപ്പിച്ചു ഭരിക്കുന്ന ഭരണാധികാരം ഗ്രാമപരദേവതയായ എരട്ടയപ്പനിലാണ് സമൎപ്പിച്ചിരുന്നതു്. ഈ വക വിഷയങ്ങളിൽ വേണ്ടിവരുന്ന ചിലവിലേക്കാണ് ദേവസ്വത്തിൽ ഇത്ര വളരെ സ്വത്ത് ഉണ്ടാക്കിവെച്ചിട്ടുള്ളതു്. പതിനെട്ടു ചേരിക്കലങ്ങളിലെ സ്വത്തും ഈ വക ചിലവുകൾക്കു തരംതിരിച്ചു വേണ്ടതുപോലെ ഉപയോഗപ്പെടുത്തുവാനുള്ള അധികാരം ക്ഷേ

ത്രത്തിലെ ഊരാളന്മാരാക്കിവെച്ചിട്ടുള്ള അവിണിശ്ശേരി അവണാവ്, ചിറവൂര് അവണാവ്, കുരുട്ട് അവണാവ്, എന്നീ അവണാവു നമ്പൂരിപ്പാടന്മാൎക്കായിരുന്നു. എല്ലാംകൂടി നോക്കുമ്പോഴും ഈ സങ്കേതത്തിലെ രാജാധികാരം വഹിച്ചിരുന്നതു് ഇവർ തന്നെയാണെന്നു നിസ്സംശയം പറയാവുന്നതാണു്. ഈ ക്ഷേത്രത്തിൽ കൊല്ലംതോറും കുംഭമാസത്തിൽ ഉത്രട്ടാതിനാളും കൊടി കയറി മീനമാസത്തിലെ ഉത്രട്ടാതിനാളും ആറാട്ടു കഴിക്കുന്നതായ ഒരു മഹോത്സവമുണ്ടായിരുന്നു. ഉത്സവത്തിന്നു കോടികേറണമെങ്കിൽ സങ്കേതത്തിൽപ്പെട്ടിട്ടുള്ള ആൎക്കെങ്കിലും എന്തെങ്കിലും ന്യൂനതയൊ സങ്കടമൊ ഉണ്ടെങ്കിൽ അതു പരിഹരിച്ചതിന്നുശേഷം മാത്രമേ പാടുള്ളു.

കൊടിയേററു ദിവസം എരട്ടയപ്പന്റെ നടയ്ക്കൽനിന്നു് ആവലാതിക്കാരെങ്കിലുമുണ്ടൊ എന്നു ഊരാളന്മാരിൽ ആരെങ്കിലും മൂന്നുപ്രാവശ്യം വിളിച്ചു ചോദിച്ചു സങ്കടക്കാരില്ലെന്നു കണ്ടാൽ മാത്രമേ കൂറ നാട്ടിക്കൂടു എന്നാണ് നിശ്ചയം. ൯൦൦-ാമാണ്ടിലൊ അതിനടുത്ത കാലത്തൊ ക്ഷേത്രത്തിൽ ഉത്സവത്തിന്റെ മദ്ധ്യത്തിൽ ഏതോ ഒരു ഇല്ലത്തു കന്യക വിവാഹത്തിനു മുമ്പിൽ ഋതുവായിപ്പോയി എന്നു മാതൃക്കളുടെ ബലിക്കല്ലിന്മേൽ തൂകുന്നതിനിടയ്ക്കു തന്ത്രി കേട്ടു ഉടനെ ബലിതൂകുന്നതു നിറുത്തി ഗ്രാമനിശ്ചയപ്രകാരം ഉത്സവം കലാശിപ്പിച്ചു എന്നാണ് പ്രസിദ്ധി. ഈ ക്ഷേത്രത്തിൽ ഉത്സവം കൊടിയേററമില്ലാതായിട്ടു വളരെക്കാലമായി. എരട്ടയപ്പന്റെ ഉത്സവത്തിന്റെ വലിയ വിളക്കാണ് പെരുമനത്തു പൂരം. സങ്കേതത്തിൽപ്പെട്ട സകല ശാസ്താക്കന്മാരുടെയും ഭഗവാന്മാരുടെയും ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും ഈ കാലത്തുതന്നെ നടത്തിക്കൊള്ളാമെന്നാണ് ഗ്രാമക്കാര് ഐകമത്യത്തോടുകൂടി നിശ്ചയിച്ചു

നടത്തിപ്പോരുന്നതു്. 'പെരുമനത്തുപൂരം' എന്നു മുൻകാലങ്ങളിൽ പ്രസിദ്ധിച്ചിട്ടുള്ള വലിയ വിളക്കിന്നും ആറാട്ടിന്നും സങ്കേതത്തിൽ പെട്ടതും പെടാത്തതും കൂടി ൧൦൮-ദേവന്മാരേയും എഴുന്നെള്ളിച്ചു പൂരം കഴിച്ചുവന്നിരുന്നു. ഈ കൂട്ടത്തിൽ വെള്ളാരപ്പള്ളിയിൽ നിന്നും ആവണങ്ങോട്ടു് മാണിക്യമംഗലം, മുതലായ ക്ഷേത്രങ്ങളിൽ നിന്നും തൃശ്ശിവപേരൂര് പാറമേക്കാവ് തിരുവമ്പാടി മുതലായ ക്ഷേത്രങ്ങളിൽ ആറാട്ടിന്നു ആറാട്ടുപുഴയ്ക്കു പൂരം പുറപ്പെട്ടുപോയിരുന്നു. മേൽപറഞ്ഞ അനവധി ദൈവപരിവാരങ്ങളെ മുമ്പിൽ നടത്തിക്കൊണ്ടു് ഊരകം, ചേർപ്പു്, എന്നീ ഭഗവതിമാരുടെ നടുവിൽ തൃപ്രാറപ്പൻ അകമ്പടിയായിട്ടാണ് പെരുമനത്ത് എരട്ടയപ്പന്റെ ആറാട്ടു കഴിച്ചുവന്നിരുന്നതു്. എഴുന്നെള്ളത്ത് ആറാട്ടിന്നുപുറപ്പെടുന്ന പെരുമനത്തുക്ഷേത്രത്തിന്റെ നടമുതല്ക്കു് ആറാട്ടുപുഴ എത്തുന്നതുവരെയുള്ള ഭൂമി മുഴുവനും ചേർപ്പുകാരുടെ വകയാണു്. ആ ഭൂമിയിൽ എരട്ടയപ്പന്റെ വാഹനം സഞ്ചരിക്കുന്ന ദിക്കിലെല്ലാം വെള്ളയും കരിമ്പടവുംവിരിച്ചു് അലങ്കരിക്കുന്നേച്ചുമതല ചേർപ്പുകാർ നിർവഹിച്ചുവന്നിരുന്നു. ടിപ്പുവിന്റെ പടവെട്ടു കാലത്തു് വെട്ടിക്കോട്ടയിലുള്ള തിരുവിതാംകൂറുകാരുവക കാവൽക്കാരുടെ ശല്യംകൊണ്ടു് ആവണംകോട്ടു മുതലായ പൂരങ്ങൾക്കു ആറാട്ടുപുഴയ്ക്കു കടന്നു പോകുവാൻ തടസ്ഥം നേരിട്ടതുമുതൽക്കാണു് ആവക പൂരങ്ങൾ ആറാട്ടിന്നു് ആറാട്ടുപുഴയ്ക്കു പോകു നിർത്തിയതു്. ഇതുപോലെ തന്നെ വേറെ ചില പ്രതിബന്ധങ്ങൾ നിമിത്തം മററു ചെറുപൂരങ്ങളും ആറാട്ടുപുഴയ്ക്കു ആറാട്ടിന്നു പോകാതെയായി. പൂരം മുടക്കം വരികയും ചെയ്തു. പിന്നീടു ൯൭൫-ൽ തീപ്പെട്ട ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടാണു് തൃശ്ശിവപേരൂരുള്ള പാറമേക്കാവ് തിരുവമ്പാടി മുതലായ പൂരങ്ങൾക്കു

പുനരുദ്ധാരണംചെയ്തത്. പെരുമനത്തു് ഉത്സവംനിന്നതോടു കൂടി സകലാപൂരം പുറപ്പാടുകാൾക്കും കുറച്ചുകാലം നടവടിക്കു് ഒരു ഇളക്കം തട്ടി. ഊരാളന്മാരുടെ പരസ്പരഛിദ്രങ്ങളും ദുസ്വാതന്ത്ര്യങ്ങളും പലേ ക്ഷോഭങ്ങൾക്കും ഇടയാക്കിത്തീർത്തിട്ടുണ്ടു്. ആ കൂട്ടത്തിൽ പ്രബലന്മാരായ ചിററൂർ അവണാവു് നമ്പൂരിപ്പാടു് മുതലായ ചേർപ്പുകാർ ഊരകത്തുകാരെ ആക്രമിക്കുകയും അവണിശ്ശേരി അവണാവു നമ്പൂരിപ്പാടിൻെറ രക്ഷയിലുള്ള ചാത്തക്കുടത്തുകാർ ഊരകത്തുകാരെ രക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. ഇതിൻെറ സ്മാരകമായിട്ടാണു് ഇന്നും ചാത്തക്കുടത്തു ശാസ്താവിനെ ഊരകത്തെ അമ്മ തിരുവടിയുടെ കൂടെ എഴുന്നള്ളിച്ചു വരുന്നതു്. ഇങ്ങനെ ഓരോരോ കഥകൾ പറഞ്ഞാൽ അവസാനിയ്ക്കുന്നതല്ല. ഗ്രാമത്തിൽപ്പെട്ട സകലപുരുഷന്മാരും ദേവൻെറഉത്സവകാലത്തു് ഇല്ലെങ്കിൽആറാട്ടിനെങ്കിലും ആറാട്ടുപുഴെ എത്തിക്കൊള്ളണമെന്നും അങ്ങനെ എത്താത്തവൻെറ ദായാദികൾ പുലകൊണ്ടു അയാളുടെ പിണ്ഡം വെക്കണമെന്നും ഗ്രാമക്കാർ കഠിനമായി നിഷ്കർഷിച്ചിരുന്നു. ഇതുപോലെ ഗ്രാമജനങ്ങളുടെ ഐകമത്യത്തിന്നും യോഗക്ഷേമത്തിന്നും രക്ഷയായി പലേ വ്യവസ്ഥകളും ചെയ്തിട്ടുണ്ടായിരുന്നു. ഈ ഗ്രാമത്തിൽപ്പെട്ട ബ്രാഹ്മണരിൽ വേദം പഠിക്കാതെയോ യാഗാദിഷൾക്കർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കാതെയോ വല്ല ന്യൂനതകളും കാണിച്ചിരുന്നവരെ യോഗക്കാർ യോഗംകൂടി തരം താഴ്ത്തുകയും യഥാവിധി ശിക്ഷിക്കുകയും സ്വാദ്ധ്യായം, തപസ്സ്, യജ്ഞം മുതലായ കർമ്മങ്ങളിൽ നിഷ്കർഷയുംനിപുണതയുമുള്ളവരെ തരം കയററുകയും ബഹുമാനിക്കുകയും ചെയ്തുവന്നിരുന്നു. പ്രബലന്മാരായ തൃശ്ശിവപേരൂർ ഗ്രാമക്കാരേയും അവിട്ടത്തൂർ ഗ്രാമക്കാരേയും ചില അനുഷ്ഠാനന്യൂനത നിമിത്തം യജ്ഞാദിവൈ

ദികക്രിയകളിൽ ചേരുവാൻ പാടില്ലാത്തവിധം കീഴ്പോട്ടു ഇടിച്ചു വെക്കുന്നതിന്നു് ഇവൎക്കു ഒട്ടും ദാക്ഷിണ്യമുണ്ടായിട്ടില്ല; മറിച്ചു തപസ്സും നിഷ്ഠയും ഭക്തിവിശ്വാസങ്ങളും യോഗബലവും ഉള്ള ഇരിഞ്ഞാലക്കുട ഗ്രാമക്കാരെ ഉയൎത്തുകയും ചെയ്തിട്ടുണ്ടു്.

മലയാളത്തിൽ പ്രധാനപ്പെട്ട മൂന്നു ഗ്രാമങ്ങളിൽ പന്നിയൂർഗ്രാമത്തിന്നു് അധഃപതനം വന്നപ്പോൾ ആ സ്ഥാനത്തേയ്ക്കു ഇരിഞ്ഞാലക്കുടക്കാരെ കയററി വെക്കുകയാണ് ചെയ്തിട്ടുള്ളതു്. ഇതിന്നു വിരോധമായി ശുകപുരത്തുകാർ തങ്ങളുടെ കിഴിലുള്ള ആലത്തൂർ ഗ്രാമക്കാരെയാണ് ആ സ്ഥാനത്തു വെക്കേണ്ടതു് എന്നു ശാഠ്യം പിടിച്ചു എങ്കിലും ഇവർ തങ്ങളുടേ കീഴിലുള്ള തൃശ്ശിക്കാട്ടു ദേശക്കാരുടെ ഒരു മാതിരി മേലധികാരം ശുകപുരത്തുകാൎക്കു വിട്ടുകൊടുത്തു് അവരെ സന്തോഷിപ്പിച്ചു് ഇരിഞ്ഞാലക്കുടക്കാരെ ഉയൎത്തുവാൻ സമ്മതിപ്പിക്കുകയും കൂടി ചെയ്തിട്ടുണ്ടു്. ഈ ഏടക്കാലങ്ങളിൽ പന്നിയൂർ ഗ്രാമത്തിൽ അക്രമം തുടങ്ങുന്നതറിഞ്ഞു ആ ഗ്രാമം ഉപേക്ഷിച്ചുപോന്നു. ഇരിഞ്ഞാലക്കുടെ ഗ്രാമത്തിൽചേൎന്ന മൂൎക്കോട്ടുകാർ മുതലായവരെക്കൊണ്ടും അധൎമ്മം തുടങ്ങി എന്നു കണ്ടു് പട്ടക്കാട്ടു സ്ഥലം ഉപേക്ഷിച്ചു ഇരിഞ്ഞാലക്കുടെ വന്നുചേൎന്ന 'പന്തല' നമ്പൂരി മുതലായ മററു പല ഉത്തമന്മാരെക്കൊണ്ടും ഐരാണിക്കുളം ഗ്രാമത്തിൽ നടന്നു വന്നിരുന്ന അന്തഃഛിദ്രം നിമിത്തം ഇങ്ങോട്ടു വന്നു കൂടിയ പാമ്പുമേക്കാട് നമ്പൂരി ഭസ്മത്തിൽ മേക്കാട്ട് നമ്പൂരി മുതലായ യോഗ്യരെക്കൊണ്ടും പറവൂർ ഗ്രാമത്തിൽ ഇരിക്കപ്പൊറുതി മുട്ടി അവിടംവിട്ടു പോന്നവരായ വില്വമംഗലത്തു നമ്പൂരി മുതലായ വെള്ളാങ്ങല്ലൂര് ഗ്രാമക്കാരെക്കൊണ്ടും മററും ഇരിഞ്ഞാലക്കുടെ ഗ്രാമം പരിപുഷ്ടിയാവുകയും ചെയ്തിട്ടുണ്ടു്. അവരെ പെരുമനത്തുകാർ

ഈ വിധം ഉയൎത്തിയതോടുകൂടി ഇരിഞ്ഞാലക്കുടക്കാൎക്കു വേണ്ടതൊക്കെ തികഞ്ഞു.

ഇങ്ങിനെ ഇരിഞ്ഞാലക്കുടക്കാരെ വളരെ വലുതാക്കി വെക്കുവാൻ കാരണഭൂതന്മാരായ പെരുമനം ഗ്രാമക്കാരെ വളരെ നന്ദിയോടെ ബഹുമാനിക്കേണ്ടതിന്നു പകരം തൃക്കണാമതിലകം ക്ഷോഭത്തിന്നു ശേഷം ഇരിഞ്ഞാലക്കുടക്കാർ ഒരുമാതിരി വഞ്ചികയാണുണ്ടായതു്. തമ്മിൽ കൊള്ളകൊടുക്കലൊവട്ടെ മറ്റൊരു വിധം നിവൃത്തിയുണ്ടെങ്കിൽ തങ്ങളുടെ ക്രിയകൾക്കു ക്ഷണിക്കുകയാവട്ടെ യോഗം കൂടി പെരുമനം ഗ്രാമം ക്ഷേത്രത്തിൽ ചെല്ലുകയാവട്ടെ മേലാൽ യാതൊന്നും ചെയ്യപ്പോകരുതെന്നും മററും അവർ ഒരു വ്യവസ്ഥചെയ്തു. ഇരിഞ്ഞാലക്കുടെ ഗ്രാമസങ്കേതത്തിനെ ആക്രമിച്ചിരിക്കുന്ന മതിലകത്തുകാരെ വേണ്ടവിധം അമൎച്ചചെയ്യാതെ ഇരിഞ്ഞാലക്കുടയും മതിലകവും ഒരുപോലെ പെരുമനം ഗ്രാമസങ്കേതം മാത്രമാണെന്നു ഭാവിച്ചു തങ്ങളെ സഹായിക്കാതിരുന്ന കാരണംകൊണ്ടാണു് ഇരിഞ്ഞാലക്കുടക്കാൎക്കു പെരുമനത്തുകാരുടെ മേൽ ഇത്ര വെറുപ്പുണ്ടായതു്. ഈ കാൎയ്യത്തിൽ ഇരിഞ്ഞാലക്കുടക്കാരെ കുറപ്പെടുത്തിക്കൂടാ. അവരുടെ ഐകമത്യത്തേയും ഗ്രാമപ്രതിപത്തിയേയും അവർ വേണ്ടവണ്ണം വെളിപ്പെടുത്തി എന്നു മാത്രമേ ഉള്ളു. പെരുമനത്തുകാർ തങ്ങൾതന്നെ ഉയൎത്തി ഒരുവിധം സ്വാതന്ത്ര്യനിലയിലാക്കിയ ഇരിഞ്ഞാലക്കുടെ ഗ്രാമക്കാരെ വെറും കീഴിൽ നില്ക്കുന്ന മതിലകത്തുകാരെപ്പോലെ മാത്രം വിചാരിച്ചു ഉദാസീനത കാണിച്ചതോ അല്ലെങ്കിൽ മതിലകത്തുകാൎക്കു ഉള്ളുകൊണ്ടു അനുകൂലിച്ചതോ അവരുടെ പണത്തെപ്പോലെയുള്ള നിഷ്പക്ഷപാതമായ യോഗക്ഷേമരക്ഷണത്തിന്നു ചേൎന്നതായില്ലെന്നു പറയേണ്ടതില്ലല്ലോ. ദേശകാലങ്ങളെ അനുസരിച്ചു വേണ്ടതൊക്കെ വേണ്ടതുപോലെ നടത്തുകയെ യ

ന്നതു് എല്ലാകാലത്തും എല്ലാവരും ചെയ്യുന്നതാണെങ്കിൽ ആൎക്കും ഒരിക്കലും ഇടച്ചിലുതട്ടുവാൻ സംഗതിയില്ലല്ലോ.

പണ്ടത്തെക്കാലത്തു വളരെ പ്രശസ്തന്മാരും വേദജ്ഞന്മാരും പണ്ഡിതന്മാരും ഷൾകൎമ്മാനുഷ്ഠാനനിഷ്ഠയുള്ളവരും താപസികളുമായ മഹാബ്രാഹ്മണരാലും ധൎമ്മവ്യവസ്ഥാപകന്മാരായ രാജാക്കന്മാരാലും സ്വജാതി ധൎമ്മതല്പരന്മാരായ മററു ജാതിക്കാരാലും ഏററവും ശോഭിക്കപ്പെട്ടിരുന്ന ഈ ഗ്രാമത്തിന്നു് ഇപ്പോൾ പലവിധമായ ന്യൂനതകളും വന്നുകൂടിട്ടുണ്ടെന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. എങ്കിലും ഇപ്പോഴത്തെ കാലാവസ്ഥയ്ക്കു മലയാളത്തിലുള്ള മററു ഗ്രാമക്കാൎക്കു തട്ടിക്കാണുന്നതിലധികം കോട്ടം പെരുമനം ഗ്രാമക്കാൎക്കു പററീട്ടുണ്ടെന്നു തോന്നുന്നില്ല. വൎണ്ണാശ്രമധൎമ്മങ്ങളിലും ശ്രൌതസ്മാൎത്താദി ക്രിയകളിലും വിചക്ഷണന്മാരായ അനേകം ഉത്തമബ്രാഹ്മണർ ഈ ഗ്രാമത്തിൽ ഇന്നുമുണ്ടു്. മഴമംഗലത്തുനമ്പൂതിരിമാരെപ്പോലെ ശ്രൌതഗ്രന്ഥകാരന്മാരായ യോഗ്യന്മാർ ഇല്ലെങ്കിലും ആ വക ഗ്രന്ഥങ്ങളെ വേണ്ടവിധം ഉപയോഗിക്കുവാൻ അറിയുന്നവരും ഉപയോഗിക്കുന്നവരും ഇപ്പോഴും ഒട്ടും ദുൎല്ലഭമല്ല. ബ്രാഹ്മണരുടെ ഇടയിൽ വൈദികന്മാർ, സ്മാൎത്തന്മാർ, കൎമ്മികൾ ആഢ്യന്മാർ മുതലായവരെക്കൊണ്ടു് വേണ്ടുന്ന കൃത്യങ്ങൾക്കൊന്നും പരാപേക്ഷകൂടാതെ കഴിച്ചുകൂട്ടുവാൻ പെരുമനം ഗ്രാമക്കാൎക്കു് ഇപ്പോഴും ധാരാളം പ്രാപ്തിയുണ്ടു്. ധനികന്മാരും ദരിദ്രന്മാരെ പോററുവാൻമനസ്സുള്ളവരും പോററുന്നവരും ആയ മഹാമനസ്കന്മാർ ഈ ഗ്രാമത്തിലുള്ളതിലധികമായി വേറെ ഏതെങ്കിലും ഗ്രാമത്തിലുണ്ടെന്നു തോന്നുന്നില്ല. ലൌകികവിഷയത്തിൽ പ്രവേശിച്ചു പുതിയ വിദ്യാഭ്യാസവും പരിഷ്കാരവും സിദ്ധിച്ചു നാട്ടുകാൎക്കു ഗുണം ചെയ്യുവാൻ ഒരുങ്ങിനിൽക്കുന്ന അന്യജാ

തിക്കാരും ഈ ഗ്രാമത്തിൽ കുറവില്ല. കൊച്ചി ശീമയിൽ സ്വദേശികളായ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ മിക്കതും പെരുമനം ഗ്രാമക്കാരാണല്ലോ. നാട്ടുകാരിൽ അധികം ധനികന്മാരും പെരുമനം ഗ്രാമക്കാരാണ്. കൊച്ചിരാജ്യത്തെ അധികം മുതലെടുപ്പുള്ള ഭാഗവും പെരുമനം ഗ്രാമം തന്നെ. മലയാളത്തിൽവെച്ചു ഏറ്റവും പ്രധാനപ്പെട്ട ഗ്രാമം പെരുമനം ഗ്രാമം.

## ൧൯. അണുജന്തുക്കൾ.

നമുക്ക് ദൃഷ്ടിഗോചരമാകാൻ പാടുള്ളടത്തോളമുള്ള സൎവ്വജീവികളേയും വൎഗ്ഗം വൎഗ്ഗമാക്കി വകതിരിച്ചപ്പോൾ ജീവിശാസ്ത്രത്തിനു സിദ്ധിപ്പാൻ പാടുള്ളേടത്തോളമുള്ള പരിപൂൎണ്ണത വന്നുപോയെന്നു ശാസ്ത്രജ്ഞന്മാരൊക്കെ തെറ്റിദ്ധരിച്ചു ഒരു കാലത്തു തൃപ്തിപ്പെട്ടുപോയിരുന്നു. എന്നാൽ അണുദൎശിനി എന്ന യന്ത്രം കണ്ടുപിടിച്ചപ്പോൾ എത്രയോ അണുവായി ഒരിക്കലും നേത്രഗോചരമല്ലാത്തതായി ആശ്ചൎയ്യകരമായിരിക്കുന്ന അനേകലക്ഷം ചെറുജീവികൾ നമുക്കു ഊഹിപ്പാൻ പാടുള്ള സകല ദിക്കുകളിലും ഒരുപോലെ വ്യാപിച്ചു അനായാസം വൎദ്ധിക്കുന്നുണ്ടെന്ന ആശ്ചൎയ്യപരമാൎത്ഥവും വെളിവായി. നമ്മുടെ കണ്ണിന്റെ ക്രൂൎമ്മതയില്ലായ്മയാകുന്ന തിരിശ്ശീല മുൻപറഞ്ഞ യന്ത്രംകൊണ്ടു നീങ്ങിയപ്പോൾ മാത്രമാണ് ഇന്ദ്രജാലമൊ മയമായയൊ എന്ന സംശയത്തെ ജനിപ്പിക്കുംവണ്ണം അനേകരൂപങ്ങളായും അനേകവൎണ്ണങ്ങളായും ഉള്ള അനന്തങ്ങളായ ഈ അണുജന്തുക്കളുടെ രംഗപ്രവേശം നമുക്കു ദൃശ്യമായി വ

ന്നതു. ദൈവസൃഷ്ടിയുടെ മാഹാത്മ്യവും മനുഷ്യശക്തിയുടെ ലഘുത്വവും ദൃഷ്ടാന്തീകരിക്കപ്പെട്ടുവാനായി പരമാണുസ്വരൂപികളായ ഈ ജീവികളുടെ പഠനവും കൂടെ നമുക്കു വേണ്ടതിലധികം ഉതകുന്നു എന്നു പറയുന്നതു ഒരിക്കലും അതിശയോക്തിയല്ല. രാത്രി സമയത്തു കടലിലേയും പുഴയിലേയും വെള്ളം തിളങ്ങുന്നതും, ഓരോ തുള്ളി വെള്ളത്തിൽ തന്നെ ഉള്ളതായിക്കാണുന്ന അനേകായിരം അണുജന്തുക്കളുടെ ശരീരത്തിൽ നിന്നു പൊങ്ങുന്ന ഒരു വക ധാമമാത്രമാണു എന്നു കണ്ടിരിക്കുന്നു. ശുദ്ധജലത്തിനു തന്നെ പലേ സ്ഥലങ്ങളിലും വന്നെത്തുന്ന വർണ്ണവ്യത്യാസങ്ങൾ അതിൽ അസംഖ്യമസംഖ്യമായി വ്യാപിച്ചു വളരുന്ന അണുജന്തുക്കളുടെ ഛായാവിശേഷം മാത്രമാണു പോലും. അററ്ലാൻറിക്ക് സമുദ്രത്തിൻെറ അടിയിൽ വളരെ നാഴിക വിസ്താരത്തിലും നാലഞ്ചു നാഴിക ഘനത്തിലും കിടക്കുന്ന പൂഴി യഥാൎത്ഥത്തിൽ പൂഴിയല്ലെന്നും അതു സംഗതിവശാൽ മരണം പ്രാപിച്ച അണുജന്തുക്കളുടെ വെറം ശരീരകവചങ്ങളുടെ ശേഖരം മാത്രമാണെന്നും മേല്പറഞ്ഞ യന്ത്രം നിസ്സംശയമായി മനസ്സിലാക്കിത്തന്നിരിക്കുന്നു. സാംക്രമികരോഗങ്ങളായറിയപ്പെടുന്ന സൎവ്വത്തിനും അപായകരമായി ഉപദ്രവകരമായ സൎവ്വദണ്ഡങ്ങൾക്കും ഉത്തരവാദിത്വം വഹിച്ചുപോരുന്നതു, ഏകനായി ഗണിക്കുമ്പോൾ നിസ്സാരനെങ്കിലും ഏകീകരണംകൊണ്ടു ശക്തനായിത്തീരുന്ന അണുജന്തുക്കൾ തന്നെയാണു്. മനുഷ്യൻെറ ബുദ്ധിസാമൎത്ഥ്യം മുഴുവൻ പ്രയോഗിച്ചാലും ഈ ജന്തുക്കളുടെ ബാധയിൽനിന്നു വിട്ടു നില്ക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. അവർ കുടിക്കുന്ന വെള്ളത്തിൽ കോടാകോടി അണുജന്തുക്കൾ നിറ്റുന്നുണ്ടെന്നും അവൻ ശ്വാസിക്കുന്ന വായുവിൽ കൂടെ ലക്ഷോപലക്ഷം അണുജന്തുക്കൾ ശ്വാസകോശ

ത്തിൽ പ്രവേശിക്കുന്നുണ്ടെന്നും, അവൻ ഭക്ഷിക്കുന്ന സാധനങ്ങളിൽ എണ്ണിയാൽ തീരാത്ത അണുജന്തുക്കൾ പററിക്കിടക്കുന്നുണ്ടെന്നും മനസ്സിലാകുമ്പോൾ ആൎക്കാണു വലുതായ അജ്ഞാനം ജനിച്ചു പോകാത്തതു്? ഈ ജന്തുക്കളുടെ നിൎമ്മാണ വിശേഷതയും വിചിത്ര സ്വഭാവങ്ങളും അത്ഭുത വൎദ്ധനശക്തിയും അളവററ വ്യാപനയും ഈ ജന്തുക്കളാൽ സാധിപ്പിച്ചുപോരുന്ന കാൎയ്യങ്ങളുടെ ഗൌരവവും വിചാരിച്ചാൽ മററെല്ലാ ജന്തുക്കളുടെ പഠനത്തേക്കാളും ഉൽകൃഷ്ടമാഹാത്മ്യമുള്ളതായി മനുഷ്യർ ആദരിച്ചു വരേണ്ടതു ഈ വിഷയം തന്നെയാണു്.

അണുജന്തു എന്നു പറയുന്നതു ജീവനുള്ള വെറും ഒരു അണു മാത്രമാണു്. ഇതിന്റെ ശരീരത്തിൽ യാതൊരവയവമോ ശരീരാന്തൎഭാഗത്തിൽ ഉദരമോ ഉദരത്തോടു തുല്യമായ മററംഗമോ യാതൊന്നും ഇല്ല. ജീവനുള്ള സാധനത്തിന്റെ എത്രയോ ചെറുതായ ഒരു ബിന്ദു എന്നു പറഞ്ഞാൽ നമുക്കു അണുജന്തുവിന്റെ സാമാന്യപ്രകൃതി ഊഹിക്കാവുന്നതാണു്. ഈ ബിന്ദുവിനു കണ്ണാകട്ടെ മൂക്കാകട്ടെ വദനമാകട്ടെ ഉദരമാകട്ടെ ഒന്നും തന്നെ ഇല്ല.

ഒപ്പുകടലാസു മഷിവലിച്ചെടുക്കുമ്പോലെ ഈ അണു വല്ല ഭക്ഷണപദാൎത്ഥത്തിലും പ്രവേശിച്ചാൽ പോഷണദ്രവ്യം വലിച്ചെടുക്കുന്നതുകൊണ്ടു വദനവും ഉദരവും ഇല്ലാതെ തന്നെ ഇതു നമ്മേപ്പോലെ ഭക്ഷണം കഴിക്കുന്നുണ്ടെന്നു ഗ്രഹിക്കാവുന്നതാണു്. അണുവിന്റെ ശരീരത്തിന്നനാവശ്യമായി തോന്നുന്ന സാധനങ്ങൾ അതിന്റെ ശരീരത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിൽകൂടെ വാൎന്നുപോകുന്നതുകൊണ്ടു മലദ്വാരമില്ലാതെ തന്നെ ഈ ജന്തു പുരീഷവിസൎജ്ജനം ചെയ്യുന്നുണ്ടെന്നും ഗ്രഹിക്കാവുന്നതാണു്. ഉരുണ്ടിട്ടും തി

രിഞ്ഞിട്ടും തെറിച്ചിട്ടും മററും ഒരു സ്ഥലംവിട്ടു വേറെ ഒരു സ്ഥലത്തെത്തുകകൊണ്ടു നമ്മളെപ്പോലെ കാലോ പുഴുക്കളെപ്പോലെ മാംസപേശിയുടെ സഹായമോ ഇല്ലാതെ ഇതുകൾ ഗതാഗതംചെയ്യുന്നുണ്ടെന്നു മനസ്സിലാക്കാം. പോഷണദ്രവ്യം ധാരാളം കിട്ടുമ്പോൾ ഇവയുടെ ശരീരത്തിന്റെ വലിപ്പം ലേശം വൎദ്ധിക്കുകയും പിന്നെ ശരീരത്തിന്റെ ഒത്ത നടുവിൽ ഒരു കെട്ടിട്ടപോലെ, മദ്ധ്യഭാഗം കൂടക്കൂടെ കൃശമായി വന്നു ഒരു ജന്തുവിന്റെ ആകൃതി ഡമ്പലിന്റെ ആകൃതിപോലെ രണ്ടററത്തും തടിച്ചും മദ്ധ്യത്തിൽ വളരെ നേരിയതായും തീരുകയും ക്രമേണ ഈ നേരിയഭാഗം പൊട്ടി ഒരു ജന്തു രണ്ടു ജന്തുക്കളായി ഭാഗിക്കപ്പെട്ടുപോകയും ചെയ്യുന്നതുകൊണ്ടു ലിംഗസഹായം കൂടാതെ തന്നെ ജന്തു സന്താനം ജനിപ്പിക്കുന്നുണ്ടെന്നു ധാരണാശക്തിയുള്ള ഏവൎക്കും ഊഹിക്കാവുന്നതാണു്.

ഇതു കൂടാതെ വേറെ ചില അവസരങ്ങളിൽ രണ്ടു അണുജന്തുക്കൾ അടുക്കെവന്നു, ഒരു തുള്ളി രസം വേറെ ഒരു തുള്ളി രസത്തിന്റെ അടുക്കെ കൊണ്ടുവച്ചാൽ രണ്ടും യോജിച്ചു അല്പം വലിയ ഒരു തുള്ളിയായിപ്പോകുന്നതുപോലെ മേൽപ്രകാരം അടുക്കെ എത്തിയ രണ്ടു ജന്തുക്കളും ഒന്നായി യോജിച്ചുപോകയും യോജിച്ചുണ്ടാകുന്ന ഏകത്തിന്നു അണ്ഡാകൃതി സിദ്ധിക്കുകയും ഈ അണ്ഡാകൃതിയായതിന്റെ പുറംഭാഗത്തിന്നു മുട്ടത്തോടുപോലെ തടി അല്പം ജാസ്തിയാകയും ഉള്ളിലേ സാധനം കോടാകോടി പരമാണുക്കളും പരമാണുക്കളായി ഗണിക്കപ്പെടാവുന്ന മുട്ടകളുമായിത്തീരുകയും പിന്നെ പുറന്തൊലി പൊട്ടി ഈ മുട്ടകൾ പുറത്തുവരികയും ക്രമേണ ഓരോരോ മുട്ട പണ്ടു ഒന്നിച്ചുകൂടിയ ഓരോ ജന്തുവിന്റെ ആകൃതിയെത്തുംവിധത്തിൽ പൊട്ടി വളരുകയും ചെയ്യുന്നതുകൊണ്ടു ഈ അണുജന്തുക്കൾക്കു സ്ത്രീപു

രുഷ സംയോഗം കൊണ്ടുള്ള സന്താനോല്പാദനവും കൂടെ ഉണ്ടെന്നു യുക്ത്യനുസരണം ഗ്രഹിക്കപ്പെടേണ്ടതാണ്.

മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ടു നമുക്കൊക്കെ ഉള്ളപോലെ വെറും വാൎദ്ധക്യം കൊണ്ടുള്ള മരണം ഈ ജന്തുവിനു ഒരിക്കലും ഇല്ലാത്തതുകൊണ്ടു ഇതിനു നമ്മെക്കാളും ഒരു വിശേഷവിധി കൂടെ ജാസ്തിയുണ്ടെന്നു പറയാം.

അമൃതത്തിന്റെ സഹായമില്ലാതെ തന്നെ മരണമില്ലായ്മ സിദ്ധിച്ചിരിക്കുന്ന ഈ അണുജന്തുക്കൾ വളരെ ഉപദ്രവികളും തൻമൂലം പരക്കെ വെറുക്കപ്പെടുന്നവയുമാണ്. നമ്മുടെ ശരീരത്തിൽ പിടിപെടുന്ന സൎവ്വ വേദനകൾക്കും വലിച്ചിലിനും കാരണം ഈ അണുജന്തുക്കൾ തന്നെയാണെന്നു പരിശോധനാപൂൎവ്വം നിശ്ചയിക്കപ്പെട്ടുപോയിട്ടുണ്ടു്. ഇതൊക്കെയായിട്ടും സാംക്രമികരോഗബീജങ്ങളാകുന്ന ഈ ജന്തുക്കളുടെ ശക്തിയുടെ പരിമാണം ഇത്രയെന്നു വളരെ ജനങ്ങൾ ഇനിയും മനസ്സിലാക്കീട്ടില്ല.

തനിക്കു യഥേഷ്ടം പോഷിക്കുവാൻ തക്ക സൌകൎയ്യാവസ്ഥകളൊക്കെ കൊടുത്തിട്ടു ഈ അണുജന്തുക്കളിൽ ഏതെങ്കിലും ഒന്നിനെ നിറുത്തുന്നതായാൽ, ഭൂമിയിൽ ഉള്ള സൎവ്വ പീരങ്കികളേയും ഒന്നായി പ്രയോഗിച്ചിട്ടുണ്ടാക്കാൻ കഴിയുന്ന അപായത്തേക്കാൾ എത്രയോ മടങ്ങു അധികരിച്ചതായ അപായം നാം മേൽപ്രകാരംകൊണ്ടു നിറുത്തുന്നതായ ഒരൊററ ജന്തുവിന്റെ ചൈതന്യംകൊണ്ടു ഉണ്ടാക്കിത്തീൎക്കുവാൻ നിഷ്പ്രയാസം സാധിക്കുന്നതാണത്രെ.

മിതമായ ശീതോഷ്ണസ്ഥിതിയോടുകൂടിയ ഒരു സുഖകരമായ താഴ്വാരത്തിൽ സൎവ്വജീവജാലങ്ങളേയും കൊണ്ടുവെക്കുവാൻ ബാധിച്ചു എന്നു വിചാരിക്കുക. ഇങ്ങനെ കൊണ്ടുവച്ച ജീവികളുടെ മദ്ധ്യത്തിൽ അമ്പലനായി, നേത്രഗോ

ചരനല്ലാത്തവനായിരിക്കുന്ന ഒരേ ഒരു അണുജന്തുവിനെ തന്റെ വൎദ്ധനശക്തിക്കെതിരായ തടസ്ഥങ്ങൾക്കും ഒന്നും നേരിടാത്തവിധത്തിൽ കൊണ്ടുവെക്കുന്ന പക്ഷം ഒരേ ഒരു ആഴ്ചയ്ക്കുള്ളിൽ മേല്പടി താഴ്വാരത്തിൽ കൊണ്ടുവെച്ചിട്ടുള്ള ജീവനുള്ള വസ്തുക്കൾ, ഒരു പുല്ലും പുഴുവും കൂടെ ശേഷിയാതെ സമസ്തവും നശിച്ചു, ഭൂമിയും അണുജന്തുക്കളും മാത്രം ബാക്കിയായി നില്ക്കുന്നതാണു്.

അണുജന്തുക്കൾ മററു ജീവികളുടെ സ്ഥിതിക്കും മററു ജീവികളുടെ സംഹാരത്തിനും മതിയായവയാകുന്നു. ജീവികൾക്കു നാശം വരുത്തുന്ന സൎവ്വരോഗങ്ങൾക്കും കാരണമാകുന്നതു അണുജന്തുക്കൾ തന്നെയാണെങ്കിലും അണുജന്തുക്കളുടെ നാശത്തിൽ ജീവികളിൽ നിന്നും ജീവൻ രക്ഷിച്ചുപോരാനും സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ നാളെയ്ക്കു അണുജന്തുക്കളുടെ സൎവ്വവൎഗ്ഗങ്ങളും ഭൂമിയിൽ നിന്നു നശിച്ചുപോയെന്നു വിചാരിച്ചാൽ ഭൂമിയിലെ അവസ്ഥ നിശ്ചയമായിട്ടും താഴേ വിവരിക്കുമ്പോലെ ഇരിക്കും. മഹാമാരി, പനി, വിഷൂചികാ, വസൂരി, പൊട്ടി, കരപ്പൻ, കൊക്കരക്കുര എന്നീ യാതൊരു രോഗങ്ങളും ഭൂമിയിൽ ഉണ്ടാകുന്നതല്ല. നമ്മളാൽ ആയുധംകൊണ്ടു എല്പിക്കപ്പെടുവാൻ സാദ്ധ്യമാകുന്ന കഠിനമുറിവുകൾ തന്നെ ഒന്നു രണ്ടു മണിക്കൂറിനുള്ളിൽ വേദനയോ ബുദ്ധിമുട്ടോ അധികമില്ലാതെ ഉണങ്ങിപ്പോകുന്നതാണു്. നാം മരിച്ചാൽ നമ്മുടെ ശരീരം നാറിയലിഞ്ഞു മണ്ണായിപ്പോകാതെ എന്നെന്നും അതേനിലയിൽ തന്നെ നില്ക്കുന്നതാണു്. മത്സ്യം ഒരിക്കലും ചീഞ്ഞുപോകയില്ല. മാംസം എത്രതന്നെ വെച്ചാലും ദുൎഗ്ഗന്ധവാഹിയാകയില്ല. വെണ്ണ നാറിപ്പോകയില്ല. പാലു് തൈരുപോകയില്ല. മുട്ട കെട്ടുപോകയില്ല. മലംപനിയുടെ

പേരുതന്നെ കേൾക്കാനുണ്ടാകയില്ല. ഭ്രാന്തൻനായ് കടിച്ചാൽ വിഷമുണ്ടാകയില്ല. ഈ ദിവസം കിളച്ചോ പറിച്ചോ വെക്കുന്ന കിഴങ്ങോ പഴമൊ നൂറു കൊല്ലം കഴിഞ്ഞാലും ഏകദേശം അതേമാതിരിയിൽ അപ്പോൾ കിളച്ചതോ പറിച്ചതോ പോലെയുള്ള നിലയിൽ ഇരിക്കും.

എന്നാൽ ഈവിധമായ സുഖങ്ങളും സൌകര്യങ്ങളും രണ്ടു തലമുറ കഴിയും മുമ്പെ തന്നെ സമാപ്തമായിപ്പോകുന്നതാണ്. ജീവികൾ ഭക്ഷിക്കുന്നതു സസ്യങ്ങളാണല്ലോ ആഹാരം. സസ്യങ്ങളുടെ വളം ചത്തഴിയുന്ന ജന്തുക്കളുടെ ശരീരാംശങ്ങളാണ്. എന്നാൽ അണുജന്തുക്കളില്ലാതിരുന്നാൽ യാതൊരു വസ്തുവും ചത്തോ കെട്ടോ പോകുകയില്ല. അതുകൊണ്ടു സസ്യങ്ങൾക്കു നിർമ്മൂലനാശം വന്നേക്കുമെന്നു മാത്രമല്ല ആഹാരത്തിനു സസ്യങ്ങളെ ആശ്രയിച്ചുനില്ക്കുന്ന സർവ്വജന്തുക്കളും പട്ടിണിയിട്ടു മരിക്കേണ്ടിവരും. ആദ്യകാലങ്ങളിൽ ഇപ്പോഴുള്ളപോലെതന്നെ സവ്കാര്യങ്ങളും നമുക്കുമായിരിക്കാമെങ്കിലും അല്പദിവസങ്ങൾകൊണ്ടു സസ്യങ്ങൾ മുഴുവനും തിന്നുതീർന്നുപോകുന്നതാണ്. ആ സമയത്തു ഭൂമിയിൽ ജന്തുക്കൾ മാത്രമേ ശേഷിപ്പായി നില്ക്കു. ഇവയിൽതന്നെ സസ്യഭോജികളായ സർവ്വജന്തുക്കളും വിശപ്പുകൊണ്ടു മരിക്കേണ്ടി വരും; മാംസഭക്ഷകരായ ജന്തുക്കൾ ഇവയുടെ ശവങ്ങളും തിന്നു പിന്നെയും കുറേകാലം ജീവിക്കും. പിന്നെ ഭൂമിയിൽ മാംസഭോജികളായ മൃഗങ്ങളും മനുഷ്യവർഗ്ഗവും മാത്രമേ ഉണ്ടാകു.

മനുഷ്യർ ആ കാലത്തു മാംസഭോജികളായ മൃഗങ്ങളെ ഒക്കെ തിന്നൊടുക്കും. പിന്നെ സസ്യങ്ങളും മററു യാതൊരു ജന്തുക്കളും ഇല്ലാതായിത്തീർന്നിട്ടു ഭൂമിയിൽ വെറും മനുഷ്യവർഗ്ഗം മാത്രം ശേഷിപ്പായുണ്ടാകും. കല്ലും, പാറയും, പൂഴി

യും, വെള്ളവും ലോഹങ്ങളും മാത്രം ഉണ്ടാകുന്ന മരുഭൂമിപോലെ ഇരിക്കുന്ന നമ്മുടെ ഭൂമിയുടെ ഏകാന്തതയ്ക്കു വിരുദ്ധമായിട്ട മനുഷ്യവർഗ്ഗത്തെ മാത്രമേ ശേഷിച്ചതായി കാണാനുണ്ടാകു. ഇങ്ങനെ യാതൊരു രസമൊ സുഖമൊ ആശാസ്പദമായ സാധനമൊ ഇല്ലാതായിത്തീരുന്ന ഈ ഭൂമിയിൽ ഇനിയും അധിവസിക്കണമെന്നു് ഇച്ഛ വിട്ടുപോകുന്നു. ശേഷിച്ച മനുഷ്യർ അന്യോന്യം ഭക്ഷിച്ചു കുറച്ചു കാലത്തോളമെങ്കിലും ജീവരക്ഷ ചെയ്യുന്നമെന്നു കാമിയാതെ ഓരോരോ മൂക്കിൽപോയി വിശപ്പിനാൽ മരിച്ചുവീഴും. അതുകൊണ്ടു, ഒടുവിൽ പാഴായിപ്പോകുന്ന ഈ ഭൂമിയിൽ, എല്ലാററിലും അവസാനം നശിച്ചലിഞ്ഞുപോകാത്ത വെറുംമനുഷ്യശവങ്ങൾ മാത്രം അവിടെയും ഇവിടെയും ചെറിയ മട്ടിൽ കാണായ്വരും. ഇതു് ഏതായാലും ആശിക്കത്തക്ക ഒരവസ്ഥയല്ലെങ്കിലും അണുജന്തുക്കൾ ഇല്ലാതിരുന്നാലുള്ള ഭൂമിയുടെ സ്ഥിതി ഇങ്ങനെഒക്കെ ആയിരിക്കകൊണ്ടു ഇവ ഗുണത്തിനും ദോഷത്തിനും ഒരുപോലെ ശക്തിയുള്ളവയാണെന്നു മനസ്സിലാക്കാം.

അണുജന്തുക്കളിൽ ഓരോരോ വർഗ്ഗത്തിന്നു ഓരോരോ സാധനത്തോട്ടു പ്രതിപത്തിയും ഓരോരോ സാധനത്തോടു വിരസവും കലശലായി കണ്ടുവരുന്നുണ്ടു്. ഇംഗ്ലണ്ടിൽ തന്നെ സർവ്വസമയത്തും രണ്ടുലക്ഷം ക്ഷയരോഗികളുണ്ടെന്നു കണക്കെടുത്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ക്ഷയബീജമായ ഒരു വർഗ്ഗം അണുജന്തു ശ്വാസകോശങ്ങളല്ലാതെ വേറെ യാതൊരു സാധനവും തൊടില്ല. ഒരുവർഗ്ഗം ജന്തു വെണ്ണീറിൻ നിറമുള്ള ഒരുമാതിരി തത്തകളെ മാത്രം ഉപദ്രവിക്കുന്നു. ഈമാതിരി തത്തകൾ പത്തിനെട്ടു കണ്ടിട്ടുഅണുജന്തുക്കളുടെ ബാധനിമിത്തം മരിച്ചുപോകുന്നു. 'ബെറി

ബെറി' എന്ന പേരായ ജപ്പാനിലെ മഹാരോഗം ശരീരസുഖാവസ്ഥയിലിരിക്കുന്ന ആൺകുട്ടികളെ മാത്രം നശിപ്പിക്കുന്നു. എന്തു കൊണ്ടെന്നാൽ ഈ രോഗത്തിന്നടിസ്ഥാനമായ ഒരു വൎഗ്ഗം അണുജന്തു ഒരു അദൃഷ്ടശക്തികൊണ്ടു നല്ല ആൺകുട്ടികളെ മാത്രം തിരിഞ്ഞെടുത്തു ദ്രോഹിക്കുന്നു. ഇവ ഒരിക്കലും തരുണന്മാരേയൊ സ്ത്രീകളേയൊ ബാധിക്കുന്നില്ല. വിഷൂചികയുടേയും 'ടൈഫോയിഡ്' പനിയുടേയും അണുജന്തുക്കൾ മനുഷ്യരുടെ അന്നപാത്രം മുതലായ സാധനങ്ങൾ അലംഭാവമില്ലാതെ ബാധിക്കുമെങ്കിലും താണതരം ജന്തുക്കളെ തൊടുന്നതിനേക്കാൾ പട്ടിണിയിട്ടു മരിച്ചുകളയുന്നു. ഒന്നു തേനീച്ചകളെ മാത്രവും ഒന്നു വിത്തുകളെ മാത്രവും വേറെ ഒന്നു വെള്ളച്ചുണ്ടെലികളെ മാത്രവും തങ്ങളുടെ ആഹാരവിഷയങ്ങളായി തിരഞ്ഞെടുക്കുന്നു. ഒരുതരം ജന്തു കുതിരകളെയും വേറെ ഒന്നു മനുഷ്യനേയും മറെറാന്നു നരി, സിംഹം മുതലായ ഉഗ്രമൃഗങ്ങളേയും സാധുവായ പൂച്ചയേയും പലവിധമായി ദ്രോഹിച്ചു പ്രയാസമെന്നിയേ അധഃപതനം വരുത്തുന്നു. രണ്ടു ദിവസത്തിനുള്ളിൽ മേൽ പറഞ്ഞ ഏതു ജീവിയേയും കൊന്നുകളയാതിരിക്കില്ലെന്നു പറയുമ്പോൾ ഈ അണുജന്തുക്കളുടെ ബാധയുടെ ഉഗ്രത അല്പമെങ്കിലും ഊഹിപ്പാൻ കഴിയുന്നതാണല്ലോ.

ഒരുതരം ജന്തുവിനു പ്രാവോ കുയിലോ എലിയോ മുയലോ ആയാൽ തരക്കേടില്ല. എന്നാൽ ഇവ കോഴി നായ് മെരു മുതലായവയെ അശുദ്ധമുള്ളതുപോലെ സൎവ്വദാ വൎജ്ജിക്കുന്നു. വേറെ ചിലതിനു മുറിവുടെയും രോമത്തിൻേറയും മൂല ഭക്ഷിക്കാതെ നിവൃത്തിയില്ല. മററു ചിലതു ഉള്ളി അമൃതത്തെക്കാൾ രുചിയേറിയതായി വിചാരിക്കുന്നു.

ഇങ്ങനെ ഓരോരോവൎഗ്ഗം അണുജന്തുക്കൾക്കു ഓരോ

രോ സാധനത്തോടോ ജീവിയോടൊ പ്രത്യേക പ്രതിപത്തി ഉള്ളതുകൊണ്ടു ഈ അണുജന്തുക്കൾ സൃഷ്ടി മുഴുവനും ഭക്ഷിച്ചൊടുക്കിക്കളയാത്തതു എന്നു വിചാരിക്കാം. വേറെ ഒരു കാരണം ഓരോരോ വൎഗ്ഗത്തിനു പ്രത്യേക ശീതോഷ്ണസ്ഥിതികളിൽ മാത്രമേ വൎദ്ധനയുണ്ടാകുന്നുള്ളു എന്നതാണു. എന്നാലും ഇവയിൽ ചിലതിനു ശൈത്യാധിക്യംകൊണ്ടു ഉറച്ചുപോയ വെള്ളത്തിലും യാതൊരസ്വാധീനതയും കൂടാതെ വസിക്കുവാൻ സാധിക്കുന്നുണ്ടു്.

പക്ഷേ ഈ അണുജന്തുക്കളുടെ വൎദ്ധനവിന്നു വലുതായ തടസ്ഥം നേരിടുന്നതു വേറെ ഒരു കാരണത്താലാണു്. എന്തെന്നാൽ ഒരു അണുജന്തു മനുഷ്യന്റെ ശരീരത്തിൽ എത്തി അവിടുന്നു ഒരു ദിവസംകൊണ്ടു ലക്ഷോപലക്ഷമായി വൎദ്ധിച്ചു എന്നു വിചാരിക്കുക. ഇങ്ങനെ ലക്ഷോപലക്ഷമായി വൎദ്ധിക്കുന്ന അണുജന്തുവിന്റെ ശരീരത്തിൽ നിന്നു എന്തോ അദൃഷ്ടഹേതുകൊണ്ടു ഒരുവക വിഷം പൊടിയുന്നു. ഈ വിഷം മനുഷ്യന്റെ ശരീരത്തിൽ ചേരുമ്പോൾ വസൂരി മഹാമാരി മുതലായ രോഗങ്ങളായി പരിണമിച്ചിട്ടു മനുഷ്യനെ കൊല്ലുന്നു. ഈ വിഷത്താൽ തന്നെ വിഷത്തിന്നു കാരണഭൂതന്മാരായ അണുജന്തുക്കളും നശിച്ചുപോകുന്നു. അതുകൊണ്ടു് അണുജന്തുക്കൾ ഉണ്ടാക്കുന്ന വിഷം, അധികമായേറുമ്പോയാൽ മനുഷ്യർ മരിച്ചുപോകുന്നതു വാസ്തവം തന്നെ എങ്കിലും ലേശമാത്രം ഏറുമ്പോയാൽ അണുജന്തുക്കൾ തന്നെയും മരിച്ചുപോകുന്നു എന്നതും വിദ്വാന്മാർ സൂക്ഷ്മമായറിഞ്ഞിട്ടുള്ള ഒരു പരമാൎത്ഥമാണു. ഈ കാരണംകൊണ്ടുതന്നെയാണു വസൂരിരോഗബീജമായ അണുജന്തുവിന്റെ വിഷം അല്പം ശേഖരിച്ചു മനുഷ്യശരീരത്തിൽ കീറിവെക്കുന്നതും ഈ വിഷം അധികമായില്ലാ

ത്തുകൊണ്ടു മനുഷ്യൻ കീറിവെക്കൽകൊണ്ടു അപായപ്പെടുന്നില്ല. എന്നാൽ ഈ വിഷം തന്റെ ശരീരത്തിൽ ലേശമാത്രം കിടപ്പുള്ളതുകൊണ്ടു ഈ രോഗകാരണങ്ങളായ അണുജന്തുക്കൾ വല്ലപ്പോഴും തന്റെ ശരീരത്തിൽ എത്തുന്നതായാൽ, എത്തിയ നിമിഷം തന്നെ, മുമ്പു കീറിവെച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ള വിഷയശക്തികൊണ്ടു മരിച്ചുപോകുന്നു. അതുകൊണ്ടു ഇങ്ങനെ കുത്തിവെച്ചിട്ടുള്ള ശരീരത്തിൽ ആ പ്രത്യേക രോഗബീജമായ അണുജന്തുവിന്നു ലക്ഷോപിലക്ഷമായി വൎദ്ധിക്കുവാനൊ വൎദ്ധിച്ചുശേഷം ബാധിച്ച മനുഷ്യനേയും തങ്ങളെത്തന്നെയും രണ്ടു പക്ഷമില്ലാതെ സംഹരിക്കത്തക്ക വീൎയ്യമുള്ള വിഷം ഉണ്ടാക്കുവാനോ സാധിക്കുന്നില്ല. ഈ പരമാൎത്ഥത്തെ ആസ്പദമാക്കിക്കൊണ്ടാണു് കുത്തിവെക്കലിന്നു ലോകം ഒട്ടുക്കു പ്രചാരം വരുത്തീട്ടുള്ളതു്.

മനുഷ്യകുലത്തിന്നു അപായകരമായി അണുജന്തുക്കളിൽ അനേകം വൎഗ്ഗങ്ങൾ ഇല്ലാത്തതു നമ്മുടെ വലിയ ഭാഗ്യം തന്നെ. അങ്ങിനെ അല്ലായിരുന്നെങ്കിൽ മനുഷ്യായുസ്സിന്നു രണ്ടുദിവസത്തിൽ കവിഞ്ഞ സ്ഥിരത ഉണ്ടായിരിപ്പാൻ പാടുണ്ടായി വരികയില്ലെന്നു തീൎച്ചയായി പറയാം. നമ്മൾ മൂക്കിൽകൂടെ പ്രതിദിനം നാലുലക്ഷത്തിൽ അധികം അണുജന്തുക്കളെ വലിച്ചേടുക്കുന്നു. ലക്ഷോപലക്ഷം അണുജന്തുക്കളെ നാം ഭക്ഷണപദാൎത്ഥങ്ങളോടുകൂടെ അറിയാതെ വിഴുങ്ങുന്നു. എത്രതന്നെ സോപ്പിട്ടു വെടിപ്പാക്കിയ നമ്മുടെ കയ്യിന്മേലും ഇവ തേനീച്ച പററിയപോലെ അട്ടിയട്ടിയായി കിടക്കുന്നു. എണ്ണിയാൽ തിരാത്തലക്ഷം നമ്മുടെ വായിലും പല്ലുകളുടെ ഇടയിലും തൊണ്ണയിലും നാവിലുംസുഖമായി നടന്നു കളിക്കുന്നു. എത്രയോലക്ഷം നമ്മുടെ മൂക്കിൻതുളകൾ രാജധാനികളേക്കാൾ സുഖകരമെന്നു വിചാ

രിച്ച് അവിടെ കുടികൊള്ളുന്നു. എണ്ണിയാൽ തീരാത്തതു ചെവിയിന്മേൽ കൂടെ ഗതാഗതം ചെയ്യുകയും ഉള്ളിൽ കിടന്നു ചെവിയുടെ രുചിനോക്കുകയും ചെയ്യുന്നു. അനേകായിരങ്ങൾ നഖത്തിന്റെ ഉള്ളിൽ കടന്നു കൂടുന്നു. വിരലുകളുടെ ഇടകളിലും രേഖകളുടെ ചാലിലും അധിവസിച്ചു നൃത്തം ചെയ്യുന്ന അണുജന്തുക്കളുടെ സീമ കണ്ടവരാരുമുണ്ടാകയില്ല. കോടാകോടികൾ മീശയുടെ ഇടയിൽ നിന്നുഴലുന്നു. നമ്മുടെ തന്നെ പൊളിപൊളിയായി കടന്നലുകളെപ്പോലെ പററിക്കിടക്കുന്നവയുടെ സംഖ്യ കണ്ടവരില്ല. കണ്ണുനീരിൽ കൂടെത്തന്നെ എത്രയോ ലക്ഷം ഒലിച്ചു പോകുന്നു. എത്രയോ നേർമ്മയായ നമ്മുടെ തലമുടിയുടെ അഗ്രത്തിൽ തന്നെ നിരക്കെ നിന്നു ലക്ഷങ്ങൾ കളിക്കുന്നു. എന്തിനു പറയുന്നു. ശരീരസൌഖ്യത്തിന്റെ പരമകാഷ്ഠ പ്രാപിച്ച സ്ഥിതിയിലിരിക്കുന്നവനെന്നു വൈദ്യന്മാരും കൂടെ വിശ്വസിച്ചു പോകുന്നവന്റേയും അന്തർഭാഗത്തിൽ കാണപ്പെടാനിടയുള്ള അണുജന്തുക്കളുടെ ലക്ഷണങ്ങൾക്കു ഒരു കാലത്തും അവസാനമുണ്ടെന്നു വരില്ല. ചുരുക്കിപ്പറഞ്ഞാൽ അണുജന്തുക്കൾ ഇല്ലാത്ത സാധനങ്ങൾ ഭൂമിയിൽ ഒന്നും തന്നെ ഇല്ലെന്നു പറയാം. വലിപ്പത്തിൽ എത്രയോ ചെറുതും എണ്ണംകൊണ്ടു എത്രയോ അസംഖ്യവും വ്യാപ്തികൊണ്ടു ഭൂമിമുഴുവനും എത്തുന്നതുമായ അണുജന്തുക്കളുടെ ബാധയിൽനിന്നു ഒഴിവാൻ മനുഷ്യനു ഒരു പ്രകാരത്തിലും, ഒരു വിധത്തിലും നിവൃത്തിയുണ്ടാകയില്ലെന്നു ഖണ്ഡിച്ചു പറയാം.

# ൧൩. ആത്മനിരൂപണം.

മനുഷ്യസ്വഭാവത്തെക്കുറിച്ചു് ഏററവും പ്രാചീനവും സാമാന്യവുമായ സങ്കല്പം മനുഷ്യനിൽ രണ്ടു ഭാഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു എന്നാകുന്നു. ആത്മാവും ശരീരവും; ആത്മാവു താൻ തന്നെ; ശരീരം തന്നെ സംബന്ധിച്ചതു്. ആത്മാവിന്റെ നിലയിൽ താൻ സ്വതന്ത്രനാകുന്നു. ശരീരത്തിൽ വസിക്കുന്ന ആത്മാവിന്റെ നിലയിൽ താൻ ബദ്ധനാകുന്നു. ശരീരം ആത്മാവിനെ പരിചരിക്കുകയും സഹായിക്കുകയും ചെയ്യുന്നു. ആത്മാവു് പരലോകത്തെ ലക്ഷ്യമാക്കിക്കൊണ്ടു് ശരീരബന്ധം വിട്ടുപോകുവാൻ ആഗ്രഹിക്കുന്നു. ശരീരം അതിനെ ഇഹലോകത്തിലേക്കു ആകർഷിക്കുന്നു. ഇതാണു് ചീനക്കാർ, പാരസീകന്മാർ, ഹിന്തുക്കൾ, റോമക്കാർ, യവനന്മാർ ഇവരുടെ എല്ലാവരുടേയും സാധാരണയായ വിശ്വാസം.

മനുഷ്യനിൽ അഭൂതാത്മകമായ ഒരു ഭാഗമുണ്ടെന്നു മിക്ക ജനങ്ങളും പ്രകൃത്യാ തന്നെ വിശ്വസിച്ചുപോരുന്നു. ആ ഭാഗം കാണുവാനും കേൾക്കുവാനും സ്പർശിക്കുവാനും മററും വയ്യാത്തതും ജ്ഞാനത്തിനു മാത്രം പ്രത്യക്ഷമായിട്ടുള്ളതും ഭൂതാത്മകമായ ആവരണം നശിച്ചുവേർപെട്ടുപോകുമ്പോൾ ശേഷിക്കുന്നതുമായ എന്തോ ഒന്നാകുന്നു. ഈ സർവ്വസമ്മതമായ അഭിപ്രായത്തിനു ലക്ഷ്യം ഭൂതപ്രേതങ്ങളെക്കുറിച്ചു കാലദേശവ്യത്യാസം കൂടാതെ പൊതുജനങ്ങളിൽ കണ്ടുവരുന്ന വിശ്വാസം തന്നെ. മനുഷ്യനിൽ ശരീരമല്ലാതെ മറെറാന്നും ഇല്ലെങ്കിൽ ശരീരം നശിച്ചാൽ മറെറാന്നും ശേഷിക്കുവാൻ തരമുള്ളതല്ല. അതുകൊണ്ടു ഭൂതപ്രേതങ്ങളിൽ

ഒരുവനു വിശ്വാസമുണ്ടെങ്കിൽ അവന്നു് ആത്മാവിലും വിശ്വാസമുണ്ടായിരിക്കണം. പഴയ തത്വജ്ഞാനികളിൽ പ്രസിദ്ധന്മാരായ ഹിന്തുക്കളും മററു മതക്കാരും ആത്മാവു് ശരീരത്തിൽനിന്നു വിഭിന്നമായും ശരീരത്തിന്നു കാരണമായും ഉള്ളതാണെന്നാണു് ഉപദേശിച്ചിട്ടുള്ളതു്. ആത്മാവിന്റെ സ്വഭാവത്തെക്കുറിച്ചു പല അഭിപ്രായങ്ങളുണ്ടെങ്കിലും ഏതെങ്കിലും ഒരു വിധത്തിൽ അതിനെ എല്ലാവരും സ്വീകരിച്ചിട്ടുണ്ടു്. ശരീരം തന്നെ സ്ഥൂലവസ്തുക്കളിൽ നിന്നു അതിക്രമിച്ചിട്ടുള്ള ഒന്നാകുന്നു. അതിന്റെ അംശങ്ങൾ എങ്ങിനെതന്നെ യോജിച്ചാലും തന്നെത്താൻ ഒരു ജീവനുള്ള ശരീരമായിത്തീരുന്നില്ല. ചേതനയുള്ള ശരീരത്തിന്നു ബീജമായിട്ടുള്ള ജീവൻ ഉള്ളേടത്തൊക്കെ ശരീരാംശങ്ങൾക്കു സംയോഗത്തെ ഉണ്ടാക്കുന്നതായ ആത്മാവും ഉണ്ടായിരിക്കണം.

മനുഷ്യശരീരത്തിലുള്ള സ്ഥൂലവസ്തുവിന്റെ പരമാണുക്കൾ വന്നുകൊണ്ടും പോയിക്കൊണ്ടും ഇരിക്കും. മുമ്പു ശരീരത്തിലുണ്ടായിരുന്ന പരമാണുക്കളൊന്നും ഇപ്പോൾ ഉണ്ടായിരിക്കയില്ല. എന്നാൽ ശരീരാംശങ്ങൾക്കു എങ്ങിനെയാണു് സംയോഗം ഉള്ളതായിക്കാണുന്നതു്? അതിന്നുള്ള കാരണംപ്രത്യക്ഷമല്ല. ശസ്ത്രവൈദ്യന്റെ കത്തികൊണ്ടും പരിശോധിച്ചാൽ പ്രത്യക്ഷപ്പെടുന്നതുമല്ല. രസതന്ത്രപ്രകാരമുള്ള അതിസൂക്ഷ്മമായ പരിശോധനയ്ക്കു വിഷയമായിട്ടുള്ളതുമല്ല. ശരീരത്തിന്റെ പരമാണുരൂപങ്ങളായ അംശങ്ങളെ സംഭരിച്ചുകൊണ്ടും കരുപ്പിടിച്ചുകൊണ്ടും മാററിക്കൊണ്ടും എന്തോ ഒരു ശക്തി അവിടെ ഉണ്ടെന്നു മാത്രം നമ്മൾക്കറിയാം.

ആത്മാവിന്റെ സൽസ്വഭാവത്തെക്കുറിച്ചു ഏററവും പ്രത്യക്ഷമായ തെളിവു ആത്മാവിൽ സവ്വവ്യാപ്തമായ വി

ശ്വാസത്തെ ഉണ്ടാക്കുന്നതിന്നുള്ള ഹേതുവും ജീവികളുടെ ശരീരാംശങ്ങൾക്കുള്ള യോജിപ്പു തന്നെയാകുന്നു. എന്നാൽ അംശങ്ങൾ വന്നുപൊയ്ക്കൊണ്ടിരിക്കുന്നതും ആകൃതിക്കു മാററം വരാത്തതുമായ ചില വസ്തുക്കളുണ്ട്. അങ്ങനെയുള്ള വസ്തുക്കളിൽ ആത്മാവുണ്ടെന്നു നമ്മൾ ശങ്കിക്കാറില്ല. മലയുടെ കൊടുമുടിയിൽ തിങ്ങിനില്ക്കുന്ന മേഘരൂപമായ നീരാവിയുടെ അംശങ്ങൾ ഒരു ഭാഗത്തുനിന്നു പോയിക്കൊണ്ടും മറുഭാഗത്തുവന്നു കൂടിക്കൊണ്ടും ഇരിക്കുന്നുണ്ട്. ആകൃതിക്കു വ്യത്യാസം വരുന്നതുമല്ല. മേഘത്തിന്റെ ആകൃതിക്കു മാററം വരാത്തതു പ്രത്യക്ഷങ്ങളും ബാഹ്യങ്ങളുമായ കാരണങ്ങളാലാകകൊണ്ട് ഇവിടെ ആത്മാവുണ്ടെന്നു ശങ്കിക്കാത്തതു്. നീരാവി മലയുടെ ഒരു വശത്തുകൂടി ഉയൎന്നു കൊടുമുടിക്കടുത്തെത്തുമ്പോൾ അപ്രത്യക്ഷമായ ആവി തണുപ്പുതട്ടി പ്രത്യക്ഷങ്ങളായ ജലകണങ്ങളായിത്തീൎന്ന് മേഘരൂപത്തെ പ്രാപിക്കുന്നു. അപ്പോൾ മറുവശത്തുള്ള ജലകണങ്ങൾ സാനുക്കളിൽകൂടി സഞ്ചരിച്ചു ചൂടുതട്ടുമ്പോൾ വീണ്ടും ആ[വി]യായിത്തീരുന്നു. ഇങ്ങനെ ഒരുവശത്തു നീരാവി വെള്ള[മായി] ശിഖരങ്ങളിൽ തങ്ങുകയും മറുവശത്തു ജലകണങ്ങൾ [നീ]രാവിയായി അതിൽനിന്നു വേൎതിരികയും ചെയ്തുകൊ[ണ്ട്] മേഘരൂപത്തിന്നു ഭേദം വരാതെ സൂക്ഷിക്കുന്നു. എ[ന്നാ]ൽ ശരീരാംശങ്ങളുടെ സംയോഗത്തിന്നുള്ള കാരണം ആ[ന്ത]രവും അപ്രത്യക്ഷവുമാകുന്നു.

[പ്ര]ത്യക്ഷം പ്രമാണമെന്നു വാദിക്കുന്ന ലോകായതികരല്ലെങ്കിൽ ചാൎവ്വാകമതക്കാർ ആത്മാവ് എന്നൊ[ന്ന്] അംഗീകരിച്ചിട്ടു പ്രയോജനമില്ലെന്നു സിദ്ധാന്തി[ക്കുന്നു]. ഇന്ദ്രിയഗോചരങ്ങളായ സ്ഥൂലവസ്തുക്കളുടെ കാൎയ്യ[സ്വ]ഭാവത്തിൽ നിന്ന് മനുഷ്യനെ സംബന്ധിച്ച സകല

സംഗതികളും സാധിക്കാമെന്നാണ അവരുടെ വാദം. ശ
രീരം നമ്മൾ കാണുന്നുണ്ട്; ആത്മാവിനെ നമ്മൾ കാണു
ന്നില്ല. അതുകൊണ്ട് അങ്ങിനെ ഒന്നുണ്ടെന്ന പറയുന്നതു
അനാവശ്യവുമാകുന്നു. രക്തത്തിൽ നിന്ന അസ്ഥിയും മാം
സവും ഉണ്ടാകാമെങ്കിൽ അതിന്ന തന്നെ വികാരത്തേയും
വിചാരത്തേയും ജനിപ്പിക്കുവാനുള്ള ശക്തി ഉണ്ടാകരുതേ?
യകൃത്തിന്നു പിത്തത്തെ ഉത്സൎജ്ജിക്കുവാനുള്ള ശക്തിയുണ്ടെ
ങ്കിൽ തലച്ചോറിന്ന സങ്കല്പങ്ങളെ ഉല്പാദിപ്പിക്കുവാൻ ശ
ക്തിയുണ്ടാകരുതേ? ശരീരത്തിന്ന ചെയ്യുവാൻ കഴിയുന്ന
തു മുഴുവനും അറിയുന്നതിന്ന മുമ്പ ശരീരത്തിൽ നിന്ന ഭി
ന്നമായിട്ടൊന്നുണ്ടെന്ന വിചാരിക്കുവാൻ അവകാശമെന്താ
കുന്നു?

ഈ ചാൎവ്വാകമതത്തെ അനുഭവപ്പെടുത്തുന്നതായ ചി
ല കാരണങ്ങളും ഇല്ലെന്നില്ല. ശരീരത്തിന്നു അസ്വാസ്ഥ്യം
സംഭവിക്കുമ്പോൾ മനസ്സിന്നും ക്ഷീണം തട്ടുന്നുണ്ട്. ഒരു ക
ല്ലു തലയിൽവീണു് തലയോടിന്ന ചതവുതട്ടി ആ ചതവു
തലച്ചോറിനെ ബാധിക്കുമ്പോൾ വിചാരശക്തി നശിക്കു
ന്നുണ്ട്. ആ അമൎച്ചമാറുമ്പോൾ വിചാരങ്ങളും പൂൎ
ത്തിയിൽ പ്രവൃത്തിക്കുവാൻ തുടങ്ങുന്നുണ്ട്. അതുകൊണ്ടു എ
ല്ലാം ശരീരത്തിന്റെ ഫലമായിട്ടാണെന്നല്ലേ തെളിയുന്ന
'ഒരിക്കലുമല്ല' എന്നാകുന്നു വിരോധപക്ഷക്കാർ പറ
ത്തു്. ആയുധങ്ങൾ കൂടാതെ ആശാരിക്കു പണിയെടുക്കു
പാടില്ലെന്നുവെച്ച് ആശാരി ആയുധങ്ങളുടെ ഫലം
ആരെങ്കിലും വിചാരിക്കാറുണ്ടോ? ശിരസ്സിൽ രക്ത
കമായാൽ വിചാരം മങ്ങുന്നില്ലേ? ശരി, ഒരു ജ്യോ
നക്കണ്ണാടിയിൽക്കൂടി നക്ഷത്രങ്ങളെ പരിശോധിക്ക
ന്നിരിക്കട്ടെ; കണ്ണാടിക്കു മൂടൽ തട്ടിയാൽ നക്ഷത്രങ്ങ
ണാതാകുന്നുണ്ട്. എന്നു വിചാരിച്ചു ജ്യോതിഷി

ണ്ണാടിയുടെ ഫലമാണെന്നു പറയാറുണ്ടോ? ആശാരിക്കും ജ്യോതിഷിക്കും പ്രവൎത്തിപ്പാൻ ആയുധങ്ങളുടെ സഹായം വേണ്ടിവരും. അതുപോലെതന്നെ ആത്മാവിന്നും ശരീരത്തിൻെറ സഹായം വേണമെന്നേയുള്ളു. ആശാരിയും ജ്യോതിഷിയും പ്രത്യക്ഷത്തിൽ ഉള്ളവരും ആത്മാവ് അപ്രത്യക്ഷവും അല്ലേ? എന്നാണെങ്കിൽ ഈ ഉദാഹരണം ആത്മാവുണ്ടെന്നു സാധിപ്പാൻ വേണ്ടി കൊടുത്തിട്ടുള്ളതല്ല. ഒരുവസ്തുവിന്നു മറെറാരു വസ്തുവിൻെറ അപേക്ഷയുണ്ടെന്നു വെച്ച് ഒന്നു മറെറാന്നിൻെറ ഫലമായി വരുന്നില്ലെന്നു കാണിപ്പാൻ വേണ്ടി മാത്രമാകുന്നു.

വീണവായിക്കുന്ന ഒരു ഭാഗവതരെപ്പോലെയാണ് ആത്മാവു്. യന്ത്രത്തിന്നു ശുദ്ധിയുള്ള കാലത്തോളം അതിൽ നിന്നു ഭാഗവതർ അതിമധുരങ്ങളായ നാദങ്ങളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കും. കമ്പികൾക്കു പഴക്കംചെല്ലുന്തോറുംനാദത്തിന്നു കുറവുവരുന്നു. ഒടുവിൽ യന്ത്രം ജീൎണ്ണപ്പെടുന്നതോടുകൂടി നാദവും നശിക്കുന്നു. ഇങ്ങിനെ നാദം നശിക്കുന്നതിൽ നിന്നു ഭാഗവതർ നശിച്ചുവെന്നു ആരെങ്കിലും അനുമാനിക്കാറുണ്ടോ? ഒരു പുതിയവീണ ഭാഗവതൎക്കു കൊടുത്തുനോക്കു. ഭാഗവതരുടെ പാടവത്തിന്നു ഒരു കുറവും വന്നിട്ടില്ലെന്നുകാണാം. അതുപോലെതന്നെ ശരീരത്തിന്നു വാൎദ്ധക്യം ചെല്ലുന്തോറും തലച്ചോറിന്നു ക്ഷീണം ബാധിക്കുന്നു. ഓൎമ്മനില്ലാതാകുന്നു. വിചാരശക്തികുറയുന്നു. എന്തുകൊണ്ടെന്നാൽ വിചാരാദികളെ പ്രത്യക്ഷപ്പെടുത്തുന്ന ആ ഉപകരണം നശിക്കുന്നു; അത്രമാത്രമേയുള്ളു. അവയുടെ ഉല്പാദകൻ നശിച്ചിട്ടില്ല.

"... ശരീരമുണ്ടെന്ന് അനുഭവമുണ്ട്. ആത്മാവിനെക്കുറിച്ച് അനുഭവമില്ല. എന്നു പറയുന്നതുതന്നെ ശരിയല്ല. ആത്മാവിനെ പററി നമുക്ക് എത്രത്തോളം അറിവുണ്ടോ

അതിലധികം ശരീരത്തെപ്പററി അറിഞ്ഞുകൂടാ.

നമുക്കു ശരീരത്തെപ്പററി അറിവുള്ളതെല്ലാം അതിന്റെ ഗുണങ്ങളാണ്. അത് കഠിനമൊ, മൃദുവൊ, നീണ്ടൊ, ചുരുണ്ടൊ, മധുരമായുള്ളതൊ, കൈപ്പുള്ളതൊ, കറുത്തതൊ, വെളുത്തതൊ, സുഗന്ധിയൊ, ദുൎഗ്ഗന്ധിയൊ, രുചിയുള്ളതൊ, ഇല്ലാത്തതൊ എന്നൊക്കെയാണ് നമുക്കതിനെക്കുറിച്ചറിയാവുന്നതു്. ഇത്രത്തോളമൊക്കെ ആത്മാവിനെപ്പററിയും നമുക്കറിവുണ്ടു്. ഓൎമ്മ, വിചാരം, ആഗ്രഹം, സ്നേഹം, വൈരം മുതലായ ഗുണങ്ങളോടുകൂടിയതാകുന്നു ആത്മാവു്. സ്പൎശിക്കുന്നു രുചിക്കുന്നു എന്നറിയുന്നതുപോലെ തന്നെ സ്നേഹിക്കുന്നു വിചാരിക്കുന്നു എന്നു തുടങ്ങിയുള്ളതു നമ്മൾ അറിയുന്നുണ്ടു്. നമുക്ക് ഉപലബ്ധി എത്രമാത്രം അനുഭവമാകുന്നുവൊ അത്രമാത്രം ചിന്തയും അനുഭവമാകു ഇന്ദ്രിയങ്ങളെക്കൊണ്ടു് അനുഭവപ്പെടാവുന്നതു യാതൊന്ന അതാകുന്നു സ്ഥൂലവസ്തു. എന്നാൽ വിചാരം മുതലായത പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമല്ലാത്തതുകൊണ്ടു് ആയത സ്ഥൂലവസ്തുവാകുന്നില്ല. അതിക്രമിച്ചിട്ടു് എന്തൊ ഒന്നാകുന്നു. സ്ഥൂലവസ്തുവിനെപ്പററി നമുക്കു അറിവുള്ളേടത്തോള അതിനെപ്പററിയും നമുക്കറിവുണ്ടു്.

അത്രമാത്രംകൊണ്ടു പോരാ, ആത്മാവ് ദേഹത്തേക്കാൾ അധികം പ്രത്യക്ഷമാകുന്നു എന്നുതന്നെപറയാം. നമ്മുടെ കണ്ണിന്നുനേരെ ഒരു മാമ്പഴമിരിപ്പുണ്ടെന്നിരിക്കട്ടെ. അതു നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയമായി ഭവിക്കുന്നുണ്ടു എന്നാൽ എങ്ങിനെയാണ് വിഷയമാകുന്നത്? ഉരുണ്ടും, നിറമുള്ളതും, സുഗന്ധിയും, രുചിയുള്ളതും ആയ ഒരു വസ്തുവാണ് അനുഭവപ്പെടുന്നത് എന്നു പറയുമായിരിക്കാം. വാസ്തവത്തിൽ അതല്ല രൂപരസഗന്ധാദികളുടെ ഉപലബ്ധിയാണ് നമുക്കു അനുഭവപ്പെടുന്നതു്. ഉപലബ്ധിവസ്തുവാകുന്നില്ല

പലബ്ധിയിൽനിന്നും വസ്തുവിനെ നാം ഊഹിക്കയാണു ചെയ്യുന്നതു്. നമ്മുടെ മനസ്സിലുള്ള അഭൂതാത്മകമായ ഉപലബ്ധി ഉപലബ്ധിയിൽനിന്നു് ഊഹ്യമായ വസ്തുവിനെക്കാൾ അധികം വിശ്വസിക്കത്തക്കതാകുന്നു. ഉപലബ്ധി അനുഭവവും വസ്തുസൽഭാവം ഊഹ്യവുമാണെന്നു വരുമ്പോൾ പ്രകൃതോദാഹരണത്തിൽ മാമ്പഴം ഉണ്ടെന്നു തോന്നുന്നു എന്നല്ലാതെ വാസ്തവത്തിലുണ്ടെന്നു് പറവാനാണു് സംശയിക്കേണ്ടതു്. രൂപസ്പർശാദികളെക്കൊണ്ടു ശരീരത്തെ ഊഹിക്കുന്നതുപോലെ മനസ്സിലുള്ള വികാരാദികളിൽനിന്നു് ആത്മാവിനേയും ഊഹിക്കുന്നു.

ആത്മാവു് ശരീരസ്ഥിതിയെ അനുസരിച്ചിരിക്കുന്നുണ്ടെങ്കിൽ ശരീരസ്ഥിതി ആത്മാവിനേയും അനുസരിച്ചിരിക്കുന്നുണ്ടു്. ഒരുവൻ ശരീരസൌഖ്യത്തോടുകൂടി ഇരിക്കുന്നു. അപ്പോൾ അവന്നു് ഒരു എഴുത്തുകിട്ടുന്നു. അവൻ അതു് പൊട്ടിച്ചുവായിക്കുന്നു. ഉടനെ ചത്തശവംപോലെ തന്റേടമില്ലാതെ ഭൂമിയിൽപതിക്കുന്നു. മനസ്സിലുദിച്ച വിചാരം നിമിത്തം ശിരസ്സിൽ നിന്നു രക്തം ഹൃദയത്തിലേയ്ക്കു വലിയുന്നു. ഇതിൽനിന്നു ശരീരം ആത്മാവിനെ ബാധിക്കുന്നതുപോലെ ആത്മാവു് ശരീരത്തേയും ബാധിക്കുന്നുണ്ടു് എന്നു് പ്രത്യക്ഷമാകുന്നില്ലേ? ഭൂതാത്മകമായ ശരീരം ആത്മാവിനെ ബാധിക്കുന്നതുകൊണ്ടു ആത്മാവു് 'ഭൂതാത്മകം' എന്നു പറയുന്നു എങ്കിൽ അഭൂതാത്മകമായ ആത്മാവു് ശരീരത്തേയും ബാധിക്കുന്നതുകൊണ്ടു ശരീരം 'അഭൂതാത്മകം' എന്നു വിധിക്കാവുന്നതാണു്.

സ്ഥൂലവസ്തുവിന്റെ മുഖ്യഗുണങ്ങൾ വ്യാപനവും, വിഭജ്യതയുമാകുന്നു. 'ഞാൻ വിചാരിക്കുന്നു' 'ഞാൻ അനുഭവിക്കുന്നു' 'ഞാൻ ദുഃഖിക്കുന്നു' 'ഞാൻ സ്നേഹിക്കുന്നു' എന്നു പറയുമ്പോൾ 'ഞാൻ' എന്നതിൽ അന്തർഭവിച്ചിരിക്കുന്ന

അതിന്നു് വിഭാജ്യതയും വ്യാപനവും ഉണ്ടാവുന്നതല്ല. അതു കൊണ്ടു് അതു് സ്ഥൂലവസ്തുവാകുവാൻ പാടുള്ളതുമല്ല. ഇങ്ങിനെ അഭൂതാത്മകവും 'ഞാൻ' 'നീ' ഇതുകളിൽ അന്തർഭവിച്ചുകിടക്കുന്നതും ആയ ഒന്നിനെയാണു് 'ആത്മാവു്' എന്നു പറയുന്നതു്.

ആത്മാവുണ്ടെന്നും ഇല്ലെന്നും തർക്കിച്ചിട്ടു് എന്തു ഫലമാണുള്ളതു്? മനുഷ്യന്റെ സ്വരൂപജ്ഞാനത്തെപ്പററി എന്തുതന്നെ വാദമുണ്ടായിരുന്നാലും 'മനുഷ്യൻ' മനുഷ്യനല്ലാതാകുമൊ? എന്നാണെങ്കിൽ ഈവാദം ഒരിക്കലും 'വൃഥാരണ്യക്ഷോഭം' ആകുന്നതല്ല. നമ്മെപ്പററിയുള്ള വിശ്വാസം ഏതുപ്രകാരമാകുന്നുവോ അതിനെ അനുസരിച്ചിരിക്കും നമ്മുടെ പ്രവൃത്തിയും. മനുഷ്യൻ മൃഗങ്ങളെക്കാൾ അല്പം ഉൽകൃഷ്ടതയേറിയ ജീവിവർഗ്ഗത്തിൽ ഉൾപ്പെട്ടതാണെന്നോ സസ്യാദികൾ വളരുകയും നശിക്കുകയും ചെയ്യുന്നതുപോലെ നമ്മളും വളരുകയും നശിക്കുകയും ചെയ്യുന്നു എന്നൊ നമ്മുടെ പ്രവൃത്തികൾക്കു നാം ഉത്തരവാദികൾ അല്ലെന്നൊ മററൊ വിശ്വസിക്കുകയാണെങ്കിൽ വിശേഷബുദ്ധിയില്ലാത്ത പക്ഷിമൃഗാദികളെപ്പോലെ തന്നെയിരിക്കും നമ്മുടെ കാലക്ഷേപം. അതല്ല കാമക്രോധലോഭമോഹാദികളെ ജയിക്കുവാനും മനസ്സാക്ഷിക്കും യുക്തിക്കും യോജിച്ചു പ്രവൃത്തിചെയ്യുന്നതിന്നും പാരത്രിക വിഷയങ്ങളിൽ നമ്മുടെ ബുദ്ധിയെ പ്രവേശിപ്പിക്കുന്നതിന്നും തക്കതായ ഒരു ശക്തി നമുക്കുണ്ടെന്നു വിശ്വസിക്കുകയാണെങ്കിൽ നമ്മുടെ പ്രവൃത്തി ആ വിശ്വാസത്തെ അനുസരിച്ചിരിക്കുന്നതും, മനുഷ്യർ എത്രമാത്രത്തോളം ഉൽകൃഷ്ടനിലയിൽ എത്തുവാൻ സാധിക്കുന്നതാണൊ, ആ നിലയിൽ എത്തുവാൻ നമുക്കു് ഇടയുള്ളതും ആകുന്നു.